ജീവിതം തന്നെയൊരു യാത്ര | ‘എല്ലാരും ചൊല്ലണ്, എല്ലാരും ചൊല്ലണ്...’ നീലക്കുയിൽ പാടുന്നു | സാഗരതീരങ്ങളിൽ നഷ്ട സ്വർഗ്ഗത്തിൽ | സ്ത്രീവിജയം കഥകളി | ഹൃദയം ദ്രവീകരിക്കുന്ന സത്യസന്ധത

JULY | VOL.04 | ISSUE 07

# മലയാളി.com magazine 2025



## വി ഡി സതീശൻ

# കിരീടം തേടി ക്യാപ്റ്റൻ !


JOSCO TOURS
& TRAVELS
OCTOBER 26 TO NOVEMBER 4, 2025
Best of
BRAZIL &
ARGENTINA
917 817 4115
TOUR DATE: OCT 26-NOV 4, 2025
INCLUDES
Round-trip airfare from New York
2 flights during tour
Accommodations at 4-star hotels
Meals as per itinerary
All entrance and sightseeing fees as per itinerary
And much more
TOUR COST
$4990
PER PERSON/
DOUBLE OCCUPANCY
JOSECO TOURS & TRAVELS
BOOK NOW
JOSE VARUGHESE
Cell: 917-817-4115
FAITH HOLIDAYS
www.faithholidays.com

മലയാളി.com Magazine
DIGITAL MAGAZINE
2025
JULY
VOL/04
ISSUE/7
Contact: mag@emalayalee.com | www.emalayalee.com

# സ്വർണത്താറാവിനെ കൊല്ലരുത്!

സംസ്ഥാന വികസന സൂചികകളിൽ ആരോഗ്യത്തിലും വിദ്യാഭ്യാസത്തിലും ഒന്നാം സ്ഥാനത്തു നിന്ന കേരളം ഇന്ന് ആ മേഖലകളിലും പിന്നോക്കം പോകുകയാണ് .മാതൃ മരണനിരക്കിൻറെ കുറവിലും ആയുർ ദൈർഘ്യത്തിലും ആശുപത്രികളുടെ സാമീപ്യത്തിലും ഡോക്ടർമാരുടെ അനുപാതത്തിലും മുന്നിൽ നിന്നിരുന്ന സംസ്ഥാനം ഇന്ന് ഇതേ വരെ കൈവരിച്ചിരുന്ന നേട്ടങ്ങൾ മെല്ലെ കൈവിടുകയാണെന്ന് സമീപകാല സംഭവങ്ങൾ വെളിപ്പെടുത്തുന്നു .സർക്കാർ ആശുപത്രികളിൽ മരുന്നിനും ഉപകരണങ്ങൾക്കും കടുത്ത ക്ഷാമം ഉണ്ടെന്ന പരസ്യമായ രഹസ്യം പുറത്തു വരാൻ കർമകുശലനായ ഒരു ഡോക്ടറുടെ സാക്ഷ്യം വേണ്ടി വന്നു . മണിക്കൂറിന് ഒന്ന് എന്ന പോലെ കാറുകൾ മാറുകയും വൻ ബംഗ്ലാവുകൾ വാങ്ങി കൂട്ടുകയും പ്രതിമാസം ലക്ഷങ്ങൾ ശമ്പളം വാങ്ങുകയും ചെയ്യുന്ന ഭൂരിപക്ഷം ഡോക്ടർമാർക്കിടയിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിലെ യൂറോളജി വിഭാഗം തലവൻ ഡോ. ഹാരിസ് വ്യത്യസ്തനാണ് .സ്വകാര്യ പ്രാക്ടീസ് ചെയ്യാത്ത,ലാബുകളിൽ നിന്ന് കമ്മീഷൻ വാങ്ങാത്ത നല്ല ഡോക്ടർക്ക് ആരോഗ്യമന്ത്രി വീണ ജോർജ് പോലും നല്ല സർട്ടിഫിക്കറ്റു നൽകുന്നു .ആവശ്യത്തിനു ശസ്ത്രക്രിയ ഉപകരണങ്ങൾ ഇല്ലാത്തത് മൂലം ശസ്ത്രക്രിയ മുടങ്ങുന്നു എന്നാണു ഈ വിസിൽ ബ്ലോവർ ആരോപിക്കുന്നത് .സർക്കാർ ആരോഗ്യ മേഖലക്ക് ബജറ്റിൽ വകയിരുത്തിയ തുകയിൽ വൻതോതിൽ വെട്ടിക്കുറച്ചിൽ നടത്തിയതായി വാർത്തകൾ സൂചിപ്പിക്കുന്നു .കയ്യടി കിട്ടാൻ ബജറ്റിൽ വൻതുക വകയിരുത്തുകയും പിന്നീട് അത് ലാപ്സാക്കുകയും ചെയ്തു വരുന്ന പ്രമുഖ ധനമന്ത്രിമാരുടെ തലത്തിലേക്ക് നമ്മുടെ നാടും മാറുകയാണ് .പക്ഷെ ഫാൻസി പദ്ധതികൾ അല്ല സാധാരണക്കാർ സൗജന്യ ചികിത്സക്ക് ആശ്രയിക്കുന്ന പൊതു ചികിത്സാ സമ്പ്രദായത്തെയാണ് ഇത് ബാധിക്കുന്നതെന്നത് ദയനീയമായ കാര്യമാണ് . കേരളത്തിനു ഫൈവ് സ്റ്റാർ നൽകുന്ന ഒരു മേഖലക്ക് കൂടി നാം കത്തി വെയ്ക്കുകയാണ് .

യഥാർത്ഥത്തിൽ നയപരമായി നമ്മുടെ സംസ്ഥാനത്ത് സംഭവിച്ചു കൊണ്ടിരിക്കുന്ന മാറ്റങ്ങളുടെ സൂചികയാണ് ഇത് .വിദ്യാഭ്യാസ രംഗത്തും ആരോഗ്യരംഗത്തും ചെലവഴിക്കേണ്ട തുകയിൽ ഗണ്യമായ കുറവ് വരുത്തി നമുടെ പൊതു വിദ്യാഭ്യാസത്തെയും ആരോഗ്യ സംവിധാനത്തെയും അപകടപ്പെടുത്തുന്ന പ്രവണതയാണ് ഇപ്പോൾ കണ്ടു വരുന്നത് .വിദ്യാഭ്യാസവും ആരോഗ്യമേഖലയും സ്വകാര്യ മേഖലക്ക് അടിയറവു പറയാനുള്ള അതീവ താല്പര്യമാണ് ഇപ്പോൾ കണ്ടു വരുന്നത് .നാട്ടിലെ ഭൂരിഭാഗം പെര്കും സർക്കാർ ആശുപത്രികളെ ആശ്രയിക്കാനേ നിർവാഹമുള്ളു .സ്വകാര്യ ആശുപത്രികളെ ആശ്രയിക്കാൻ കഴിവുള്ള ഇടത്തരക്കാർ പോലും അവിടുത്തെ ദുർവഹമായ ചികിത്സ ചെലവു താങ്ങാതെ തിരികെ സർക്കാർ ആശുപത്രികൾ വരുന്ന കാഴ്ചയാണ് നമുക്ക് കാണുന്നത്. പക്ഷെ അവിടെ വേണ്ട ഉപകരണങ്ങളോ ആവശ്യത്തിനു ഡോക്ടർമാരോ ഉണ്ടാവില്ല എന്നത് നടുക്കമുണ്ടാക്കുന്നു . സൗജന്യ ചികിത്സ നടത്തുന്ന ഈ ആശുപത്രികളിൽ പോലും .പാവങ്ങൾ വൻതോതിൽ പണം ചെലവഴിക്കേണ്ടി വരുന്നു .ഒ പി ടിക്കറ്റിനു പത്തു രൂപയോ അമ്പതു രൂപയോ ആക്കുമ്പോൾ വംബിച്ച്ച സമരം അഴിച്ചു വിടുന്ന രാഷ്ട്രീയ നേതൃത്വവും ഇതൊന്നും കണ്ടില്ലെന്നു നടിക്കുന്നു .ട്രാൻസ്ഫർ വഴിയും കമീഷൻ വഴിയും അധികാരികൾ മടിശീല നിറയ്ക്കുന്നു പക്ഷെ പാവം രോഗികൾ എവിടെ പോകും ?

മെഡിസെപ് പോലെയുള്ള ഇൻഷുറൻസ് പദ്ധതികളിൽ പണം മുടക്കി ആരോഗ്യരംഗത്തു പ്രത്യക്ഷമായ മുതൽ മുടക്ക് നടത്തുന്നതിൽ വിമുഖത കാട്ടുകയാണ് സർക്കാർ . സ്വകാര്യ സ്ഥാപനങ്ങളിൽ ജനങ്ങൾ പണം മുടക്കി ചികിത്സ തേടട്ടെ എന്നാണ് അവരുടെ സമീപനം .ഓരോ രോഗത്തിനും ചികിത്സക്കുള്ള തുകയും ചികിത്സ ചെലവിന്റെ പട്ടികയും പ്രദർശിപ്പിക്കണമെന്ന ഉത്തരവ് തന്നെ ആറുവർഷത്തിനു ശേഷം ഇപ്പോഴാണ് പുറലോകം കാണുന്നതെന്ന നിലക്ക് സർക്കാരിന്റെ അനാസ്ഥ വ്യക്തമാണ് . .വൻതുക ചുമത്തുന്ന കഴുത്തറപ്പൻ സ്ഥാപങ്ങളെ നിയന്ത്രിക്കാനും സാധാരണക്കാർക്ക് അർഹമായ ചികിത്സ നൽക്കാനും സർക്കാർ വൻതോതിൽ ചികിത്സ സൌകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ട് . താലുക്ക് - ജില്ല തലത്തിൽ ശക്തമായ ഒരു ആരോഗ്യസംവിധാനം ഉണ്ടായാൽ മാത്രമേ ഈ ലക്ഷ്യം വിജയിക്കൂ പ്രാഥമിക തലത്തിൽ സർക്കാർ തല ഇടപെടൽ ഉണ്ടായാൽ മാത്രമേ എല്ലാവർക്കും ആരോഗ്യപരിരക്ഷ എന്ന ലക്ഷ്യം സാധിതമാകൂ . .ക്രെഡിറ്റ് കാർഡ് സ്വൈപ്പിങ്ങ് യന്ത്രങ്ങളുമായിരിക്കുന്ന കഴുത്തറപ്പൻ സ്വകാര്യ ചികിത്സകരെ നിയന്ത്രിച്ചു ശക്തമായ ഒരു ആരോഗ്യരംഗം സ്ഥാപികാനുള്ള സ്വത്വര നടപടികളാണ് സർക്കാർ സ്വീ കരിക്കേണ്ടത്. അതിനു ആരോഗ്യ മേഖലക്ക് ബജറ്റു വെട്ടികുറക്കുകയല്ല തികഞ്ഞ ആസുത്രണത്തോടെ വലിയ ഒരു തുക വകയിരുത്തുകയാണ് വേണ്ടത് .ആരോഗ്യ രംഗത്ത് നടത്തുന്ന നിക്ഷേപം എല്ലാതരത്തിലും അത് സമൂഹത്തിൽ മടങ്ങി വരും .ഈ കാലഘട്ടത്തിനു അനുയോജ്യമായി നമ്മുടെ ആരോഗ്യമേഖല നാം ഉടച്ചു വാർക്കണമെന്നർഥം.



സ്നേഹത്തോടെ,


ഇ-മലയാളി പത്രാധിപസമിതി

EDITORIAL BOARD

**George Joseph** Editor-in-Chief | **Sunil Tristar** Managing Editor | **P.S. Joseph** Executive Editor | **Antony Kanayamplackal** Senior Editor | **Anju** Design | **Abhi** Cover

# CONTENTS





05 നിലമ്പൂർ ഉപതെരഞ്ഞെടുപ്പ്
വി ഡി സതീശൻ
കിരീടം തേടുന്ന ക്യാപ്റ്റൻ !
പി എസ് ജോസഫ്

09 കരുത്തനായ നേതാവ്
സനിൽ പി തോമസ്

11 ജമാഅത്തെ ഇസ്ലാമി
യു ഡി എഫിന്റെ
ഇരട്ടത്താപ്പ്
എ എസ് ശ്രീകുമാർ

13 ഓട്ടക്കാരൻ ചാണ്ടി
സുനിൽ വല്ലാത്തറ

16 പ്രതീക്ഷിച്ച വിജയം
യു എഡി എഫ്
മേൽക്കൈ
എ എസ് ശ്രീകുമാർ

19 ചെറുകഥ
രാമുവിന്റെ താടി
വിശ്വനാഥൻ

21 കവിത
ഭൂമി വായന
രമപിഷാരടി
ഇടവപ്പാതി
ആദീൽ റഹ്മാൻ

23 നോവൽ
ഒന്നാമത്തെ ദിവ്യ രഹസ്യം
ജോസഫ് എബ്രഹാം

35 കവിത
കൂട്ടിലെ കിളി
അനുവിന്ദ ബാലൻ

37 ചെറുകഥ
ലീലാ വിലാസം
ഷജിബുദീൻ ബി

45 കവിത
പ്രണയത്തിന്റെ വേനൽ
മായ സുരേഷ്

47 ചെറുകഥ
പിന്നെ ബാക്കിയായത്
ശ്രീകുമാർ ഭാസ്കരൻ

55 എന്റെ സംഗീത വഴികൾ – 7
ജാനമ്മ ഡേവിഡ്
എസ് രാജേന്ദ്ര ബാബു

61 സിനിമ
ജായിയെ ആപ് കഹാം
ജായേംഗെ: ഗ്രാമീണ
ഇന്ത്യയുടെ നേർചിത്രം
എബ്രഹാം തോമസ്


64 യാത്ര/ധനുഷ്കോടി
സാഗര തീരങ്ങളിൽ
കുര്യൻ പാമ്പാടി


69 കല
സ്ത്രീ വിജയം കഥകളി
വിജയ് സി എച്ച്


76 പുസ്തകലോകം
രാം c/o ആനന്ദി : ഹൃദയം
ദ്രവീകരിക്കുന്ന സത്യസന്ധത

78 ചിത്ര ലോകം
ഷാജി കേശവ്







**കോൺഗ്രസിന്റെ സൗമ്യ മുഖം കരുത്തനായ പോരാളിയായി മാറിയില്ലെങ്കിൽ യു ഡി എഫിൻറെ ഭാവിയെ തന്നെ അത് ബാധിക്കാം .**

# വി ഡി സതീശൻ
# കിരീടം തേടി ക്യാപ്റ്റൻ !

◉ പി എസ് ജോസഫ്

നിലമ്പൂർ ഉപതെരഞ്ഞെടുപ്പ് അടുത്ത നിയമസഭ തെരഞ്ഞെടുപ്പിന് തൊട്ട് മുൻപുള്ള സെമി ഫൈനൽ മത്സരം ആകേണ്ടതായിരുന്നു .ഒരു പക്ഷെ പിണറായിസത്തെ തകർക്കുന്ന ഒരു യു ഡി എഫ് തരംഗം .പക്ഷെ സതീശനിസത്തിന്റെ വിജയം ആണെന്ന് പതിവ് പോലെ വൈതാളികന്മാർ ആവർത്തിച്ചു ഉള്ഘോഷിക്കുന്നുവെങ്കിലും ഇത് വെറും ഉപതെരഞ്ഞെടുപ്പു വിജയം മാത്രമായിരുന്നു എന്ന് കുടുതൽ പേർ വോട്ട് ചെയ്തിട്ടും കോൺഗ്രസ് വോട്ടുകളിൽ ഉണ്ടായ കുറവ് സൂചിപ്പിക്കുന്നു .നിലമ്പൂരിൽ നിന്ന് പ്രതീക്ഷിച്ച ,പിണറായി ഭരണത്തെ തകർത്തെറിയാൻ പോകുന്ന ഒരു

**നിലമ്പൂരിൽ നിന്ന് പ്രതീക്ഷിച്ച , പിണറായി ഭരണത്തെ തകർത്തെറിയാൻ പോകുന്ന ഒരു തരംഗം ഉണ്ടായില്ല . മാത്രമല്ല അത് കോൺഗ്രസ്സിനെ വലയം ചെയ്യുന്ന ചില പ്രതിസന്ധികളിലേക്ക് വിരൽ ചൂണ്ടുകയും ചെയ്തു .**

തരംഗം ഉണ്ടായില്ല എന്ന് മാത്രമല്ല അത് കോൺഗ്രസ്സിനെ വലയം ചെയ്യുന്ന ചില പ്രതിസന്ധികളിലേക്ക് വിരൽ ചൂണ്ടുകയും ചെയ്തു . എങ്കിലും വിജയം വിജയമാണ് എന്ന അളവുകോൽ വെച്ചു നോക്കിയാൽ കോൺഗ്രസ്സിനും മൂന്നാം തവണയെങ്കിലും അധികാരം പ്രതീക്ഷിക്കുന്ന കോൺഗ്രസ്സിന്റെ പ്രധാന സഖ്യ കക്ഷിയും മലപ്പുറത്തെ ശക്തിയുമായ മുസ്ലിം ലീഗിനും ആശ്വസിക്കാം .നിലമ്പൂർ ആര്യാടൻ ഷൌക്കത്തിനെ കൈവിട്ടിരുന്നെങ്കിൽ യു ഡി എഫിന് എൽ ഡി എഫിനെതിരെ ഒരു ചെറിയ തരിമ്പു മേല്ക്കയ്യും ഉണ്ടാകുമായിരുന്നില്ല.

പക്ഷെ ഈ വിജയം കോൺഗ്രസ്സിന്റെ ക്യാപ്റ്റൻ വി ഡി സതീശന് മേൽ വലിയ സമ്മർദ്ദം ചെലുത്തുന്നു.ശശി തരൂർ അകലുകയും കെ സുധാകരൻ ഒഴിവാക്കപ്പെടുകയും സൌമ്യനായ സണ്ണി ജോസഫ് കോൺഗ്രസ്സിൻറെ വാതിൽ തുറക്കാൻ തന്നെ ക്ലേശിക്കുകയും ചെയ്യുന്ന കോൺഗ്രസിലെ വിഷ




മസന്ധിയിൽ എല്ലാ കണ്ണുകളും സതീശനിലാണ് .ഒരു പക്ഷെ ഗോൾ മുഖത്തെ നിസ്സഹായനായ ഗോളിയുടെ ഏകാന്തത വായനയിൽ നിന്നല്ലാതെ അനുഭവിച്ചറിയുകയാകും വി ഡി സതീശൻ. കാരണം അടുത്ത മുനിസിപ്പൽ-പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ എൽ ഡി എഫിന് ഒപ്പം എത്തിയില്ലെങ്കിലും നിയോജകമണ്ഡലം തലത്തിൽ ഒരു ലീഡ് നേടിയാൽ മാത്രമേ സെമി ഫൈനൽ വിജയിക്കൂ .ആ നിലക്ക് നിയുക്ത മുഖ്യമന്ത്രി സ്ഥാനത്തിനു കോൺഗ്രസ് നിയോഗിച്ചിരിക്കുന്ന വി ഡി സതീശന് അരയും തലയും മുറുക്കി പിണറായി വിജയന് നേരെ അങ്കത്തിനു ഇറങ്ങേണ്ടി വരും .അതായത് സുധാകരൻറെ ഉശിരിൽ പിണറായിക്കെതിരെ  സതീശൻ കൊമ്പ് കോർക്കണം .അത് സാധ്യമാകുമോ എന്നതിൻറെ ഒരു പരീക്ഷണം കൂടിയായിരുന്നു നിലമ്പൂർ .

എൽ ഡി എഫിന് നിലമ്പൂരെ തോൽവി ഒരു താൽക്കാലിക പരാജയമാണ് .അല്ലെങ്കിൽ അങ്ങനെ അവരുടെ തെരഞ്ഞെടുപ്പു യന്ത്രം അതിനെ വ്യഖ്യാനിക്കും. അടുത്ത

> **ഈ വിജയം കോൺഗ്രസ്സിന്റെ ക്യാപ്റ്റൻ വി ഡി സതീശന്  മേൽ വലിയ  സമ്മർദ്ദം ചെലുത്തുന്നു. ശശി തരൂർ അകലുകയും കെ സുധാകരൻ ഒഴിവാക്കപ്പെടുകയും  സൌമ്യനായ സണ്ണി ജോസഫ്  കോൺഗ്രസ്സിൻറെ വാതിൽ തുറക്കാൻ തന്നെ ക്ലേശിക്കുകയും ചെയ്യുന്ന കോൺഗ്രസിലെ  വിഷമസന്ധിയിൽ എല്ലാ കണ്ണുകളും സതീശനിലാണ്**

നിയമസഭ തെരഞ്ഞെടുപ്പിൻറെ സെമി ഫൈനൽ ആകുമെന്നു കരുതിയിരുന്ന നിലമ്പൂർ ഉപ തെരഞ്ഞെടുപ്പിൽ  കോൺഗ്രസ് വിജയം കൈവരിച്ചുവെങ്കിലും അതിനു മറ്റു പരിവേഷങ്ങൾ ഒന്നും ഉണ്ടായിരുന്നില്ല .ഭരണ വിരുദ്ധ വികാരം ആയും പിണറായി വിജയൻറെ പ്രവർത്തനത്തിനെതിരെ ഉയർന്ന വിമർശനങ്ങളുടെ പ്രതിഫലനം ആയും മാറേണ്ടിയിരുന്ന ഈ തെരഞ്ഞെടുപ്പു  വിജയത്തിന് കോൺഗ്രസിന്  അവിടെ സീറ്റ് രാജി വെച്ചു ഉപതെരഞ്ഞെടുപ്പിനു വഴിയൊരുക്കുകയും സംഖ്യ ചർച്ചകളിൽ തട്ടി യു ഡി എഫുമായി ചേരാതെ അല്ലെങ്കിൽ ഒഴിവാക്കപ്പെട്ടു  സ്വയം മത്സരിക്കുകയും ചെയ്ത പി വി അൻവറിനോടാണ് കടപ്പാട് .പോലീസിലെ കാവിവല്ക്കരണത്തെ പറ്റിയും പൂരം കുളമാക്കലിനെപ്പറ്റിയും അനധികൃത സ്വർണക്കടത്തിനെപ്പറ്റിയും ഗർജിച്ചാണ് അൻവർ  ഇടതു മുന്നണി വിട്ടത് .അടുത്ത തെരഞ്ഞെടുപ്പിലെ ശക്തമായ ആക്രമണത്തിന്റെ സാക്ഷ്യം പറയാൻ കിട്ടിയ പുതുവിശ്വാസി ആയിരുന്നു അൻവർ. അത് മറന്നു വിജയത്തിൽ അഹങ്കരിച്ചു  അതൊരു നേതൃത്വ വിജയകഥയാക്കി മാറ്റിയവർ ഇടതുപക്ഷത്തിന്റെ കെണിയിൽ സമർഥമായി പെട്ടിരിക്കുന്നു .നിലമ്പൂർ  പ്രതിപക്ഷനേതാവിന്റെ മികവിൻറെ ജനാഭിപ്രായ വോട്ടു ആയിരുന്നില്ല , അത് യഥാർത്ഥത്തിൽ പിണറായി വിജയൻറെ ഭരണത്തിന്റെ അഗ്നിപരീക്ഷയായിരുന്നു  .അതിൽ പരാജയപ്പെട്ടെങ്കിലും അതിനെ സമർത്ഥമായ മാധ്യമ മാനെജ്മെന്റിലൂറെയും ചിലരുടെ അതിരുവിട്ട മോഹങ്ങളിലൂടെയും കോൺഗ്രസിലെ നേതൃത്വ ചർച്ചയാക്കി മാറി

അതിന്റെ പ്രാധാന്യം തമസ്കരിക്കാൻ ഇടതു പക്ഷത്തിനു കഴിഞ്ഞു .ഫലത്തിൽ പിണറായി വിജയൻ ഒരു കേടുപാടും സംഭവിക്കാതെ നിലമ്പൂർ അങ്കത്തിൽ നിന്ന് തലയൂരി

പക്ഷെ ഇവിടെ കോൺഗ്രസ് പരാജയപ്പെട്ടിരുന്നുവേങ്കിലോ ? പി വി അൻവർ സ്വതന്ത്രനായി മത്സരിച്ചത് വഴി പിണറായി വിരുദ്ധ വോട്ടുകൾ അങ്ങോട്ട് ഒഴുകിയിരുന്നില്ലെങ്കിൽ കോൺഗ്രസ് ഇവിടെ തല കുനിക്കുമായിരുനു .ആ വോട്ടുകൾ അൻവറിന്റെ അസാന്നിധ്യത്തിൽ കോൺഗ്രസ്സിനു ലഭിക്കാൻ സാധ്യത തുലോം കുറവായിരുന്നു. കാരണം പിണറായിക്കെതിരെയുള്ള അങ്കത്തിൽ മുനിൽ നിന്നത് പി വി അൻവർ ആണ് . ആ അൻവറിനെ ഇറയത്തു നിർത്തി വിജയം ആഘോഷിക്കുന്ന കോൺഗ്രസ് നേതൃത്വം എന്തിനെയാണ് ആഘോഷമാക്കി മാറ്റുന്നത് ?

മൃഗങ്ങളും മനുഷരും തമ്മിലുള്ള സംഘട്ടനം ഏറെ പ്രാധാന്യം അർഹിക്കുന്ന അതിർത്തി ഗിരിമേഖലയാണ് നിലമ്പൂർ .ആ നിലക്കുള്ള പോരാട്ടവും അൻവറിനും ഒരുപക്ഷെ യു ഡി എഫി നും വോട്ടുകൾ സമാഹരിക്കാൻ സഹായകമായി ..ഈ എതിർഘടകങ്ങൾക്കിടയിലും തങ്ങളുടെ വോട്ടു വിഹിതം പിടിച്ചു നിർത്താൻ കഴിഞ്ഞു വന്നതിൽ യു ഡി എഫിന് ആശ്വസിക്കാം .

എന്തായിരുന്നു കോൺഗ്രസ് വിജയത്തിന് ഹേതുവായത് ? കഴിഞ്ഞ തവണ രണ്ടായിരത്തോളം വോട്ടിനു പി വി അൻവറിനോടു പരാജയപ്പെട്ട കോൺഗ്രസ് സ്ഥാനാർഥി വി വി പ്രകാശ് നേടിയ വോട്ടിലും കുറച്ചു വോട്ട്കളെ ഈ ഭരണവിരുദ്ധ വികാര കാലത്തും കോൺഗ്രസ് സ്ഥാനാർഥി ആര്യാടൻ ഷൌക്കത്ത് നേടിയിട്ടുള്ളൂ .എം സ്വരാജിനെ പോലെ നാട്ടുകാരനായ സി പി എം സ്ഥാ

**നിലമ്പൂർ പ്രതിപക്ഷനേതാവിന്റെ മികവിൻറെ ജനാഭിപ്രായ വോട്ടു ആയിരുന്നില്ല ,അത് യഥാർത്ഥത്തിൽ പിണറായി വിജയൻറെ ഭരണത്തിന്റെ അഗ്നി പരീക്ഷയായിരുന്നു .അതിൽ പരാജയപ്പെട്ടെങ്കിലും അതിനെ സമർത്ഥമായ മാധ്യമ മാനെജ്മെന്റിലൂറെയും ചിലരുടെ അതിരുവിട്ട മോഹങ്ങളിലൂടെയും കോൺഗ്രസിലെ നേതൃത്വ ചർച്ചയാക്കി മാറി അതിന്റെ പ്രാധാന്യം തമസ്കരിക്കാൻ ഇടതു പക്ഷത്തിനു കഴിഞ്ഞു . ഫലത്തിൽ പിണറായി വിജയൻ ഒരു കേടുപാടും സംഭവിക്കാതെ നിലമ്പൂർ അങ്കത്തിൽ നിന്ന് തലയൂരി**





നാർഥിയാണ് മത്സരിച്ചതെങ്കിലും സി പി എമ്മിനു അവരുടെ വോട്ടിൽ നല്ല പങ്കു നഷ്ടമായി .അത് കോൺഗ്രസ്സിനു ലഭിച്ചില്ല എന്നതാണ് ഈ മത്സരത്തിലെ ഏറ്റവും താഴ്ന്ന പോയിന്റ്. സ്വാഭാവികമായും ഷൌക്കത്തു അതിന്റെ ഗുണഭോക്താവായി എന്ന് മാത്രം

മറ്റൊരു വലിയ മാറ്റം പതിനാലു വർഷമായി അധികാരത്തിനു വെളിയിൽ ഇരുന്ന മുസ്ലിം ലീഗ് ഇനി ഇന്നില്ലെങ്കിൽ നാളെയില്ല എന്ന ചിന്തയോടെ തങ്ങളുടെ ബദ്ധ ശത്രുവായിരുന്ന ആര്യാടൻ ഷൌക്കത്തിനു വേണ്ടി കളത്തിൽ ഇറങ്ങി എന്നതാണ് ഷൌക്കത്തു പാണക്കാട്ടേക്കാണ് ആദ്യം നന്ദി പ്രകടിപ്പിക്കാൻ പോയത് എന്നത് ഈ യാഥാർത്ഥ്യം ഉൾക്കൊണ്ടാകണം .

ഈ തെരഞ്ഞെടുപ്പിൽ വിജയിച്ചില്ലെങ്കിൽ മറൊരു സാധ്യതയും ഇല്ല എന്ന് കരുതി കോൺഗ്രസ് നടത്തിയ ശ്രമങ്ങൾ ആണ് മറ്റൊരു കാരണം .അവിടെ വി ഡി സതീശന്റെ പ്രവർത്തനം ഫലം കണ്ടു . വാർഡ് തിരിച്ചു മണ്ഡലത്തിൽ പാർടി എംപി മാരും എം എൽ ഏ മാറും നേതൃത്വം നൽകി പ്രചാരണം നടത്തി .ശശി തരൂർ താരപ്രചാരകൻ ആയിരുന്നുവെങ്കിലും അദേഹത്തെ പ്രചാരണത്തിന് ക്ഷണിച്ചില്ല എന്നത് അത്ര നല്ല സൂചനയല്ല നൽകുന്നത് .തെരഞ്ഞെടുപ്പു വിജയത്തിൽ അദ്ദേഹത്തിന് പങ്കില്ലെന്നു പരോക്ഷമായി പറയാമെങ്കിലും അതൊരു വീഴ്ച തന്നെയാണ് .പ്രത്യേകിച്ചു ഓരോരുത്തർക്കും പ്രചാരണത്തിന് ശക്തമായ ഷെഡ്യൂൾ തയാറാക്കിയിരുന്ന സാഹചര്യത്തിൽ .ഒരവസരത്തിൽ സതീശനൊപ്പം മുഖ്യമന്ത്രി സ്ഥാനാർഥിയായി കണക്കാക്കപ്പെട്ടിരുന്ന തരൂർ അവഗണിക്കപ്പെട്ടതിൽ ആഹ്ലാദിക്കുന്നവരാകും

ഇപ്പോൾ എല്ലാവരും. പക്ഷെ അദേഹത്തെ കൂട്ടത്തിൽ കൂടി അടുത്ത നിയമസഭാതെരഞ്ഞെടുപ്പു വരെ പിടിച്ചു നിർത്താനുള്ള ശ്രമം നടത്തിയില്ലെങ്കിൽ അത് ഇടതു മുന്നണി ആയുധമാക്കും .അദ്ദേഹത്തിന് അവർ ഫീൽ്ര നൽകിയെന്ന വാർത്തകൾ തല സ്ഥാനത്തു പറക്കുന്നുണ്ട് അദ്ദേഹം ബി ജെ പിയിൽ പോകുന്നതിൽ ആശങ്ക പ്രകടിപ്പിക്കുന്നതിന് പകരം എൽ ഡി എഫുമായി തരൂർ സന്ധി ചെയ്യുമോ എന്താണ് കേരളത്തിലെ കോൺഗ്രസ് നേത്രുത്വം ഉറ്റു നോക്കേണ്ടത് .അദ്ദേഹത്തെ ഡൽഹിയിൽ എന്തെങ്കിലും ഉത്തരവാദിത്തം നൽകി ഒഴിവാക്കിയില്ലെങ്കിൽ അദ്ദേഹം ഒരു സ്പോയിലർ ആകാനുള്ള എല്ലാ സാധ്യതയും അവശേഷിക്കുന്നു .

തരൂരിനെ ആദർശപരമായി എതിർക്കാം പക്ഷെ ഈ തെരഞ്ഞെടുപ്പിൽ ജമാ അതെ ഇസ്സ്‌ലാമിയുടെ പിന്തുണയ്ക്ക് നൽകിയ പരസ്യമായ കോൺഗ്രസ്സിന്റെ വരവേൽപ്പ് കേരളത്തിൽ എങ്ങനെ പ്രതിഫലിക്കും എന്നത് വലിയ പ്രശ്നമാണ്. കോൺഗ്രസ്സിന്റെ പ്രധാന വോട്ട് ബാങ്ക് ആയ ക്രിസ്ത്യൻ മുസ്ലിം ന്യൂനപക്ഷ വിഭാഗങ്ങളെ അത് കുടുതൽ വിഷമത്തിലാക്കും .മതേതര വോട്ടുകളിൽ അത് കൂടുതൽ വിള്ളൽ ഉണ്ടാക്കും . .ഇക്കാലം വരെ കോൺഗ്രസ്സിന്റെ ബി ജെ പി ബന്ധം സി പി എം വലിയ ആയുധമാക്കിയിരുന്നു .എന്തായാലും ഇത്തവണ എം വി ഗോവിന്ദന്റെ ആർ എസ് എസ് പരാമർശമാണ് സി പി എമ്മിനെ വെട്ടിലാക്കിയത് ..എന്തായാലും ജമ്മാ അതെ ഇസ്ലാമിക്ക് പ്രതിപക്ഷ നേതാവ് പച്ച കൊടി കാട്ടിയത് അത്ര ശരിയായില്ല എന്ന് കോൺഗ്രസ് അനുഭാവികളിൽ പലരും വിശ്വസിക്കുന്നു ..

പ്രത്യേകിച്ചും നിലമ്പൂരിലെ വലിയ വിജയത്തിന് പിന്നിൽ മുസ്ലിം ലീഗിന്റെ അകമഴിഞ്ഞ സംഭാവന ഉണ്ടായിരുന്ന സാഹചര്യത്തിൽ ..അടുത്ത തെരഞ്ഞെടുപ്പിൽ പ്രധാനമായി അവരുടെ സംഭാവനയാണ് കോൺഗ്രസ്സിനു കുടുതലായി ആശ്രയിക്കാനുള്ളത്. ജോസ് കെ മാണി മടങ്ങി വരുകയാണെങ്കിൽ തന്നെ അത് ജോസഫ് ഗ്രൂപ്പ് സ്നേഹത്തോടെ കാണുകയില്ലെന്ന നിലക്ക് ഈ ബാന്ധവം എതു വില കൊടുത്തും സംരക്ഷിക്കേണ്ട കടമ യു ഡി എഫിനുണ്ട് .

എല്ലാ തെരഞ്ഞെടുപ്പും വിജയിക്കുന്നത് ആശയങ്ങളുടെ മേലാണ്. ഭരണ വിരുദ്ധ വികാരം ശക്തമായിട്ടും അത്തരമൊരു പ്രചരണം നടത്താൻ കോൺഗ്രസ്സിനു കഴിഞ്ഞു

**തരൂരിനെ ആദർശപരമായി എതിർക്കാം പക്ഷെ ഈ തെരഞ്ഞെടുപ്പിൽ ജമാ അതെ ഇസ്സ്‌ലാമിയുടെ പിന്തുണയ്ക്ക് നൽകിയ പരസ്യമായ കോൺഗ്രസ്സിന്റെ വരവേൽപ്പ് കേരളത്തിൽ എങ്ങനെ പ്രതിഫലിക്കും എന്നത് വലിയ പ്രശ്നമാണ്**

വോ ? .തെരഞ്ഞെടുപിനു മുൻപ് തീപ്പൊരി നേതാവ് കെ സുധാകരനെ നീക്കി താരതമ്യേനെ സൌമ്യനായ പ്രസിഡന്റിനെ നിയോഗിച്ചു സംഘടനയിൽ എതിർ സ്വരങ്ങൾ ഇല്ലാതാക്കിയ പാർടി ഹൈ കമാണ്ടും നല്ല സൂചനയല്ല നൽകുന്നത് . വി ഡി സതീശൻ എന്ന നേതാവിന് ഇതൊരു ആശ്വാസമാകാമെങ്കിലും പ്രക്ഷുബ്ദമായ ഈ കാലത്ത് പാർട്ടിയെ നയിക്കാൻ അത് മാത്രം പോര പ്രത്യേകിച്ചും ഇടത് മുന്നണി ഏതു തലത്തിലേക്കും ആക്രമണം വ്യാപിപ്പിച്ചേക്കും എന്ന നിലയിൽ .. വി ഡി സതീശനെതിരെയുള്ള കേസ് ഒഴിവാക്കിയ ഡി ജി പി യോഗേഷ് ഗുപ്തക്ക് ചില്ലറ നഷ്ടമൊന്നുമല്ല ഉണ്ടായത് .

പിണറായി ഭരണത്തിനെതിരെ കുറഞ്ഞപക്ഷം രമേഷ് ചെനിത്തല എങ്കിലും നടത്തിയ ഒരു യുദ്ധം സതീശനിൽ നിന്നും ജനങ്ങൾ പ്രതീക്ഷിക്കുന്നു അതിനു പകരം ജമാ അത്തെ ഇസ്ലാമിക്ക് പൂച്ചെണ്ട് നല്കുന്നത് കോൺഗ്രസ് സംസ്കാരത്തിന് തന്നെ അനുയോജ്യമല്ല .


ഏതായാലും ഈ തെരഞ്ഞെടുപ്പു വിജയത്തിന് കോൺഗ്രസിലെ ചുണക്കുട്ടികൾ നടത്തിയ പ്രചാരണം എടുത്തു പറയണം .ചാണ്ടി ഉമ്മൻ മൂവായിരം വീടുകളിൽ കയറി പ്രചാരണം നടത്തിയെന്നു കണക്കുകൾ പറയുന്നു എങ്കിൽ അതൊരു റെക്കോർഡ് ആണ്

ഏതായാലും ഈ തെരഞ്ഞെടുപ്പു അവഗണിച്ചു അത് സതീശൻ സ്തുതിയാക്കാൻ പല രംഗങ്ങളിലും ശ്രമം ഉണ്ട് .

ഫലത്തിൽ ഇപ്പോൾ സതീശൻ മാത്രമേ നേതൃത്വത്തിൽ ഉള്ളോ എന്ന നിലക്ക് അതിനു പ്രത്യേക പ്രാധാന്യമൊന്നുമില്ല . അടുത്ത പഞ്ചായത്ത് മുനിസിപ്പ്സ്ല് തെരഞ്ഞെടുപ്പിനെ യഥാർത്ഥ സെമി ഫൈനൽ ആക്കാനാണ് എൽ ഡി എഫ് ശ്രമിക്കുന്നത് .

കുറച്ചു കൂടി അടിത്തറ വോട്ടുകൾ പോൾ ചെയ്യപ്പെടുന്ന അവിടെ മികച്ച വിജയം നേടാൻ എൽ ഡി എഫിന് കഴിയും അവിടെ അവരെ ഒരു പരിധി വരെ പിടിച്ചു കേറിയാൽ മാത്രമേ മൂന്നാം പിണറായി ഭരണത്തെ തടയാൻ കോണ്ഗ്രസിന് കഴിയൂ .

കോൺഗ്രസിലെ ആദർശവാന്മാരായ നേതൃത്വത്തിന്റെ പ്രധാന മുഖമാണ് വി ഡി സതീശൻ .ആ നിലക്ക് പിണറായിസത്തെ നേരിട്ടാൽ മാത്രമേ അടുത്ത തെരഞ്ഞെടുപ്പിൽ കോൺഗ്രസ് നേതൃത്വം നൽകുന്ന യു ഡി എഫിന് വിജയം കൈവരിക്കാൻ കഴിയൂ . കോൺഗ്രസിന്റെ സൗമ്യ മുഖം കരുത്തനായ പോരാളിയായി മാറിയില്ലെങ്കിൽ യു ഡി എഫിൻറെ ഭാവിയെ തന്നെ അത് ബാധിക്കാം .



◉ സനിൽ പി. തോമസ്

# വി ഡി സതീശൻ ഉറച്ച നിലപാടും ആജ്ഞാശക്തിയുമുള്ള നേതാവ്

നിലമ്പൂരിൽ ആര്യാടൻ ഷൗക്കത്ത് ജയിച്ചപ്പോൾ വി.ഡി.സതീശന്റെ ഉറച്ച നിലപാടിനെ പലരും പ്രകീർത്തിക്കുന്നത് കണ്ടു. തോൽക്കുകയോ ഭൂരിപക്ഷം കുറയുകയോ ചെയ്തിരുന്നെങ്കിൽ എല്ലാവരും കൂടി അദ്ദേഹത്തിന്റെ തലയിൽ കയറി നിരങ്ങിയേനെ. ഒരു സംശയവും വേണ്ട. സതീശൻ ഉറച്ച നിലപാടുകൾ മാത്രമല്ല അജ്ഞാശക്തിയുമുള്ള നേതാവാണ് എന്നാണ് എന്റെ വിശ്വാസം.

2015ൽ ദേശീയ ഗെയിംസ് കേരളത്തിൽ നടക്കുന്നു. ഒരു ദിവസം സതീശൻ എന്നെ ഫോണിൽ വിളിച്ചിട്ടു പറഞ്ഞു. ' ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട് ഒരു കോഫി ടേബിൾ ബുക്കും ഒരു സുവനീറും പ്രസിദ്ധീകരിക്കുന്നുണ്ട്. അതിൽ കേരളത്തിന്റെ സ്പോർട്സ് ചരിത്രം ചുരുക്കി എഴുതണം. അതു ഞാൻ ഏറ്റു. എന്നു പറഞ്ഞാൽ സനിലിനെക്കൊണ്ട് എഴുതിക്കാമെന്ന് ഞാൻ ഏറ്റെന്ന് .'

ദൂരദർശൻ മുൻ ഡയറക്ടർ കുഞ്ഞിക്കൃഷ്ണൻ സാറാണ് എഡിറ്റർ.സാറിന് എന്നെ അറിയില്ല. അടുത്ത ദിവസം സാർ ഫോണിൽ വിളിച്ചു പരിചയപ്പെടുത്തി.സതീശനാണ് ഫോൺ നമ്പർ തന്നതെന്നും പറഞ്ഞു. അതിലേറെ രസകരമായി തോന്നിയത് ഞാൻ ഡെഡ് ലൈൻ പാലിച്ചില്ലെങ്കിൽ തന്നോട് പറഞ്ഞാൽ മതിയെന്നും സതീശൻ പറഞ്ഞുവെന്ന കാര്യമാണ്.

കെ.കരുണാകരനുശേഷം ഇത്തരമൊരു നേതാവ് കേരളത്തിൽ കോൺഗ്രസിന് ആദ്യമാണ്. അനിവാര്യവുമാണ്. പി.വി.അൻവറിന്റെ സമ്മർദത്തിനു വഴങ്ങുകയോ അൻവറിനെ യു.ഡി.എഫിൽ ഉൾപ്പെടുത്തി മൽസരിക്കുകയോ ചെയ്തിരുന്നെങ്കിൽ നിലമ്പൂർ വിജയത്തിന്റെ ക്രെഡിറ്റ് അൻവർ അവകാശപ്പെട്ടേനെ. അത് ഒഴിവായിക്കിട്ടി. കോൺഗ്രസിലെ ഏറ്റവും ജനപ്രീതിയുള്ള നേതാവായിരുന്നു ഉമ്മൻ ചാണ്ടി. പക്ഷേ, അദ്ദേഹം സമ്മർദങ്ങൾക്കു വഴങ്ങിയിരുന്നു.ഉമ്മൻ ചാണ്ടിക്കു സതീശന്റെ കഴിവുകളിൽ വിശ്വാസമുണ്ടായിരുന്നു.അതു കൊണ്ടാണ് സാമ്പത്തിക വിദഗ്ദ്ധനായ തോമസ് ഐസക്കിനെ നിയമസഭയിൽ നേരിടാൻ ഉമ്മൻ ചാണ്ടി സതീശനെ ചുമതലപ്പെടുത്തിയത്.നിയമസഭയിൽ മാത്രമാണ് സതീശൻ മികവു കാട്ടുന്നത് എന്നു വിശ്വസിച്ചവർക്കും തെറ്റി.മികച്ച തിരഞ്ഞെടുപ്പ് മാനേജരുമാണ് സതീശൻ. പക്ഷേ, ഉപതിരഞ്ഞെടുപ്പിൽ ഒരു മണ്ഡലത്തിൽ മാത്രം കേന്ദ്രീകരിച്ചാൽ മതി. പൊതുതിരഞ്ഞെടുപ്പിൽ 140 മണ്ഡലങ്ങളിലും ശ്രദ്ധിക്കണം.അത് എത്രത്തോളം സാധ്യമാകുമെന്നതാണു വെല്ലുവിളി.

> **കെ. കരുണാകരനുശേഷം ഇത്തരമൊരു നേതാവ് കേരളത്തിൽ കോൺഗ്രസിന് ആദ്യമാണ്. അനിവാര്യവുമാണ്. പി. വി. അൻവറിന്റെ സമ്മർദത്തിനു വഴങ്ങുകയോ അൻവറിനെ യു. ഡി. എഫിൽ ഉൾപ്പെടുത്തി മൽസരിക്കുകയോ ചെയ്തിരുന്നെങ്കിൽ നിലമ്പൂർ വിജയത്തിന്റെ ക്രെഡിറ്റ് അൻവർ അവകാശപ്പെട്ടേനെ. അത് ഒഴിവായിക്കിട്ടി.**

കേരളത്തിൽ ഇന്ന് കോൺഗ്രസിന്റെ കരുത്ത് മിടുക്കരായ യുവനിരയാണ്. അവരെ എണ്ണയിട്ട യന്ത്രംപോലെ ചലിപ്പിക്കുവാൻ സതീശനു സാധിക്കുന്നുണ്ട്.

നിലമ്പൂർ തിരഞ്ഞെടുപ്പു ദിവസം ശശി തരൂർ വളരെ മിതമായ ഭാഷയിൽ തന്റെ അനിഷ്ടം പ്രകടിപ്പിച്ചതൊഴിച്ചാൽ അടുത്ത കാലത്ത് കോൺഗ്രസിലോ യു.ഡി.എഫിലോ പ്രശ്നങ്ങളൊന്നും ഉണ്ടായിട്ടില്ല. ഇനി ഈ വർഷം പഞ്ചായത്ത്, മുനിസിപ്പൽ തിരഞ്ഞെടുപ്പും അടുത്ത വർഷം പകുതിക്കു മുമ്പ് നിയമസഭാ തിരഞ്ഞെടുപ്പും നടക്കാനുണ്ട്.സതീശനെതിരെ പാർട്ടിക്കുള്ളിൽ ആരൊക്കെ പാരയുമായി ഇറങ്ങും എന്ന് അറിയില്ല. അതാണല്ലോ കോൺഗ്രസിന്റെ പാരമ്പര്യം.ഒരു കാര്യം ഉറപ്പാണ്. കർക്കശ നിലപാടും ഉജ്വല ആജ്ഞാശക്തിയുമുള്ള പിണറായി വിജയനെ എതിരിടാൻ ഇപ്പോഴത്തെ അവസ്ഥയിൽ വി.ഡി .സതീശനു തുല്യനായി മറ്റൊരാൾ കോൺഗ്രസിലോ യു.ഡി.എഫിലോ ഇല്ല. കോൺഗ്രസ് ഹൈക്കമാൻഡ് കേരളത്തിലെ കാര്യങ്ങൾ ശ്രദ്ധയോടെ വീക്ഷിക്കുന്നതിനാൽ വിമത നീക്കങ്ങൾ കരുത്താർജിക്കില്ലെന്നു പ്രതീക്ഷിക്കാം.

വ്യക്തിപരമായി ഒരു കാര്യം കൂടി പറയട്ടെ. വി.ഡി.സതീശൻ നല്ലൊരു സ്പോർട്സ് പ്രേമിയാണ്. വിളിക്കുമ്പോൾ ഫോൺ എടുക്കാൻ പറ്റിയില്ലെങ്കിൽ തിരിച്ചുവിളിക്കുന്ന നല്ല സ്വഭാവത്തിനും ഉടമയാണ്.



the cotillion
Authentic Indian Cuisine & Asian Fusion Rich in Flavor and Taste
Celebrate Your Precious Wedding and Any Gatherings at Cotillion, Where Timeless Elegance Meets Modern Luxury. Book Your Party today with Us!
The Cotillion is Guaranteed to be a Great Dine Experience
the cotillion
440 Jericho Turnpike
JERICHO, NY 11753
(516) 938-3300

# യു ഡി എഫിന്റെ ഇരട്ടത്താപ്പ്

## മുസ്ലീം ലീഗ് വെള്ളപൂശിയില്ലെങ്കിലും ജമാഅത്തെ ഇസ്ലാമി ബന്ധം യു. ഡി. എഫ് തുടരും



നിലമ്പൂർ ഉപതിരഞ്ഞെടുപ്പിൽ അബ്ദുന്നാസർ മദനിയുടെ പി.ഡി.പി ഇടതു മുന്നണിക്കുള്ള പിന്തുണ തുടരുമെന്ന് പ്രഖ്യാപിച്ചപ്പോൾ ജമാഅത്തെ ഇസ്ലാമി യു.ഡി .എഫ് പക്ഷം ചേർന്നത് വലിയ ഒച്ചപ്പാടുണ്ടാക്കി. മതേതരപ്പാർട്ടിയായ കോൺഗ്രസ് നയിക്കുന്ന ഐക്യ ജനാധിപത്യ മുന്നണി വർഗീയ കക്ഷികളുമായി കൈകോർക്കുന്നുവെന്ന ആക്ഷേപമാണ് മുഖ്യമന്ത്രി പിണറായി വിജയനും ഇടതു നേതാക്കളും നിലമ്പൂരിൽ ആവർത്തിച്ച് ഉന്നയിച്ചത്. എന്നാൽ നിലമ്പൂർ നിയമസഭാ മണ്ഡലത്തിലെ 3000-ലധികം ജമാഅത്തെ ഇസ്ലാമിവോട്ടല്ല കോൺഗ്രസ് സ്ഥാനാർത്ഥി ആര്യാടൻ ഷൗക്കത്തിന്റെ വിജയത്തിന് നിർണായകമായത്.

ഒൻപതു വർഷത്തെ ഇടവേളയ്ക്ക് ശേഷം സി.പി.എം സ്വന്തം

> **ജമാഅത്തെ ഇസ്ലാമി പ്രധാനമായും മതസംഘടനയാണെങ്കിലും രാഷ്ട്രീയ പ്രവർത്തനങ്ങളും നടത്തിവരുന്നു. സംഘടന ഇതുവരെ തെരഞ്ഞെടുപ്പുകളിൽ മത്സരിച്ചിട്ടില്ലെങ്കിലും രാഷ്ട്രീയപരമായി പല രാഷ്ട്രീയ പാർട്ടികൾക്കും മാറി മാറി പിന്തുണ നൽകിയിട്ടുണ്ട്. അതിൽ സി. പി. എമ്മും ഉണ്ടെന്നുള്ളതാണ് കൗതുകകരം.**

പാർട്ടി ചിഹ്നത്തിൽ മൽസരിച്ചിട്ടും എന്തുകൊണ്ട് ഇടതു മുന്നണിക്ക് സീറ്റ് നിലനിർത്താനായില്ല എന്ന ചോദ്യത്തിന് ഉത്തരമുണ്ട്. മുസ്ലീം ലീഗുകാർക്ക് പല കാരണങ്ങളാൽ വിയോജിപ്പുകളുണ്ടായിരുന്നയാളാണ് ആര്യാടൻ ഷൗക്കത്ത്. യു.ഡി. എഫ് ജമാഅത്തെ ഇസ്ലാമിയുമായി ചേർന്നതും ലീഗ് അണികൾക്ക് അത്ര പിടിക്കുന്ന കാര്യമായിരുന്നില്ല. എന്നാൽ മുസ്ലീം ലീഗിന്റെ നേതാക്കളും ആര്യാടനുവേണ്ടി പ്രവർത്തകരും ശക്തമായ പ്രവർത്തനമാണ് നടത്തിയത്.

എന്തായാലും ജമാഅത്തെ ഇസ്ലാമി-യു.ഡി.എഫ് സഹകരണം വരാനിരിക്കുന്ന തദ്ദേശ,

നിയമസഭാ തിരഞ്ഞെടുപ്പുകളിലും തുടരും. ജമാഅത്തെ ഇസ്ലാമിയ്ക്ക് ഈ ബന്ധം തുടർന്ന് പോകണം എന്നാണ് ആഗ്രഹം. ജമാഅത്തെ ഇസ്ലാമിയുടെ രാഷ്രീയ സംഘടനയായ വെൽഫെയർ പാർട്ടി നിലമ്പൂരിൽ യു.ഡി.എഫ് സ്ഥാനാർഥി ആര്യാടൻ ഷൗക്കത്തിനെ പിന്തുണയ്ക്കുകയായിരുന്നു.

വിജയിച്ച ശേഷം ജമാഅത്തെ ഇസ്ലാമി അടക്കമുള്ള സംഘടനകളുടെ പിന്തുണ ലഭിച്ചതായി ആര്യാടൻ ഷൗക്കത്തും പറഞ്ഞിരുന്നു. ഇനി പഞ്ചായത്ത് തിരെഞ്ഞെടുപ്പിൽ സ്ഥാനാർത്ഥികളെ തീരുമാനിക്കുന്നതിൽ ഉൾപ്പടെ യു.ഡി.എഫുമായി ചർച്ചകൾ തുടരുമെന്നാണ് റിപ്പോർട്ട്.

ജമാഅത്തെ ഇസ്ലാമി വർഗീയ സംഘടനയാണ് എന്ന് കോൺഗ്രസിന് അഭിപ്രായമില്ലെന്ന് വി.ഡി സതീശൻ ഉപതിരഞ്ഞെടുപ്പ് പ്രചാരണ വേളയിൽ പറഞ്ഞിരുന്നു.

ജമാഅത്തെ ഇസ്ലാമി പ്രധാനമായും മതസംഘടനയാണെങ്കിലും രാഷ്ട്രീയ പ്രവർത്തനങ്ങളും നടത്തിവരുന്നു. സംഘടന ഇതുവരെ തെരഞ്ഞെടുപ്പുകളിൽ മത്സരിച്ചിട്ടില്ലെങ്കിലും രാഷ്ട്രീയപരമായി പല രാഷ്ട്രീയ പാർട്ടികൾക്കും മാറി മാറി പിന്തുണ നൽകിയിട്ടുണ്ട്. അതിൽ സി.പി.എമ്മും ഉണ്ടെന്നുള്ളതാണ് കൗതുകകരം.

1941 ആഗസ്റ്റ് 27-ന് ഇസ്ലാമിക നവോത്ഥാന നായകരിൽ ഒരാളായ സയ്യിദ് അബുൽ അഅ്ലാ മൗദൂദിയുടെ നേതൃത്വത്തിൽ സ്ഥാപിതമായ ജമാഅത്തെ ഇസ്ലാമിയുടെ പ്രവർത്തനം കേരളത്തിൽ ആരംഭിക്കുന്നത് 1944-ലാണ്.

ഇന്ത്യാ വിഭജനത്തിനു ശേഷം മൗദൂദി പാകിസ്ഥാനിലേയ്ക്കു പോകുകയും, ഒരു ചെറു വിഭാഗം ജമാഅത്തെ പ്രവർത്തകർ ഇന്ത്യയിൽ തന്നെ തങ്ങുകയും ചെയ്തു. ഇതാണ് ഇന്ത്യയിലെ ജമാഅത്തെ ഇസ്ലാമിയുടെ പ്രവർത്തനം നിലനിർത്തിയത്. പാകിസ്ഥാനിലും ബംഗ്ലാദേശിലും ഉള്ള ഘടകങ്ങൾ വളരെ

**നീതിയിലും ക്ഷേമത്തിലും അടിസ്ഥാനമായ ഇസ്ലാമിക രാഷ്ട്ര സങ്കൽപം പ്രാവർത്തികമാക്കുകയാണ് തങ്ങളുടെ ലക്ഷ്യമെന്ന് ജമാഅത്തെ ഇസ്ലാമിയുടെ ഭരണഘടന തന്നെ പറയുന്നു. ഇസ്ലാമിക രാഷ്ട്ര സംസ്ഥാപനം (ഇഖാമത്തുദീൻ) ആണ് സംഘടനയുടെ ലക്ഷ്യം. ഇന്ത്യയിലെ സാമൂഹിക സാമ്പത്തിക പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ഏക പോംവഴി പലിശരഹിത ബാങ്കിങ്ങും ദരിദ്രരെ സാമ്പത്തികമായും സാമൂഹികമായും ശാക്തീകരിക്കുന്ന സകാത്ത് ഉൾപ്പെടെയുള്ള സംവിധാനമാണെന്നും അവർ വാദിക്കുന്നു.**

സ്വാധീനമുള്ള രാഷ്ട്രീയകക്ഷികളാണെങ്കിലും ഈ സംഘടനയ്ക്ക് ഇന്ത്യൻ രാഷ്ട്രീയത്തിൽ പറയത്തക്ക സ്വാധീനമൊന്നുമില്ല.

സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ ഒട്ടേറെ വിവാദങ്ങൾക്ക് ജമാഅത്തെ ഇസ്ലാമി തിരികൊളുത്തിയിട്ടുണ്ട്. അടിയന്തിരാവസ്ഥക്കാലത്തും ബാബറി മസ്ജിദ് തകർക്കപ്പെട്ടതുമായി ബന്ധപ്പെട്ട സംഭവവികാസങ്ങളെത്തുടർന്നും 1992-ൽ ജമാഅത്തെ ഇസ്ലാമിയെ നിരോധിച്ചിരുന്നു. അതിനുശേഷം 1994-ൽ സുപ്രീംകോടതി ഈ നിരോധനം റദ്ദാക്കുകയും സംഘടനയ്ക്ക് പ്രവർത്തനസ്വാതന്ത്ര്യം അനുവദിക്കുകയും ചെയ്തു.

നീതിയിലും ക്ഷേമത്തിലും അടിസ്ഥാനമായ ഇസ്ലാമിക രാഷ്ട്ര സങ്കൽപം പ്രാവർത്തികമാക്കുകയാണ് തങ്ങളുടെ ലക്ഷ്യമെന്ന് ജമാഅത്തെ ഇസ്ലാമിയുടെ ഭരണഘടന തന്നെ പറയുന്നു.

ഇസ്ലാമിക രാഷ്ട്ര സംസ്ഥാപനം (ഇഖാമത്തുദീൻ) ആണ് സംഘടനയുടെ ലക്ഷ്യം. ഇന്ത്യയിലെ സാമൂഹിക സാമ്പത്തിക പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ഏക പോംവഴി പലിശരഹിത ബാങ്കിങ്ങും ദരിദ്രരെ സാമ്പത്തികമായും സാമൂഹികമായും ശാക്തീകരിക്കുന്ന സകാത്ത് ഉൾപ്പെടെയുള്ള സംവിധാനമാണെന്നും അവർ വാദിക്കുന്നു.

ശരീഅത്തിൽ അടിസ്ഥാനമായ മതേതരത്വവും ജനാധിപത്യവും പ്രാബല്യത്തിൽ വരുത്തണമെന്നും ഈ സംഘടന ആവശ്യപ്പെടുന്നു.

മതാശ്ലേഷത്തെ ഇവർ പ്രോത്സാഹിപ്പിക്കുന്നു. മുസ്ലീം നിയമങ്ങൾക്കുമേൽ ഉണ്ടാവുന്ന പ്രശ്നങ്ങൾക്കെതിരേയും ഭാരതത്തിലെ മുസ്ലീങ്ങൾ അഭിമുഖീകരിക്കുന്ന മറ്റു സാമൂഹിക പ്രശ്നങ്ങൾക്കെതിരേയും പ്രതിഷേധപരിപാടികൾ ആസൂത്രണം ചെയ്യുന്നതിൽ ഈ സംഘടന മുന്നിട്ടു നിൽക്കുന്നു.

അതേസമയം നിലമ്പൂരിൽ ജമാഅത്തെ ഇസ്ലാമിയുടെ പിന്തുണ സ്വീകരിച്ചെങ്കിലും മുസ്ലീം ലീഗ് അവരെ വെള്ളപൂശാൻ തയ്യാറായിരുന്നില്ല. മുസ്ലീം ലീഗും ജമാഅത്തെ ഇസ്ലാമിയും രണ്ടാണ് എന്നും ജമാഅത്തെ ഇസ്ലാമിക്കെതിരെ ലീഗ് സ്വീകരിച്ച പ്രത്യയശാസ്ത്ര നിലപാടിൽ വെള്ളം ചേർത്തിട്ടില്ല എന്നുമായിരുന്നു എം.കെ മുനീറും കെ.എം ഷാജിയും അടക്കമുള്ളവർ പറഞ്ഞിരുന്നത്. എന്നാൽ ജമാഅത്തെ ഇസ്ലാമി ഒരുപാട് മാറി എന്നും അവർക്ക് മത രാഷ്ട്ര വാദം ഇപ്പോൾ ഇല്ല എന്നുമായിരുന്നു വി.ഡി സതീശന്റെ നിലപാട്.

ജമാഅത്തെ ഇസ്ലാമി എൽ.ഡി.എഫിന് പിന്തുണ കൊടുത്തിരുന്നു. അപ്പോൾ ആർക്കും പ്രശ്നമില്ലായിരുന്നുവെന്നും വി.ഡി സതീശൻ പറഞ്ഞിരുന്നു.

എന്നാൽ തങ്ങൾക്ക് വർഗീയവാദികളുടെ പിന്തുണ വേണ്ട എന്നതാണ് എല്ലാ കാലത്തും സ്വീകരിച്ച നിലപാട് എന്ന് മുഖ്യമന്ത്രി പിണറായി വിജയനും ഇടതുമുന്നണി സ്ഥാനാർത്ഥി എം സ്വരാജും തിരഞ്ഞെടുപ്പ് പ്രചരണത്തിനിടെ ആവർത്തിച്ചിരുന്നു. ഫലം വന്നതിന് ശേഷവും ഇതേ നിലപാടാണ് സ്വരാജ് ആവർത്തിച്ചത്.

**-എ.എസ് ശ്രീകുമാർ**

# ഓട്ടക്കാരൻ ചാണ്ടി

## ഒറ്റയാന്റെ കാടിളക്കൽ

◉ സുനിൽ വല്ലാത്തറ

നിലമ്പൂർ ഉപതെരഞ്ഞെടുപ്പിൽ ത്രസിപ്പിക്കുന്ന വിജയം കരസ്ഥമാക്കിയ യൂ ഡി എഫ് സ്ഥാനാർഥി ആര്യടാൻ ഷൗക്കത്തിന്റെ വിജയത്തിന്റെ ശില്പികൾ ആണെന്ന് പറഞ്ഞ് കോൺഗ്രസ് നേതൃത്വതിൽ തർക്കം തുടരുന്നതിനിടയിൽ താൻ നിലമ്പുരിലെ കുണ്ടും കുഴിയുമായ റോഡുകളിൽ കൂടി പി ടി ഉഷയെ വെല്ലുന്ന രീതിയിൽ ഓടിയതുകൊണ്ടാണ് ഷൗക്കത്തിനു ഈ മിന്നുന്ന ജയം ഉണ്ടായത് എന്ന അവകാശ വാദവുമായി പുതുപ്പള്ളി എം എൽ എയും ഉമ്മൻചാണ്ടിയുടെ പുത്രനുമായ ചാണ്ടി ഉമ്മൻ രംഗത്തു എത്തിയിരിക്കുകയാണ്



> **പാലക്കാട് ഉപതെരഞ്ഞെടുപ്പിൽ നിന്നും വിട്ടു നിന്ന് പാർട്ടിക്കുള്ളിലും സമൂഹത്തിലും ഇമേജ് നഷ്ടപ്പെട്ടു ഒറ്റപ്പെട്ട ചാണ്ടിക്ക് നിലമ്പൂർ ഒരു പിടിവള്ളി ആയിരുന്നു**

ഉമ്മൻചാണ്ടി തിരുവനന്തപുരത്തു സ്ഥിര താമസം ആക്കിയ ശേഷം തിരുവനന്തപുരത്തു ലയോള സ്കൂളിലും മാർ ഈവാനിയുസ് കോളേജിലും പഠിക്കുന്ന കാലത്ത് തന്നെ പുസ്തക പുഴു ആയിരുന്ന ചാണ്ടി പാട്ടിലും പ്രസംഗത്തിലും പിന്നിൽ ആയിരുന്നു എങ്കിലും ഓട്ട മത്സരത്തിൽ എന്നും ഒന്നാമൻ ആയിരുന്നു . തന്റെ വളരെ ചെറുപ്പത്തിൽ തന്നെ പിതാവ് ഉമ്മൻചാണ്ടി പുതുപ്പള്ളിയിൽ മത്സരിക്കുന്ന തെരഞ്ഞെടുപ്പു കാലത്തൊക്കെ വീടുകൾ കയറി ഇറങ്ങി പിതാവിന് വേണ്ടി വളരെ വേഗതയിൽ ഓടിനടന്നു വോട്ടു പിടിക്കുന്ന കുസൃതി കുടുക്കയായ ചാണ്ടികുഞ്ഞിനെ ഓട്ടക്കാരൻ ചാണ്ടി എന്നാണ് പുതുപ്പള്ളിക്കാർ സ്നേഹത്തോടെ വിളിച്ചിരുന്നത്

ഡൽഹി സെന്റ് സ്റ്റീഫൻസ് കോളേജിൽ ഉപരിപഠനത്തിന് അപ്ലൈ ചെയ്ത ചാണ്ടിക്ക് അഡ്മിഷൻ ലഭിച്ചത് തന്നെ ഓട്ടക്കാരൻ എന്ന നിലയിൽ സ്പോർട്സ് കോട്ടയിൽ ആണ് വിദ്യാഭ്യാസ കാലഘട്ടം കഴിഞ്ഞു കേരളത്തിൽ മടങ്ങി എത്തി യൂത്ത്കോൺഗ്രസ് സെക്രട്ടറി ആയ ചാണ്ടി തനിക്കു ഓടുവാനുള്ള ഒരവസരം നോക്കിയിരുന്നു കിട്ടാതെ നിരാശനായപ്പോൾ ആണ് മൂന്നു വർഷം മുൻപ് രാഹുൽ ഗാന്ധി ഭാരത് ജോഡോ യാത്ര നടത്തുവാൻ തയ്യാറെടുക്കുന്നത് രാഹുൽ ഗാന്ധിയോടൊപ്പം ഭാരത് ജോഡോ യാത്രയിൽ പങ്കെടുക്കുവാനുള്ള കേരളത്തിൽ നിന്നുള്ള ഓട്ടക്കാരുടെ ലിസ്റ്റിൽ ചാണ്ടിയുടെ പേര് ആദ്യം ഇല്ലായിരുന്നു

ഓടുവാൻ പോയിട്ട് നേരെ ചൊവ്വേ നടക്കുവാൻ പോലും പറ്റാത്ത പല കോൺഗ്രസ് നേതാക്കളും ലിസ്റ്റിൽ കയറിപ്പറ്റിയപ്പോൾ തന്റെ കഴിവ് തെളിയിക്കുവാനുള്ള അവസരം നഷ്ടപ്പെട്ടു കലിതുള്ളിയ ചാണ്ടി കോൺഗ്രസ് ഹൈക്കമാണ്ടിനു അപ്പീൽ കൊടുത്തു .. ഒടുവിൽ ഡൽഹിയിലെ ഫിറോസ് ഷാ സ്റ്റേഡിയത്തിൽ പോയി ഓടി ക്വാളിഫൈ ചെയ്ത ചാണ്ടി നാലായിരം കിലോമീറ്റർ ചെരുപ്പിടാതെ രാഹുലിനോട് ഒപ്പം ഓടിയാണ് ഓട്ടത്തിൽ തന്നെ തോല്പിക്കുവാൻ ഇന്ത്യയിൽ ഒരു കോൺഗ്രസ്കാരനും ജനിച്ചിട്ടില്ല എന്നു തെളിയിച്ചത് .

ഉമ്മൻചാണ്ടി അന്തരിച്ച ഒഴിവിൽ



രണ്ടു വർഷം മുൻപ് പുതുപ്പള്ളിയിൽ ഉപതെരഞ്ഞെടുപ്പിൽ സ്ഥാനാർഥിയായ ചാണ്ടിയെ പറ്റി നല്ലത് മാത്രമേ നാട്ടുകാർക്ക് പറയുവാൻ ഉള്ളൂ എങ്കിലും തെരഞ്ഞെടുപ്പു സമയത്തുള്ള ചാണ്ടിയുടെ അതിവേഗതയിൽ ഉള്ള മുന്നറിയിപ്പില്ലാതെയുള്ള വരവ് നാട്ടുകാർക്ക് കുറച്ചു ബുദ്ധിമുട്ടുണ്ടാക്കി പുതുപ്പള്ളിയിൽ ഉപതെരഞ്ഞെടുപ്പു സമയത്തു വന്ന ചാനലുകാരിൽ പകുതി പേരും ചാണ്ടിക്ക് ഒപ്പം ഓടിയെത്താൻ കഴിയാതെ എതിർ സ്ഥാനാർഥി ജയിക്കിന്റെ പിന്നാലെ പോയി ജയിക്കിനെ അനങ്ങാൻ സമ്മതിക്കാതെ ഇരുന്നത് കൊണ്ടു പ്രചരണത്തിൽ ഒരുപാട് മുന്നിലെത്തിയ ചാണ്ടി വൻ ഭൂരിപക്ഷത്തിൽ ജയിച്ചു എം എൽ എ ആയി .

ഉമ്മൻചാണ്ടി വളർത്തിക്കൊണ്ടു വന്ന കേരളത്തിലെ യുവ കോൺഗ്രസ് നേതാക്കൾ ഇപ്പോൾ രണ്ടു തട്ടിലാണ് . ഉമ്മൻചാണ്ടിയുടെ മനസ്സാക്ഷി സൂക്ഷിപ്പുകാരിൽ ഒരാളായിരുന്ന ഷാഫി പറമ്പിൽ പാലക്കാട് നിന്നും വടകരയിൽ പാർലമെന്റിലേയ്ക്കു മത്സരിക്കുവാൻ പോയപ്പോൾ അച്ചു ഉമ്മൻ വടകരയിൽ പോയി നോമിനേഷൻ കൊടുക്കുന്ന സമയത്തും തുടർന്നുള്ള പല പൊതുയോഗങ്ങളിലും ഷാഫിക്കൊപ്പം ഉണ്ടായിരുന്നു. പക്ഷേ ചാണ്ടിയുടെ അഭാവം അന്നേ ശ്രദ്ധിക്കപ്പെട്ടു .

**ഇരുപത്തിരണ്ടു ദിവസങ്ങൾക്കൊണ്ട് മൂവായിരത്തിൽ അധികം വീടുകൾ ചാടി ഓടിക്കയറി നിലമ്പൂർ താരങ്ങളിൽ ഒരാളായി മാറി ചാണ്ടി**

നിലമ്പുരിൽ യുവ കോൺഗ്രസ് നേതാക്കൾ എല്ലാം ശക്തമായ പ്രചരണവുമായി ആര്യടാൻ ഷൗക്കത്തിനു ഒപ്പം ആഴ്ചകളോളം ഉണ്ടായിരുന്നു എങ്കിലും രണ്ടു ഗ്രൂപ്പ് ആയാണ് നിന്നത് മാത്യു കുഴൽനാടനും ഡീൻ കുര്യാക്കോസും അങ്കമാലി എം എൽ എ റോജി എം ജോണും അബിൻ വർക്കിയും തമ്മിൽ കൂടിയാലോചനകൾ നടന്നപ്പോൾ മറുഭാഗത്തു ഷാഫിയുടെ നേതൃത്വതിൽ രാഹുൽ മാങ്കൂട്ടത്തിലും ആലുവ എം എൽ എ അൻവർ സദാത്തും പി സി വിഷ്ണുനാഥുമായി ആയിരുന്നു സൗഹൃദം.

മൂന്നര ആഴ്ച നിലമ്പുരിൽ ക്യാമ്പ് ചെയ്ത ചാണ്ടിഉമ്മനെ ഒറ്റയാൻ ആയി ആണ് കണ്ടത്. പാലക്കാട് ഉപതെരഞ്ഞെടുപ്പിൽ നിന്നും വിട്ടു നിന്നത് പാർട്ടിക്കുള്ളിലും സമൂഹത്തിലും ഇമേജ് നഷ്ടപ്പെട്ടു ഒറ്റപ്പെട്ട ചാണ്ടിക്ക് നിലമ്പുർ ഒരു പിടിവള്ളി ആയിരുന്നു.

എടക്കര പഞ്ചായത്തിന്റെ ചാർജ് കെ പി സി സി ചാണ്ടിക്ക് കൊടുത്തപ്പോൾ മറ്റുള്ളവർക്കു ഇല്ലാത്ത ഒരു ടാസ്ക് കൂടി പ്രായശ്ചിതം ചെയ്യാനെന്നപോലെ ചാണ്ടിക്ക് കൊടുത്തു രണ്ടായിരം വീടുകളിൽ കയറണമെന്ന് .

പാലക്കാട് നഷ്ടപ്പെട്ട മാനം തിരിച്ചു പിടിക്കുവാൻ രണ്ടും കൽപ്പിച്ചു കനത്ത മഴയും കൊടും ചൂടും അവഗണിച്ചു ഭാരത് ജോഡോ യാത്രയെ അനുസ്മരിക്കും വിധം നിലമ്പുരിൽ ഓടി പാഞ്ഞ ചാണ്ടിക്ക് മലപ്പുറത്ത് പണ്ടു താൻ ഉണ്ടാക്കിയ ഒരു വിവാദ പ്രസംഗത്തിന്റെ നാണക്കേടും മറ്റേണ്ടതുണ്ടായിരുന്നു .

ഏതായാലും ഇരുപത്തിരണ്ടു ദിവസങ്ങൾക്കൊണ്ട് മൂവായിരത്തിൽ അധികം വീടുകൾ ചാടി ഓടിക്കയറി നിലമ്പുർ താരങ്ങളിൽ ഒരാളായി മാറിയ ചാണ്ടിയുടെ പേര് വിജയിച്ച ശേഷം നടത്തിയ വാർത്താ സമ്മേളനത്തിൽ നന്ദി പറഞ്ഞപ്പോൾ ആര്യടാൻ ഷൗക്കത്തു പറയുവാൻ വിട്ടു പോയത് മനപ്പൂർവം അല്ലെന്നു കരുതാം .

FROM THE PROMOTERS OF
KALYAN JEWELLERS

KALYAN
DEVELOPERS

www.kalyandevelopers.com

14 YEARS OF TRUST

# BUILT by TRUST

ONGOING PROJECTS




COMPLETED PROJECTS




FOR MORE DETAILS & CALL: 9020 155 555

# യു ഡി എഫിന്റെ
# വിജയ ഗാഥ

**യു.ഡി.എഫിന് 44.17 ശതമാനം വോട്ടും എൽ.ഡി.എഫിന് 37.88 ശതമാനം വോട്ടും ബി.ജെ.പിക്ക് 4.91 ശതമാനം വോട്ടും പി.വി അൻവറിന് 11.23 ശതമാനം വോട്ടും ലഭിച്ചു. പുതുപ്പള്ളിയിലും തൃക്കാക്കരയിലും പാലക്കാട്ടുമൊക്കെ ഉണ്ടായ വിജയത്തിന്റെ കോൺഗ്രസ് കൊടിയാണ് നിലമ്പൂരങ്ങാടിയിലുമൊക്കെ ഇപ്പോൾ പാറിക്കളിക്കുന്നത്.**



◉ എ.എസ് ശ്രീകുമാർ

രാഷ്ട്രീയ കേരളം സസ്പെൻസോടെ കാത്തിരുന്ന നിലമ്പൂർ ഉപതിരഞ്ഞെടുപ്പിൽ പ്രതീക്ഷിച്ച പോലെ തന്നെ യു.ഡി.എഫ് സ്ഥാനാർഥി ആര്യാടൻ ഷൗക്കത്ത് മിന്നും ജയത്തോടെ നിലമ്പൂർ പിടിച്ചെടുത്തപ്പോൾ ഒമ്പതു വർഷം നിലനിർത്തിയ ഇടതു മണ്ഡലമാണവർക്ക് നഷ്ടമായത്. കരുളായി ഒഴികെ എല്ലാ പഞ്ചായത്തുകളിലും നിലമ്പൂർ നഗരസഭയിലും ആര്യാടൻ ഷൗക്കത്ത് നല്ല ഭൂരിപക്ഷം നേടി. ഇടത് സ്ഥാനാർഥി, സി.പി.എമ്മിന്റെ എം സ്വരാജിന്റെ ജൻമനാടായ പോത്തുകല്ല് പഞ്ചായത്തിൽ ലീഡ് നേടാനായതിന് പുറമെ നിലമ്പൂർ നഗരസഭയിൽ നേടിയ 3967 വോട്ടിന്റെ വലിയ ഭൂരിപക്ഷവും ആര്യാടൻ ഷൗക്കത്തിന്റെ വിജയത്തിളക്കം കൂട്ടി. ഇടതു മുന്നണി ഭരിക്കുന്ന നിലമ്പൂർ നഗരസഭയിലും അമരമ്പലത്തും പോത്തുകല്ലിലും ഇടത് കോട്ടകൾ തകർത്താണ് ആര്യാടൻ ഷൗക്കത്തും ടീമും ഇടിച്ചു കയറിയത്.

> **നിലമ്പൂർ ഉപതിരഞ്ഞെടുപ്പിൽ പ്രതീക്ഷിച്ച പോലെ തന്നെ യു.ഡി.എഫ് സ്ഥാനാർഥി ആര്യാടൻ ഷൗക്കത്ത് മിന്നും ജയത്തോടെ നിലമ്പൂർ പിടിച്ചെടുത്തപ്പോൾ ഒമ്പതു വർഷം നിലനിർത്തിയ ഇടതു മണ്ഡലമാണവർക്ക് നഷ്ടമായത്. കരുളായി ഒഴികെ എല്ലാ പഞ്ചായത്തുകളിലും നിലമ്പൂർ നഗരസഭയിലും ആര്യാടൻ ഷൗക്കത്ത് നല്ല ഭൂരിപക്ഷം നേടി**

വോട്ടെണ്ണൽ വേളയിൽ വഴിക്കടവ് പഞ്ചായത്തിലെ 1829 വോട്ടിന്റെ ഭൂരിപക്ഷം ഷൗക്കത്തിന്റെ വിജയത്തിനുള്ള അടിത്തറ പാകി. മൂത്തേടം-2067, എടക്കര-1170. പോത്തുകല്ല്-307. ചുങ്കത്തറ-1287. നിലമ്പൂർ-3967. അമരമ്പലം-704 എന്നിങ്ങനെയാണ് വിവിധ പഞ്ചായത്തുകളിലെ ഷൗക്കത്തിന്റെ ലീഡ് ലീഡ്. യു.ഡി.എഫ് ഭരിക്കുന്ന കരുളായി പഞ്ചായത്തിൽ മാത്രമാണ് എൽ.ഡി.എഫിന് നേരിയ ലീഡ് ലഭിച്ചത്-118 വോട്ട്. കരുളായി ഒഴിച്ച് ബാക്കിയെല്ലായിടത്തും അക്ഷരാർത്ഥത്തിൽ യു.ഡി.എഫ് തരംഗം ആഞ്ഞുവീശിയപ്പോൾ അത് പിണറായി ഭരണത്തിനെതിരായ ജനവികാരമായി വിശകലനം ചെയ്യപ്പെടുന്നതിൽ തെറ്റില്ല.

ഒരു നിയമസഭാ കാലഘട്ടത്തിൽ തുടർച്ചയായ രണ്ടു പരാജയങ്ങൾ ഏറ്റു വാങ്ങിയ നേതാവ് കൂടിയാകുകയാണ് എം സ്വരാജ് , 2016-ൽ ഒന്നാം പിണറായി സർക്കാർ അധികാരത്തിലെത്തുന്ന നിയമസഭാ തിരഞ്ഞെടുപ്പിൽ തൃപ്പൂണിത്തുറയിൽ കോൺഗ്രസിലെ കെ ബാബുവിന്റെ പതിറ്റാണ്ടുകളായുള്ള കുത്തക അവസാനിപ്പിച്ച എം സ്വരാജ്. 2021-ലെ നിയമസഭാ തിരഞ്ഞെടുപ്പിൽ സിറ്റിങ് എം.എൽ.എ നിലയിൽ വീണ്ടും തൃപ്പൂണിത്തുറയിൽ മത്സരത്തിനിറങ്ങിയ സ്വരാജ് കെ ബാബുവിനോട് പരാജയപ്പെടുകയായിരുന്നു. ഇക്കുറി ജൻമനാട്ടിലും പരാജയം ആവർത്തിക്കപ്പെട്ടു.

മുഖ്യമന്ത്രിയും മന്ത്രിപ്പടയും

ഇടതുമുന്നണി സംവിധാനങ്ങളുമെല്ലാം പ്രചാരണത്തിനിറങ്ങിയിട്ടും മിന്നും ജയം നേടാനായത് വരാൻപോകുന്ന തദ്ദേശ-നിയമസഭാ തിരഞ്ഞെടുപ്പുകളിൽ യു.ഡി.എഫിന് വലിയ ആത്മവിശ്വാസമാണ് നൽകുന്നത്. കോൺഗ്രസ് ഒരുമനസോടെ പ്രവർത്തിച്ചാൽ തീർച്ചയായും പിണറായി വിജയന്റെ മൂന്നാമൂഴത്തിന് തടയിടാനാവും. സംസ്ഥാന സർക്കാറിനെതിരെയുള്ള വലിയ ജനരോഷമാണ് നിലമ്പൂർ ഉപതിരഞ്ഞെടുപ്പിൽ പ്രതിഫലിച്ചതെന്ന പ്രതിപക്ഷത്തിന്റെ അവകാശവാദത്തെ തള്ളിക്കളയാനാവില്ല. അങ്ങനെ രണ്ടാം പിണറായി സർക്കാർ അഞ്ചാം വർഷത്തിലേയ്ക്ക് പ്രവേശിച്ചിരിക്കെ ഒൻപത് വർഷങ്ങൾക്ക് ശേഷമാണ് കോൺഗ്രസ് നിലമ്പൂർ മണ്ഡലം തിരിച്ചു പിടിച്ചിരിക്കുന്നത്.

2016-ൽ പി.വി അൻവറിനെ സ്വതന്ത്ര സ്ഥാനാർഥിയാക്കിയാണ്, പതിറ്റാണ്ടുകളോളം ആര്യാടൻ മുഹമ്മദ് എന്ന ജനകീയ കോൺഗ്രസ് നേതാവ് കാത്തുസൂക്ഷിച്ച കോൺഗ്രസ് കോട്ടയായിരുന്ന നിലമ്പൂർ എൽ.ഡി.എഫ് പിടിച്ചെടുത്തത്. എന്നാൽ ഈ ഉപതിരഞ്ഞെടുപ്പിനു തന്നെ കാരണഭൂതനായ പി.വി അൻവർ 19,650 വോട്ടു നേടി കരുത്തു കാട്ടി അവഗണിക്കാനാവാത്ത ശക്തിയായി മാറി. 2021-ൽ 81,277 വോട്ടുകളാണ് ഇടതു സ്വതന്ത്രനായി മൽസരിച്ച അൻവർ നേടിയത്. ഇക്കുറി പാർട്ടി ചിഹ്നത്തിൽ മൽസരിച്ച എം സ്വരാജിന് പെട്ടിയിലാക്കാൻ കഴിഞ്ഞത് 66,159 വോട്ടുകളാണ്. 2021-ൽ തോൺഗ്രസിന്റെ വി.വി പ്രകാശ് നേടിയത് 78,527 വോട്ടുകളാണ്. അൻവർ നേടിയ 2,700 വോട്ടുകളുടെ ഭൂരിപക്ഷം ഇത്തവണ ആര്യാടൻ ഷൗക്കത്ത് 11,077 ആയി വർധിപ്പിക്കുകയും ചെയ്തു.

കഴിഞ്ഞ പ്രാവശ്യം ബി.ജെ.പിയുടെ അഡ്വ. ടി.കെ അശോക് കുമാർ 8,595 വോട്ടുകൾ കൈക്കലാക്കിയപ്പോൾ ഇക്കുറി അവരുടെ സ്ഥാനാർത്ഥി അഡ്വ. മോഹൻ ജോർജ് 8,648 വോട്ട് നേടി-വെറും 53 വോട്ട് കൂടുതൽ. വലിയ പ്രതീക്ഷയോടെയാണ് നിലമ്പൂർ ഉപതിരഞ്ഞെടുപ്പിനെ ബി.ജെ.പി സമീപിച്ചത്. ഈ തിരഞ്ഞെടുപ്പ് അനാവശ്യമാണെന്ന് പറഞ്ഞ് തുടക്കത്തിൽ കളത്തിൽ നിന്നും മാറി നിന്ന ബി.ജെ.പി അവസാനം പോരിനിറങ്ങിയില്ലായിരുന്നുവെങ്കിൽ അത് വലിയ നാണക്കേടായേനേ.

**2026 – ലെ നിയമസഭാ തിരഞ്ഞെടുപ്പിന് കഷ്ടിച്ച് എട്ട് മാസം മാത്രം ശേഷിക്കുന്ന സാഹചര്യത്തിൽ തുടർച്ചയായ പത്താം വർഷത്തിലേക്കു കടക്കുന്ന പിണറായി സർക്കാരിന്റെ കാലത്തെ അവസാന ഉപതിരഞ്ഞെടുപ്പായാണ് നിലമ്പൂർ കണക്കാക്കുന്നത്. ഇടതുമുന്നണിക്ക് സംഭവിച്ച കനത്ത പരാജയം സർക്കാരിനേറ്റ തിരിച്ചടിയാണ്.**

പുതിയ സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖറിന്റെ നേതൃത്വത്തിൽ അവർക്കും നിലമ്പൂരിൽ ഒരു മത്സരം കാഴ്ചവയ്ക്കുവാൻ സാധിച്ചു. ജനങ്ങൾ ഒരു മാറ്റം പ്രതീക്ഷിക്കുന്നുവെന്നും ആ പ്രതീക്ഷ തങ്ങളുടെ വിജയത്തിൽ കലാശിക്കുമെന്നും ബി.ജെ.പി സ്ഥാനാർഥി അഡ്വ. മോഹൻ ജോർജ് പറഞ്ഞത് അക്ഷരാർത്ഥത്തിൽ സംഭവിച്ചു. ആ മാറ്റം ആര്യാടൻ ഷൗക്കത്തിലൂടെ ആണെന്ന് മാത്രം.

കഴിഞ്ഞ ഒമ്പത് വർഷമായി കേരളത്തിലെ ജനങ്ങൾ വിവിധ സംഘടനകളുടെ പേരിൽ കൂട്ടായും ഒറ്റയ്ക്കായും ഈ നാട്ടിൽ അരങ്ങേറുന്ന ചില വിഷയങ്ങളെ സർക്കാരിന്റെ സജീവ ശ്രദ്ധയിൽ പെടുത്തിയിരുന്നു. അതിൽ അഴിമതിയും സ്വജനപക്ഷപാതപരമായ നീക്കങ്ങളും ഒക്കെ ഉൾപ്പെടും. ഭരണസിരാകേന്ദ്രമായ സെക്രട്ടേറിയറ്റിനു മുമ്പിൽ കുടിൽ കെട്ടി സമരം ചെയ്യുന്നവർക്ക് തണലേകുന്ന ടാർപ്പോളിൻ മറകൾ പോലീസിനെ കൊണ്ട് അഴിപ്പിച്ചെടുത്ത് അടിച്ചമർത്തുന്ന രീതികൾ നമ്മൾ കണ്ടു. 2026-ലെ നിയമസഭാ തിരഞ്ഞെടുപ്പിന് കഷ്ടിച്ച് എട്ട് മാസം മാത്രം ശേഷിക്കുന്ന സാഹചര്യത്തിൽ തുടർച്ചയായ പത്താം വർഷത്തിലേക്കു കടക്കുന്ന പിണറായി സർക്കാരിന്റെ കാലത്തെ അവസാന ഉപതിരഞ്ഞെടുപ്പായാണ് നിലമ്പൂർ കണക്കാക്കുന്നത്. ഇടതുമുന്നണിക്ക് സംഭവിച്ച കനത്ത പരാജയം സർക്കാരിനേറ്റ തിരിച്ചടിയാണ്.

പിണറായി സർക്കാരിന് തുടരാനുള്ള ധാർമ്മികാവകാശം നഷ്ടപ്പെട്ടുവെന്നും ഇനിയുള്ള കാലം ഈ സർക്കാർ വെറും കാവൽ സർക്കാർ മാത്രമായിരിക്കുമെന്നും മുതിർന്ന കോൺഗ്രസ് നേതാവ് എ.കെ ആന്റണി പറഞ്ഞു. യു.ഡി. എഫിന്റെ കെട്ടുറപ്പിനെയാണ് ഈ ഉജ്ജ്വല വിജയം സൂചിപ്പിക്കുന്നതെന്നും 2026-ലെ നിയമസഭാ തിരഞ്ഞെടുപ്പിൽ അതിശക്തമായി യു.ഡി.എഫ് അധികാരത്തിലേക്കു തിരിച്ചെത്തുമെന്നും പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ പറഞ്ഞു.

ജനവിധി അംഗീകരിക്കുകയാണെന്നും വേണ്ട രീതിയിലുള്ള തിരുത്തലുകൾ എൽഡിഎഫും സിപിഎമ്മും വരുത്തുമെന്നും സി.പി.എം സംസ്ഥാന സെക്രട്ടറി എം.വി ഗോവിന്ദൻ പറഞ്ഞു. യു.ഡി.എഫിന്റെ വിജയം അംഗീകരിക്കുന്നതായി ഇടതു സ്ഥാനാർത്ഥി എം സ്വരാജ് പറഞ്ഞു. യു.ഡി.എഫിന് 44.17 ശതമാനം വോട്ടും എൽ.ഡി.എഫിന് 37.88 ശതമാനം വോട്ടും ബി.ജെ.പിക്ക് 4.91 ശതമാനം വോട്ടും പി.വി അൻവറിന് 11.23 ശതമാനം വോട്ടും ലഭിച്ചു. പുതുപ്പള്ളിയിലും തൃക്കാക്കരയിലും പാലക്കാട്ടുമൊക്കെ ഉണ്ടായ വിജയത്തിന്റെ കോൺഗ്രസ് കൊടിയാണ് നിലമ്പൂരങ്ങാടിയിലുമൊക്കെ ഇപ്പോൾ പാറിക്കളിക്കുന്നത്.



# 43rd Annual AAPI CONVENTION & SCIENTIFIC ASSEMBLY

**July 24-27, 2025**

AMERICAN ASSOCIATION OF PHYSICIANS OF INDIAN ORIGIN — AAPI




**Cincinnati Marriott at River Center & Northern Kentucky Convention Center**

## This conference will host Physicians, Healthcare professionals, and leaders from across the World!



Satheesh Kathula, MD
President, AAPI

*Confirmed Guests and Dignitaries*




Bobby Mukkamala, MD



Michael Suk, MD




Mario R Capecchi, PHD



Dr. D. Nageshwara Reddy



Lyuba Konopasek, MD




George Abraham, MD


**Register Now at:**

**www.aapiconvention.org | info@aapiusa.org**

ചെറുകഥ



വര: പി ആർ രാജൻ



വിശ്വനാഥൻ

# രാമുവിന്റെ താടി

"രാമേ .... രാമേ ' ദാക്ഷായിണിയമ്മയുടെ ധൃതിയിലുള്ള വിളി കേട്ടപ്പോൾത്തന്നെ രാമുവിനു മനസ്സിലായി, കുഞ്ഞനന്തൻ നായർക്ക് കൂടിയിട്ടുണ്ട്.

'ഈ വിളി ഇന്നും ഇന്നലെയും തുടങ്ങിയതല്ലല്ലോ''. രാമു മനസ്സിൽ പറഞ്ഞു.

അനന്തൻ നായർക്ക് തലയ്ക്ക് സ്ഥിരതയില്ലാതായിട്ട് ആറേഴു വർഷങ്ങളായിരുന്നു. ചിലപ്പോഴൊക്കെ അക്രമ സ്വഭാവം കാണിക്കും. കയ്യിൽ  കിട്ടുന്നതൊക്കെ വലിച്ചെറിയും. തരംകിട്ടിയാൽ തൊഴുത്തിന്റെ അടുത്തുള്ള ഉരൽപ്പുരയിൽ നിന്നും ഉലക്ക എടുത്തുകൊണ്ട് അടിക്കാനെന്ന ഭാവത്തിൽ മുന്നിലുള്ളവരെ ഓടിക്കും.  ദാക്ഷായിണി

> **രാമുവിൻറെ മുഖത്തു തുറിച്ചു നോക്കിയ നായർ ' അയ്യോ, താടിക്കാരൻ' എന്ന നിലവിളിയോടെ, കൊച്ചുകുട്ടിയെപ്പോലെ, വീട്ടിനുള്ളിലേക്കു പെട്ടന്ന് കയറിപ്പോയി. രാമുവിൻെ ജീവിതത്തിൽ മറക്കാനാവാത്ത നിമിഷമായി അതുമാറുമെന്ന് ആരും അന്നു കരുതിയില്ല.**

യമ്മയാവും അധികവും മുന്നിൽ. അക്രമവാസനയില്ലാത്ത സമയങ്ങളിൽ തിണ്ണയുടെ മൂലയിലുള്ള തൂണിനോട് ചേർന്ന് വെറുതെ ഇരിക്കും. സമയത്തിനു ഭക്ഷണം എത്തിച്ചാൽ കഴിക്കും. അല്ലെങ്കിൽ അതേപോലെ തുടരും. പരമ സാധു. ഇരുട്ടിനെ വല്ലാതെ പേടിച്ചിരുന്നതു കൊണ്ടാവാം, സൂര്യൻ അസ്തമിക്കുന്നതിനുമുമ്പേ തന്റെ കുടുസുമുറിയിലേക്കു നായർ വലിയും.

നായരുടെ രാവും പകലും അങ്ങിനെ മുന്നോട്ടു പോകും. അക്കാലത്തും അനന്തൻ നായർക്ക് രാമുവിനെ മാത്രം പേടിയായിരുന്നു. യാദൃശ്ചികമായാണ് അത് കണ്ടുപിടിച്ചത്.

അനന്തൻ നായരുടെ സ്വഭാവം മാറിയ ആ ദിവസം, പതിവുപോലെ ഉലക്കയുമായി നായർ ദാക്ഷായിണിയമ്മയുടെ പിന്നാലെ കൂടി. യാദൃശ്ചികമായി വീട്ടുമുറ്റത്തെത്തിയ അയൽക്കാരനായ രാമു, നായരുടെ മുന്നിൽ വന്നുപെട്ടു. അനന്തൻ നായരുടെ ഭാവവും കയ്യിൽ ഉയർത്തിയ ഉലക്കയും രാമുവിന് പെട്ടന്ന്തന്നെ അന്നത്തെ നായരുടെ സ്വഭാവം അറിയിച്ചു. തിരിഞ്ഞോടാൻ രാമു ശ്രമിക്കാതിരുന്നില്ല. പക്ഷേ ആ തയ്യാറെടുപ്പിനിടയിൽ, ഒരു ചെറുനിമിഷത്തെ ഏതോ ചിന്തയിൽ, നായർ ഓട്ടം നിറുത്തി രാമുവിന് മുന്നിൽ നിന്നു. അയാൾക്കുണ്ടായ ഏതോ വിചിത്ര ചിന്തയിൽ, അയാൾ ഉലക്ക താഴെയിട്ടു. പേടിച്ചപോലെ, അനങ്ങാതെ, രാമുവിന് മുന്നിൽ പ്രതിമപോലെ നിന്നു. ഒന്ന് രണ്ടു നിമിഷം അങ്ങിനെ തുടർന്നു.

ഏതോ ഒരുൾവിളിയിൽ, മനസ്സിലെ പേടി പുറമേക്ക് കാണിക്കാതെ, രാമു ഉറക്കെ പറഞ്ഞു 'അനന്തേട്ടൻ വീട്ടിലേക്കു പോ.. ഒും...'

രാമുവിൻറെ മുഖത്തു തുറിച്ചു നോക്കിയ നായർ ' അയ്യോ, താടിക്കാരൻ' എന്ന നിലവിളിയോടെ, കൊച്ചുകുട്ടിയെപ്പോലെ, വീട്ടിനുള്ളിലേക്കു പെട്ടന്ന് കയറിപ്പോയി.

**എന്നാൽ, രാമുവിൻറെ ഉച്ചത്തിലുള്ള ശബ്ദം കേട്ടിട്ടും, പതിവിനു വിപരീതമായി, അനന്തൻ നായർ അനങ്ങാതെ നിന്നു. പുതിയ വഴികളിലൂടെ അയാളുടെ ചിന്തകൾ നീങ്ങുന്നത് രാമുവിന് തെളിഞ്ഞില്ല. മിന്നൽ വേഗത്തിൽ, അനന്തൻ നായർ സ്വന്തം തലയ്ക്കു മുകളിൽ ഉലക്കയുള്ള കൈകൊണ്ട് ഒരു ദീർഘ വൃത്തം വരച്ചു**

രാമുവിൻെ ജീവിതത്തിൽ മറക്കാനാവാത്ത നിമിഷമായി അതുമാറുമെന്ന് ആരും അന്നു കരുതിയില്ല.

അതിൽപിന്നെ അനന്തൻ നായർക്ക് എന്നു സ്വഭാവം മാറിയാലും ദാക്ഷായിണിയമ്മ വേലിക്കരികെ നിന്ന് ഉറക്കെ വിളിക്കും ''രാമേ .... രാമേ'. എന്ത് തിരക്കുണ്ടെങ്കിലും രാമു ഓടി ചെല്ലും.

അന്നും, ദാക്ഷായിണിയമ്മയുടെ ഉച്ചത്തിലുള്ള വിളി രാമു കേട്ടു, ''രാമേ ....രാമേ'.

രാമുവിന് മനസ്സിലായി നായർക്ക് അസുഖം കൂടിയിട്ടുണ്ടെന്ന്. താമസിച്ചില്ല, ചാടി പുറത്തിറങ്ങി. അയൽക്കാർക്കിങ്ങനെയെങ്കിലും ഒരുപകാരം ചെയ്യാമല്ലോ എന്ന ചിന്തയോടെ..

പതിവുപോലെ അന്നും കുഞ്ഞനന്തൻ നായർ ഉലക്കയുമായി ദാക്ഷായണിയമ്മയുടെ പിന്നാലെ. ദാക്ഷായണിയമ്മ ഇടക്കിടക്ക് ''രാമേ ....രാമേ' എന്ന വിളിയോടെ വീടിനു ചുറ്റും ഓട്ടത്തിലും. രാമു മുറ്റത്ത് എത്തിയപ്പോൾ നായരുടെ ശ്രദ്ധ ദാക്ഷായണിയമ്മയെ വിട്ടിട്ട് രാമുവിലെക്കു നീങ്ങി.

ഭയവും പരിഭ്രമവും ഒന്നുമില്ലാതെ രാമുവിന്റെ മുഖത്ത് പുഛംകലർന്ന ചിരി പരന്നു. 'എത്രയോ വട്ടം ഇത് കണ്ടതാണ്' രാമു മനസ്സിൽ പറഞ്ഞു. പതിവു ചിട്ടകൾ ആവർത്തിച്ചു. ദാക്ഷായണിയമ്മയെ ഉപേക്ഷിച്ച അനന്തൻ നായർ രാമുവിന് മുന്നിൽ നിലയുറപ്പിച്ചു. അയാളുടെ കയ്യിലെ ഉലക്കയും എന്നത്തേയും പോലുള്ള തുറിച്ച നോട്ടവും രാമു പൂർണമായി അവഗണിച്ചു.

ഒട്ടും പതറാതെ, ധൈര്യസമേതം നായരുടെ മുന്നിൽനിന്ന് രാമു ഉറക്കെ പതിവ് പല്ലവി ആവർത്തിച്ചു ' അനന്തേട്ടൻ വീട്ടിലേക്കു പോ.. ഒും ...'

അനന്തൻ നായർ എന്തുചെയ്യുമെന്ന് രാമുവിന് കൃത്യമായി അറിയാമായിരുന്നു. ഉലക്കയും താഴെയിട്ട് ''അയ്യോ താടിക്കാരൻ..'' എന്ന വിളിയോടെ നായർ അടുത്ത നിമിഷം മുറിയിലേക്ക് ഓടും. പേടിച്ചരണ്ട കുട്ടിയെപ്പോലെ. അതോടെ എല്ലാം ശാന്തമാവും.

രാമുവിനെ കണ്ടതോടെ ഭയമൊഴിഞ്ഞ ദാക്ഷായണിയമ്മ ഓട്ടം നിറുത്തി മുറ്റത്തെത്തി.

എന്നാൽ, രാമുവിൻറെ ഉച്ചത്തിലുള്ള ശബ്ദം കേട്ടിട്ടും, പതിവിനു വിപരീതമായി, അനന്തൻ നായർ അനങ്ങാതെ നിന്നു. പുതിയ വഴികളിലൂടെ അയാളുടെ ചിന്തകൾ നീങ്ങുന്നത് രാമുവിന് തെളിഞ്ഞില്ല. മിന്നൽ വേഗത്തിൽ, അനന്തൻ നായർ സ്വന്തം തലയ്ക്കു മുകളിൽ ഉലക്കയുള്ള കൈകൊണ്ട് ഒരു ദീർഘ വൃത്തം വരച്ചു. കയ്യിലിരുന്ന ഉലക്ക അതിവേഗം തലക്കുമുകളിലൂടെ ഒന്നു കറങ്ങി. മുന്നിൽ എന്താണ് സംഭവിക്കുന്നതെന്ന് രാമു അറിയും മുമ്പേ, താടിയും മുടിയുമെല്ലാം പഴനിമുരുകനു ദാനം ചെയ്തതിരുന്ന രാമുവിൻറെ മൊട്ടത്തലയിൽ ഉലക്ക ആഞ്ഞു പതിച്ചു.

ആശുപത്രി കിടക്കയിൽ ബോധം തെളിഞ്ഞും മറഞ്ഞും രാമു കിടന്നു. വല്ലപ്പോഴും പാതി ബോധം തെളിയുമ്പോൾ, തന്റെ മൊട്ടത്തലയിലും തുന്നിക്കെട്ടിയ മുറിവിനു മുകളിലും മെല്ലെ തടവിക്കൊണ്ടു രാമു പലതും ഓർത്തെടുത്തു. ചെറു ചിരിയോടെ രാമുവിന്റെ ചുണ്ടുകൾ അപ്പോഴും പറഞ്ഞിരുന്നു, 'അനന്തേട്ടൻ വീട്ടിലേക്കു പോ.. ഒും '.

● കവിത



രമാ പ്രസന്ന
പിഷാരടി

# ഭൂമിവായന

ഭൂമി വായിക്കുന്ന മണ്ണിന്റെ പുസ്തകം
പാതിയിൽ വച്ചങ്ങ് നിർത്തി
മൺതരിക്കുള്ളിൽ കിനിക്കുന്ന ചോരയിൽ
മണ്ണെഴുത്താകവെ മാഞ്ഞു
കണ്ണടച്ചെന്നും ഇരുട്ടാക്കി മാറ്റുന്നു
മണ്ണിലെ യുദ്ധക്കളത്തിൽ
വന്മതിൽ തുമ്പത്ത് കണ്ട വ്യാളീമുഖം
പിന്നെയും തീതുപ്പി നിന്നു.

ഓരോയിടത്തും പ്രകമ്പനം കൊള്ളുന്ന-
പോരിന്റെ ചില്ലക്ഷരങ്ങൾ
ഓരോയിടത്തും പലായനം, പൊള്ളുന്ന
ലോഹമിറ്റിക്കുന്ന രകതം
വർത്തമാനത്തിന്റെ യുദ്ധകാണ്ഡങ്ങളെ
വിട്ട് പോകുന്നതിൻ മുൻപേ
ഭൂമി വായിച്ചു മുളംകാടിനുള്ളിലെ
നേരെഴുത്തോർമ്മക്കുറിപ്പ്
ഭൂമി വായിച്ചു കടൽത്താളവും, നാട്ടു-
വാംഗവും, മേഘമൽഹാറും..

ഭൂമി വായിച്ചു ഋതുക്കളാം പുസ്തകം
സായന്തനത്തിന്റെ പട്ടിൽ
കാറ്റും, വിളക്കും, തെളിച്ചവും, പൂക്കളും
ഞാറ്റുവേലക്കിളിപ്പാട്ടും
പെയ്യുന്നു തോരുന്നു നാട്ടെഴുത്തോർമ്മകൾ
പെയ്യുന്നു, തോരുന്നു വീണ്ടും
മേഘമാർഗ്ഗങ്ങളിൽ നിന്നുതിർന്നക്ഷരം
തൂമഴത്തുള്ളികൾ പോലെ
മണ്ണിൽ പടർന്ന് വാനത്തിലേക്കെത്തുന്ന
വൻമരക്കുടകൾക്ക് താഴെ
മൗനത്തിലെങ്കിലും മണ്ണിൽപ്പടർന്നോടി
എന്നും ക്ഷമിക്കുന്ന വേര്..
ഭൂമി വായിച്ചോരു പുസ്തകത്താളിന്റെ
ആരൂഢമെന്നുമാ വേര്.

---

# ഇടവപ്പാതി

● കവിത

- ആദിൽ റഹ്മാൻ.ടി
ഇരിമ്പിളിയം

കണ്ണിൽ തെളി നീലമായൊരോർമ,
വിണ്ണിലെ പ്രാണദംകൊണ്ടൊരു തോരണം.
വാതോരാത്ത കാർമുകിൽ രാത്രികൾ,
ശീതളമോ അതോ മഴയുടെ ചുംബനമോ...?

മാരുതൻ കുളിർഗാനം പാടുന്നു,
വഴിനീളെ ചില്ലകൾ നനയുന്നു.
കുരുന്ന് ചില്ലയിലാടുന്ന കണക്കെ,
നീലത്തുള്ളികൾ ആടിക്കളിക്കുന്നു.


തണുപ്പമാറ്റാൻ ചായക്കപ്പുകൾ,
അമ്മക്കരങ്ങളാൽ മുന്നിലെത്തി.
മഴപെയ്യുമ്പോൾ അകക്കാമ്പിൽ-
തെളിഞ്ഞുവരും ഓർമ്മത്തുള്ളികൾ.

പുഴക്കരയിലെ കുളിരും,
പള്ളിക്കുളത്തിൻ നിറവും,
ചേർന്നൊഴുകുന്നതാണെൻ-
മഴയോർമ്മത്തുള്ളികൾ .


Lakshmi classic
bride's
collections
പട്ടിന്റെ
ഏറ്റവും മഹത്തായ
മേൽവിലാസം....
Lakshmi Silks
THE AUTHENTIC SILK PEOPLE
T.B ROAD, KOTTAYAM
NRI CUSTOMER CARE SERVICE
+91 88916 51904
+91 88911 51907

● നോവൽ/

## ഒന്നാമത്തെ ദിവ്യ രഹസ്യം



◉ ജോസഫ് എബ്രാഹം

**ദാവീദിന്റെ നാടായ ബതലഹേമിലെ ഒരു ചെറിയ കുടിലിൽ ഉണ്ണി യേശുവിൻറെ ജനനവും മറിയാമിന്റെയും ജോസെഫിന്റെയും കഷ്ടപ്പാടുകളും കിഴക്ക് നിന്നുള്ള ജ്യോതി ശാസ്ത്രജ്ഞന്മാരുടെ വരവുമാണ് ജോസഫ് എബ്രഹാമിന്റെ നോവൽ ഒന്നാമത്തെ ദിവ്യ രഹസ്യത്തിന്റെ 7,8,9 അധ്യായങ്ങളിൽ . ജൂഡയിലൂടെയുള്ള ദുഷ്ക്കരമായ യാത്രയിൽ വിശുദ്ധനാട് ജീവനുള്ള ഒരു പ്രദേശമായി തുടിച്ചു നിൽക്കുന്നു .**



*വര:*
**മറിയം ജാസ്മിൻ**

### അധ്യായം -7

# ജീവിതം തന്നെയൊരു യാത്ര

അങ്ങനെയിരിക്കെയാണ് ആ വർഷം ഒക്ടോബർ മാസത്തോടെ ആഗസ്റ്റസു സീസർ ചക്രവർത്തിയുടെ കല്പനയുണ്ടായത്.

എല്ലാ പൗരന്മാരും അവരുടെ പിതൃദേശത്ത് ചെന്നു നികുതിപ്പിരിവിൻറെ പട്ടികയിൽ പേരു ചേർക്കണമെന്നതായിരുന്നു ഉത്തരവ്. നികുതി പട്ടികയിൽ നിർബന്ധമായും എല്ലാവരും പേരു ചേർക്കണമെന്ന കല്പനവരുമ്പോൾ ഞാൻ ജറുസലേം ദേവാലയത്തിൽ ബലിയർപ്പിക്കാനായി പോയിരിക്കുകയായിരുന്നു. എൻറെ സ്വദേശം ബെത്ലഹേമായതിനാൽ അവിടെയായിരുന്നു പേര് ചേർക്കേണ്ടിയിരുന്നത്.

എന്തായാലും ജീവിതം ഒരിക്കൽ കൂടി കലങ്ങിത്തെളിയുന്നതായി എനിക്കു തോന്നി. കുറച്ചുമാസങ്ങൾ കഴിയുമ്പോൾ മിരിയാമിൻറെ പ്രസവശേഷമുള്ള ശുദ്ധീകരണബലികൾക്കായി ജറുസലേമിൽ പോയി തിരികെ വരുമ്പോൾ ബേത്ലഹേമിൽ പോകാമെന്നും, പിന്നീടു സ്വന്തംനാടായ അവിടെ സ്ഥിരതാമസമാക്കാമെന്നുമാണ് ഞാനാഗ്രഹിച്ചിരുന്നത്. ഇതിപ്പോൾ സീസർ ചക്രവർത്തിയുടെ കല്പനവന്ന സ്ഥിതിക്ക് അതുവരേയ്ക്കും കാത്തുനിൽക്കാനാവില്ല. എത്രയും പെട്ടന്നുതന്നെ നസറത്തിൽ തിരികെയെത്തി മിരിയാമിനെയും കൂട്ടി ബേത്ലഹേം യാത്രയ്ക്കുള്ള തയ്യാറെടുപ്പു തുടങ്ങണം.

മുമ്പ് ജറുസലേം ദേവാലയ

ത്തിൽ ബലികൾക്കായി വരുന്ന അവസരത്തിൽ സുഹൃത്തുക്കളെയും ബന്ധുക്കളേയുമൊക്കെ കാണുകയും അവരുടെ കൂടെ ഏതാനും ദിവസങ്ങൾ ചിലവഴിക്കാറുള്ളതുമെന്റെ പതിവായിരുന്നു. ചിലയവസരങ്ങളിൽ അവിടെ സഹോദരങ്ങളെയും കാണാറുണ്ടായിരുന്നു.

ഒരാൾ ലോകത്തിലെവിടെയായിരുന്നാലും ജറുസലേമിൽ വന്നാൽ നിങ്ങളുടെ ഒരു സുഹൃത്തിനെയെങ്കിലും കണ്ടുമുട്ടാതിരിക്കില്ലെന്നൊരു പഴഞ്ചൊല്ല് തന്നെയുണ്ട്. അത് സത്യവുമാണ്. എന്തായാലും അക്കുറി ആരെയും സന്ദർശിക്കാൻ മിനക്കെടാതെ തിടുക്കപ്പെട്ടു തിരികെ പോന്നു. അതുവരേയ്ക്കും ഞാൻ നികുതി പട്ടികയുടെ കണക്കെടുപ്പിൽ പേര് ചേർത്തിട്ടില്ലായിരുന്നു.

നസറത്തിൽ തിരിച്ചെത്തിയ ഉടനെ തന്നെ യാത്രക്കുള്ള ഒരുക്കങ്ങൾതുടങ്ങി. 'നസറത്തിൽ നിന്നും നന്മ വല്ലതും വരുമോ' എന്ന പഴമൊഴിപോലെ അപ്പോഴേക്കും നസറത്തിലെ ജീവിതം മടുപ്പായി തുടങ്ങിയിരുന്നു. ബേത്ലഹേമിൽ തിരികെയെത്തി, പിതാക്കന്മാരുടെ മണ്ണിൽ ജീവിതം വീണ്ടും തുടങ്ങണം. വീടുപണി പൂർത്തീകരിച്ചിട്ടു വേണം മെൽക്കയുടെ മാതാപിതാക്കളുടെ ആശ്രയത്തിൽ കഴിയുന്ന മക്കളെയും കൂട്ടിക്കൊണ്ട് അങ്ങോട്ട് പോകാൻ. വീടുവിട്ടുപോയ മൂത്ത മകൻ ഡാനിയലിനെ കണ്ടുപിടിച്ചു തിരികെ കൊണ്ടുവരണം. ബേത്ലഹേമിലെ പൂർവികസ്വത്തിൽ കൃഷിയും, മരപ്പണിയുമായി മിരിയാമും മക്കളുമൊന്നിച്ചു സ്വസ്ഥമായി ജീവിക്കണം. ഇങ്ങനെയൊക്കെയായിരുന്നു ഞാൻ ജീവിതം സ്വപ്നം കണ്ടത്.

എന്തായാലും ഈ യാത്ര ഒരു തിരികെ പോക്കിൻറെ തുടക്കമാണ്. അത്യാവശ്യം വേണ്ടതെല്ലാം എടുക്കണം. ഒറ്റയ്ക്കാണെങ്കിൽ നാലോ അഞ്ചോ ദിവസത്തെ വഴിയുണ്ട്. പക്ഷെ ഗർഭിണിയായ മിരിയാമുമൊത്തുള്ള യാത്രയായതിനാൽ ഏഴുദിവസമെങ്കിലും വേണ്ടിവരും. വഴിച്ചെലവിനുള്ള പണമെല്ലാം മിരിയാമിൻറെ അമ്മ അന്നായുടെ വീട്ടിൽ നിന്നും തന്നു. മിരിയാമിൻറെ പിതാവ് ഒരു കഴുതയെയും അതിൻറെ കുട്ടിയെയും യാത്രക്കായി നൽകി. യാത്രയിൽ പണത്തിനു അത്യാവശ്യം വന്നാൽ കഴുതക്കുട്ടിയെ വിൽക്കുകയോ പണയപ്പെടുത്തുകയോ ചെയ്യാമെന്ന കാര്യം കണക്കാക്കിയാണ് യാത്രയിൽ കഴുതക്കുട്ടിയെ കൂടി പങ്കാളിയാക്കിയത്.

നിറവയറാണെങ്കിലും ബേത്ലഹേമിലെക്കുള്ള യാത്രയെക്കുറിച്ച് പറഞ്ഞപ്പോൾ മിരിയാം അതീവ പ്രസന്നവതിയായി. വഴികൾ അതീവ ദുർഘടമെന്നറിയാമെങ്കിലും അവളുടെ ഉത്സാഹത്തിനു യാതൊരുകുറവും കണ്ടില്ല. പിന്നീട് എപ്പോഴോ യാത്രയെക്കുറിച്ച് പറഞ്ഞപ്പോളവൾ പറഞ്ഞു. ഞാൻ ജറുസലേമിൽ ബലിനടത്താൻ പോയിരിക്കെത്തന്നെ അവൾ ബേത്ലഹേം യാത്രയ്ക്കുള്ള ഒരുക്കങ്ങൾ തുടങ്ങിയിരുന്നു. ദാവീദിൻറെ പട്ടണത്തിലാണ് ശിശു ജനിക്കേണ്ടതെന്നു പ്രവചന ഗ്രന്ഥങ്ങളിലുള്ളതായി അവൾ മനസ്സിലാക്കിയിട്ടുമുണ്ടായിരുന്നു.

കഴുതയുടെ പുറത്ത് മിരിയാമിനിരിക്കാനായി ഇരിപ്പിടമൊരുക്കി. കഴുതക്കുട്ടിയെ സ്വതന്ത്രമായി വിട്ടു. അവൻ തുള്ളിച്ചാടിയും പച്ചപ്പുകൾ കടിച്ചുകൊണ്ടും മുൻപേ നടന്നു. ഒരിക്കലും അവൻ വഴി തെറ്റുകയോ കൂട്ടം പിരിയുകയോ ചെയ്തില്ല. ഞങ്ങൾക്കു പോകേണ്ട വഴി തനിക്കു മുൻനിശ്ചയമുള്ള പോലവൻ നടന്നു. യാത്രയുടെ ഒന്നാമത്തെ ദിവസം അന്തിയോടെ സുഹൃത്തായ ലാസറിൻറെ ഭവനത്തിൽ അന്തിയുറങ്ങി. പിന്നീടുള്ള യാത്രകൾ വളരെ ദുരിതം നിറഞ്ഞതാണ്. തണുത്തുറഞ്ഞ മലമ്പാതകളിലൂടെയുള്ള യാത്രകളേറെ ക്ലേശകരവും.

യൂദയായുമായി ശത്രുതയുള്ള ദേശമായ സമരിയായിൽ കൂടെയുള്ള സഞ്ചാരം സുരക്ഷിതമല്ലാത്തതിനാൽ ആ വഴി ഒഴിവാക്കിയുള്ള യാത്രയ്ക്കു ദൂരമേറും. ഒറ്റയ്ക്കുള്ള യാത്രയിൽ കവർച്ചക്കാരുടെ ശല്യം ഒഴിവാക്കാൻ പ്രധാന നിരത്തുകൾ ഒഴിവാക്കിയായിരുന്നു ഞങ്ങൾ സഞ്ചരിച്ചിരുന്നത്. അങ്ങിനെയുള്ള ചെറിയ ഇടുങ്ങിയ പാതകൾ യാത്രയുടെ വേഗതകുറച്ചു.

രണ്ടാം ദിവസത്തെ യാത്രയിൽ ഇരുൾവീണു തുടങ്ങിയപ്പോഴേക്കും, മിരിയാം തളർന്നു. ഇനി വയ്യ, വിശ്രമിക്കണമെന്നും പറഞ്ഞുകൊണ്ട് ഒരു മരച്ചുവട്ടിൽ അവൾ തളർന്നിരിപ്പായി. റാന്തൽ വിളക്ക് കത്തിച്ചു മരച്ചില്ലയിൽ തൂക്കി കുറച്ചുനേരം അവിടെ വിശ്രമിച്ചു. രണ്ടുമണിക്കൂർ നേരംകൂടി നടന്നാൽ വഴിയാത്രക്കാർക്കുള്ള സത്രത്തിലെത്താം. കുറച്ചുനേരത്തെ വിശ്രമശേഷം മിരിയാമിനെ കൈപിടിച്ചെഴുന്നേൽപ്പിച്ചു. അവളെ കഴുതയുടെ പുറത്ത് കയറാൻ സഹായിച്ചപ്പോൾ ആ മൃഗം ദയനീയമായി മിരിയാമിനെ നോക്കി. ചെങ്കുത്തായ വഴികളിലൂടെ ചുമടുമേന്തിനടന്നു തളർന്ന്, വായിൽ നിന്നു നുരയുംപതയും വമിച്ചിരുന്ന കഴുതയുടെ പുറത്തുകയറാൻ മടിച്ച മിരിയാം, ഇരുൾവീണവഴിയിലൂടെ നിറവയറുമായി ആയാസപ്പെട്ട് നടന്നു.

നടന്നു ക്ഷീണിച്ചു സത്രത്തിലെത്തിയ ഞങ്ങൾ അന്നു രാത്രിയും, പിറ്റേന്ന് സാബത്തായതിനാൽ ദിവസം പൂർണ്ണമായും അവിടെ വിശ്രമിച്ചു. സത്രം നടത്തിപ്പുകാർ വളരെ ദയാലുക്കളായിരുന്നു. നിറവയറുമായി യാത്ര ചെയ്യുന്ന മിരിയാമിനോടവർക്ക് സഹതാപം തോന്നി. അവളുടെ പ്രസവം അവിടെയാക്കികൊള്ളാൻ പറയുകയും

സൗകര്യമുള്ള ഒരുമുറി നൽകാമെന്നു പറയുകയുംചെയ്തു. എന്നാൽ യാത്ര തുടരുവാനായിരുന്നു ഞങ്ങളുടെ തീരുമാനം. അവരുടെ സൗമനസ്യത്തിനു നന്ദി പറഞ്ഞുകൊണ്ട് അതിരാവിലെ തന്നെ ഞങ്ങൾ വീണ്ടും യാത്രതുടർന്നു.....

ഉച്ചയോടെ സമരിയ പിന്നിട്ടു. ഗെരിസീം കുന്നിലെ പുരാതന ദേവാലയ ഗോപുരത്തിൽ കൊത്തിവച്ച സിംഹരൂപങ്ങൾ അന്തിവെയിലിൽ വെള്ളിപോൽ തിളങ്ങുന്നത് കണ്ടുകൊണ്ട് ഞങ്ങളുടെ യാത്രതുടർന്നു. സന്ധ്യയോടെ വയലരികിലുള്ള ഒരു ഇടയഭവനത്തിലെത്തിച്ചേർന്നു. പ്രതിഫലം വാങ്ങി വഴിയാത്രക്കാർക്ക് വിശ്രമം നൽകുന്ന ഒരു ഇടയ ഗ്രാമമായിരുന്നത്.

ഇസ്രായേലിൻറെ പുരാതന തലസ്ഥാനമായിരുന്ന ഷെക്കേമിൽ നിന്നും തെക്കു കിഴക്കായി ഒരു മണിക്കൂർ യാത്ര ചെയ്യേണ്ടിയിരുന്നു ആ ഇടയ ഗ്രാമത്തിലെത്താൻ. സാധുക്കളും നല്ലവരുമായിരുന്നു ആ ഗ്രാമവാസികൾ. ഗർഭിണിയായ മിരിയാം കഴുതയുടെ പുറത്തു നിന്നും ആയാസപ്പെട്ട് ഇറങ്ങി വരുന്നതുകണ്ടപ്പോൾ അവളുടെ അടുക്കലേക്കു വീട്ടുകാരിയും അയൽവക്കത്തെ ചില സ്ത്രീകളും ഓടിവന്നെത്തി കുശാലാന്വേഷണങ്ങൾ നടത്തി. മിരിയാം പുഞ്ചിരിയോടെ അവരോട് സംസാരിച്ചു. പ്രായമായ ഒരു സ്ത്രീ കൈകൾ മിരിയാമിൻറെ തലയിലും ഉദരത്തിലും വയ്ക്കുകയും അവൾക്കു വേണ്ടി പ്രാർത്ഥിക്കുകയും അവളെ അനുഗ്രഹിക്കുകയും ചെയ്തു. ഈ അവസ്ഥയിൽ ഇനി യാത്രതുടരേണ്ടന്നും പ്രസവം കഴിയുന്നതുവരെ അവരോടൊപ്പം കഴിയുന്നതാണ് നല്ലതെന്നും പറഞ്ഞു.

കഴുതയ്ക്ക് തീറ്റിയും വെള്ളവും കൊടുത്തശേഷം മിരിയാമിൻറെ അടുക്കലേക്കു ചെന്നപ്പോൾ അവരുടെ അഭിപ്രായം, ഞാൻ കേൾക്കുവാൻ വേണ്ടി പറഞ്ഞെങ്കിലും തൻറെ ഉദരത്തിലുള്ള ശിശു പിറക്കേണ്ടത് അവൻറെ പിതാവിൻറെ പട്ടണമായ ബേത്‌ലഹേമിലാണെന്നും അതിനും കൂടിയാണ് ഈ യാത്രയെന്ന് മിരിയാം അവരോട് പറയുന്നത് കേട്ടു.

പിറ്റേന്നുള്ള യാത്ര, ധാരാളം പച്ചപ്പാർന്ന ചെടികളും പഴങ്ങളും നിറഞ്ഞ വഴിയിലൂടെയായിരുന്നു.

> **എന്തായാലും ഈ യാത്ര ഒരു തിരികെ പോക്കിൻറെ തുടക്കമാണ്. അത്യാവശ്യം വേണ്ടതെല്ലാം എടുക്കണം. ഒറ്റയ്ക്കാണെങ്കിൽ നാലോ അഞ്ചോ ദിവസത്തെ വഴിയുണ്ട്. പക്ഷെ ഗർഭിണിയായ മിരിയാമുമൊത്തുള്ള യാത്രയായതിനാൽ ഏഴുദിവസമെങ്കിലും വേണ്ടിവരും.**

വഴിയിലെ ചില പാറയിടുക്കിലൂടെ തുള്ളിയായിവീഴുന്ന വെള്ളം, ഇലക്കുമ്പിളിലെടുത്ത് ദാഹം തീർത്തും കാട്ടുപഴങ്ങൾ പറിച്ചുതിന്നും പൂക്കളിലും ചെടികളിലും തൊട്ടുതലോടിയും ഒരുകൊച്ചു പെൺകിടാവിനെപ്പോലെ ഉത്സാഹവതിയായിരുന്നു മിരിയാം.

പകൽ പോയ്മറഞ്ഞു. രാത്രി വന്നു. മിരിയാമിൻറെ ഉത്സാഹമെല്ലാം കെട്ടടങ്ങി, അവൾ പതിവിലും ക്ഷീണിതയായി. അധികം വീടുകളോ സത്രങ്ങളോ ഒന്നുമില്ലാത്ത ഒരു ചെറിയ ഗ്രാമത്തിലായിരുന്നു അന്നു സന്ധ്യയോടെ ഞങ്ങളെത്തിച്ചേർന്നത്. വഴിയരികിൽ കണ്ട ഒരു വീടിൻറെ വാതിലിൽ മുട്ടിക്കൊണ്ട് ഒരുദിവസം താങ്ങാനുള്ള ഇടം ലഭിക്കുമോയെന്നപേക്ഷിച്ചു നോക്കി. എന്നാൽ വീട്ടുടമ വാതിൽ തുറക്കാൻ തയ്യാറായില്ല.

ഞാൻ തിരിഞ്ഞു മിരിയാമിനെ നോക്കി. അവൾ വല്ലാതെ ക്ഷീണിതയായിരുന്നു. നില്ക്കാനാവാതെ അവൾ പാതയോരത്തിരുന്നു പോയിരുന്നു. ഞാനാ വീട്ടുകാരനോട് ദയനീയമായി കേണു.

''സഹോദരാ, ദയവായി വാതിൽ തുറക്കൂ. എൻറെ ഭാര്യ ഗർഭിണിയാണ്. അവൾ വഴിനടന്നു ക്ഷീണിച്ചു തളർന്നുകഴിഞ്ഞു. അവൾക്കെവിടെയെങ്കിലും ഒന്നു വിശ്രമിക്കാതെ തരമില്ല. രാവിലെ തന്നെ ഞങ്ങൾ പൊയ്ക്കൊള്ളാം. ഒരു രാത്രി തങ്ങാനനുവദിച്ചാൽ അതിനുള്ള ന്യായമായ പ്രതിഫലവും തന്നുകൊള്ളാം.''

വീട്ടുടമ ദേഷ്യത്തിൽ പറഞ്ഞു.

''ഇതെൻറെ ഭവനമാണ്, വഴിയാത്രികർക്കുള്ള സത്രമല്ല. വീടിൻറെ വാതിൽക്കൽ തട്ടി ശല്യം ചെയ്യാതെ കടന്നു പോകിൻ''

വാതിൽ തുറക്കാതെ ഉള്ളിൽ നിന്നും അയാൾ പിന്നെയും എന്തോ ദേഷ്യത്തിൽ പറയുന്നുണ്ടായിരുന്നു. ലോകത്തുള്ള എല്ലാ തടസ്സവും തങ്ങൾക്കു മുമ്പിൽ വേലി കെട്ടുകയാണ്.

നിലത്ത് കുഴഞ്ഞിരിക്കുന്ന മിരിയാമിന്റെ മുഖത്തേക്കു നോക്കിയെങ്കിലും ഇരുൾ മറച്ച അവളുടെ മുഖം ഞാൻ കണ്ടില്ല. പക്ഷെ ഇരുട്ടിൽ പതുങ്ങിയിരിക്കുന്ന സങ്കടത്തിന്റെ, വിതുമ്പിക്കരച്ചിലിന്റെ സ്വരംപണിപ്പെട്ടു പിടിച്ചു നിർത്താൻ അവൾ പാടുപെട്ടു. എങ്കിലും ചില വാക്കുകൾ അവളിൽ നിന്ന് പ്രാർത്ഥനയായി തെറിച്ചുവീണു, ആ ഇരുട്ടിലേക്ക്.

' യഹോവേ... ഇനിയെങ്കിലും
ഒരു വാതിൽ... '

വിതുമ്പലിൽ ആ പ്രാർത്ഥന
പക്ഷെ മുറിഞ്ഞുപോയി.....

പാതയോരത്ത് തളർന്നിരിക്കുന്ന മിരിയാമിനെ പിടിച്ചെണീപ്പിച്ചു. കഴുതയുടെ പുറത്തു കയറുവാൻപോലും അവൾക്കാവതില്ലായിരുന്നു. മിരിയാമിൻറെ തോളിൽ താങ്ങിപ്പിടിച്ചു ഞാൻ പതിയെ നടന്നു. ഏതാനും ദിവസങ്ങളായി ഞങ്ങളുടെ കൂടെയുള്ള

യാത്രകൊണ്ട് കഴുതയും കഴുതക്കുട്ടിയും ഞങ്ങളുടെ അവസ്ഥയും വിഷമതകളും മനസിലാക്കിയിരുന്നു.

അവർ നിശബ്ദരായി അനുസരണയോടെ ഞങ്ങളെ അനുധാവനം ചെയ്തു. കുറച്ചങ്ങു നടന്നപ്പോൾ ചെറിയൊരു ഇടവഴിയും അവിടെയൊരു കൂരയും കണ്ടു. ആ കൂരയുടെ മുൻപിലായി ഒരു പെൺകഴുത നില്പുണ്ടായിരുന്നു. ആ ജീവി ഞങ്ങളുടെ ശ്രദ്ധയാകർഷിക്കത്തക്കവിധം കരഞ്ഞു ശബ്ദമുണ്ടാക്കി. ഞാൻ ഇടവഴിയിലൂടെ നടന്ന് അവിടംവരെ ചെന്നുനോക്കി. അവിടെ കണ്ട കൂരയിൽ കയറി വിളക്ക് കൊളുത്തി ചുറ്റുംനോക്കി. ഒരു മേൽക്കൂര മാത്രം. ചുറ്റും ഭിത്തിയോ ആൾമറയോ ഒന്നുമില്ലായെങ്കിലും രാത്രികഴിക്കാൻ പറ്റിയ ഇടമെന്നു ബോധ്യമായി. അന്നവിടെ തങ്ങാൻ തീരുമാനിച്ചു. കഴുതകൾക്കു തീറ്റയും വയ്ക്കോലും നല്കി. ഞങ്ങളെ അവിടേക്ക് ക്ഷണിച്ച പുതിയ ചങ്ങാതിക്കും കൂടി തീറ്റ നൽകി സന്തോഷിപ്പിച്ചു.

ഉറങ്ങാൻ കിടന്നുവെങ്കിലും ഒരു പോള കണ്ണടച്ചിരുന്നില്ല. ഒരു ചുവരിൻറെ പോലും സുരക്ഷിതത്വമില്ലാത്ത മേൽക്കൂരയ്ക്കു കീഴിൽ കിടക്കുമ്പോൾ എങ്ങിനെയുറങ്ങും? ഒരാണിൻറെ തുണയുണ്ടെന്ന സുരക്ഷിത ബോധത്തിൽ മിരിയാം ഉറങ്ങി. അവൾക്ക് സുരക്ഷിതത്വം ഉണ്ടെന്ന ബോധ്യം ഉറപ്പിക്കേണ്ടത് എൻറെ കടമയായിരുന്നു. കയ്യിലുള്ള പണവും ജീവനും, ഒപ്പം യാത്രാ സഹായമായുള്ള കഴുതകളും കൈവിട്ടു പോകാതെ നോക്കേണ്ടതുണ്ട്.

രാത്രിയിൽ നല്ല തണുപ്പുണ്ടായിരുന്നു.തുറസായ ആ പെരുവഴിയമ്പലത്തിൻറെ ദിക്കുകളിലൂടെ ചുളുചുളുപ്പൻ കാറ്റ് അരിച്ചെത്തിയപ്പോൾ മിരിയാം കുളിർന്നു വിറച്ചു. എൻറെ പുതപ്പു കൂടി അവളെ പുതപ്പിച്ചശേഷം ഞാൻ പുറത്തിറങ്ങി, തണുപ്പകറ്റാൻ ചുള്ളികളും കരിയിലകളും കൂട്ടിയിട്ടു തീ പിടിപ്പിച്ച് അരികിൽ കൂനിക്കൂടിയിരുന്നു. തീ കണ്ടതോടെ ഞങ്ങളെ ഈ സ്ഥലത്തേക്ക് ക്ഷണിച്ച പെൺകഴുത ഓടിവന്നു തീയോടു ചേർന്ന് നിന്നു. അതു കണ്ട് കഴുതക്കുട്ടിയും അതിൻറെ അമ്മയുടെ അടുക്കൽ നിന്നുമെഴുന്നേറ്റു വന്ന് തീ കായാനെത്തി. അവൻറെയമ്മ കരയുകയും മണ്ണിൽ കാലുകൾ ഉരച്ചു അക്ഷമ കാണിക്കുകയും ചെയ്തപ്പോൾ, അമ്മക്കഴുതയെ കെട്ടിയിരുന്ന കയറഴിച്ചു. അവളും ഞങ്ങൾക്കൊപ്പം ചേർന്നു.

നേരം വെളുത്തു. വീണ്ടും ഒരു പകലിന്റെ യാത്രയിലേക്ക്.....

മിരിയാമിൻറെ ഗർഭക്ലേശങ്ങൾ മൂലം യാത്ര കരുതിയതിലുമേറെ നീണ്ടു. ഇപ്പോൾ ഞങ്ങളുടെ യാത്രയുടെ അംഗബലം കൂടി. ഞങ്ങൾ യാത്ര പുറപ്പെട്ടപ്പോൾ പതിവുപോലെ കഴുതക്കുട്ടി വഴികാട്ടിയായി മുന്നേ നടന്നു. അത്ഭുതമെന്നു പറയട്ടെ, കഴുതക്കുട്ടിക്ക് ഒരിക്കലും വഴി തെറ്റിയിരുന്നില്ല. ഞങ്ങൾക്ക് സഞ്ചരിക്കേണ്ട വഴിയെ തന്നെ അവൻ മുന്നേ നടന്നു കൊണ്ടിരുന്നു. തലേന്നു ഞങ്ങൾക്ക് അഭയസ്ഥാനം കാണിച്ചു തന്ന കഴുതയ്ക്കു യജമാനനാരുമില്ലെന്ന് തോന്നുന്നു. അവളും ഞങ്ങളുടെ കൂടെ നടന്നു. ഞാനാദ്യം കരുതിയത്, അവൾ കുറച്ചുനേരം കൂടെ നടന്നിട്ട് തിരികെ പോകുമെന്നാണ്. പക്ഷെ അവൾ ഞങ്ങളുടെ കൂടെത്തന്നെ നടന്നു.

യൂദയായുടെയും സമരിയായുടെയും അതിർത്തിപ്രദേശത്തുള്ള മലമ്പാതയിലൂടെയായിരുന്നു അന്നത്തെ യാത്ര.....

ഒറ്റയ്ക്കു പോകുന്ന യാത്രക്കാരെ കവർച്ചചെയ്യുന്ന സമരിയക്കാരായ ചില സംഘങ്ങൾ ഇടയ്ക്കിടെ അവിടെ പ്രത്യക്ഷപ്പെടാറുള്ളതിനാൽ ആ വഴി പോകുമ്പോൾ ആളുകൾ മറ്റു യാത്രാക്കാരുമായി ചേർന്നാണ് പോകാറുള്ളത്. മലമ്പാതയുടെ തുടക്കത്തിൽ യാത്രക്കായി കാത്തുനിൽക്കുന്ന ആരെയും കണ്ടില്ല, ഞങ്ങളുടെ യാത്രയുടെ ഗതിവേഗം മറ്റുള്ളവരേക്കാൾ സാവധാനമായതിനാൽ ആരെയും കാത്തു നിന്നില്ല. ഞങ്ങൾ തനിയെ യാത്ര തുടർന്നു.

യാത്ര കുറച്ചു ദൂരം പിന്നിട്ടപ്പോൾ കവർച്ചക്കാരായ രണ്ടുപേർ വഴിയിൽ പ്രത്യക്ഷരായി. ജീനിയോ ചുമടുകളോ ഇല്ലാതെ ഞങ്ങളുടെ പിന്നാലെ നടന്നുകൊണ്ടിരുന്ന പെൺകഴുതയെ പിടിച്ചുകൊണ്ടു പോകാൻ അവർ ശ്രമിച്ചു. ആ കഴുതയാകട്ടെ അവർക്ക് വഴങ്ങാതെ അവരുമായി പോരടിച്ചു. പിൻകാലുകൾ കൊണ്ട് തൊഴിച്ചും, തലകൊണ്ട് ഇടിച്ചും അക്രമികളെ അത് അവശരാക്കി. അതോടെ കവർച്ചക്കാർ ജീവനും കൊണ്ട് പിൻവാങ്ങി. പകച്ചുപോയ ഞങ്ങൾക്ക് ധൈര്യം തന്നുകൊണ്ട് ആ പെൺകഴുത ഞങ്ങളുടെ പിന്നാലെയുള്ള അതിന്റെ നടപ്പ് യാത്രാവസാനം വരെ തുടർന്നു.

ഇപ്പോൾ ഞങ്ങൾ ബെഥനിയുടെ വടക്കുകിഴക്ക് ഭാഗത്തുകൂടെ നിരവധി മണിക്കൂർ യാത്ര ചെയ്തു പിന്നിട്ടു കഴിഞ്ഞു. കവർച്ചക്കാരെ ഭയന്നതു കൊണ്ട് പിന്നെയെങ്ങും തന്നെ നിൽക്കാതെ,വേഗത്തിലായിരുന്നു അന്നത്തെ ഞങ്ങളുടെ യാത്ര. കുറച്ചു സുരക്ഷിതമെന്നു തോന്നിയ സ്ഥലമെത്തിയപ്പോൾ വേഗതകുറച്ചു. അപ്പോഴേക്കും മിരിയാം ശരിക്കും അവശയായി കഴിഞ്ഞിരുന്നു.

വഴിയരികിൽ യാത്രക്കാർക്ക് തണൽ വിരിച്ചുകൊണ്ട് മുമ്പിൽ മനോഹരമായ ഒരു അത്തിമരം കണ്ടു. ഞങ്ങൾ എല്ലാവരും അതിൻറെ തണലിൽ വിശ്രമിച്ചു. എല്ലാവർക്കും നന്നായി വിശക്കുന്നുണ്ടായിരുന്നു. അത്തിമരത്തിലേക്ക് നോക്കിയെങ്കിലും നിരാശയായിരുന്നു ഫലം. അത്തികൾ

കായ്ക്കുന്ന കാലമായിരുന്നിട്ടു കൂടി ഒരു കായപോലും ആ മരത്തിൽ ഉണ്ടായിരുന്നില്ല. ഫലം പുറപ്പെടുവിക്കാൻ കഴിയാത്ത ആ മരത്തോട് സഹതാപം തോന്നി. ഫലങ്ങളില്ലാത്തതിനാൽ ആ മരം ഏറെ അപമാനമേറ്റുവാങ്ങി ഒറ്റപ്പെടലിന്റെ ഏകാന്തത അനുഭവിച്ചു നിൽക്കുകയാണന്നു തോന്നി. ഒരു കിളിപോലും അതിന്റെ ചില്ലയിൽ വന്നിരുന്നു പാടിയില്ല. ആ മരത്തിന്റെ ഏകാന്തത മാറുന്നത്, ഇതുപോലെ വഴിയാത്രക്കാർ വന്ന് അതിന്റെ തണലിൽ വിശ്രമിക്കുമ്പോഴാണ്.

*അത്തിമരം അതിൻറെ ചില്ലകൾ വീശി യാത്രികർക്ക് കുളിർ പകർന്നു. ക്ഷീണം മാറിയപ്പോൾ ആ കുളിരിൽ നിന്നും പോകാൻ തോന്നുന്നില്ലെങ്കിലും, യാത്ര തുടരാതെ വയ്യല്ലോയെന്നോർത്തു അവിടെ നിന്നും വീണ്ടും യാത്ര തുടർന്നു....

ഞാൻ തിരിഞ്ഞു നോക്കി. മനോഹരമായ ഒരു അത്തിമരം. അതിനെന്തോ വിഷമമുണ്ടെന്നു എനിക്കു തോന്നലുണ്ടായി. ഫലം പുറപ്പെടുവിക്കാൻ കഴിയാത്തതിൻറെ നിരാശയിലും ഒരത്തിമരം തണലൊരുക്കി വഴിയാത്രക്കാരെ സേവിക്കുന്നു!. അതെന്നും നിറഞ്ഞ പച്ചപ്പോടെ അവിടെ നിന്നു കൊണ്ട് ആളുകൾക്ക് തണലൊരുക്കട്ടെയെന്നു ഞാനാഗ്രഹിച്ചു.

യാത്ര....സന്ധ്യയോടടുത്തു. ഇനിയൊരു അഭയം തേടണം. കുറച്ചുനേരം നടന്നപ്പോൾ ഒറ്റപ്പെട്ടൊരു വീട് കണ്ടു. സമീപത്തായി മറ്റൊരു വീടും കണ്ടില്ല. അപ്പോഴേക്കും ഇരുൾവീണു കഴിഞ്ഞിരുന്നു. വീട്ടുവാതിൽക്കൽ മുട്ടി വിളിച്ച് ഒരു രാത്രി അഭയം നല്കുമോയെന്നു അപേക്ഷിച്ചു. വീട്ടുടമ വളരെ പരുഷമായി സംസാരിച്ചു.

'മുൻപരിചയമില്ലാത്തവർക്ക് അഭയം നൽകിയാൽ അവർ കള്ളന്മാരോ കവർച്ചക്കാരോ ആണോന്നു അറിയില്ലെന്നും അതുകൊണ്ട് വേഗം കടന്നുപോകാൻ' അയാൾ ശകാരിച്ചു.




ഞാനപ്പോൾ അയാളോട് കേണു.

''സഹോദരാ എൻറെ ഭാര്യ ഗർഭിണിയാണ്. വഴിനടന്നു അവൾ വല്ലാതെ ക്ഷീണിച്ചിരിക്കുന്നു. അതുകൊണ്ട് ദയവായി ഈ രാത്രി ഇവിടെയൊന്ന് തങ്ങാൻ അനുവദിച്ചാലും''

അയാൾ റാന്തൽ വിളക്ക് മിരിയാമിൻറെ മുഖത്തേക്ക് മാറ്റി പിടിച്ചു നോക്കിയിട്ട്:

''ഓഹോ ഇത്രയും സുന്ദരിയായ ഒരു യുവതിയെയും കൊണ്ടാണോ നിങ്ങൾ ഇക്കണ്ട വഴിയൊക്കെ നിരങ്ങുന്നത്. നിങ്ങളെ കീഴ്പ്പെടുത്തിയാരെങ്കിലും അവളെ സ്വന്തമാക്കില്ലെന്നാരു കണ്ടു.....''

ഉപദേശിക്കുമ്പോഴും അയാളുടെ കണ്ണുകൾ മിരിയാമിന്റെ സൗന്ദര്യത്തിലായിരുന്നു. മിരിയാമിനെപ്പോലുള്ള ഒരു സുന്ദരിയെ എൻറെ കൂടെ കണ്ടതിൽ അയാൾക്ക് അസൂയതോന്നി. അയാളുടെ ഭാര്യ മധ്യവയസിൽ എത്തിയവളും വല്ലാതെ ചടച്ചു വിളറിയവളുമായിരുന്നു. അവൾ ഞങ്ങളോട് വളരെ ദയാലുവായി പെരുമാറി. ഭർത്താവിന്റെ

എതിർപ്പിനെയവഗണിച്ച് അയാളെ ശകാരിച്ചുകൊണ്ട് ഞങ്ങളെ സ്വീകരിക്കുകയും കിടക്കാനായി ഒരു മുറി നൽകുകയും ചെയ്തു.

യാത്രക്കിടയിൽ വീണ്ടും ചില വീടുകളിൽ ഞങ്ങൾക്ക് അഭയം തേടേണ്ടിവന്നു. തണുപ്പൻ സ്വീകരണമായിരുന്നെങ്കിലും വലിയ ബുദ്ധിമുട്ടുകൾ ഉണ്ടായിരുന്നില്ല. ആ ദേശങ്ങളിലുണ്ടായിരുന്നത് പാവപ്പെട്ട ആട്ടിടയരായിരുന്നില്ല. സമ്പന്നരായ കർഷകരായിരുന്നു. അതുകൊണ്ടുതന്നെ അവർക്ക് വഴിയാത്രക്കാരോട് വലിയ അനുകമ്പയുണ്ടായിരുന്നില്ല. അവരുടെ ഉദാരതയെല്ലാം ആളുകൾ സ്വീകരിച്ചുകൊള്ളട്ടെ എന്നൊരു മനോഭാവമായിരുന്നു അവർക്കെല്ലാം.

മിരിയാമിൻറെ ക്ഷീണം കൂടിക്കൊണ്ടിരുന്നു. അതുകൊണ്ട് തന്നെ നിരവധിയിടങ്ങളിൽ തങ്ങിത്തങ്ങിയാണ് യാത്രയുടെ അവസാനം മുൻപോട്ടുപോയിക്കൊണ്ടിരുന്നത്. ഇനി ഒരു ഏഴുമണിക്കൂർ ദൂരമേയുള്ളൂ ബേത്‌ലഹേം പട്ടണത്തിലേക്ക്. പക്ഷെ, മിരിയാം വളരെ ക്ഷീണിതായിരുന്നു. നേരം ഉച്ചകഴിഞ്ഞു വൈകുന്നേരം ആകുന്നതേയുള്ളൂ. വഴിയരികിൽ ധനികനായ ഒരു ആട്ടിടയൻറെ വീട് കണ്ടു. സാധാരണ ഇടയ ഭവനങ്ങളിൽ നിന്നും വ്യത്യസ്തമായി ഒരു ധനിക കർഷക ഭവനത്തിൻറെ കെട്ടും മട്ടുമുള്ള വലിയഭവനം.

ആ വീടിൻറെ മുൻപിൽ ഒന്നു ശങ്കിച്ചുനിന്ന ഞങ്ങളെ കണ്ട വീട്ടുടമസ്ഥൻ, ചിരപരിചിതനായ ഒരു സുഹൃത്തിനെ കണ്ടതുപോലെ വീടിനു വെളിയിലേക്ക് ഇറങ്ങിവരികയും വീട്ടിലേക്കു ക്ഷണിക്കുകയും ചെയ്തു. അവർ ഞങ്ങൾക്ക് കുളിക്കാനും വസ്ത്രങ്ങൾ കഴുകാനും സൗകര്യം നൽകി. പകരം ധരിക്കുവാൻ വസ്ത്രങ്ങൾ നൽകി. സൗകര്യപ്രദമായ ഒരു മുറിയൊരുക്കി, വിശ്രമിക്കുവാൻ വേണ്ടതെല്ലാം നൽകി.

ഞങ്ങളുടെ സഹയാത്രികരായ മൃഗങ്ങൾക്കും അവർ ഭക്ഷണവും വെള്ളവും നൽകി. അയാളുടെ മക്കൾ കഴുതക്കുട്ടിയെ ലാളിക്കുകയും അവനോടൊപ്പം കളിക്കുകയും ചെയ്തു. പക്ഷെ, വീട്ടുകാരിയുടെ നിലപാട് നേരേ കടകവിരുദ്ധമായിരുന്നു. അവർ തനിയെ മറ്റൊരു മുറിയിലിരുന്നു. പുറത്തിറങ്ങി വരികയോ സൗഹൃദം കാണിക്കുകയോ ചെയ്തില്ല. അവർ ചെറുപ്പം തോന്നിക്കുന്ന ഒരു സുന്ദരിയായിരുന്നു. യാത്രികരായ ഞങ്ങളെ സംശയത്തോടെ മാത്രം അവർ നോക്കി.

മിരിയാം അവിടെ കിടന്നു പ്രസവിക്കുകയോ, അല്ലെങ്കിൽ പ്രസവം കഴിയുന്നതുവരെ അവിടെ തങ്ങുവാൻ അനുവാദം ചോദിക്കുമോയെന്ന ഭയമായിരുന്നവർക്ക്. അതു കൊണ്ടായിരുന്നു അവർ സൗഹൃദം കാണിക്കാതെ ദുർമ്മുഖം കാണിച്ചതെന്നു മനസ്സിലായി. സുന്ദരിയായ മിരിയാമിനോട് ഭർത്താവ് കാണിക്കുന്ന അനുകമ്പ അവരെ അലോസരപ്പെടുത്തിയിരുന്നു. അവർ ഭർത്താവറിയാതെ ദാസിയെ ഞങ്ങളുടെ അടുക്കൽ അയച്ച്, പിറ്റേന്ന് രാവിലെ തന്നെ ഞങ്ങൾ അവിടെനിന്നും പോയ്ക്കോളണമെന്നറിയച്ചു.

പക്ഷെ, മിരിയാമിൻറെ ക്ഷീണവും ദേഹാസ്വാസ്ഥ്യവും മൂലം പിറ്റേന്ന് ഉച്ചയോടെ മാത്രമേ അവിടെ നിന്നും പുറപ്പെടാൻ ഞങ്ങൾക്കു കഴിഞ്ഞുള്ളു. അതുവരേയ്ക്കും ആ വീട്ടുകാരി അസ്വസ്ഥമായ മുഖത്തോടെ ഞങ്ങളെ നോക്കി. രാവിലെ പുറപ്പെടാൻ കഴിയാത്തതിൽ ക്ഷമചോദിച്ചുകൊണ്ട് ഞങ്ങൾ അവിടെനിന്നും യാത്ര പുറപ്പെട്ടു. അങ്ങിനെ അവിടെ നിന്നും രണ്ടു മണിക്കൂർ പടിഞ്ഞാറോട്ട് യാത്രചെയ്തു മറ്റൊരു ഗ്രാമത്തിൽ എത്തിച്ചേർന്നു.

അവിടെയുള്ള ആളുകൾ ധനികരായിരുന്നു. തോട്ടവും പൂന്തോട്ടവും വലിയ മുറ്റവുമൊക്കെയുള്ള ധാരാളം വീടുകൾ അങ്ങിങ്ങായി കണ്ടു. അവിടെ എൻറെ ചില ബന്ധുവീടുകളുണ്ട്. എന്നാൽ ധനികരായ അവരുടെ വീടുകളിൽ ചെന്നാൽ അത്ര സ്വീകാര്യത ലഭിക്കാൻ ഇടയില്ലന്നറിയാവുന്നതിനാൽ അവിടെയെങ്ങും തങ്ങാൻ നിന്നില്ല.

ഞങ്ങൾ അവിടെ നിന്നും നടന്നു ഒരു സത്രത്തിലെത്തിച്ചേർന്നു.

പിറ്റേന്ന് ഉച്ചയോടെ ആ സത്രം വിട്ടു. ഇനി ഏറിയാൽ മൂന്നു മണിക്കൂർ യാത്ര മാത്രം.

മിരിയാം ഇതുവരേയ്ക്കും എൻറെ നാട്ടിൽ വന്നിട്ടില്ല. ബേത്‌ലഹേമിലെ എൻറെ ചങ്ങാതിമാരെക്കുറിച്ചും, അവിടെയുണ്ടായിരുന്ന പിതൃഭവനത്തിൻറെ പ്രശസ്തിയും അതിലെയൊരു അംഗമെന്ന നിലയിൽ എനിക്ക് ആ പട്ടണത്തിൽ കിട്ടാൻ പോകുന്ന സ്വീകാര്യതയെക്കുറിച്ചുമൊക്കെ ഞാൻ യാത്രയിലുടനീളം മിരിയാമിനോട് അഭിമാനത്തോടെ പറഞ്ഞുകൊണ്ടിരുന്നു. ബേത്‌ലഹേമിലെത്തിയാൽ പിന്നെ ഭയപ്പെടേണ്ടതില്ല. എത്രകാലം വേണമെങ്കിലും തങ്ങുവാനുള്ള സൗകര്യം അവിടെ പ്രയാസമില്ലാതെ ലഭിക്കുമെന്ന് കേട്ടപ്പോൾ മിരിയാമിന് സന്തോഷമായിരുന്നു. പ്രസവസമയത്തു ഭർത്താവിൻറെ ബന്ധുക്കളുടെയും ചാർച്ചക്കാരുടെയും സഹായം കിട്ടുമെന്നു കേട്ടതിനാൽ സ്വന്തം അമ്മയുടെ അസാന്നിധ്യം അവളെയൊട്ടും ആശങ്കപ്പെടുത്തിയില്ല. എങ്കിലും ഒരു കന്നിപ്രസവത്തെക്കുറിച്ചുള്ള ആശങ്കകൾ അവൾ ഇടയ്ക്കൊക്കെ പറയുമായിരുന്നു. എൻറെ ബന്ധുവായ ഒരു വയറ്റാട്ടി ബേത്‌ലഹേം പട്ടണത്തിൽ ഉള്ളതിനാൽ പ്രസവസമയത്ത് അവരുടെ സഹായം തേടാമെന്നു ഞാനുറച്ചിരുന്നു.

സത്രത്തിൽ നിന്നും ഇറങ്ങാൻ നേരം സത്രം നടത്തിപ്പുകാരിയായ

സ്ത്രീ മിരിയാമിനോട് യാത്ര തുടരാതെ, അവിടെത്തന്നെ തങ്ങാനുപദേശിച്ചു. സത്രം നടത്തിപ്പുകാരിയുടെ നിഗമനപ്രകാരം എപ്പോൾ വേണമെങ്കിലും മിരിയാമിനു പ്രസവവേദന ആരംഭിക്കാം.

മിരിയാം തൻറെ മുഖാവരണം മാറ്റി ആ സ്ത്രീയെ നോക്കി നന്ദിയോടെ പുഞ്ചിരിച്ചു.

മിരിയാം അവളോട് പതിഞ്ഞ സ്വരത്തിൽ പറഞ്ഞു.

''നന്ദി സഹോദരി, നിൻറെ നല്ല മനസ്സിനു വളരെ നന്ദി. ഇനിയും മുപ്പത്തിയാറു മണിക്കൂറുകൾ കൂടിയുണ്ട് പ്രസവസമയത്തിനായി. ശിശു ജനിക്കേണ്ടത് അവൻറെ പൂർവ പിതാവായ ദാവീദിൻറെ പട്ടണത്തിലാണ്.''

സത്രം സൂക്ഷിപ്പുകാരി വളരെ ഉത്കണ്ഠയോടെ ഞങ്ങളുടെ പുറപ്പാടിനെ കുറിച്ചോർത്തുകൊണ്ട് പറഞ്ഞു .

''ജോസഫ്, ഇപ്പോൾ ബേത്ലഹേമിൽ താമസ സൗകര്യം കിട്ടുക വലിയ പ്രയാസമായിരിക്കും''

''ഭയപ്പെടെണ്ടതില്ല സഹോദരി, എൻറെ ജന്മനാടാണ് ബേത്ലഹേം. ബന്ധുജനവും സുഹൃത്തുക്കളും അവിടെ ധാരാളമുള്ളതിനാൽ താമസിക്കാനുള്ളയിടം ഒരു പ്രശ്നമാകില്ല. അവർ ഞങ്ങളെ സന്തോഷപൂർവ്വം സ്വീകരിക്കും.''

നല്ലവളായ സത്രം സൂക്ഷിപ്പുകാരിയോട് നന്ദി പറഞ്ഞു കൊണ്ട് സത്രത്തിൽ നിന്നും ഞങ്ങൾ പുറപ്പെട്ടു. ഇനി മൂന്നുമണിക്കൂർ നേരത്തെ യാത്രമതി ബേത്ലഹേമിലെത്താൻ. അപ്രാവശ്യത്തെ ബേത്ലേഹേം യാത്ര എന്നെ വല്ലാതെ ആശങ്കപ്പെടുത്തുകയും ഒപ്പം ആവേശം കൊള്ളിക്കുകയും ചെയ്തിരുന്നു. ചെറുപ്പത്തിലെ വീടുവിട്ടു പോയിരുന്നെങ്കിലും അതിനുശേഷം പലവുരു അവിടെ പോയിരുന്നു. പക്ഷെ അതെല്ലാം തിരികെ പോരാൻ വേണ്ടിയുള്ള സന്ദർശനങ്ങൾ മാത്രമായിരുന്നു. എന്നാൽ ഇതങ്ങിനെയായിരുന്നില്ല. വീണ്ടും സ്വന്തം നാട്ടിൽ ചുവടുറപ്പിക്കാനുള്ള ഒരു യാത്രകൂടിയാണിത്.

അങ്ങിനെയവസാനം ഞങ്ങൾ ബേത്ലഹേം പട്ടണത്തിനു പുറത്തെ തെരുവിൽ എത്തിച്ചേർന്നു. ഒരു യാത്രയുടെ ലക്ഷ്യസ്ഥാനത്തു സുരക്ഷിതമായി എത്തിച്ചേർന്ന

**വഴിയരികിൽ യാത്രക്കാർക്ക് തണൽ വിരിച്ചുകൊണ്ട് മുമ്പിൽ മനോഹരമായ ഒരു അത്തിമരം കണ്ടു. ഞങ്ങൾ എല്ലാവരും അതിൻറെ തണലിൽ വിശ്രമിച്ചു. എല്ലാവർക്കും നന്നായി വിശക്കുന്നുണ്ടായിരുന്നു. അത്തിമരത്തിലേക്ക് നോക്കിയെങ്കിലും നിരാശയായിരുന്നു ഫലം. അത്തികൾ കായ്ക്കുന്ന കാലമായിരുന്നിട്ടു കൂടി ഒരു കായപോലും ആ മരത്തിൽ ഉണ്ടായിരുന്നില്ല. ഫലം പുറപ്പെടുവിക്കാൻ കഴിയാത്ത ആ മരത്തോട് സഹതാപം തോന്നി.**

തിൽ വലിയ ആശ്വാസം തോന്നിയ നിമിഷങ്ങളായിരുന്നു അത്. മിരിയാമിൻറെ മുഖം സന്തോഷംകൊണ്ടു നിറഞ്ഞു.

നഗരകവാടത്തിലേക്കുള്ള പാതയിൽ നിന്നും അല്പം ഉള്ളിലേക്ക് മാറിയുള്ള ഒരു മരച്ചുവട്ടിൽ അല്പനേരം വിശ്രമിക്കാനായി തീരുമാനിച്ചു. മിരിയാമിനെ കഴുതയുടെ പുറത്തുനിന്നും ഇറങ്ങാൻ സഹായിച്ചു. ലക്ഷ്യസ്ഥാനത്ത് എത്തിയതിൻറെ ആശ്വാസമായിരുന്നു അവളുടെ മുഖത്തപ്പോൾ. പക്ഷെ എൻറെ മനസ്സിൽ എന്തെന്നറിയാത്ത ഭയമായിരുന്നു.

അൽപസമയത്തെ വിശ്രമത്തിനു ശേഷം മിരിയാമെഴുന്നേറ്റു വസ്ത്രങ്ങൾ നേരെയാക്കി. ബേത്ലഹേം പട്ടണത്തിൻറെ കവാടത്തിനു പുറത്തുള്ള വലിയൊരു കെട്ടിടത്തിലേക്ക് ഞങ്ങൾ ഒരുമിച്ചു നടന്നു. കെട്ടിടത്തിനു മുമ്പിൽ വലിയ മരങ്ങളുണ്ടായിരുന്നു. അതിനു ചുറ്റുമായി ജനങ്ങൾ കൂടാരമടിച്ചിരുന്നു. കെട്ടിടത്തിലേക്ക് നടന്നടുക്കുന്തോറും എൻറെ ഹൃദയമിടിപ്പ് കൂടിക്കൂടിവന്നു. അത് ദാവീദിൻറെ പൂർവികരുടെ ഭവനമായിരുന്നു. ഒരിക്കൽ അതെൻറെയും കുടുംബവീടായിരുന്നു. കെട്ടിടമപ്പോൾ റോമൻ നികുതിപ്പിരിവുകാരുടെ കൈവശമായിരുന്നു. എൻറെ ചില ബന്ധുക്കളും പരിചയക്കാരും അതിനടുത്തായി താമസിക്കുന്നുണ്ട്. അവരിൽ പലരെയും അവിടെ കണ്ടുമുട്ടിയെങ്കിലും എന്തുകൊണ്ടോ അവരാരും എന്നെ പരിചയമുള്ളതായി നടിച്ചില്ല. ജോസഫ് ഒരു ദരിദ്രനായി ഏതോ ഒരു ചേരിയിൽ താഴ്ന്ന കുലത്തിൽപ്പെട്ട ആളുകളുടെ ഇടയിൽ ജീവിക്കുന്നുവെന്നായിരുന്നല്ലോ അവരെന്നെക്കുറിച്ച് അറിഞ്ഞു വച്ചിട്ടുള്ളത്. അതുകൊണ്ടാവാം അവരെല്ലാവരും എന്നെ അവഗണിച്ചത്.

മിരിയാമിനെയും കൂട്ടി ഞാൻ കെട്ടിടത്തിനകത്തേക്ക് ചെന്നു. പട്ടണത്തിൽ പുതുതായി എത്തുന്നവരെല്ലാം അവിടെ ചെന്നു സന്ദർശനം രേഖപ്പെടുത്തുകയും, അവിടെനിന്നും കിട്ടുന്ന രേഖയുമായി വേണം പട്ടണത്തിൽ പ്രവേശിക്കുവാൻ എന്നതായിരുന്നു നിയമം. പട്ടണത്തിലെ കൊടുക്കൽ വാങ്ങലുകൾക്ക് പലപ്പോഴും അത്തരം രേഖകൾ ആവശ്യമായി വന്നിരുന്നു.

കെട്ടിടത്തിലെ വിവിധ മുറികളിലായി കണക്കെഴുത്തുകാരും, ഉദ്യോഗസ്ഥരുമായി ധാരാളംപേർ ജോലി ചെയ്യുന്നുണ്ടായിരുന്നു. മുകൾ നിലയിൽ റോമൻ പടയാളികൾ,പരീശന്മാർ, സദൂക്യർ, പുരോഹിതർ തുടങ്ങി എല്ലാവിഭാഗം സർക്കാർ ഉദ്യോഗസ്ഥർ. അങ്ങിനെ യഹൂദന്മാരും റോമാക്കാരുമായി ധാരാളമാളുകൾ അവിടെയുണ്ടായിരുന്നു. അത്തരത്തിലുള്ള

വലിയൊരു സർക്കാർ കാര്യാലയം ജറുസലേമിൽ ഉണ്ടായിരുന്നില്ല. മറ്റൊന്നുള്ളതാകട്ടെ ഗലീലിയ തടാകത്തിൻറെ തീരത്തുള്ള മഗ്ദലന പട്ടണത്തിലാണ്. അവിടെയാണ് ഗലീലിയ,നസറത്ത് തുടങ്ങിയ പ്രദേശങ്ങളിലെ ആളുകളുടെ നികുതി കാര്യങ്ങൾ കൈകാര്യം ചെയ്തിരുന്നത്. ഇനി മറ്റൊന്നുള്ളത്, ലെബനോനിലെ സിഡോൻ എന്ന സ്ഥലത്തായിരുന്നു. അവിടെ എത്തിയപ്പോഴാണ് ഞാനെന്തൊരു വിഡ്ഢിയായിരുന്നുവെന്ന കാര്യം എനിക്കു മനസ്സിലായത്. ആലോചനയില്ലാതുള്ള എൻറെ എടുത്തു ചാടിയുള്ള തീരുമാനത്തിൽ എനിക്ക് ലജ്ജ തോന്നി. പേരു ചേർക്കണമെന്ന് കേട്ടപാതി, കേൾക്കാത്തപാതി, പൂർണ്ണഗർഭിണിയായ മിരിയാമുമായി ഇങ്ങനെ ദുർഘടങ്ങൾ നിറഞ്ഞ നീണ്ട യാത്ര ചെയ്യേണ്ടിയിരുന്നില്ല. ഞാനെന്നെ ഉള്ളിൽ ശാസിച്ചു.

റോമൻ ചക്രവർത്തിയുടെ അധികാര സീമയിൽ മറ്റൊരിടത്തും സ്ഥിരതാമസം ആക്കാത്തവരോ, മറ്റെങ്ങും ഭൂസ്വത്തുക്കൾ ഇല്ലാത്തവരോ മാത്രമായിരുന്നു അവരുടെ ജന്മദേശത്ത് നേരിട്ട് ചെന്നു നികുതികണക്കിൻറെ പട്ടികയിൽ പേർചേർക്കേണ്ടതായിട്ടുള്ളൂ. നസറത്തിൽ സ്ഥിരവാസിയായി മാറിയ ഒരാൾക്ക് നസറത്തിൽ നിന്നും രണ്ടു മണിക്കൂർ മാത്രം യാത്രചെയ്താൽ മതിയാകുന്ന ഗലീലിയയിലെ കാര്യാലയത്തിൽ പേരു ചേർക്കാൻ പോകേണ്ട കാര്യമേ ഉണ്ടായിരുന്നുള്ളൂ.

പട്ടണത്തിൽ പുതിയതായി വന്ന മിരിയാമിന് പട്ടണത്തിൽ പ്രവേശിക്കുവാനുള്ള അനുമതിപത്രം ലഭിച്ചു. കണക്കെഴുത്തുകാരുടെ മുൻപിലേക്ക് അവളുടെ പേര് വിളിച്ചു. ഗർഭിണിയായ ഒരുവളെ ആവശ്യമില്ലാതെ ഈ വഴിമുഴുവൻ നടത്തിച്ചതിൽ അവരെന്നെ മിരിയാമിൻറെ മുൻപിൽവച്ചുതന്നെ ശകാരിച്ചു. മിരിയാമിൻറെ ചെറുപ്രായം കണ്ടപ്പോൾ എൻറെ പ്രായത്തെ കളിയാക്കി അവർ ചിരിച്ചു. അശ്ലീല അർത്ഥം വെച്ചുള്ള നേരംപോക്കുകൾ തമ്മിൽ പറഞ്ഞു ചിരിച്ചു.

മിരിയാം ഇതെല്ലാം കേട്ടുകൊണ്ട് ഒന്നും മിണ്ടാതെ തലതാഴ്ത്തി നിന്നു. എനിക്ക് വലിയ അപമാനം തോന്നി. മിരിയാമിൻറെ മുൻപിൽ ഞാനൊരു വിഡ്ഢി മാത്രമല്ല. സ്വന്തം നാട്ടിൽ യാതൊരുവിധ വിലയും ഇല്ലാത്തവനായി മാറി. ഗർഭിണിയും പ്രായം നന്നേ കുറഞ്ഞതുമായ പെണ്ണിനൊപ്പം നടന്നു പോകുന്ന എന്നെ നോക്കി പരിഹസിച്ചു ചിരിക്കുന്ന ആളുകളെ നോക്കി ഒരാൾ വിളിച്ചു പറഞ്ഞു.

''മാന്യരേ, ദയവായി കളിയാക്കരുത്, ഒരുപക്ഷെ ഇതു നമ്മുടെ പൂർവപിതാവായ ലോത്തും മകളും ആണോന്നു പറയാൻ ഒക്കില്ലല്ലോ''

അത് കേട്ടതോടെ അവിടെ കൂട്ടച്ചിരി മുഴങ്ങി.

പ്രായമുള്ള പിതാവിനെ മദ്യപിപ്പിച്ച് അയാളുമായി ഇണചേർന്ന് ഗർഭം സമ്പാദിച്ച ലോത്തിന്റെ പെൺമക്കളിൽ ഒരാളായി ഇവളേയും എന്നെയും കൂട്ടിച്ചേർത്തവർ പരിഹസിച്ചു.

അകത്തും പുറത്തുമായി കൂടി നിന്നവരുടെ കൂട്ടച്ചിരികൾക്കിടയിലൂടെ തലയും താഴ്ത്തി നടന്നപ്പോൾ നെഞ്ചുവല്ലാതെ പിടഞ്ഞുപോയി. അപമാനത്താൽ ഉരുകി വിയർത്തൊലിച്ചു. കുനിഞ്ഞ ശിരസ്സുമായി മിരിയാമിനൊപ്പം മുൻപ് വിശ്രമിച്ച മരത്തിനടുക്കലേക്കു തന്നെ തിരികെ ചെന്നു.

കഴുതകളും, കഴുതകുട്ടിയും ഞങ്ങളുടെ വരവുംകാത്തുകൊണ്ട് അവിടെ നിൽക്കുന്നുണ്ടായിരുന്നു. അവരുടെ കണ്ണുകൾ ഞങ്ങളുടെ മുഖത്ത് തന്നെ സൂക്ഷ്മമായി പതിഞ്ഞിരുന്നു. മരത്തിനു കീഴെ തണലിൽ സ്വസ്ഥമായി ഇരിക്കാൻ മിരിയാമിനെ ഞാൻ സഹായിച്ചു. അവൾക്കടുത്തായി അപമാനഭാരത്തോടെ ഞാനുമിരുന്നു. കേട്ട അപമാന വാക്കുകൾ തീക്കനലായി നെഞ്ചിനെ ചുട്ടുപൊള്ളിച്ചു. ഒറ്റയ്ക്കായിരുന്നെങ്കിൽ സാരമില്ലായിരുന്നു, ഇതിപ്പോ മിരിയാമിനു പോലും അപമാനമായി.

ഏതുസ്ത്രീകളും അവരുടെ ഭർത്താക്കന്മാരെക്കുറിച്ച് അഭിമാനിക്കാൻ കഴിയുന്ന നിമിഷങ്ങളാണ് ആഗ്രഹിക്കുന്നത്.

തനിക്കാകട്ടെ അതിനു കഴിഞ്ഞില്ല. മിരിയാമിൻറെ കൈകൾ എൻറെ കൈത്തണ്ടയിൽ മുറുകിയപ്പോൾ ഞാൻ കണ്ണുകൾ ഉയർത്തി നോക്കി. എന്റെ ദയനീയ മുഖം അവൾ കണ്ടു.

അവളിൽ നിന്നുമപ്പോൾ ഒരു നെടുവീർപ്പുയർന്നത് ഞാൻ കണ്ടില്ലന്നു ഭാവിച്ചു.

കണ്ണുകൾ അടച്ചു നിശ്വസിച്ചുകൊണ്ട് വൃക്ഷത്തിന്റെ തടിയിൽ അവൾ ചാരിയിരുന്നു. ശരീരത്തിൻറെ ആയാസം കുറയ്ക്കാൻ ശ്രമിച്ചുകൊണ്ടവൾ പറഞ്ഞു.

''സാരമില്ല, അങ്ങു വിഷമിക്കേണ്ടതില്ല. ശിശു ദാവീദിൻറെ പട്ടണത്തിൽ ജനിക്കുമെന്നാണ് പ്രവചനം. അതു നിറവേറാതിരിക്കാൻ ആവില്ലല്ലോ''

മിരിയാമിന്റെ വിരലുകൾ എൻറെ തലമുടികൾക്കിടയിലൂടെ സ്വാന്തനമായി ചലിച്ചു. ഞാൻ കണ്ണുകളടച്ചു. അവളുടെ വിരലുകളിൽ നിന്നും ആശ്വാസത്തിന്റെ തണുപ്പ് എൻറെ ഹൃദയത്തിലേക്ക് ഒഴുകിവരുന്നതിൻറെ സുഖമനുഭവിച്ചുകൊണ്ട് കുറച്ചുനേരമവിടെയിരുന്നു.

*ഈ അത്തിമരമാണ് കാലങ്ങൾക്കുശേഷം യേഷുവായും ശിഷ്യന്മാരും വഴിയാത്രയിൽ വിശന്നു വലഞ്ഞു ഈ അത്തിമരത്തിന്റെ ചുവട്ടിൽ എത്തിയപ്പോൾ അതിൽ ഫലം ഒന്നും കണ്ടില്ലെന്ന നിരാശയിൽ ആ മരത്തെ ശപിച്ചുവെന്നും, ആ മരം ഉണങ്ങിപ്പോയെന്നുമായി ബൈബിളിൽ പറയുന്നതെന്നു പറയപ്പെടുന്നു.

അധ്യായം -8

# അഭയം തേടി...

ഞാൻ എഴുന്നേറ്റു മിരിയാമിനോട് പറഞ്ഞു.

''നീ ഭയപ്പെടേണ്ട, ഇതെൻറെ സ്വന്തം പട്ടണമാണ്. ഇവിടെ നിന്നും എതിർഭാഗത്തേക്കു പോയാൽ അവിടെ ധാരാളം വീടുകളും സത്രങ്ങളുമുണ്ട്. അതിനാൽ നമുക്കൊരു അഭയസ്ഥാനം കണ്ടെത്താൻ പ്രയാസമുണ്ടാവില്ല''

ആ വാക്കുകൾ അവൾക്ക് ആശ്വാസത്തിന്റെ ഒരു പച്ച തുരുത്തായിരുന്നു.

മിരിയാം ക്ഷീണിച്ച കണ്ണുകൾ മെല്ലെ തുറന്നു. അവൾ എന്നെ നോക്കി പുഞ്ചിരിച്ചു. അപ്പോൾ ജനിച്ച ഒരു കുഞ്ഞിനെപ്പോലെയായിരുന്നാ നിഷ്ക്കളങ്കമുഖം. നവജാത ശിശുക്കൾ ജനിച്ചയുടനെ കണ്ണുതുറന്നു നോക്കിയ ശേഷം ഉടനെ കണ്ണു പൂട്ടിയുറങ്ങുംപോലെ അവളും ക്ഷീണത്താൽ മരത്തിലേക്ക് ചാഞ്ഞിരുന്ന് കണ്ണുകളടച്ചു .

ഞങ്ങളുടെ സഹചാരികളായ മൃഗങ്ങളുടെ നേരെ ഞാൻ നോക്കി. ഞങ്ങൾ അകപ്പെട്ടിരിക്കുന്ന വിഷമാവസ്ഥ അവർക്ക് മനസ്സിലാകുന്നുണ്ട്. അവർ അലിവാർന്ന കണ്ണുകളോടെ മിരിയാമിനെ നോക്കി നിശബ്ദരായി തൊട്ടടുത്ത് നിന്നു.


'' ഞാൻ പോയി വരാം. നിങ്ങൾ മിരിയാമിനെ നോക്കിക്കൊള്ളണം.''

ഞാൻ പറയുന്നത് അവർക്കു മനസ്സിലാകുമെന്നെനിക്കറിയാമായിരുന്നു.

മിരിയാമിനെ അവിടെ തനിച്ചാക്കി പട്ടണത്തിലേക്ക് ഞാൻ നടന്നു.

എത്രയുംവേഗം തിരിച്ചെത്തണം.

ഏകയായി ഒരു ആലംബവുമില്ലാതെയിരിക്കുന്ന മിരിയാമിന് കഴുതകൾ സംരക്ഷണവലയവുമായി നിൽക്കുന്നതിനൊപ്പം സ്വർഗ്ഗീയ ദൂതഗണങ്ങളുടെ കാവലും ഒപ്പമുണ്ട്



എന്നൊരാശ്വാസവും എന്റെ ഉള്ളിലുണ്ടായി. മൃഗങ്ങളെ വിശ്വസിക്കാം. പക്ഷെ മനുഷ്യരെ വിശ്വസിക്കാൻ പ്രയാസമാണ്. തിരിഞ്ഞു നോക്കിയപ്പോൾ വഴിയെ പോയവർ മരച്ചുവട്ടിൽ ഏകയായി ഇരിക്കുന്ന മിരിയാമിനെയും അവൾക്കു ചുറ്റും നിൽക്കുന്ന കഴുതകളെയും സാകൂതം വീക്ഷിച്ചു നടന്നു പോകുന്നതും കണ്ടു.

നേരം ഒരുപാടായി. ഇതുവരേയ്ക്കും ഒരു വീടോ സത്രമോ കണ്ടെ

ത്താൻ കഴിഞ്ഞില്ല. തിരികെ മിരിയാമിൻറെ അടുക്കലേക്ക് വലിയ നിരാശയോടെയും മന:ക്ഷോഭത്തോടെയുമാണ് മടങ്ങിയെത്തിയത്. അടുത്ത സുഹൃത്തുക്കളെ പലരെയും അന്വേഷിച്ചു നടന്നുവെങ്കിലും ആരെയും കണ്ടുമുട്ടാൻ കഴിഞ്ഞില്ല, അനേകം പരിചയക്കാരെ കണ്ടെങ്കിലും ആരും എന്നെ തിരിച്ചറിയാത്തതിൽ സങ്കടം തോന്നി. പലരും ഒരു അപരിചതനെപ്പോലെ ഓരോ ഒഴിവുകഴിവ് പറഞ്ഞ് അഭയം തരാതെ എന്നെ തിരിച്ചയച്ചു. ജീവിതത്തിൽ ഞാൻ നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധിയായിരുന്നു ഈ യാത്രയും അഭയം തേടലും. സ്വന്തം നാട്ടിൽ യാതൊരു മതിപ്പുമില്ലാത്ത ഒരുവനാണ് താനെന്നു മിരിയാം കരുതുമല്ലോ എന്നോർത്തപ്പോൾ അപമാനം തോന്നി. പ്രസവസമയം അടുത്ത ഭാര്യയ്ക്ക് ഒരു അഭയസ്ഥാനം പോലും കണ്ടെത്താൻ കഴിയാത്ത ഞാൻ എന്തൊരു ഭർത്താവാണ്? എത്ര സംയമനം പാലിക്കാൻ ശ്രമിച്ചിട്ടും, എനിക്ക് നിയന്ത്രിക്കാനായില്ല. എന്റെ നിസ്സഹായമായ, ദയനീയമായ മടങ്ങിവരവ് കണ്ടപ്പോഴേ അവൾ ചിലതെല്ലാം ഊഹിച്ചിരുന്നു. തന്റെ ഗതികേട് മിരിയാമിനോട് പറയുമ്പോൾ സങ്കടവും വികാരവിക്ഷോഭവും നിയന്ത്രിക്കാനാകാതെ ഞാൻ പൊട്ടിക്കരഞ്ഞു.

മിരിയാം എൻറെ കൈകളിൽ തടവിക്കൊണ്ട് എന്നെ ആശ്വസിപ്പിക്കാൻ ശ്രമിച്ചു.

പ്രസവവേദനയുടെ ലക്ഷണം കണ്ടുതുടങ്ങി. അവൾ അസ്വസ്ഥതയോടെ മരത്തിൽ ചാരിയിരുന്നു നെടുവീർപ്പിട്ടു. എങ്ങിനെയും ഒരു അഭയസ്ഥാനം കണ്ടെത്തിയേ മതിയാകൂ. ഉടനെ തന്നെ ഇരുട്ടാകാൻ തുടങ്ങും. പകലിനു ദൈർഘ്യം കുറഞ്ഞ ഒക്ടോബർ മാസത്തിൽ വേഗം ഇരുൾ പരന്നുതുടങ്ങും. ഒരിക്കൽ കൂടി ഞാൻ പട്ടണത്തിലേക്കോടി. പലവീടുകളുടെ വാതിലുകളിൽ മുട്ടിവിളിച്ചു യാചിച്ചുകേണു. പക്ഷെ ആരും ചെവിക്കൊണ്ടില്ല. ഞാൻ എൻറെ പിതാവിൻറെ പേരും സഹോദരൻമാരുടെ പേരുമൊക്കെ പറഞ്ഞെങ്കിലും ആരുമെന്നെ തിരിച്ചറിഞ്ഞില്ല.

വളരെ ക്രൂരമായിട്ടാണ് അവർ എന്നോട് ഇടപെട്ടത്.

ഇടമില്ലെന്നു പറഞ്ഞു സത്രം സൂക്ഷിപ്പുകാർ എന്നെ ആട്ടിയോടിച്ചു. ഗതികെട്ട് അവരുടെ കാൽക്കൽ യാചനയുമായിവീണെങ്കിലും എല്ലാവരും തിരസ്കരിച്ചു. ചിലർ എനിക്ക് ചിത്തഭ്രമം ഉണ്ടന്നു പറഞ്ഞു പരിഹസിച്ചു ഓടിച്ചു.

ഇരുൾവീണു കഴിഞ്ഞു. തണുത്ത കാറ്റ് വീശാൻതുടങ്ങി. മിരിയാമിന് പ്രസവവേദനയുടെ ലക്ഷണങ്ങൾ തീക്ഷണമായി കണ്ടുതുടങ്ങിയപ്പോൾ ഭ്രാന്ത് പിടിച്ചപോലായി മനസ്. വീണ്ടും തെരുവിലേക്ക് ഓടി.

**ഏകയായി ഒരു ആലംബവുമില്ലാതെയിരിക്കുന്ന മിരിയാമിന് കഴുതകൾ സംരക്ഷണവലയവുമായി നിൽക്കുന്നതിനൊപ്പം സ്വർഗ്ഗീയ ദൂതഗണങ്ങളുടെ കാവലും ഒപ്പമുണ്ട് എന്നൊരാശ്വാസവും എന്റെ ഉള്ളിലുണ്ടായി. മൃഗങ്ങളെ വിശ്വസിക്കാം. പക്ഷെ മനുഷ്യരെ വിശ്വസിക്കാൻ പ്രയാസമാണ്. തിരിഞ്ഞു നോക്കിയപ്പോൾ വഴിയെ പോയവർ മരച്ചുവട്ടിൽ ഏകയായി ഇരിക്കുന്ന മിരിയാമിനെയും അവൾക്കു ചുറ്റും നിൽക്കുന്ന കഴുതകളെയും സാകൂതം വീക്ഷിച്ചു നടന്നു പോകുന്നതും കണ്ടു.**

തൊട്ടു മുൻപിൽ കണ്ട ഒരു വീട്ടിൽ ചെന്ന് വീണ്ടും മുട്ടി വിളിച്ചു.

''വീണ്ടും വീണ്ടും വന്നു ശല്യം ചെയ്യുന്നുവോ നാശം..... കടന്നു പോകൂ തലയ്ക്കു വെളിവില്ലാത്തവനെ '

ദേഷ്യം സഹിക്കാതെ അയാൾ എൻറെ മുഖത്തിനു ആഞ്ഞടിച്ചു. മുഖംകുത്തി താഴെവീണ എൻറെ നേരേ വലിയ ശബ്ദത്തിൽ വാതിൽ കൊട്ടിയടച്ചു. പിന്നെ ഒരു ഭീഷണിയും.

'ഇനി ഈ വഴി ഇതും പറഞ്ഞു വന്നാൽ ....'

അത് അവസാനത്തെ മുന്നറിയിപ്പായിരുന്നു.

വഴിയെ നടന്നു പോയവർ ഒരു ഭ്രാന്തനെ കണ്ടമട്ടിൽ എന്നെ നോക്കി ചിരിക്കുകയും കൂക്കി വിളിക്കുകയും ചെയ്തു.

പിന്നെ അവിടെ നിന്നില്ല. ഇരുൾ വീണ നിരത്തിലൂടെ മിരിയാം ഇരിക്കുന്ന മരത്തിൻറെ ചുവടു ലക്ഷ്യമാക്കി ഓടി. അപ്പഴേക്കും അവളുടെ ചുറ്റും ആളുകൾ കൂടി തുടങ്ങി. ചിലർ അവളെ ചോദ്യം ചെയ്യാൻ തുടങ്ങി, അവർക്കിടയിൽ ഒന്നും മിണ്ടാതെ അവൾ ഭയന്നിരുന്നു.

എനിക്കത് കണ്ട് സഹിക്കാനായില്ല. ദേഷ്യം കൊണ്ട് ഞാൻ വിറച്ചു.

''കടന്നുപോയിനെടാ നായിൻറെ മക്കളെ, നിങ്ങൾ എന്തിനാണ് എൻറെ ഭാര്യയുടെ ചുറ്റും നോക്കി നിൽക്കുന്നത്''

ദേഷ്യം സഹിക്കാനാകാതെ കയ്യിൽ കിട്ടിയ വടിയുമായി ഞാൻ അവരുടെ നേരെ അലറി വിളിച്ചു കൊണ്ടു ചെന്നു. എൻറെ മട്ടും ഭാവവും കണ്ടിട്ടാവാം അവർ ഓരോരുത്തരായി മാറിനിന്നു. ചിലർ എൻറെ സമനില തെറ്റിയെന്നു വിളിച്ചുപറഞ്ഞു. ഞാൻ മിരിയാമിനെ എടുത്തു കഴുതയുടെ പുറത്തിരുത്തി വേഗം അവിടെ നിന്നും നടന്നകന്നു.

ആ പാവം മൃഗങ്ങളും ഞങ്ങളെ അനുഗമിച്ചു.

മിരിയാം ഭയപ്പാടോടെ എന്നെ നോക്കുന്നുണ്ടായിരുന്നു. എങ്ങോട്ടെന്നില്ലാതെ ഞങ്ങൾ പട്ടണത്തിനു വെളിയിലേക്ക് നടന്നു. നടപ്പിനൊടുവിൽ പട്ടണത്തിനു കിഴക്ക് ഭാഗത്തുള്ള ഒരു കുന്നിൻ ചെരിവിൽ എത്തിച്ചേർന്നു.

എനിക്കു പരിചയമുള്ള സ്ഥലമായിരുന്നത്.

ചുറ്റും ഒന്നു കണ്ണോടിച്ചപ്പോൾ മനസിൽ വല്ലാത്ത ശൂന്യത അനുഭവപ്പെട്ടു.

ആകെ ഒറ്റപ്പെട്ടു പോയപോലെ.

ഇരുട്ടും മിരിയാമും ഞാനും ആ കഴുതകളും മാത്രമേ ഈ ഭൂമിയിൽ ആകെ അവശേഷിച്ചിട്ടുള്ളൂവെന്നു

തോന്നി.

എനിക്കു എന്നോടു തന്നെ വെറുപ്പ് തോന്നി. അകപ്പെട്ട വിഷമാവസ്ഥയ്ക്കു മനസാന്നിധ്യത്തോടെ പരിഹാരം കണ്ടെത്തേണ്ടതിനു പകരം സ്വയം നിന്ദിച്ചു വേദനിക്കത്തക്കവിധം നിരാശയെന്നെ പിടികൂടി.

വീണ്ടും ഒരു വിവാഹം വേണ്ടായിരുന്നു. മകൻ വെറുത്തതു തന്നെ ഈ വിവാഹബന്ധം മൂലമാണ്. ഈ ബന്ധംകൊണ്ട് ദുരിതവും കഷ്ടപ്പാടുമല്ലാതെ എന്തുനേട്ടമാണ് ഉണ്ടായിട്ടുള്ളത്? ഇങ്ങിനെയൊരു ബന്ധത്തിൽ ഏർപ്പെട്ടില്ലായിരുന്നെങ്കിൽ ജീവിതം ഇത്രമേൽ ദുരിതഭരമായി തീരുകയില്ലായിരുന്നു. ഇപ്പോളിങ്ങനെ വിഷണ്ണനും നിസഹായനുമായി നിൽക്കേണ്ടിവരില്ലായിരുന്നു. എല്ലാം എൻറെ തെറ്റുതന്നെ...

മെൽക്ക ഇല്ലാത്ത ജീവിതത്തിന്റെ ശൂന്യത മറക്കാൻ കണ്ടെത്തിയ വഴി.... എന്നിട്ടോ? ഒന്നും എവിടെയും എത്തുന്നില്ല...

ദുരിതങ്ങൾ, മനപ്രയാസങ്ങൾ എല്ലാം ഒഴിയാതെ ഒന്നിനു പുറകെ ഒന്നായി...വന്നു കൊണ്ടിരിക്കുന്നു.

ജനിച്ച നാട്ടിൽ ഒന്നു തലചായ്ക്കാൻ ഒരിടം പോലും കണ്ടെത്താനാവാതെ ഞാൻ അവമാനിതനായിരിക്കുന്നു.

പരിചയക്കാർ മുഖം തിരിച്ചു നടക്കുന്നു

മടുത്തു എല്ലാംകൊണ്ടും ...

ഇരുളുകൊണ്ട് മനസിനെ പുതപ്പിച്ച് ദുഖത്താൽ മൗനമായി നിന്നു. കണ്ണുകൾ അറിയാതെ നിറഞ്ഞൊഴുകി. കുറച്ചുനേരം കഴിഞ്ഞപ്പോൾ അറിയാതെ ബാല്യം വന്ന് മനസിൽ തൊട്ടു.

എൻറെബാല്യം.....

ഞാൻ ഓടിനടന്നതിവിടെയാണ്. സഹോദരന്മാരുടെ ഉപദ്രവത്തിൽ നിന്നും രക്ഷപ്പെടാനായി പകൽ സമയങ്ങളിൽ ഞാൻ ചുറ്റി നടക്കാറുണ്ടായിരുന്ന കുന്നിൻ ചരിവായിരുന്നത് .

ഇടയന്മാരുടെ ഇടം. തുറസ്സായതും ധാരാളം ദേവദാരുക്കളും, പൈൻമരങ്ങളും വളർന്നു നിൽക്കുന്ന ഒരിടമായിരുന്നത്. കുന്നിൻ ചരുവിൽ ഗുഹകൾപോലുള്ള ഇടങ്ങളുള്ളത് എനിക്കറിയാമായിരുന്നു.

മനസിനെ ശാന്തമാക്കിയപ്പോൾ ഉള്ളിൽ വെളിച്ചം നിറഞ്ഞുവന്നു, അതെന്നെ ദൃഢപ്പെടുത്തി. ഇനി ഞാൻ ഇങ്ങനെ തളർന്നു നിന്നുകൂട... എന്തെങ്കിലും ചെയ്തെ മതിയാകൂ. എന്നെ ആശ്രയിച്ചാണ് ഇപ്പോൾ രണ്ടു ജീവനുകളുള്ളത്. ഇരുട്ടിൽ തപ്പി തപ്പി നിരപ്പായ ഒരിടത്ത് ചുള്ളികളും ഇലകളും കൂട്ടിതീയിട്ടു. മിരിയാമിനെ അതിനരികിലായി ഇരുത്തി. അവൾക്കു വെള്ളവും ഭക്ഷണവും നൽകി. അവളുടെ സംരക്ഷണം തൽക്കാലം മൃഗങ്ങളെ ഏൽപ്പിച്ചു.

റാന്തൽ എടുത്തുകൊണ്ട് ഞാൻ അടുത്തുള്ള ഗുഹയിലേക്ക് പോയി. ഒരു ഗുഹ വൃത്തിയാക്കി, മിരിയാമിനെ അവിടേയ്ക്കു കൊണ്ടുപോയി. കഴുതകളെ കയറഴിച്ചു സ്വതന്ത്രമാക്കി മേയാൻ വിട്ടു. ആ രാത്രി ഗുഹയിൽ കഴിച്ചുകൂട്ടി. മിരിയാം അതിയായ ക്ഷീണത്താൽ കിടപ്പുതന്നെയായി. അവൾ തണുത്ത് വിറയ്ക്കുന്നുണ്ടായിരുന്നു.

പിറ്റേന്ന് രാവിലെ പുറത്തിറങ്ങി കുറച്ചു ഈറ്റയും പുല്ലുകളും സംഘടിപ്പിച്ചുകൊണ്ടു വന്നു. ഗുഹയുടെ കവാടത്തിൽ ഈറ്റയും പുല്ലുകളും ഉപയോഗിച്ച് ഒരു മേൽക്കൂര പണിതു, ഇനി മഴയോ മഞ്ഞോ ഗുഹയുടെ വാതിൽക്കൽ വീഴുകയോ ഉള്ളിലേക്ക് ഈർപ്പം ഒഴുകിയെത്തുകയോ ചെയ്കില്ല.

മിരിയാമിനു ഇത്രയും മോശമായ ഒരു ചുറ്റുപാട് മാത്രം നല്കാൻ ഇടയായതിൽ അവളോട് മാപ്പ് പറഞ്ഞു. അവൾ ഒന്നും പറഞ്ഞില്ല സ്നേഹവും കരുണയും നിറഞ്ഞ ഒരു പുഞ്ചിരിമാത്രം മറുപടിയായി നൽകി.

എനിക്കു പരിചയമുള്ള ആരെങ്കിലും ഉണ്ടാകുമോ എന്നറിയാനായിട്ടു വേണ്ടി അടുത്തുള്ള ഇടയക്കുടിലുകളിൽ പോയി നോക്കി. ഭാഗ്യവശാൽ പ്രായമായ ഒരു ഇടയസ്ത്രീ എന്നെ തിരിച്ചറിഞ്ഞു. ഞാൻ എൻറെ അവസ്ഥ അവരോട് പറഞ്ഞപ്പോൾ തിടുക്കത്തിൽ അവർ എന്നോടൊപ്പം മിരിയാമിൻറെ അടുക്കൽവന്നു. അവർ മിരിയാമിനെ എഴുന്നേറ്റിരിക്കാനും ദേഹം ശുദ്ധിവരുത്താനും സഹായിച്ചു. അവർ തിരികെ കുടിലിലേക്ക് ഓടിപ്പോയി കുറച്ചു പാലും വെണ്ണയും അപ്പവുമായി വന്നു മിരിയാമിനു ഭക്ഷണം നൽകുകയും നടന്നു നീരു വെച്ച അവളുടെ കാലുകളിൽ തടവി അവളെ ആശ്വസിപ്പിക്കുകയും ചെയ്തു.

അതിനിടയിൽ പഴയ വസ്ത്രങ്ങളും വയ്ക്കോലും കൊണ്ട് ഞാൻ ഒരു കിടക്ക ഒരുക്കി. ആഴ്ചവട്ടത്തിൻറെ അവസാനം ഒക്ടോബർ മാസത്തിലെ അവസാന സാബത്തായിരുന്നു. സാബത്തിന് വേണ്ടിയുള്ള ഒരുക്കവും മറ്റുമായി കുറച്ചു സാധനങ്ങൾ വാങ്ങണം, മിരിയാമിനും പിറക്കാൻ പോകുന്ന ശിശുവിനുമായി ചിലതെല്ലാം ഓടിനടന്നു വാങ്ങി. പ്രായംചെന്ന ഇടയ സ്ത്രീ മിരിയാമിനു തുണയായി കൂട്ടിരുന്നതിനാൽ പട്ടണത്തിൽ പോകുവാനും അത്യാവശ്യം വേണ്ടുന്നത് വാങ്ങുവാനും കഴിഞ്ഞു.

അന്നു രാത്രിയിൽ മിരിയാമിന് പേറ്റുനോവ് തുടങ്ങി. വയറ്റാട്ടികളെ ആരെയും കിട്ടിയില്ല, ഇടയസ്ത്രീ തന്നെ സഹായിക്കാനായി എത്തിച്ചേർന്നു. ഗുഹയുടെ അകത്തുനിന്നും മിരിയാമിൻറെ പേറ്റുനോവിൻറെ കരച്ചിലുകൾ കേട്ടു കൊണ്ട് ഞാൻ പുറത്ത് കാത്തിരുന്നു. അകത്തുനിന്നും ഒരു ശിശുവിൻറെ ആദ്യകരച്ചിൽ എൻറെ കാതിൽ കേട്ടു. പിള്ളക്കച്ചയിൽ പൊതിഞ്ഞ ശിശുവിനെ അകത്തു നിന്നും എൻറെ നേർക്ക് നേർക്ക് നീട്ടി അവർ.

അപ്പോൾ മഞ്ഞു കണികകൾ ആകാശത്തു നിന്നും കുഞ്ഞു നക്ഷത്രങ്ങളായി ഭൂമിയിലേക്ക് പെയ്തിറങ്ങുന്നത് ഞാൻ കണ്ടു.

കുഞ്ഞു മാലാഖമാർ ചിറകടികളുമായി പറന്ന് കിന്നരം മീട്ടുന്നതുപോലെ എങ്ങും സംഗീതം നിറഞ്ഞു.

ഭൂമിയിൽ നേർത്ത കാറ്റു വീശി. ആ കാറ്റിന് പരിമള ഗന്ധമായിരുന്നു.

ലോകത്തിൻറെ രക്ഷകനായി പിറന്ന ശിശുവിനെ ആദ്യമായി കൈകളിൽ എടുക്കാനുള്ള ഭാഗ്യം സാധുവായ ഒരിടയസ്ത്രീക്ക് ലഭിക്കത്തവിധം ഏറ്റവും എളിയവനായിത്തന്നെ ദിവ്യശിശു മണ്ണിൽ പിറന്നിരിക്കുന്നു.

പിന്നെയും ഭൂമിയിൽ വലിയ മാറ്റങ്ങൾ ദൃശ്യമായി.

രാത്രി സംഗീതമയമായി. രാവിൽ നിദ്രവിട്ടു പക്ഷികൾ ഉണർന്നു പാടി.

എല്ലാവരുടെയും ഉള്ളിൽ അതിവിശേഷമായ സന്തോഷം നിറഞ്ഞു. നസറത്തിൽ നിന്നും മിരിയാമിനെ ബേത്‌ലഹേം വരെ വഹിച്ച പെൺകഴുത ഒച്ചയിട്ടുകൊണ്ട് തുള്ളിച്ചാടി അവിടെങ്ങും ഓടിനടന്നു.

ശിശിരത്തിൽ വസന്തകാലം പോലെ പൂവുകൾ ഒന്നാകെ വിടർന്നു. പുതുനാമ്പുകൾ പൊടുന്നനെ മണ്ണിൽ നിന്നും മുളച്ചുപൊന്തി. പൂക്കളുടെ മധുരമായ സുഗന്ധം എങ്ങും നിറഞ്ഞു.

മണ്ണിൽ നിന്നും പുതിയ നീരുറവകൾ കുതിച്ചുചാടി.

തൊട്ടടുത്തുള്ള ഒരു ഉപേക്ഷിക്കപ്പെട്ട ഗുഹയിൽ നിന്നും പുതിയ നീർച്ചാൽ പുറത്തേക്ക് ഒഴുകിപ്പരന്ന് അവിടെ പുതിയൊരു അരുവി പിറവിയെടുത്തു.

യുക്തികൊണ്ടു നിർവചിക്കാനാവാത്ത അനേകം പ്രകൃതിപ്രതിഭാസങ്ങൾ എനിക്കുചുറ്റും നടന്നു. എങ്ങും ആനന്ദം നിറഞ്ഞു.

ശിശു ജനിക്കും മുൻമ്പേ ബെത്‌ലഹെമിൻറെ മുകൾപ്പരപ്പിൽ ആകാശം മൂടികെട്ടിയിരുന്നു. എന്നാൽ ശിശുപിറന്ന ഗുഹയുടെ മുകളിലും ഇടയന്മാരുടെ താഴ്‌വരമുകളിലും അപ്പോൾ തിളങ്ങുന്ന മൂടൽമഞ്ഞ് പൊതിഞ്ഞുനിന്നു. ആട്ടിടയന്മാർ ആകാശത്തിലെ ദിവ്യതേജസ് കണ്ടു അത്ഭുതംകൂറി. പട്ടണത്തിലെ രാത്രിക്കാവൽക്കാരും അസാധാരണമായ വെളിച്ചം കണ്ടു വിസ്മയിച്ചു.

നേരം വെളുത്തതോടെ ഇടയസ്ത്രീകൾ മിരിയാമിനെ ശുശ്രൂഷിക്കാൻ പരസ്പരം മത്സരിച്ചു. അവർ വിറകുകെട്ടുകളും അത്യാവശ്യം വേണ്ടുന്ന മറ്റു സംഗതികളും കൊണ്ടു വന്നു. അവർ ഞങ്ങൾക്ക് വേണ്ടുന്ന പാചകം നടത്തി; മിരിയാമിന്റെയും എന്റെയും വസ്ത്രങ്ങൾ വരെ കഴുകി തന്നു.

അന്നാട്ടിലെ ജനങ്ങൾ, ഇടയ താഴ്-വരയിലെ പുതിയ സന്ദർശകരായ ഞങ്ങളെക്കുറിച്ചും ശിശുവിനെക്കുറിച്ചും വാർത്ത പരത്തി. ദിനവും ധാരാളം സന്ദർശകർ വന്നു കൊണ്ടിരുന്നു ശിശുവിനെ കാണുവാനായി.

* * *

കാലം അതിവേഗം മുന്നോട്ടു പോയി.

ശിശുവിനിപ്പോൾ രണ്ടു വയസാകാറായി. അവൻ കുഞ്ഞുകാലടികൾ വച്ചു ഓടിനടക്കാൻ തുടങ്ങി. ഇതിനിടയിൽ ഇടയന്മാരുടെ ആതാഴ് വരയിൽ ഒരു വാടകവീട് തരമായി. ഞങ്ങൾ അവിടേയ്ക്കു താമസം മാറി. ഗുഹയിൽ നിന്നും ഒരു വീട്ടിലേക്കുള്ള മാറ്റം മിരിയാമിനെ സന്തോഷവതിയാക്കി. ബാക്കിയുള്ള ജീവിതം ബേത്‌ലഹെമിൽ ആയിരിക്കണമെന്ന ആഗ്രഹത്താൽ അവിടെ വീട് ഉണ്ടാക്കാൻ ആഗ്രഹിച്ചു. എൻറെ മക്കളെ കൊണ്ടുവന്നു ഒപ്പം താമസിപ്പിക്കാനുള്ള ആഗ്രഹം ഇനിയും സഫലമായിട്ടില്ല. ഇതുവരെ അവരെയൊന്നു പോയി കാണുവാൻ പോലും കഴിഞ്ഞില്ല. എൻറെ മക്കൾ കരുതുന്നുണ്ടാവണം, ഞാനവരെ ഉപേക്ഷിച്ചു പോയെന്ന്. അവർ തീർച്ചയായും എന്നെ വെറുത്തു കഴിഞ്ഞിട്ടുണ്ടാകും.

മിരിയാമിൻറെ മാതാപിതാക്കൾ ഇതിനിടയിൽ അമ്മയെയും കുഞ്ഞിനേയും ഒന്നുരണ്ടു തവണ വന്നു കണ്ടുപോയി. ബേത്‌ലഹേമിൽ സ്ഥിരതാമസം ആക്കണമെന്ന ആഗ്രഹം പറഞ്ഞപ്പോൾ അതിനു വേണ്ടുന്ന സഹായം ചെയ്യാമെന്ന് അവർ വാഗ്ദാനം ചെയ്തു. അടുത്ത തവണ മിരിയാമിൻറെ മാതാപിതാക്കൾ ഇവിടെ സന്ദർശിക്കുന്ന അവസരത്തിൽ നസറത്തിൽ പോയി വരണം. ഒപ്പം മക്കളെയും കൂട്ടിവരണം എന്നു മനസിൽ ഉറപ്പിച്ചു. മിരിയാമിനും അതു സമ്മതമായിരുന്നു.

പക്ഷെ, കാര്യങ്ങൾ പെട്ടെന്നാണ് മാറി മറിഞ്ഞത്. അതിനു കാരണമായത് അപ്രതീക്ഷിതമായി വന്നു ചേർന്ന ചില സന്ദർശകരായിരുന്നു.

ജനനം മുതൽ ദുരിതവും ദുഖവുമെൻറെ കൂടപ്പിറപ്പുകളാണ്. അലച്ചിലും ദാരിദ്ര്യവുമാകട്ടെ പിരിയാതുള്ള സുഹൃത്തുക്കളും. കാലമെനിക്കായി കാത്തുവച്ചിരിക്കുന്ന കയ്പ്പിന്റെ പാനപാത്രം ഞാൻ കുടിച്ചല്ലേ മതിയാവൂ.

അതിൽ നിന്നും ഓടിയൊളിക്കാൻ എനിക്കാവതില്ല. ഞാൻ കച്ചയും ഭാണ്ഡങ്ങളും മുറുക്കി. മറ്റൊരു യാത്രതുടങ്ങുകയായി. ജീവിതമെന്ന യാത്രയിലെ മറ്റൊരു വഴി യാത്ര...... എങ്കിലും ആ സന്ദർശകർ നൽകിയ പ്രത്യാശ എത്ര വലുതായിരുന്നു.

ഒരുപക്ഷെ, ഈ തേജസു നിറഞ്ഞ ശിശു, എന്റെ ജീവിതത്തെ പ്രകാശമാനമാക്കിയേക്കും. ദൈവം നമ്മോടുകൂടെ എന്നർത്ഥമുള്ള ഇമ്മാനുവേൽ ഞങ്ങളുടെ കൂടെയുള്ളപ്പോൾ എന്തിന് എന്റെ മനം കലങ്ങണം?

ഞാൻ ഓടി യേഷുവായുടെ അരികിലേക്ക് ചെന്നു.

പിച്ചപ്പിച്ച വെച്ച് എന്റെ അടുക്കലേക്ക് ആ കുഞ്ഞ് ചിരിച്ചു കൊണ്ട് ഓടി വരുന്നുണ്ടായിരുന്നു. ദൈവത്തിൻറെ നിഴലും ആ കുഞ്ഞിനോടൊപ്പം ഉണ്ടായിരുന്നു.

'ഓയെന്റെ ദൈവമേ '

ഞാൻ കൈകൾ ആകാശത്തേക്കുയർത്തി .....

സ്വർഗ്ഗവാതിലുകൾ തുറന്നുവെന്നവണ്ണം എന്നിൽ സമാധാനം നിറയുന്നത് ഞാൻ അറിഞ്ഞു.

ആകാശം നിറയെയുള്ള നക്ഷത്രപൂക്കളും എന്നെ നോക്കി ചിരിക്കുന്നു.

എന്റെ കണ്ണുകൾ അപ്പോൾ സന്തോഷം കൊണ്ട് നിറഞ്ഞത് ഞനറിഞ്ഞില്ല.

● കവിത



അനുവിന്ദ
ബാലൻ

# കൂട്ടിലെ കിളി

കൂട്ടിലടയ്ക്കപ്പെട്ടൊരു കിളി
വാതിൽ തുറന്നു പുറത്തേക്ക് ;
നീല വാനിലേക്ക് പറക്കാൻ
പറഞ്ഞാലുമൊട്ടൊന്നു
വിഷമിക്കുമാദ്യം !
പാരതന്ത്ര്യം ശീലമാകുമ്പോൾ
സ്വാതന്ത്ര്യം ഭയപ്പെടുത്തുന്നു !
കിളികളോട് പറയാനുള്ളത് ;
കൂട്ടിനുള്ളിലെ
മായക്കാഴ്ചകളിൽ നിന്നു മാറി
ഉയർന്നു പറക്കാനാകട്ടെ
സ്വതന്ത്രയായീ വാനിൽ ...




# നീയും ഞാനും!

തണുത്തുറഞ്ഞിരിക്കണം!
മൗനം മാത്രം...
ശ്വാസം സംവദിക്കും
ലോകത്തിനോട്!
ചിലതു കണ്ണുകളിൽ
തെളിയും!
ഒടുവിൽ കണ്ണിനുള്ളിലെ
ജ്വാല മായും!
ഞാൻ പ്രകൃതിയിലേക്ക്
തിരിച്ചെടുക്കപ്പെടും...
നീയും ഞാനും എന്ന
പ്രതിഭാസം
നീ മാത്രമാകും!
പിന്നെ ഈ വഴി നീ നടന്നു തീർക്കുക,
നിനക്ക് മംഗളം!


IPCNA
India Press Club of North America
11th
INTERNATIONAL
MEDIA
CONFERENCE
& AWARD NIGHT
2025
PLATINUM SPONSOR
SAJAN & MINI SAJAN
SAJ GROUP
HOTELS & RESORTS
OCTOBER 09 10 11
At SHERATON, Edison, New Jersey
Sunil Tristar (Samuel Easo) National President
Shijo Poulose National Secretary
Vishakh Cherian National Treasurer
Sunil Thyparam Advisory Board Chairman
Raju Pallath President Elect 2026-27
Anil Kumar Aranmula National Vice President
Asha Mathew Joint Secretary
Roy Mullakunnam Joint Treasurer
India Press Club of North America
www.indiapressclub.org | indiapressclubofna@gmail.com
Sunil Tristar
Shijo Poulose
Vishakh Cherian

ചെറുകഥ




# ലീലാവിലാസം

ഷജിബുദീൻ ബി



പി. റ്റിഎ പ്രസിഡൻറിൻറെ നേതൃത്വത്തിൽ സാമൂഹികപ്രവർത്തകരുടെ ഒരു കൂട്ടം,എസ് എം സി ചെയർമാൻറെ കാർമ്മികതത്വത്തിൽ പൗരപ്രമുഖരുടെ ഒരു കൂട്ടം,ഹെഡ്മിസ്ട്രസ് ലീലടീച്ചറിൻറെ നേതൃത്വത്തിൽ അധ്യാപകരുടെ മറ്റൊരു കൂട്ടം.എല്ലാവരും ബസിൽ ഞെരുങ്ങിക്കയറി തിക്കിത്തിരക്കി ഇടം പിടിച്ചു. പി റ്റി എ പ്രസിഡന്റ് ഇരിക്കാനിടം കിട്ടാതെ ബസിലെ കമ്പിയോട് ചേർത്ത് തന്നെ ഒതുക്കി വച്ചു. മധുജൻ മാഷ് ബസിന്റെ പടിയിൽ ഇരുന്നു.

ഇടവഴികളും പെരുവഴികളും കടന്ന് ഓരോ വീട്ടിലും അഞ്ചു പത്തു മിനിറ്റുകൾ മാത്രം ചെലവഴിച്ചുള്ള യാത്ര. കുട്ടിയോടും വീടരോടുമൊപ്പം ഫോട്ടോ പിടിത്തം കഴിഞ്ഞാലുടൻ അടുത്ത വീട്ടിലേയ്ക്ക്.

ടീച്ചർ.... ചായ .സാർ ചായ. നാരങ്ങാവെള്ളം, പായസം, ലഡു, ഒരു മുട്ടായിയെങ്കിലും എടുക്കണം എന്നിങ്ങനെ പുറകിൽ വിളി വന്നു മുട്ടി വിളിക്കുമ്പോഴേയ്ക്കും സ്കൂൾബസ് അടുത്ത വളവ് പിന്നിട്ടിരിക്കും. നാൽപ്പതിൽപ്പരം വീടുകൾ ഇരുട്ടും മുൻപ് കയറിയിറങ്ങാനുള്ളതാണ്....

വൈകുന്നരം അഞ്ചു മണിയോടുകൂടിയാണ് പതിനഞ്ചാമത്തെ കുട്ടിയായ അഞ്ചുവിൻറെ വീട്ടിലെത്തിയത്.ഗേറ്റു കടന്ന് വാതിലിൽ മുട്ടി എല്ലാവരും കാത്തു നിന്നു.രണ്ടുമിനിറ്റിൻറെ ഇടവേളയിൽ രണ്ടുവട്ടം കൂടി മുട്ടിയപ്പോഴാണ് വാതിൽ തുറക്കപ്പെട്ടത്...ഉയരമുള്ള ഒരു മനുഷ്യൻ അപരിചിതഭാവത്തിൽ മുന്നിൽ...

വീടു തെറ്റിയോ...!മുറ്റത്തു നിന്ന ജനസഞ്ചയത്തിനു സംശയം..

''അഞ്ചുവിൻറെ വീടല്ലേ?'' പിറ്റിഎ പ്രസിഡൻറ് ശീതനിശബ്ദതയെ ഭഞ്ജിച്ചു.

''അതെ. ''

ഉയരമുള്ള മനുഷ്യൻറെ വാക്കുകൾ എല്ലാവരും ആശ്വാസത്തോടെ ശ്രവിച്ചു.

''അറിഞ്ഞില്ലേ? മകൾക്ക് എല്ലാ വിഷയത്തിലും എ പ്ളസുണ്ട്.''

''അറിഞ്ഞു.ഒള്ളതാണോ സാറേ.''

പുറകിൽ അവിശ്വസനീയതയുമായി ഒരു സ്ത്രീ ശബ്ദം.അഞ്ചുവിൻറെ അമ്മ.

''ഉള്ളതാണ്,സംശയിക്കണ്ട.അഞ്ചു ഇല്ലേ. ഒന്നു വിളിക്കൂ.''എസ് എം സി ചെയർമാൻ ഇടപെട്ടു.

''റിസൾട്ട് അറിഞ്ഞിടം മുതൽ അവൾ പുറത്തിറങ്ങുന്നില്ല. കേട്ടത് സത്യമല്ലെന്നും പറഞ്ഞ് മുറി അടച്ചിരിപ്പാണ്.''

''എവിടെ? ഞാൻ വിളിക്കാം.'' എച്ച് എം ലീലടീച്ചർ അകത്തേയ്ക്കു കയറി.കൈയ്യിലിരുന്ന റിസൾട്ട് പേപ്പർ നോക്കി രജിസ്റ്റർ നമ്പർ ഉറക്കെ വായിച്ചു... തുടർന്നു പി വൺ മലയാളം ഫസ്റ്റ് എ പ്ളസ്, പി ടു മലയാളം സെക്കൻറ് എ പ്ളസ്...... പി ടെൻ ഐറ്റി എ പ്ളസ്. ടീച്ചർ വായിച്ചു നിർത്തി. അകത്തു നിന്നും

**അപ്രതീക്ഷിതമായി ഏവരുടേയും കാതടപ്പിച്ചുകൊണ്ട് തൊട്ടപ്പുറത്തെ വീട്ടിൽ ഒരു സ്ഫോടന ശബ്ദം. മധുജൻ മാഷിന്റെ കൈയ്യിലിരുന്ന ലഡു ഞെട്ടി തറയിൽ വീണ് രണ്ടായി പിളർന്നു കിടന്നു. മോഹിനി ടീച്ചർ ഭയപ്പാടോടെ ചുവടു മാറി പിളർന്ന ലഡുവിന്റെ നെഞ്ചിൽ കാൽ വച്ചു. ലഡു ഞെരിഞ്ഞമർന്നു. ലീലടീച്ചർക്ക് ഒരു നേർത്ത ബോധക്ഷയമുണ്ടായി."അത് നമ്മുടെ കെ.കെ ബിജുവിൻറെ വീട്ടിലെ ആഘോഷമാ ടീച്ചറെ. അവൻ ജയിച്ചെന്ന് അറിഞ്ഞിടം മുതൽക്കേ അവിടെ സ്ഫോടനമാ.."അഞ്ചു പറഞ്ഞു.**

അഞ്ചു ഓടി വന്ന് ലീല ടീച്ചറിൻറെ കാലിൽ വീണു.ഒപ്പം നിലവിളിപോലെ ഒരു വാക്യവും'',ടീച്ചറേ ടീച്ചറെൻറെ ദൈവമാണ് ടീച്ചറെ.''

അഞ്ചു ടീച്ചറിനൊപ്പം പുറത്തു വന്നു.. സ്ററുഡിയോയിൽ നിന്നും ക്ഷണിക്കപ്പെട്ട ക്യാമറാമാൻറെ ഷൂട്ടിംഗ് കഴിഞ്ഞ് അഞ്ചുവിനൊപ്പമുള്ള സെൽഫി, ഹാൻറ്ഫോൺ സെഷനായിരുന്നു. ഓരോ അധ്യാപകരും അഞ്ചുവിനൊപ്പം നിന്ന് സെൽഫി പകർത്തി.ഉടൻ തന്നെ ഗ്രൂപ്പുകള ലേയ്ക്ക് കയറ്റി അയച്ചു.

''ടീച്ചറെ, ഞങ്ങൾക്ക് ഒരു പ്രതീക്ഷയുമില്ലായിരുന്നു.''

അഞ്ചുവിൻറെ അമ്മ പറഞ്ഞു. '

''സത്യം പറയാമല്ലൊ, ഞങ്ങൾക്കും പ്രതീക്ഷയില്ലായിരുന്നു.'' സീനിയർ അസിസ്റ്റൻറ് രമേശൻ സാർ അമ്മയുടെ വാക്കുകൾക്കൊപ്പം ചേർന്നു.

''പിന്നെയെല്ലാം ഈശ്വരൻറെ ലീലാവിലാസം.''

രമേശൻസാർ അതു പറഞ്ഞ് ലീലടീച്ചറെ ഒളികണ്ണാലെ നോക്കി ചിരിച്ചു.. ഒരു ആന്തരസത്തയില്ലാത്ത ആഹ്ളാദം അന്തരീക്ഷത്തിൽ തങ്ങി നിന്നു. അപ്രതീക്ഷിതമായി ഏവരുടേയും കാതടപ്പിച്ചുകൊണ്ട് തൊട്ടപ്പുറത്തെ വീട്ടിൽ ഒരു സ്ഫോടന ശബ്ദം. മധുജൻ മാഷിന്റെ കൈയ്യിലിരുന്ന ലഡു ഞെട്ടി തറയിൽ വീണ് രണ്ടായി പിളർന്നു കിടന്നു.മോഹിനി ടീച്ചർ ഭയപ്പാടോടെ ചുവടു മാറി പിളർന്ന ലഡുവിന്റെ നെഞ്ചിൽ കാൽ വച്ചു. ലഡു ഞെരിഞ്ഞമർന്നു. ലീല ടീച്ചർക്ക് ഒരു നേർത്ത ബോധക്ഷയമുണ്ടായി.

''അത് നമ്മുടെ കെ.കെ ബിജുവിൻറെ വീട്ടിലെ ആഘോഷമാ ടീച്ചറെ.അവൻ ജയിച്ചെന്ന് അറിഞ്ഞിടം മുതൽക്കേ അവിടെ സ്ഫോടനമാ..''

അഞ്ചു പറഞ്ഞു.

ബിജു .കെ.

കുട്ടികൾ നൽകിയിരിക്കുന്ന പ്രത്യേകനാമമാണ്,കെ.കെ ബിജു. കാതറ കൂതറ ബിജു എന്ന വട്ടപ്പേരിൻറെ ചുരുക്കെഴുത്ത്.വിഷു കഴിഞ്ഞാൽ മകരസംക്രാന്തി അതു കഴിഞ്ഞാൽ പെരുന്നാൾ ഇങ്ങനെ സവിശേഷദിനങ്ങളിൽ മാത്രം എത്തുന്ന വിരുതൻ.ബിജു ക്ളാസിലെത്തിയാൽ സ്കൂൾ പൂർണമായും ജാഗരൂകമാകും...എല്ലാ അധ്യാപരുടെയും പൂർണ്ണ ശ്രദ്ധ അവൻറെ പിന്നാലെ ആയിരിക്കും. പാറാവുകാരൻ സോമൻ ചേട്ടൻ മുതൽ കഞ്ഞിപ്പുരയിലെ രാജമ്മ ചേച്ചി വരെ കണ്ണും കാതും സർവ്വ ശ്രദ്ധയും അവനിലേയ്ക്ക് അയച്ചിട്ടുണ്ടാകും.അന്ന് വൈകുന്നേരം ബിജു സ്കൂൾ ഗേറ്റു കടന്ന് പുറത്തു പോയാലേ ലീലടീച്ചറിൻറെ ശ്വാസഗതി പഴയ പടി ആകുകയുള്ളൂ. പിന്നെ ടീച്ചർ ഒറ്റയിരുപ്പിൽ തണുത്ത വെള്ളം രണ്ടു ഗ്ളാസ് കുടിച്ചു തീർക്കും. അവൻ പോയാലും അവൻറെ പ്രവൃത്തിയുടെ അലയൊലികൾ സ്കൂളിൽ ദിനങ്ങളോളം നിലനിൽക്കും. അവൻ വച്ചിട്ടു പോകുന്ന ബോംബുകൾ പിന്നീടുള്ള ദിവസങ്ങളിലാകും പൊട്ടുക.....

ഒടുവിൽ സ്കൂൾ കൗൺസലിംഗിനായി മോഹിനിടീച്ചറെ ഏൽപ്പിച്ചു.രണ്ടു ദിവസത്തെ കൗൺസലിംഗ് കഴിഞ്ഞ് മോഹിനിടീച്ചർ വന്നു പറഞ്ഞു, ''ഞാൻ തോറ്റു ടീച്ചർ. ഇന്നത്തെ കൗൺസലിംഗ് കഴിഞ്ഞപ്പോൾ ടീച്ചർ ഇത്രേം പറഞ്ഞതല്ലേ, ഇതിരിക്കട്ടെ എന്നും പറഞ്ഞ് പോ

ക്കറ്റിൽ തിരുകിയിരുന്ന ചെമ്പരത്തിപ്പൂവെടുത്ത് എനിക്കു തന്നു.''കൈയ്യിലിരുന്ന ചെമ്പരത്തിപ്പൂവ് മേശമേൽ വച്ചുകൊണ്ടു മോഹിനിടീച്ചർ മോഹാലസ്യപ്പെട്ടു പറഞ്ഞു.

''ടീച്ചർ വിഷമിക്കാതെ.അവനെയും നമുക്കു വേണം.അവനെ ജയിപ്പിച്ചു നമുക്കു തോൽപ്പിക്കണം.'' ലീലടീച്ചർ ആശ്വസിപ്പിച്ചു.

പരീക്ഷാ ദിനങ്ങളിൽ ലീല ടീച്ചറിന്റെ ആധിയായിരുന്നു ബിജു. ബയോളജി പരീക്ഷയുടെ ദിവസം സമയം കഴിഞ്ഞിട്ടും അവൻ വന്നില്ല. ഫോണിൽ വിളിച്ചിട്ട് ഒട്ട് എടുക്കുന്നുമില്ല.ഒടുവിൽ ഓട്ടോ വിളിച്ച് ടീച്ചർ ഓടി.വീടെത്തുമ്പോൾ ബിജു നല്ല ഉറക്കം. തട്ടി വിളിച്ച് എഴുന്നേൽപ്പിച്ചു. 'ഇന്നും പരീക്ഷയുണ്ടോ.ഇത് തീർന്നില്ലെ ടീച്ചറെ?'

'ഇന്ന് നാലെണ്ണമേ ആയുള്ളൂ. ഇനിയും അഞ്ചെണ്ണം. എഴുന്നേൽക്ക് മോനെ.'ടീച്ചർ പറഞ്ഞു. പാൻറും ഷർട്ടും ഇട്ട പാതി ഇടാത്ത പാതി ഓട്ടോയിൽ അവനേയും ഉന്തിക്കയറ്റി ടീച്ചർ വീണ്ടും ഓടി.പിന്നെ എന്നും ടീച്ചർ ഓട്ടോയുമായി രാവിലെ തന്നെ ബിജുവിന്റെ വീട്ടുമുറ്റത്ത് എത്തി. 'പാവം ടീച്ചർ.' ബിജുവിന്റെ അമ്മ സാധുത്വം കൂറി. ആ കാതറ കൂതറ ബിജുവും ജയിച്ചു.

ജനസഞ്ചയം അഞ്ചുവിൻറെ വീട്ടിൽ നിന്നും ബസിനടുത്തേയ്ക്ക് നീങ്ങവേ കെ.കെ ബിജു ഓടി വന്നു ലീലടീച്ചറിൻറെ കാലിൽ വീണു.''ടീച്ചറേ ടീച്ചറെൻറെ ദൈവമാണ് ടീച്ചറേ.''

''ദേ, ടീച്ചർ പിന്നേം ദൈവമായി.''പിറ്റിഎ പ്രസിഡന്റ് പറഞ്ഞു.

''ഇവൻ ജയിക്കുമെന്ന് കുടിച്ച വെള്ളത്തിൽ ഞങ്ങൾ വിശ്വസിച്ചില്ല ടീച്ചറേ.''കീറിത്തുടങ്ങിയ മേൽമുണ്ടു നേരേയാക്കി അമ്മ അത്ഭുതപ്പെട്ടു. പിന്നെ കണ്ണീർ തുടച്ചു.

''എല്ലാം ഈശ്വരന്റെ ലീലാവിലാസങ്ങളല്ലേ...''രമേശൻ സാർ വീണ്ടും ലീലടീച്ചറെ ഒളികണ്ണാലെ നോക്കി ചിരിച്ചു.

''ടീച്ചറേ ടീച്ചറെൻറെ ദൈ...'' വീണ്ടും കാതറകൂതറബിജു. വാക്യം പൂർത്തിയാക്കും മുൻപ് രമേശൻ സാർ കവറിൽ നിന്നും ഒരു ലഡു എടുത്ത് അവൻറെ അണ്ണാക്കിലേയ്ക്കു തിരുകി. ബസ് പതിനാറാമത്തെ വീട്ടിലേയ്ക്കു സഞ്ചാരം തുടങ്ങി.

'' മലയാളം മീഡിയത്തിൽ ഒന്നിനും ആവതില്ലാതെ പോയല്ലോ. നാൽപ്പത് എ പ്ളസും ഇംഗ്ളീഷ് മീഡിയത്തിലാണല്ലൊ.''

ബസ് നീങ്ങവേ ഒരു പിറ്റിഎ അംഗം അഭിപ്രായപ്പെട്ടു.

''ഇംഗ്ളീഷിൽ എ പ്ളസ് വാങ്ങാൻ എളുപ്പമാ...''

ഇംഗ്ളീഷ് പഠിപ്പിക്കുന്ന ഉദയ മിസ് പറഞ്ഞു.

> **"വേണ്ട. തർക്കം വേണ്ട. കഷ്ടപ്പെട്ടു പഠിച്ചവർക്കു മാർക്കു കിട്ടി അത്ര തന്നെ... അല്ലെ ടീച്ചറെ?" പിടിഎ പ്രസിഡൻറ് രംഗം ശാന്തമാക്കിക്കൊണ്ട് ലീലടീച്ചറിനോടായി ചോദിച്ചു. 'ആണോ ടീച്ചറെ ?' അശോകൻ മാഷ് ചോദ്യം ആവർത്തിച്ചു. ആണോ ലീലേ?ലീല ടീച്ചറിന്റെ ഉള്ളിൽ ആ ചോദ്യം സ്വയം മുഴങ്ങി. ടീച്ചർ ഉത്തരം നൽകാതെ നോട്ടം ദൂരേയ്ക്ക് പായിച്ചു. എന്തിനാണ് ഈ കോപ്രായങ്ങൾ? ആരെ ബോധിപ്പിക്കാനാണ്?ഉള്ളിലിരുന്ന് ആരോ വിചാരണ ആരംഭിച്ചു. ടീച്ചർ കൂടുതൽ മ്ലാനമായി.**

''ഇംഗ്ളീഷിൽ പോയിൻറ്സ് എഴുതിയാൽ മതി.ഫുൾ മാർക്ക് ഉറപ്പാ.മലയാളത്തിലാകുമ്പോൾ ഒരു പാട് വിശദീകരിച്ച് വാരിവലിച്ചെഴുതണം...പിന്നെ മലയാളം എടുക്കുന്നതൊക്കെ ചവറ് പിള്ളാരല്ലേ.''

മലയാളത്തിൻറെ കുഴപ്പം വിശദീകരിച്ചു കൊണ്ട് മലയാളത്തിൻറെ പരിമിതിയെക്കുറിച്ച് ഉദയ മിസ് വചാലയായി ഒരു അരയന്ന ഇളക്കമാർന്നിരുന്നു.

''അതെന്താ ടീച്ചറെ പോയിൻറുകൾ മലയാളത്തിലെഴുതുമ്പോൾ മാഞ്ഞു പോകോ...? നൂലുപോലെ മെല്ലിച്ചുനീണ്ട മലയാളത്തിന്റെ അശോകൻ മാഷിന് ഉദയ മിസ് പറഞ്ഞത് ബോധിച്ചില്ല.

''മലയാളത്തിൽ എഴുതിയാലും ഇംഗ്ളീഷിൽ എഴുതിയാലും പോയിൻറ് പോയിൻറ് തന്നെയല്ലേ.അതൊന്നുമല്ല കുഴപ്പം. ഇംഗ്ളീഷ് കാണുമ്പോഴേ നമ്മുടെ അധ്യാപകരെ ഒരു ഭയം ഗ്രസിക്കും.ഇതിലെന്തോ അധികമുണ്ടെന്ന മുൻവിധിയാ പിന്നെ അവരെ മുന്നോട്ടു നയിക്കുക. ഇംഗ്ളീഷുകാരൻ അവശേഷിപ്പിച്ചു പോയ ആ പഴയ അടിമത്തം. പിന്നെ ഈ ചവറ് പിള്ളേരെന്നു പറഞ്ഞാൽ ഏതു വിഭാഗമാ ടീച്ചറേ...?''

ഉദയ മിസിൻറെ വാക്കുകളെ അശോകൻ മാഷ് ഖണ്ഡിക്കാനൊരു ശ്രമം നടത്തി...

''വേണ്ട. തർക്കം വേണ്ട.കഷ്ടപ്പെട്ടു പഠിച്ചവർക്കു മാർക്കു കിട്ടി അത്ര തന്നെ...അല്ലെ ടീച്ചറെ?'' പിടിഎ പ്രസിഡൻറ് രംഗം ശാന്തമാക്കിക്കൊണ്ട് ലീലടീച്ചറിനോടായി ചോദിച്ചു.

'ആണോ ടീച്ചറെ ?' അശോകൻ മാഷ് ചോദ്യം ആവർത്തിച്ചു.

ആണോ ലീലേ?ലീല ടീച്ചറിന്റെ ഉള്ളിൽ ആ ചോദ്യം സ്വയം മുഴങ്ങി. ടീച്ചർ ഉത്തരം നൽകാതെ നോട്ടം ദൂരേയ്ക്ക് പായിച്ചു. എന്തിനാണ് ഈ കോപ്രായങ്ങൾ? ആരെ ബോധിപ്പിക്കാനാണ്?ഉള്ളിലിരുന്ന് ആരോ വിചാരണ ആരംഭിച്ചു. ടീച്ചർ കൂടുതൽ മ്ലാനമായി.

''അങ്ങനെ വിശ്വസിക്കുന്നതാണ് ഉത്തമം.''രമേശൻ സാർ എല്ലാവരുടെ ചോദ്യത്തിനുമായി ഉത്തരം പറഞ്ഞു.

'ലീല ടീച്ചർ ദൈവമാണെന്നാ കുട്ടികൾ എല്ലാവരും അഭിപ്രായപ്പെടുന്നത്. പിള്ളാരെല്ലാം കൂടി ടീച്ചറെ പ്രതിഷ്ഠയാക്കി ക്ഷേത്രം പണിയോന്നോ?' രമേശൻ സാർ യാത്രയ്ക്കിടയിൽ സംഭവിക്കാൻ സാധ്യതയുള്ള ഒരു സംശയം കൂടി പങ്കുവച്ചു. വാഹനം വീണ്ടും അടുത്ത വളവു തിരിഞ്ഞു.കണക്കിൻറെ അജയൻ സാർ തീരേ രഹസ്യമായി അശോകൻമാഷിൻറെ കർണ്ണങ്ങളിൽ ചോദിച്ചു,

'ഈ എ പ്ലസുകളും മറ്റു വിജയങ്ങളും എങ്ങനെ സംഭവിച്ചു?'

''ഇപ്പറയുന്ന വേണ്ടപ്പെട്ടവരുടെ കുട്ടികളൊക്കെ ഇംഗ്ളീഷ് മീഡിയ

ത്തിലല്ലേ.അവർക്കൊക്കെ എ പ്ലസ് കിട്ടീല്ലേൽ എച്ച് എം നു പിന്നെ മനസ്സമാധാനത്തിൽ ഉറങ്ങാനാകോ...അപ്പോ പിന്നെ ടീച്ചർ എന്താ ചെയ്ക?'' അജയൻ സാർ ചോദിച്ചു.

''എന്താ ചെയ്ക?'' അശോകൻ സാർ ആയുധം വാങ്ങി തിരിച്ചു പ്രയോഗിച്ചു.

''ആ.....''.കണക്കു സാർ ചാതുര്യത്തോടെ ഉത്തരത്തിൽ നിന്നും വഴുതി.

''ആ....'' അശോകൻ സാർ ഏറ്റു ചൊല്ലി. രണ്ടാളും കുലുങ്ങി ചിരിച്ചു.

‘വിദ്യ വലിയൊരു അഭ്യാസമായി. മൊത്തം കച്ചവടമായപ്പോൾ എങ്ങനേം ലാഭം കൊയ്യണം എന്നല്ലേ ഉള്ളൂ. ഇൻവെസ്റ്റു ചെയ്യുന്നതനുസരിച്ച് റിട്ടേൺസ് വേണം. ഒരു കുട്ടിയിൽ ലക്ഷങ്ങൾ ഇൻവെസ്റ്റ് ചെയ്യുന്നത് കൃത്യമായ പ്രോഫിറ്റ് പ്രതീക്ഷിച്ചു തന്നെയാണ്. അതിനനുസരിച്ച് കുട്ടിയെ വാർത്തെടുക്കണം. സ്കൂളിൽ നിന്നു തന്നെ അതു തുടങ്ങണം. അപ്പോൾ ലീല ടീച്ചറിനെപ്പോലുള്ളവർ ഏതു ഞാണിലും കളിക്കും. ഇല്ലെങ്കിൽ ചോദ്യങ്ങളുടെ ശരശയനത്തിലാകും.‘ അജയൻ സാർ പെട്ടന്ന് ചിരി നിറുത്തി ഗൗരവത്തോടെ സംസാരിച്ചു. ലീലടീച്ചറിൻറെ മനസ്സ് എവിടെയോ വീണു പോയിരുന്നു..പോയ വീടുകളിലെ  കുട്ടികൾ എല്ലാവരും പറഞ്ഞിരിക്കുന്നു താനൊരു ദൈവമാണെന്ന്...

’ഒരു അധ്യാപിക എപ്പോഴാണ് ദൈവമാകുന്നത്...?’ലീലടീച്ചറിന്റെ മനസ് സ്വയം സഞ്ചാരിയായി.വല്ലാത്തൊരു അസഹ്യത മനസിൽ പിടിപെട്ടിരിക്കുന്നു...ഒരു ജീർണ്ണത.... താൻ ഊതിവീർപ്പിച്ചത് ഒരു ബലൂൺ മാത്രമാണ്. അതിനകത്ത് വായു അല്ലാതെ ഒന്നുമില്ല. ഉള്ളു ദ്രവിച്ച് പോട് മാത്രമായി തീർന്ന ഒരു പാഴ്ക്കഷണം. ഒന്നമർത്തി പിടിച്ചാൽ പൊടിഞ്ഞു പോകും.ഒരു ഗ്ളാസ് തണുത്ത വെള്ളം കിട്ടിയെങ്കിൽ നന്നായിരുന്നു. ടീച്ചർക്ക് ദാഹം പെരുകി വന്നു.

ഫോൺബെൽ ടീച്ചറെ മൗഢ്യത്തിൽ നിന്നും  വിളിച്ചുണർത്തി.നാലാമത്തെ പ്രാവശ്യമാണ്...അതേ നമ്പർ...റിസൾട്ട് പ്രഖ്യാപിച്ച് പത്തുമിനിറ്റിനിടയിൽ ആദ്യം വന്ന കോൾ... തൻറെ സ്കൂൾ നൂറുശതമാനം വിജയം  ആദ്യമായി നേടിയെന്നറിഞ്ഞ സന്തോഷം ഏവരുമായി പങ്കുവയ്ക്കുന്നതിനിടയിൽ എടുക്കാൻ കഴിഞ്ഞില്ല.പിന്നെ ഫുൾ എ പ്ളസ് കിട്ടിയവരുടെ ഗൃഹസന്ദർശനത്തിനിടയിൽ രണ്ടു വട്ടം കൂടി കോൾ വന്നു.അപ്പോഴും എടുക്കാനായില്ല.

**ലീലടീച്ചറിൻറെ മനസ്സ് എവിടെയോ വീണു പോയിരുന്നു..പോയ വീടുകളിലെ  കുട്ടികൾ എല്ലാവരും പറഞ്ഞിരിക്കുന്നു താനൊരു ദൈവമാണെന്ന്... 'ഒരു അധ്യാപിക എപ്പോഴാണ് ദൈവമാകുന്നത്...?'ലീലടീച്ചറിന്റെ മനസ് സ്വയം സഞ്ചാരിയായി. വല്ലാത്തൊരു അസഹ്യത മനസിൽ പിടിപെട്ടിരിക്കുന്നു... ഒരു ജീർണ്ണത.... താൻ ഊതിവീർപ്പിച്ചത് ഒരു ബലൂൺ മാത്രമാണ്. അതിനകത്ത് വായു അല്ലാതെ ഒന്നുമില്ല. ഉള്ളു ദ്രവിച്ച് പോട് മാത്രമായി തീർന്ന ഒരു പാഴ്ക്കഷണം. ഒന്നമർത്തി പിടിച്ചാൽ പൊടിഞ്ഞു പോകും. ഒരു ഗ്ളാസ് തണുത്ത വെള്ളം കിട്ടിയെങ്കിൽ നന്നായിരുന്നു. ടീച്ചർക്ക് ദാഹം പെരുകി വന്നു.**

ടീച്ചർ  ഫോൺ ഓൺചെയ്തു.

''ഹലോ.... ടീച്ചർ.....ഞാൻ ആശയാണ്,പത്ത് എ ഡിവിഷനിലെ.''

''ങാ....മോളേ...പറയൂ.''

'' റിസൾട്ടു പറയാൻ വിളിച്ചതാണ് ടീച്ചർ. ടീച്ചർക്കു തന്ന വാക്കു  എനിക്കു പാലിക്കാനായില്ല. ടീച്ചർ എന്നോടു ക്ഷമിക്കണം. എനിക്കു  ഫുൾ പ്ളസ് കിട്ടിയില്ല. കണക്കിനു എ ഗ്രേഡേ കിട്ടിയുള്ളൂ.ബാക്കി എല്ലാത്തിനും എ പ്ളസുണ്ട്.'' തികഞ്ഞ വിഷമത്തോടെയും പശ്ചാത്താപത്തോടെയുമുള്ള വാക്കുകൾ.

വെളുത്തു നീണ്ട ഒരു പെൺകുട്ടി.

അവളെ ആദ്യം ലീലടീച്ചർ കാണുന്നത് ആർക്കും വേണ്ടാത്ത ആരും പോകാത്ത കുട്ടികൾക്ക് ഏറ്റവും ഇഷ്ടപ്പെട്ടതും അവർ  തിമിർത്തു ബഹളം വയ്ക്കുന്നതുമായ ആർട്ട്, പിറ്റി, വർക്ക്,പിരീഡുകളിലൊന്നിൽ ക്ളാസുകൾക്കു മുന്നിലൂടെ റൗണ്ട്സ് നടത്തുമ്പോഴായിരുന്നു. പത്ത് എ  മലയാളം ഡിവിഷനിൽ നിന്നും മനോഹരമായ ഒരു പാട്ട് അലതുള്ളി ഒഴുകുന്നു. ശബ്ദം മധുരമുണ്ട്. തീർച്ചയാണ്. ടീച്ചർക്ക് തോന്നി. അകത്തേയ്ക്കു   കടന്നു ചെന്നാൽ ഒരുപക്ഷേ പാട്ടുകാരി പാട്ടു നിർത്തിയേക്കും . ടീച്ചർ വാതിലിനു മറവിൽ  ഒളിഞ്ഞു നിന്നു പാട്ടു ശ്രവിച്ചു.ക്ലാസ് ഒന്നടങ്കം കോറസ് പാടുന്നു. താളം പിടിക്കുന്നു. കെ.കെ ബിജുവിന്റെ നേതൃത്വത്തിൽ ഒരു കൂട്ടം ആൺകുട്ടികൾ ഡസ്ക്കിനു മുകളിൽ ചെണ്ടമേളം നടത്തുന്നു. ഇരുവശങ്ങളിലേയ്ക്കും കാറ്റിലാടുന്ന മരച്ചില്ലകൾ പോലെ കുട്ടികൾ ഇളകിയാടുന്നു. ബിജുവിന്റെ ചെണ്ടമേളമാണോ ആശയുടെ പാട്ടാണോ മുന്നിലെന്ന് വേർതിരിക്കാനാകാത്ത വിധം ഒരു ഏകതാനത.ചിലർ താളത്തിനൊത്ത് ചുവടു വയ്ക്കുന്നു. കൊട്ടും പാട്ടും ആട്ടവും ക്ലാസിനകം ഒരു ഉൽസവപ്പറമ്പുപോലെ. പുറത്ത് പാട്ടിന്റെ താളത്തിൽ സൂര്യകാന്തിപ്പൂക്കൾ വിടരുന്നു.അതുവഴി പോയ മേഘം പാട്ടുതീരുന്നതുവരെ അവിടെ നിന്നു.ഏതോ കൗമാര താളത്തിൽ ചലിക്കാൻ തുടങ്ങിയ തന്റെ പാദങ്ങളെ ടീച്ചർ ശ്രമപ്പെട്ട് അടക്കി. പുറത്തു നിന്ന് അത് പൂർണമായുംആസ്വദിച്ചു.

പാട്ടു തീർന്ന് കുട്ടികൾ  കൈയ്യടിക്കുമ്പോൾ ടീച്ചർ  കടന്നു ചെന്നു. പാട്ടുകാരിയെ കൈയ്യോടെ പിടികൂടി. ക്ലാസ് പെട്ടന്ന് നിശബ്ദമായി. ഒരു ഭയം ക്ലാസിൽ കൊടുമുടി കയറി.

''എന്താ പേര്.''

''ആശ '',അവൾ പേടിയോടെ മറുപടി പറഞ്ഞു.

''നല്ല പാട്ട് മിടുക്കി....വലുതാകുമ്പോൾ പാട്ടുകാരിയാകണം കേട്ടോ.'' ടീച്ചർ ചിരിച്ചു കൊണ്ട് പറഞ്ഞു. ഭയം കൊണ്ട് മുറുകിയ ക്ലാസ് പെട്ടന്ന് അയഞ്ഞു.

''ഇല്ല ടീച്ചർ.എനിക്കൊരു ഡോക്ര് ആകണം...''

''എല്ലാവരും  ഇങ്ങനെ ഡോക്ടർ ആയാൽ ആരാ പിന്നെ പാട്ടു പാടാൻ...അതിരിക്കട്ടെ ആരുടെ ആഗ്രഹമാ ഡോക്ടർ ആകണമെന്ന്. അമ്മയുടേയോ അച്ഛൻറെയോ...?''

''എന്റെ അമ്മ കാൻസർ വന്നു മരിച്ചപ്പോൾ മുതലുള്ള എൻറെ ആഗ്രഹമാ ടീച്ചർ....''

ലീലടീച്ചർ പെട്ടെന്ന് പിൻ ബെ



ഞ്ചിലിരുന്നു...

''അച്ഛൻ...?''

''ആറ്റിൽ വീണു മരിച്ചു...''

ലീലടീച്ചർ  ആശയെ ചേർത്തു പിടിച്ചു...അൽപനേരത്തിനുശേഷം ചോദിച്ചു,

''നീ എൻസിസിയിൽ ഉണ്ടോ?''

'ഇല്ല.''

''ജെഅർ സി?''

''ഇല്ല ടീച്ചർ.എനിക്കു ഗ്രേസ് മാർക്ക് ഒന്നുമില്ല.''

''നീ എല്ലാ വിഷയത്തിനും എ പ്ളസ് വാങ്ങോ?''

''ശ്രമിക്കും ടീച്ചർ...''

''പോരാ വാങ്ങുമെന്ന് ടീച്ചർക്കു വാക്കു തരണം.''

അന്ന് ടീച്ചറിൻറെ കൈയ്യിൽ തൊട്ട് ആശ വാക്കു കൊടുത്തു....

ടീച്ചർ ബിജുവിന്റെ കവിളിൽ തലോടി പറഞ്ഞു, മിടുക്കൻ. ബഹളം കുറച്ച് പഠിത്തത്തിൽ കൂടി ശ്രദ്ധിക്കണം കേട്ടോ. മറുപടിയായി അവൻ ഡസ്ക്കിൽ ഒരു സമ്മത താളം കൂടി കൊട്ടി. 'ടീച്ചറെ കൊട്ട് പഠിപ്പിക്കാൻ കൂടി ഒരു സാറിനെ വച്ചൂടേ. ഈ പാഠപുസ്തകം മാത്രം ആയപ്പോ ബോറ്. 'ബിജു ഒരാവശ്യം ഉന്നയിച്ചു. 'വയ്ക്കാമെടാ. നീ ആദ്യം എന്നും സ്കൂളിൽ വാ.എന്നിട്ട് ആലോചിക്കാം.' അവൻ ഒന്നുകൂടി ഡസ്ക്കിൽ സമ്മത താളമിട്ടു.

ആശ കഠിനമായി  തന്നെ പരിശ്രമിച്ചു. തൻറെ യാത്രയിൽ തുണയാകാൻ ഗ്രേസ് മാർക്കുകളൊന്നും തന്നെയില്ലെന്ന് അവൾക്കു നന്നെ ബോധ്യമുണ്ടായിരുന്നു. കണക്കുകൂട്ടലുകൾ ഒന്നും ചേരാത്ത അവളുടെ ജീവിതത്തിൽ കണക്ക് പിടികൊടുക്കാതെ ഒളിച്ചുകളി നടത്തി. അവൾ ലീലടീച്ചർക്കു നൽകിയ വാക്കു നിറവേറ്റാനായില്ല.

ടീച്ചർ ഇംഗ്ളീഷ് മീഡിയത്തിൻറെയും കാതറ കൂതറയുടേയും പിന്നാലെ പാഞ്ഞപ്പോൾ ഉണങ്ങി മെല്ലിച്ചു ക്ഷയരോഗം ബാധിച്ച മലയാളം മീഡിയത്തെ മറന്നു പോയി.

''സുകേശാ ബസ് ഒന്നു നിർത്തൂ''.  ലീലടീച്ചർ ആവശ്യപ്പെട്ടു. ഡ്രൈവർ സുകേശൻ ബസ് നിർത്തി. ടീച്ചർ ബസിൽ നിന്നും ഇറങ്ങി. ''ഇനിയുള്ള വീടുകളിൽ നിങ്ങൾ പോകൂ.. ഞാൻ തളർന്നു..മാത്രമല്ല ഒരല്പം പോലും എനിക്കു മുന്നോട്ടു നീങ്ങാനാകുന്നില്ല....''

ഏവരും  നിർബ്ബന്ധിച്ചെങ്കിലും തുടർന്നുള്ള യാത്രയിൽ നിന്നും  ടീച്ചർ പിൻവാങ്ങി. ചരലുകൾ നിറഞ്ഞ ചെമ്മൺപാത കഴിഞ്ഞ് തോടിനരികിലുള്ള ഇടുങ്ങിയ  നടപ്പാതയെത്തിയപ്പോൾ ഡ്രൈവർ പറഞ്ഞു ''ഇനി ഓട്ടോ പോകില്ല .''

ഓട്ടോ കാശ്  നൽകി ടീച്ചർ വെള്ളമില്ലാത്ത ഓടയ്ക്കുമുകളിലെ ചെറിയ സിമൻറുകട്ടി കടന്ന്  മുന്നോട്ടു നടന്നു. വെളിച്ചത്തിൽ ഇരുളു കലരാൻ തുടങ്ങിയിരിക്കുന്നു.പക്ഷികൾ തിരികെ പോകുന്നു... അരകിലോ മീറ്ററിലധികം കരിയിലകൾ മൂടിയ വഴിത്താരയിലൂടെ നടന്നു.ഒടുവിൽ ആ വഴിയും തീർന്നിടത്ത് ടീച്ചർ ആശങ്കയോടെ നിന്നു. പലരോടായി ചോദിച്ച് ഇവിടെ വരെ എത്തി. ഇനി...? ഫോണിൽ വിളിച്ചിട്ട് ഒട്ടു കിട്ടുന്നുമില്ല.

റബ്ബർ മരങ്ങൾക്കിടയിൽ കണ്ട ഒരു ഓടു മേഞ്ഞ വീട് പ്രതീക്ഷ നൽകി.ടീച്ചർ അങ്ങോട്ടു നടന്നു വാതിലിൽ  മുട്ടി കാത്തു നിന്നു. അൽപനേരത്തിനു ശേഷം  വീടിൻറെ വടക്കേപ്പുറത്തു നിന്നും വെളുത്തു നീണ്ടപെൺകുട്ടി വന്നു .

''അയ്യോ! എൻറെ  ടീച്ചർ...''ആശ അറിയാതെ പറഞ്ഞുപോയി. ഒരു വേള  അവൾ അന്ധാളിച്ചു നിന്നു.

''അല്ല,എന്നെ വീട്ടിലേയ്ക്കു വിളിക്കാതെ പുറത്തു നിർത്തിയിരിക്കുകയാണോ...?ആരോടൊക്കെ ചോദിച്ചുവെന്നറിയോ നിൻറെ വീടൊന്നു കണ്ടു പിടിക്കാൻ...''

ആശയുടെ കരംപിടിച്ചു കൊണ്ട് ടീച്ചർ പറഞ്ഞു.

''ടീച്ചർ വരൂ, ഇതെൻ്റെ വീടല്ല,ഇവിടുത്തെ മാമൻറെ മക്കളെയും വേറെ ചില കുട്ടികളെയും ഞാൻ ട്യൂഷൻ പഠിപ്പിക്കുന്നത് ഇവിടെ വച്ചാണ്.....''

''അപ്പോൾ ആശയുടെ വീട്...?''

'' കുറച്ചു കൂടി പോണം.ടീച്ചർ വരൂ...'' ആശ മുന്നിൽ നടന്നു.

തീർന്നുപോയ വഴിയിൽ നിന്നും വീണ്ടും അവർ മുന്നോട്ടു നടന്നു.അടുക്കിയ  കരിങ്കൽ കെട്ടുകൾ കയറി മുന്നോട്ടു മുകളിലേയ്ക്ക്. കെട്ടിനിടയിൽ നിന്നും ഒരു പാമ്പ് വെളിയിലേയ്ക്ക് തലയിട്ടു നോക്കി വിശേഷമൊന്നും ഇല്ലെന്നറിഞ്ഞ് തല തിരികെ വലിച്ചു.

മുന്നിൽ വീണ്ടും ഒരു നടവഴി തെളിഞ്ഞു വന്നു.ആ റബ്ബർതോട്ടത്തിൻറെ കിഴക്കേ ചരുവിൽ ഒരു ഓലക്കുടിലിനു മുന്നിൽ അവൾ നിന്നു.

പൊതുവെ അൽപം ഉയരം കുറഞ്ഞ ലീലടീച്ചർ ഒന്നുകൂടി കുനിഞ്ഞ് അകത്തു തിണ്ണയിൽ പ്രവേശിച്ചു. കവണയുടെ ആകൃതിയിലുള്ള അൽപ്പം കനമുള്ള മരക്കമ്പിൽ താങ്ങി നിൽക്കുന്ന മേൽക്കൂര.പഴക്കമേറി കറുത്തുപോയ നീല ടാർപ്പോളിൻ മുറിച്ചു കെട്ടിതിരിച്ച ഒരു കുഞ്ഞു മുറി.ഇറായം എന്നു പറയാവുന്ന ഒരു ചായ്പ്. ചായ്പിൽ ഒരു കയർകട്ടിൽ.ലീലടീച്ചർക്ക് വലിയൊരു കുന്നിൽ  നിന്നും താഴേയ്ക്കു പതിക്കുന്നതുപോലെ തോന്നി.ആശയോട് എന്തു പറയണമെന്നറിയാതെ ചുറ്റിലും നോക്കി. ഇരിക്കാൻ കസേരയില്ലാത്ത വീട്ടിൽ അത് അവൾ പറയാതറിഞ്ഞ് ചെറിയ കൈവരിയിൽ ടീച്ചർ ഇരുന്നു.

അൽപ്പസമയത്തിനകം റബ്ബർ മരങ്ങൾക്കിടയിൽ നിന്നും ചുള്ളിക്കമ്പുകളുടെ കെട്ടുമായി, കൂനിപ്പോയ ഒരു പ്രായമേറിയ ജീവിതം ഇറങ്ങി വന്നു.'' ടീച്ചർ ഇതെൻറെ അമ്മുമ്മ.''

ആശ അമ്മൂമ്മയെ ചേർത്തു പിടിച്ചു പരിചയപ്പെടുത്തി.

''വേറെ ആരൊക്കെയുണ്ട് മോൾക്ക്....?''

'' ഇനി അപ്പൂപ്പൻ കൂടിയുണ്ട്. വീടുകളിൽ പാലുകൊണ്ടു കൊടുക്കാൻ പോയിരിക്കുന്നു.....ഞാൻ ചായ എടുക്കട്ടെ .ടീച്ചർ ഇരിക്കൂ.''

**"ഞാൻ നാളെ ടീച്ചറെ സ്കൂളിൽ വന്നു കാണാനിരിക്കുകയായിരുന്നു. ഞങ്ങൾ കുട്ടികളല്ലേ അധ്യാപകരെ വന്നു കാണേണ്ടത്....''ലീലടീച്ചർ ആശയെ ചേർത്തു പിടിച്ചു. ഉള്ളിലൊരു കടച്ചിൽ,കണ്ണിൽ നിറയുന്ന നീർക്കണം...ആശ ഒരു കണ്ണുനീർത്തുള്ളിയാകുമ്പോഴും ഉള്ളിലൊരു തണുപ്പ്.... "നീയാണ് മോളെ യഥാർഥ വിജയി....നിനക്കു തരാൻ ഞാൻ ഒന്നും വാങ്ങിയില്ലല്ലോ. ഒരു മിഠായിയെങ്കിലും വാങ്ങാൻ ഞാൻ മറന്നു പോയല്ലോ..." ടീച്ചർ ഒരു അപരാധിയെപ്പോലെ തൻറെ ബാഗിൽ പരതി...**

'ചായവേണ്ട മോളെ.എനിക്കിത്തിരി തണുത്ത വെള്ളം.താ. നന്നെ ദാഹമുണ്ട്. 'അവൾ അകത്തേയ്ക്കു പോയി.അൽപ്പം അകലെ ചെറിയൊരു എരുത്തിൽ.അതിൽ ഒരു പശു. ഇപ്പോഴും പശുവളർത്തുന്നവരുണ്ടോ കേരളത്തിൽ ? ടീച്ചർക്ക് നേരിയ അത്ഭുതം തോന്നി.

അടുക്കളയിൽ നിന്നും  ഒരു ഗ്ളാസ് തണുത്ത വെള്ളവുമായി ആശ തിരിച്ചു  വന്നു.മറ്റൊന്നും തരാനില്ലെന്ന നിസ്സഹായത അവളുടെ കണ്ണുകളിൽ നിറഞ്ഞു. ആ വെള്ളം ലീലടീച്ചറിൻറെ  ഉള്ളിൽ കത്തിനിന്ന അഗ്നിക്കരികിലൂടെ ഒരു നീർച്ചാലായി ഒഴുകിയിറങ്ങി.

''ഞാൻ നാളെ ടീച്ചറെ സ്കൂളിൽ വന്നു കാണാനിരിക്കുകയായിരുന്നു. ഞങ്ങൾ കുട്ടികളല്ലേ അധ്യാപകരെ വന്നു കാണേണ്ടത്....''ലീലടീച്ചർ ആശയെ ചേർത്തു പിടിച്ചു.ഉള്ളിലൊരു കടച്ചിൽ,കണ്ണിൽ നിറയുന്ന നീർക്കണം...ആശ ഒരു കണ്ണുനീർത്തുള്ളിയാകുമ്പോഴും ഉള്ളിലൊരു തണുപ്പ്....

''നീയാണ് മോളെ യഥാർഥ വിജയി....നിനക്കു തരാൻ ഞാൻ ഒന്നും വാങ്ങിയില്ലല്ലോ.ഒരു മിഠായിയെങ്കിലും വാങ്ങാൻ ഞാൻ മറന്നു പോയല്ലോ...'' ടീച്ചർ ഒരു അപരാധിയെപ്പോലെ തൻറെ ബാഗിൽ പരതി...

''ഒന്നും വേണ്ട ടീച്ചർ.ടീച്ചറിൻറെ അനുഗ്രഹം മതി.'' അവൾ ലീലടീച്ചറിൻറെ പാദങ്ങൾ തൊട്ടു വന്ദിച്ചു ''ടീച്ചർ  എന്നെ തേടി വന്നല്ലോ.ഇതിലും വലിയ സമ്മാനം വേറെ കിട്ടാനില്ലല്ലോ..''

അവളെ കരങ്ങളിൽ ചേർത്ത് നിറഞ്ഞ മനസ്സോടെ ആ നെറുകയിൽ ചുണ്ടുകൾ ചേർത്തു.

തൻറെ ബാഗ് തുറന്ന് അതുവരെ ഓമനിച്ചു കൊണ്ടു നടന്നിരുന്ന, നഷ്ടപ്പെട്ടപ്പോഴൊക്ക അന്വേഷിച്ചു കണ്ടെത്തിയ, പച്ച മഷിയുള്ള തൻറെ പേന ആശയ്ക്കു നൽകി പറഞ്ഞു, ''എന്താവശ്യത്തിനും എപ്പോഴായാലും നീ എന്നെ വിളിക്കണം....''

വിളിക്കുമോ നീ....?'' ടീച്ചർ ആവർത്തിച്ചു ചോദിച്ചു .

''വിളിക്കും ടീച്ചർ.റിസൾട്ട് പറയാൻ ആദ്യവും അവസാനവും ഞാൻ വിളിച്ചത് ടീച്ചറിനെയല്ലേ....'' ടീച്ചർ അവളുടെ നെറുകയിൽ തലോടി.ആ സ്പർശനം ആശയിൽ ഒരാനന്ദമായി മാറി. നടവരമ്പു വരെ ആശ ലീലടീച്ചറിനെ അനുഗമിച്ചു.അതുവഴി പോയ ഓട്ടോ കൈകാണിച്ചു നിർത്തി ആശ പറഞ്ഞു,

''അജുചേട്ടാ, എൻറെ ടീച്ചറാ ഒന്നു ബസ് സ്റ്റോപ്പിൽ ഇറക്കിയേക്കണേ.. '' ഓട്ടോയിൽ കയറി കൈവീശി  ടീച്ചർ  പറഞ്ഞു, ''മോളിനി ' പൊയ്ക്കോ... മുന്നിൽ  ഇരുട്ടാണ് സൂക്ഷിക്കണേ...''

''ശരി ടീച്ചർ...''

പച്ചമഷിയുള്ള പേന മുറുകെ പിടിച്ച് അവൾ തിരികെ നടന്നു. ചൂടകന്ന മനസുമായി ലീലടീച്ചർ വീട്ടിലേയ്ക്കു തിരിച്ചു.അപ്പോൾ ഇരുളിൽ വെളിച്ചം പൂർണമായും ലയിച്ചിരുന്നു.

**Muthoot Finance USA Inc.**



# You Only NEED A GOLD LOAN To Make Your Dreams A REALITY!



**Just avail a gold loan from Muthoot Finance and experience a host of incredible benefits.**

| Maximum Loan Value | Quick Loan Approval | Easy Documentation |
| --- | --- | --- |
| Get the best loan value for your gold | Fast processing to get you your funds immediately | Hassle-free paperwork for a seamless loan experience |

**Trust the gold loan experts and secure your future today.**

Visit our branches at:

**New York Branch**
1620, Hillside Ave,
New Hyde Park, New York - 11040
+1 (516) 352 7900

**New Jersey Branch**
1407, Oak Tree Road,
Iselin, New Jersey - 08830
+1 (732) 305 8200

Live Chat: +91 8078014111

**Muthoot Family - 800 years of Business Legacy**


LAWSON
travel
Enjoy Your
Vacations
With Us
214-631-2458
www.LawsonTravel.com

കവിത



# പ്രണയത്തിന്റെ വേനൽ

മായ സുരേഷ്

ഒരു മഞ്ഞു തുള്ളി പോൽ
മനസ്സിൽ കിനിയുന്ന
ചെറുകുളിരാണ് നിൻ സ്നേഹം
ഒരുമിക്കയില്ലെന്നറിയിലും
എന്തിനോ ഉഴറുന്നിതെന്മനം

ഒരു വേള പോലുമാ മുഖമൊന്നു
കാണാതിരുന്നിട്ടുമെങ്ങനീ സ്നേഹം
ഉരുവായിതെന്നിലെന്നറിയില്ല
ഒരു മാത്ര പിരിയുവാനാകുന്നുമില്ല

തെളി നിലാവിന്നോളിക്കൊക്കുന്ന
നിൻ മൃദു ഹാസമെന്നുള്ളിൽ നിറച്ചു
അതിരില്ല മോഹത്തിൻ പടവേറി
ഞാനേതോ അറിയാത്ത ദൂരങ്ങൾ താണ്ടി
കനവിൻ ചിറകേറി എത്തുന്നു നിൻ ചാരെ

ജന്മാന്തര ബന്ധമാവാം
ഇതെന്റെ പ്രണയത്തിൻ വേനൽക്കാലം

ഇലകൾ കൊഴിഞ്ഞു
ഉണക്കു വന്നൊരു
പടു വൃക്ഷമായ് ഞാൻ നിൽക്കുമ്പോൾ

നിന്റെ അവഗണനയുടെ
കൊടും ചൂടേറ്റ് വീണ്ടും ഉണങ്ങുമ്പോൾ
എന്റെ നിഴലിൽ ഞാൻ
തണലു തേടാൻ കൊതിച്ചു നോക്കുമ്പോൾ
ചിറകു തളർന്നൊരു കിളിക്ക് പോലും
ഇരിപ്പിടാമേകാനൊരു ചില്ല
നിർത്താതെ നിൽക്കുമ്പോൾ

എന്റെ സ്വപ്നങ്ങൾ
കിനാവള്ളികൾ പോലെന്നിൽ പടർന്നു ചുറ്റി
ശ്വാസം മുട്ടിക്കുമ്പോൾ
ഒരു മഴ മേഘത്തിൻ കരുണക്കായ്
വരളുന്ന നാവ് നീട്ടി കൊതിക്കുമ്പോൾ
അറിയുന്നു ഞാൻ ഇതെൻ പ്രണയത്തിൻ വേനൽ
ഇതിലുണങ്ങി കരിഞ്ഞുപോകുന്നു ഞാൻ

പ്രിയനാണെനിക്കിവൻ
അര മാത്ര പോലും പിരിയാത്ത വണ്ണമെൻ
കരളു കെട്ടിയോൻ

നിറവാണെനിക്കിവനൊപ്പമുള്ളോരോ നിമിഷവും
ഇവനാണെനിക്കെന്റെ ജീവനും ശ്വാസവും

അരികിലെത്തുന്ന നേരമെൻ മിഴികളിൽ
മിഴികളൂന്നി വിശേഷങ്ങൾ ചൊല്ലവേ

മതി മറപ്പു ഞാൻ നിൻ മിഴിയാഴത്തിൽ
അലയടിക്കുന്നൊരൻപിൽ കുരുങ്ങുന്നു

തണലു നൽകുന്ന വൻ വടവൃക്ഷമായ്
അരികിൽ നീ നിൽക്കേ ശക്തയായ് തീരുന്നു
അതിരു വെയ്ക്കാതെ നീ എന്റെ വഴികളിൽ
കരുതലോടെയെൻ കൈത്താങ്ങായ് തീരുന്നു

വർഷമേറെ കഴിഞ്ഞെങ്കിലും സഖേ
ഒട്ടുമാറിയില്ലെന്റെ പ്രണയതീ

നിന്നിലെത്തുമ്പോ പൂർണ്ണയാകുന്നു ഞാൻ
കടലിലെത്തുന്ന പുഴയുടെ ദാഹം പോൽ

# NEW CAR KEYS

## ARE KEY TO SAVING ON CAR INSURANCE

*Call me today to see*
*How much you can save with*
*Allstate's New Car Discount*



**Allstate®**

You're in good hands.

**Joseph V Thomas**
(റജി വലിയകാല)
256-10 Union Turnpike
Floral Park, NY 11004
josephthomas@allstate.com
www.jvtassociates.com

CALL

**718 831 6500**

30 Plus years
in Insurance
Business

**We Offer 6 Hours Defensive Driving Course in NY/NJ**

ചെറുകഥ



വര: പി ആർ രാജൻ

# പിന്നെ ബാക്കിയായത്...

**ശ്രീകുമാർ ഭാസ്കരൻ**

മനുഷ്യമനസ്സെന്ന പ്രഹേളികയെപ്പറ്റി ഞാൻ ചിന്തിക്കുന്നത് വർഷങ്ങൾക്ക് മുൻപ് ഒരു ശാസ്ത്ര സമ്മേളനത്തിന്റെ സംയോജകനായി പ്രവർത്തിക്കുന്ന സമയത്താണ്.

അന്ന് ഞാൻ മധ്യകേരളത്തിലെ ഒരു ഗവേഷണ കേന്ദ്രത്തിൽ ഗവേഷകനായി പ്രവർത്തിക്കുന്ന സമയം. അപ്രതീക്ഷിതമായാണ് ആ ഗവേഷണസ്ഥാപനത്തിൽ വച്ച് ഒരു ശാസ്ത്രസമ്മേളനം നടത്താൻ തീരുമാനം ഉണ്ടായത്. ഒരു ശാസ്ത്ര



സംഘടനയുടെ ആഭിമുഖ്യത്തിൽ ആയിരുന്നു ആ സമ്മേളനം. ആ സമ്മേളനത്തിന് കേന്ദ്രസർക്കാരിൻറെ സാമ്പത്തിക സഹായവും ലഭ്യമായിരുന്നു. എൻറെ ഗൈഡ് ആയിരുന്നു സമ്മേളനത്തിന്റെ കാര്യദർശി. അദ്ദേഹത്തിൻറെ സഹായിയായി ഞാനും.

കേരളത്തിലെ എല്ലാ ശാസ്ത്രകുതുകികളേയും ക്ഷണക്കത്ത് മുഖാന്തരം ഞങ്ങൾ സമ്മേളനത്തിലേക്ക് ക്ഷണിച്ചിരുന്നു. വിശിഷ്ട വ്യക്തികളെ നേരിട്ട് പോയിക്കണ്ട് ക്ഷണിക്കുക. അതായിരുന്നു എന്റെ ശാസ്ത്രഗുരുവിന്റെ തീരുമാനം. അതിൻപ്രകാരം വിശിഷ്ട വ്യക്തി

കളെ ക്ഷണിക്കാൻ പോകുന്നത് എന്റെ ചുമതല ആയിരുന്നു.

അങ്ങനെയാണ് ഉത്തരകേരളത്തിലെ പ്രശസ്ത വൈദ്യനും സസ്യശാസ്ത്രജ്ഞനുമായ കേളു വൈദ്യരെ കാണാൻ ഞാൻ പോകുന്നത്. എൻറെ ഒരു അടുത്ത ബന്ധു വയനാട്ടിൽ ഉണ്ടായിരുന്നു. അദ്ദേഹത്തിൻറെ അയൽവാസിയും എൻറെ സുഹൃത്തുമായ ചാത്തുവേട്ടനുമായിട്ടാണ് ഞാൻ വൈദ്യരെ കാണാൻ പോയത്.

‘‘വൈദ്യരുടെ ശരിക്കുമുള്ള പേര് നീലകണ്ഠൻ എന്നാണ്. എല്ലാവരും കേളൂട്ടി വൈദ്യർ എന്ന് വിളിക്കുന്നു.’’ ചാത്തുവേട്ടൻ  പറഞ്ഞു.

വൈദ്യരുടെ വീട്ടിലേക്ക് മാനന്തവാടി ടൗണിൽ നിന്നും ഏഴു കിലോമീറ്റർ യാത്ര ദൂരം ഉണ്ടായിരുന്നു. അത്രയും ദൂരമുള്ള കാര്യം ഞങ്ങൾക്ക് അറിയാമായിരുന്നില്ല. അറിഞ്ഞിട്ടും വലിയ പ്രയോജനം ഉണ്ടായിരുന്നില്ല. അത് മറ്റൊരു സത്യം.

വൈദ്യരുടെ താമസസ്ഥലം ഒരു കുഗ്രാമമാണ്. മലകളും താഴ്വാരങ്ങളും ഉള്ള പ്രദേശം. വഴിയാണെങ്കിലോ ചെമ്മൺപ്പാത. അങ്ങോട്ട് വല്ലപ്പോഴും മാത്രമേ ജീപ്പ് ഉണ്ടായിരുന്നുള്ളു. ലൈൻ ബസ് ഇല്ല.

ഞങ്ങൾ ചെല്ലുന്ന സമയത്ത് മഴ പെയ്തു നാട്ടുവഴി പല ഭാഗത്തും ഒലിച്ചു പോയിരുന്നു. അതിനാൽ ജീപ്പ് സർവീസും നിർത്തിവച്ചിരിക്കുകയായിരുന്നു.

‘‘ഇനിയും എന്ത് ചെയ്യും’’ ചാത്തുവേട്ടൻ ചോദിച്ചു.

‘‘വേറെ മാർഗ്ഗമില്ല. ഇനിയുള്ളത് ഒരേയൊരു മാർഗ്ഗം.’’ ഞാൻ പറഞ്ഞു.

‘‘എന്തു മാർഗ്ഗം’’

‘‘നമ്മുടെ പൂർവ്വികരുടെ മാർഗ്ഗം. നടപ്പു തന്നെ.’’ ഞാൻ പറഞ്ഞു.

കേളു വൈദ്യരെ കാണാതെ പോകുന്നത് ശരിയല്ല. കാരണം ആ മനുഷ്യനെ കാണാൻ വേണ്ടി മാത്രമാണ് തൃശ്ശൂരിൽ നിന്നും ഇത്രയും ദൂരം എത്തിയത്. മാത്രമല്ല കാണാതെ തിരിച്ചു ചെന്നാൽ, എന്തുകൊണ്ട് കണ്ടില്ല എന്ന് ഗുരുവിനോട് പറയണം. അപ്പോൾ ഗുരു ചീത്ത വിളിക്കില്ല. പകരം ഒരു ചിരി ചിരിക്കും. എല്ലാം ഉണ്ട് ആ ചിരിയിൽ. എങ്ങനെ വേണമെങ്കിലും വ്യാഖ്യാനിക്കാവുന്ന ചിരി.

പണ്ട് വനവാസകാലത്ത് യുധിഷ്ഠിരനെ നോക്കി മാർക്കണ്ഡേയ മുനി ചിരിച്ച ചിരിയുണ്ടല്ലോ. അതേ ചിരി. ഒരായിരം വ്യാഖ്യാനങ്ങൾക്ക് പര്യാപ്തമായ ചിരി.

‘നീ ഈ ചെറിയ കാര്യത്തിന് പിന്തിരിഞ്ഞു എങ്കിൽ ശാസ്ത്രത്തിലെ വലിയ പ്രതിസന്ധിഘട്ടത്തിൽ നീ എങ്ങനെ മുന്നേറും’ എന്നാണ് ആ ചിരിയുടെ അർഥം. അതെനിക്കറിയാം.

ചില സമയത്ത് കൊല്ലുന്നതിനേക്കാൾ ഭീകരമാണ് നമ്മെ നോക്കി ഒരാൾ ആക്കി ച്ചിരിക്കുന്നത്. ‘ചിരിച്ചുകൊല്ലുക എന്ന് പറയില്ലേ അതു തന്നെ’. ആ കലയിൽ വിദഗ്ധനായിരുന്നു എൻറെ ഗുരു.  ഗുരുവിന്റെ കൊല്ലുന്ന ചിരിയിൽ നിന്നും രക്ഷപ്പെട്ടേ പറ്റൂ. ഞാൻ തീരുമാനിച്ചു.

എൻറെ സുഹൃത്ത് ചാത്തൂവേട്ടനും കേളുവൈദ്യരെപ്പറ്റി കേട്ടിട്ടേ ഉണ്ടായിരുന്നുള്ളൂ. നേരിട്ട് കണ്ടിട്ടില്ല. അദ്ദേഹത്തിൻറെ വീട്ടിൽ പോയിട്ടുമില്ല. ടൗണിൽ നിന്നും ആ വീട്ടിലേക്ക് എത്ര ദൂരം ഉണ്ടെന്നും അറിഞ്ഞുകൂടാ.

പക്ഷേ ചാത്തൂവേട്ടൻറെ പ്രത്യേകത അദ്ദേഹം എന്തുചെയ്യാനും എപ്പോഴും ഒരുക്കമാണ് എന്നതാണ്. ഒന്നിനും പിന്നോട്ടില്ല. ഒരു കാര്യം തീരുമാനിച്ചാൽ അത് ചെയ്തു തന്നെ തീരണം. പിന്മാറാൻ പാടില്ല. അതാണ് ചാത്തൂവേട്ടൻറെ ഫിലോസഫി.

നമുക്കിന്ന് വൈകിട്ട് അമേരിക്കൻ പ്രസിഡൻറ് കൂടിരുന്ന് അത്താഴം കഴിക്കാം എന്ന് പറഞ്ഞാൽ, ‘ഓ ശരി’ എന്ന് പറയുന്ന പാർട്ടിയാണ്. അതിൻറെ നടപ്പുവശം പിന്നെ. നടക്കില്ല എന്ന ആശയം ഒരു കാര്യത്തിലും ആ മനുഷ്യനില്ല.

മുൻപ് ഒരിക്കൽ ഞാൻ വയനാട്ടിൽ എത്തിയപ്പോൾ ഞണ്ട് പിടുത്തത്തെപ്പറ്റി ചാത്തൂവേട്ടൻ പറഞ്ഞു.

‘‘ഇടയ്ക്കു ഞങ്ങൾ ഞണ്ട് പിടിക്കാൻ പോകും’’.

‘‘എപ്പോൾ ‘‘ഞാൻ ചോദിച്ചു.

‘‘വെളുപ്പിനെ. അപ്പോഴേ ഞണ്ട് പൊത്തിൽ നിന്നും പുറത്തിറങ്ങുകയുള്ളു. എന്താ താല്പര്യമുണ്ടോ?’’ ചാത്തുവേട്ടൻ ചോദിച്ചു.

‘‘നോക്കാം’’ ഞാൻ പറഞ്ഞു. ഞാൻ ഒരു ഓളത്തിനങ്ങ് പറഞ്ഞതാണ്.

അത്താഴം കഴിഞ്ഞു. ഞാൻ നേരത്തെ കിടന്നു. വയനാട്ടിലെ തണുപ്പല്ലേ. പെട്ടെന്ന് ഉറങ്ങിപ്പോയി.

വാതിലിൽ ഒരു മുട്ട് കേട്ടാണ് ഉണർന്നത്. ഞാൻ ലൈറ്റ് ഇട്ടു. വാതിൽ തുറക്കുമ്പോൾ മുന്നിൽ ചാത്തുവേട്ടൻ. മഫ്ലർ ചുറ്റി ടോർച്ചും പിടിച്ച്. കയ്യിൽ ഒരു വില്ലും കുറച്ചു അമ്പുകളുമുണ്ട്. അമ്പ്  കുടക്കമ്പി അടിച്ചുകൂർപ്പിച്ച് ഉണ്ടാക്കിയതാണ്.

ഞാൻ ക്ലോക്കിലേക്ക് നോക്കി. സമയം രണ്ടാകാൻ ഇനിയും പത്തു മിനിറ്റ് ബാക്കി. പത്തു മിനിറ്റ് വയലിലേക്ക്  നടന്നെത്താനുള്ള സമയമാണെന്ന് എനിക്ക് മനസ്സിലായി.

> **എൻറെ സങ്കല്പത്തിൽ ഉള്ള വീടായിരുന്നില്ല കേളു വൈദ്യരുടെത്. ചാണകം മെഴുകിയ മൺഭിത്തിയോടു കൂടിയ ഒരു പുല്ലു മേഞ്ഞ വീട്. അതായിരുന്നു പാരമ്പര്യ വൈദ്യനായ കേളു വൈദ്യരുടെ വീടായി ഞാൻ മനസ്സിൽ കണ്ടത്. പക്ഷെ ഞങ്ങൾ ചെന്ന് കയറിയത് ഒരു കോൺക്രീറ്റ് കെട്ടിടത്തിലേക്കായിരുന്നു. കെട്ടിടത്തിനു മുകളിൽ വലിയ ഒരു ഡിഷ് ആന്റിന ഉണ്ടായിരുന്നു. ഒരു മുറിയുടെ പകുതി ഭാഗം കവർ ചെയ്യാൻ പോന്ന വലിപ്പമുള്ള ഒന്ന്.**

ഞാൻ ഒന്നും മിണ്ടാതെ ഒരു മൂന്നു നാലു മഫ്‌ലർ എടുത്തു തലയിൽ ചുറ്റി രണ്ടുമൂന്ന് സ്വെറ്റർ എടുത്തിട്ട് ചാത്തുവേട്ടൻറെ കൂടെ നടന്നു.

'തീരുമാനിച്ചാൽ നടപ്പാക്കുക'. അതാണ് ചാത്തുവേട്ടൻ.

''ടൌണിനടുത്ത് ആയിരിക്കും. അവിടെയെത്തി ആരോടെങ്കിലും ചോദിച്ചു വൈദ്യരുടെ വീട്ടിലെത്താം.'' ചാത്തുവേട്ടൻ പറഞ്ഞു.

മാനന്തവാടി ടൌണിൽ ഇറങ്ങി ചുറ്റും നോക്കിയപ്പോൾ ആദ്യം കണ്ണിൽ പെട്ടത് ഒരു ഹോട്ടലാണ്. പേരില്ലാത്ത ഹോട്ടൽ. ഒരു ഓടു മേഞ്ഞ ഹോട്ടൽ. മുൻവശം പുല്ലു മേഞ്ഞു ചായ്പ് പോലെ ഇറക്കിയിരിക്കുന്നു. അതിന്റെ അകത്തു ഒരാൾ ചായ അടിച്ചു കൊണ്ട് നിൽക്കുന്നു. ഞങ്ങൾ അങ്ങോട്ട് നടന്നു. രണ്ടു ചായ ഓർഡർ ചെയ്തു. ഞങ്ങൾക്കുള്ള ചായ എടുക്കുമ്പോൾ അദ്ദേഹത്തോട് കേളു വൈദ്യരുടെ വീട് അന്വേഷിച്ചു.

''ഓ. അത് അടുത്ത് തന്നെ. ഇവിടുന്നു രണ്ടു മലയ്ക്കപ്പുറം.''

ഞങ്ങൾക്ക് ചായ നീട്ടുമ്പോൾ കാര്യം അദ്ദേഹം കൂടുതൽ വ്യക്തമാക്കി.

''ദാ ആ മലയില്ലേ അതിനപ്പുറത്ത് ഒരു മല കൂടിയുണ്ട്. അതിന്റെ അപ്പുറത്തെ വശത്താണ് വൈദ്യരുടെ വീട്.''

''ഒരു പത്തുമിനിട്ടു നടക്കാനുള്ള ദൂരമേയുള്ളൂ.''

ചായക്കടക്കാരൻ ഒന്നുകൂടി ഊന്നിപ്പറഞ്ഞു. അപ്പോൾ ഞാൻ തീരുമാനിച്ചു. ഒന്നര കിലോമീറ്റർ. ഉറപ്പ്.

''അങ്ങോട്ട് ജീപ്പോ മറ്റോ ഉണ്ടോ'' ചാത്തുവേട്ടൻ ചോദിച്ചു.

''മൂന്നാല് ദിവസമായി ഇല്ല. ആ വഴിക്ക് മണ്ണെല്ലാം മഴയത്ത് ഒലിച്ചുപോയിക്കിടക്കുവാ. ജീപ്പ് പൂഴ്ത്തിപ്പോകും. അതുകൊണ്ട് ജീപ്പുകാര് അങ്ങോട്ടുള്ള പോക്ക് നിർത്തി. ഇനി പഞ്ചായത്തുകാര് വന്നു മണ്ണു വെട്ടിക്കൂട്ടിയിട്ടിട്ടു വേണം ഓട്ടം തുടങ്ങാൻ.''

ചായക്കടക്കാരൻ പറഞ്ഞു. പിന്നെ അദ്ദേഹം ആത്മഗതം എന്നപോലെ പറഞ്ഞു.

''അതൊക്കെ ഇനി എന്നാവാനാ. പഞ്ചായത്തുകാരുടെ കാര്യമല്ലിയോ.''

''പത്തു മിനിട്ട് നടന്നാൽ പോരേ. നമുക്ക് നടക്കാം.'' ഞാൻ പറഞ്ഞു.

പിന്നെ നിന്നില്ല. ഞങ്ങൾ കഥ പറഞ്ഞു നടന്നു തുടങ്ങി.

ഞങ്ങൾ നടക്കാൻ തുടങ്ങിയിട്ട് അരമണിക്കൂറിലധികം ആയിരുന്നു. ഞാൻ പതുക്കെ അണച്ചു തുടങ്ങി. ചാത്തുവേട്ടന് നടപ്പൊരു പ്രശ്നമല്ല. എന്നിട്ടും ചാത്തുവേട്ടനും ശ്വാസം വലിച്ചെടുത്തു തുടങ്ങി.

**ഞാൻ നോക്കി. റോഡിൻറെ മറുപുറത്ത് കൂടി ഒരു ഭ്രാന്തൻ നടന്നു പോകുന്നു. വെറുതെ പോവുകയല്ല. താഴോട്ട് സൂക്ഷ്മതയോടെ നോക്കിയാണ് നടപ്പ്. നോട്ടം താഴോട്ട് മാത്രം. റോഡിൻറെ വശത്തോട് ചേർന്ന് ആർക്കും ശല്യം ഇല്ലാതെയാണ് നടപ്പ്. ഉദ്ദേശം ഒരു അറുപതു വയസ്സ് വരും. പ്രാകൃതമായ രൂപം. നട്ടെല്ലിനോട് ചേർന്ന് നിൽക്കുന്ന വയർ. ഒരു മുഷിഞ്ഞ കള്ളികൈലി മാത്രം വേഷം. ആ മനുഷ്യനെ തണുപ്പ് ബാധിക്കുന്നില്ല എന്ന് തോന്നി.**

''ഇത്രയും ദൂരമുണ്ടാകുമെന്നു പുള്ളി പറയുന്നത് കേട്ടപ്പോൾ തോന്നിയില്ല''. ചാത്തുവേട്ടൻ പറഞ്ഞു.

''ശരിയാണ്'' ഞാൻ ശരിവച്ചു.

അന്ന് തിരുവോണമായിരുന്നു.

''ഊണ് കാലമാവുമ്പോൾ ഇങ്ങെത്തണം.'' വൈദ്യരെക്കാണാൻ പുറപ്പെടുമ്പോൾ ബന്ധു ഓർമ്മിപ്പിച്ചു.

''ഓ. ഒരു പതിനൊന്നരയ്ക്ക് അപ്പുറം പോകില്ല.'' ഞാൻ ഉറപ്പു കൊടുത്തു.

കേളു വൈദ്യരുടെ വീട്ടിലേക്ക് അത്രയും ദൂരമേ ഉണ്ടാകുകയുള്ളൂ എന്ന് ഞാൻ ഊഹിച്ചു. മാനന്തവാടിയിലാണ് വൈദ്യർ എന്ന് കേട്ടിരുന്നു. അപ്പോൾ ടൌണിനടുത്ത് എവിടെങ്കിലും ആയിരിക്കും എന്ന് ഞാൻ കരുതി. പക്ഷെ എനിക്ക് തെറ്റി.

ചായക്കടക്കാരൻ പറഞ്ഞ 'അടുത്തു തന്നെ' എന്ന പ്രയോഗത്തിൽ പരമാവധി ഒരു കിലോമീറ്റർ കൂടിയാൽ ഒന്നര കിലോമീറ്റർ അത്രയുമേ ഞാൻ കരുതിയുള്ളൂ. പക്ഷേ ചായക്കടക്കാരൻറെ അടുത്ത എന്ന പ്രയോഗത്തിന് ഏഴു കിലോമീറ്റർ നീളമുണ്ടെന്ന് നടന്നപ്പോളെ മനസ്സിലായുള്ളൂ.

പത്തുമിനിറ്റ് മുക്കാൽ മണിക്കൂറായിട്ടും കണ്ണിൽ കണ്ട ആദ്യ മല തീർന്നില്ല. അപ്പോൾ ഒരു കാര്യം മനസ്സിലായി. ദൂരം ഒന്നര കിലോമീറ്റർ അല്ല.

പക്ഷെ ഞങ്ങൾ വിട്ടില്ല. അവസാനം കേളു വൈദ്യരുടെ വീട്ടിലെത്തിയപ്പോൾ കുറയാതെ രണ്ടു മണിക്കൂർ കഴിഞ്ഞിരുന്നു.

എൻറെ സങ്കല്പത്തിൽ ഉള്ള വീടായിരുന്നില്ല കേളു വൈദ്യരുടെത്. ചാണകം മെഴുകിയ മൺഭിത്തിയോടു കൂടിയ ഒരു പുല്ലു മേഞ്ഞ വീട്. അതായിരുന്നു പാരമ്പര്യ വൈദ്യനായ കേളു വൈദ്യരുടെ വീടായി ഞാൻ മനസ്സിൽ കണ്ടത്. പക്ഷെ ഞങ്ങൾ ചെന്ന് കയറിയത് ഒരു കോൺക്രീറ്റു കെട്ടിടത്തിലേക്കായിരുന്നു. കെട്ടിടത്തിനു മുകളിൽ വലിയ ഒരു ഡിഷ് ആന്റിന ഉണ്ടായിരുന്നു. ഒരു മുറിയുടെ പകുതി ഭാഗം കവർ ചെയ്യാൻ പോന്ന വലിപ്പമുള്ള ഒന്ന്.

മാസങ്ങൾക്ക് മുൻപ് ഫോറസ്റ്റിന്റെ വിദ്യാഭ്യാസവകുപ്പിൽ ജോലി ചെയ്യുന്ന എൻറെ ഒരു സുഹൃത്ത് എന്നോട് പറഞ്ഞു 'ഞാൻ ആദ്യമായി പ്ലാസ്മ ടി. വി. കാണുന്നത് ഒരു ആദിവാസിയുടെ വീട്ടിലാണ്' എന്ന്.

അത് ശരിയാണ് എന്ന് എനി

ക്കും പിന്നീട് മനസ്സിലായി ഞാൻ ആ ആദിവാസി കോളനിയിൽ പിന്നീട് പോയപ്പോൾ.

നമ്മുടെ സങ്കല്പത്തിലെ ആദിവാസികൾ, വിദ്ധ്യാഭ്യാസമില്ലാത്ത, കുളിക്കാത്ത, ആധുനികത ഒന്നുമറിയാത്ത മനുഷ്യരാണ്. നമ്മുടെ സിനിമകൾ അതാണ് നമ്മളെ പഠിപ്പിക്കുന്നത്.

ആദിവാസിപ്പെണ്ണിനു വേണ്ടത്ര ഉടുതുണിയില്ല. നല്ല മലയാളം അറിയില്ല. അങ്ങനെ ആദിവാസികളെ അപമാനിക്കുന്നതിൽ നമ്മുടെ സിനിമയ്ക്കുള്ള പങ്ക് ചെറുതല്ല. എന്തിന് നമ്മുടെ സർക്കാർ സംവിധാനം പോലും ആദിവാസികളെ ചിത്രീകരിക്കുന്നത് അങ്ങനെയാണ്. അവർ ഒരിക്കലും ഉയരാൻ പാടില്ല എന്ന നിർബന്ധബുദ്ധിയോടെ.

പണ്ട് ഞാൻ ഡിഗ്രിക്ക് പഠിക്കുമ്പോൾ ഞങ്ങളെ മലയാളം പഠിപ്പിച്ചിരുന്ന പ്രൊഫ സ്സർ, കാളിദാസന്റെ 'അഭിജ്ഞാന ശാകുന്തളം' നാടകം പഠിപ്പിക്കുമ്പോൾ പറഞ്ഞത്, ശകുന്തള ദുഷ്യന്തനെ 'ആര്യപുത്ര' എന്നു വിളിക്കുവാൻ സാദ്ധ്യതയില്ല. കാരണം കാട്ടിൽ വളർന്ന പെണ്ണ് എങ്ങനെ സ്ഫടിക സ്ഫുടമായി ഭാഷ ഉപയോഗിക്കും. അതുകൊണ്ടു ശകുന്തള ദുഷ്യന്തനെ 'അയ്യപുത്ര' എന്നായിരിക്കണം വിളിച്ചിട്ടുണ്ടാവുക.

അന്ന് ആ അദ്ധ്യാപകന്റെ അഭിപ്രായത്തോട് എനിക്കും യോജിപ്പായിരുന്നു. പക്ഷേ പിന്നീട് ചിന്തിച്ചപ്പോഴാണ് അദ്ദേഹം പറഞ്ഞത് എത്ര വലിയ വങ്കത്തരമാണെന്ന് മനസ്സിലായത്.

ശിഷ്യരെ വിദ്യ അഭ്യസിപ്പിക്കുന്ന കണ്വമഹർഷിയുടെ ആശ്രമത്തിൽ വളർന്ന ഒരു പെൺകുട്ടി എങ്ങനെ പ്രാകൃതമായി സംസാരിക്കും.

ഏറ്റവും നല്ല ഭാഷ അവരുടേതായിരിക്കും. കാരണം മറ്റ് ഭാഷ പോലെയല്ല സംസ്കൃതം. അതിൽ വ്യാകരണത്തിനും അതിലുപരി ഉച്ചാരണത്തിനും വലിയ പ്രാധാന്യമുണ്ട്. ചില വാക്കുകൾ ഉച്ചരിക്കുമ്പോൾ തല ചാഞ്ഞും ചരിച്ചും മാത്രമേ ഉച്ചരിക്കുകയുള്ളു. ആ രീതിയിലാണ് ഇന്നും തമിഴ്നാട്ടിലെ ദീക്ഷിതന്മാർ കുട്ടികളെ സംസ്കൃതം പഠിപ്പിക്കുന്നത്.

തലയുടെ ചലനം പോലും ശ്രദ്ധിച്ചാണ് സംസ്കൃതം പഠിക്കുന്നത് എന്നു സാരം. അപ്പോൾ സംസ്കൃത ചിത്തയായ ശകുന്തള പ്രാകൃതമായി അയ്യപുത്ര എന്നായിരിക്കണം വിളിച്ചിട്ടുണ്ടാവുക എന്ന് അഭിപ്രായപ്പെട്ട ആ പ്രൊഫസ്സറിന്റെ ഭാഷാജ്ഞാനത്തെപ്പറ്റി എന്ത് പറയാൻ.

കേളു വൈദ്യരുടെ ആധുനികത നിറഞ്ഞ വീട് കണ്ട് ഒരു നിമിഷം ഞാൻ അമ്പരന്നു.

''നമ്മൾ ആളുകളെ വളരെ അണ്ടർ എസ്റ്റിമേറ്റു ചെയ്യുന്നു.'' എൻറെ ആത്മഗതം അല്പം ഉറക്കെയായിപ്പോയി.

''എന്ത്''ചാത്തുവേട്ടൻ ചോദിച്ചു.

''ഒന്നുമില്ല. കയറാം.'' ഞാൻ പറഞ്ഞു.

ഞങ്ങൾ കേളു വൈദ്യരുടെ വീട്ടിലേക്കു കയറി.

പുറത്ത് ഓട്ടുമണി. അത് നന്നായി. പവർകട്ടുള്ള സമയത്തും ഒരാൾക്ക് വന്ന വിവരം അറിയിക്കാൻ പറ്റിയത് ഓട്ടുമണിയാണ്. ഞങ്ങൾ മണിയടിച്ചു.

ഒരു കറുത്ത രൂപം ഇറങ്ങി വരും എന്ന് കരുതി. അതും തെറ്റി.

ഇറങ്ങി വന്നത് പവൻ നിറമുള്ള ഒരു കുറിയ മനുഷ്യൻ. കൃശഗാത്രൻ. ഏകദേശം ഒരു എഴുപത്തഞ്ചു വയസ്സ് മതിക്കും. നല്ല ഐശ്വര്യമുള്ള മുഖം. മുടി വശക്കുടുമ കെട്ടിയിരിക്കുന്നു. പാരമ്പര്യം വിളിച്ചോതുന്ന രീതി.

നിറഞ്ഞ ചിരിയോടെ അദ്ദേഹം ഞങ്ങളെ സ്വീകരിച്ചു. ഞങ്ങൾ വന്ന വിവരം പറഞ്ഞു. ക്ഷണക്കത്ത് കൈമാറി.

അദ്ദേഹത്തിനു ശാസ്ത്രസമ്മേളനം പുതിയ അനുഭവം അല്ല. ധാരാളം പോയിരിക്കുന്നു.

''ഇത്രയും ദൂരം ഇപ്പോൾ ആവതില്ല.'' അദ്ദേഹം പറഞ്ഞു.

പിന്നെ വൈദ്യത്തെപ്പറ്റി ഏറെ സംസാരിച്ചു. അദ്ദേഹത്തിന്റെ അടുത്ത് പഠിക്കാൻ സർക്കാർ തിരഞ്ഞെടുത്തു വിടുന്ന വിദ്ധ്യാർത്ഥികൾ ഉള്ള കാര്യം പറഞ്ഞു. ഒരു നിശ്ചിത സംഖ്യ സർക്കാർ അദ്ദേഹത്തിന് പ്രതിഫലമായി മാസാമാസം നൽകുന്നുണ്ട്.

കാര്യങ്ങൾ എല്ലാം പറഞ്ഞു കഴിഞ്ഞ് ഇറങ്ങുപ്പോൾ അദ്ദേഹം സമീപത്തുള്ള അണ്ണൻ വൈദ്യനെ കാണണം എന്ന് പറഞ്ഞു.

''അണ്ണൻ വിഷഹാരിയാണ്. മറക്കാതെ കാണണം. ക്ഷണിക്കണം.''

''ശരി'' ഞങ്ങൾ സമ്മതിച്ചു.

സാധാരണ ഒരേ മേഖലയിൽ പ്രവർത്തിക്കുന്നവർ തമ്മിൽ നല്ല ബന്ധം ആയിരിക്കില്ല. പരസ്പര അസൂയ കാണും. 'ഒരു ആശാരിക്കു മറ്റൊരു ആശാരിയെ കണ്ടു കൂടാ' എന്ന് പറയുന്നത് പോലെ. തൊഴിൽക്കുശുമ്പ്.

പക്ഷെ അതിനു വിപരീതമായിരുന്നു കേളു വൈദ്യരുടെ പെരുമാറ്റം. അദ്ദേഹം നിർബന്ധപൂർവ്വം ഞങ്ങളെ അണ്ണൻ വൈദ്യന്റെ അരുകിലേക്ക് പറഞ്ഞു വിട്ടു.

''വൈദ്യര് കുറിച്ച്യ വിഭാഗമാണ്. പണ്ട് പഴശ്ശിസേനയിലെ ഭടന്മാരുടെ പാരമ്പര്യം. ഇവർക്ക് അമ്പും വില്ലും ഉപയോഗിക്കാനുള്ള അധികാരമുണ്ട്. പഞ്ചാബികൾക്ക് കൃപാൺ എന്ന പോലെ. അമ്പും വില്ലും ഇവരുടെ പാരമ്പര്യജീവിതത്തിന്റെ ഭാഗമാണ്.'' ചാത്തുവേട്ടൻ പറഞ്ഞു.

''അമ്പും വില്ലും ദുർവിനിയോഗിക്കാനുള്ള സാധ്യതയില്ലേ'' ഞാൻ ചോദിച്ചു.

''ഇവർ അങ്ങനെ ചെയ്യില്ല. നേര് വിട്ടുള്ള ഒരു കാര്യവും ഇവർ ചെയ്യില്ല. സത്യസന്ധതയും ധാർമ്മികതയും ഇവരുടെ കൂടെപ്പിറപ്പാണ്.''



ചാത്തുവേട്ടൻ പറഞ്ഞു. ''എന്നാൽ മറ്റു ചിലർ അത് ഫലപ്രദമായി ഉപയോഗിച്ചിട്ടും ഉണ്ട്.''

''അതെന്താണ്'' ഞാൻ ചോദിച്ചു.

''എൻറെ പരിചയത്തിലുള്ള ഒരാൾ അദ്ദേഹത്തിന്റെ രാഷ്ട്രീയ ശത്രുവിനെ തെങ്ങ് കയറുന്ന സമയത്ത് പിൻകഴുത്തിൽ എയ്തു വീഴ്ത്തിയിട്ടുണ്ട്. ശത്രു തെങ്ങിൽ നിന്നും വീണു മരിച്ചു.''

''എന്നിട്ട് കേസായില്ലേ'' ഞാൻ ചോദിച്ചു.

''അതൊക്കെ കണക്കാ. കേസ് തേഞ്ഞുമാഞ്ഞു പോയി. പോയോന് പോയി. അവന്റെ വീട്ടുകാർക്ക് പോയി. അത്ര തന്നെ.'' ചാത്തുവേട്ടൻ പറഞ്ഞു.

ഞങ്ങൾ അണ്ണൻ വൈദ്യരുടെ വീടിനു മുൻപിൽ എത്തി.

അണ്ണൻ വൈദ്യർ കുറിച്ച്യ വിഭാഗക്കാരൻ തന്നെ. കൃഷ്ണശിലയിൽ കടഞ്ഞെടുത്ത ഒരു രൂപം. ആറടി പൊക്കമുള്ള ഒത്ത ഒരാൾ. വശക്കുടുമ.

അണ്ണൻ വൈദ്യരുടെ വീട് എൻറെ സങ്കല്പ്പത്തിലേത് പോലെ ആയിരുന്നു. അകത്തളത്തോട് കൂടിയ ചതുർശാല. പൂർണമായും പുല്ലു മേഞ്ഞ വീട്. ചാണകം മെഴുകിയ മൺഭിത്തി.

അണ്ണൻ വൈദ്യൻ സൗഹാർദ്ദപൂർവ്വം സംസാരിച്ചു. അദ്ദേഹവും വരാൻ സാധ്യതയില്ല. കാരണം അദ്ദേഹത്തിന് ആഹാര കാര്യത്തിലും മറ്റും ചില നിഷ്ഠകൾ ഉണ്ട്. പുറത്ത് നിന്നും ഭക്ഷണം കഴിക്കില്ല. അങ്ങനെയുള്ള ഒരാൾ മൂന്നു ദിവസം നീണ്ടു നിൽക്കുന്ന ഒരു സമ്മേളനത്തിൽ എങ്ങനെ പങ്കെടുക്കും.

ഞങ്ങൾ അണ്ണൻ വൈദ്യരോട് യാത്ര പറഞ്ഞിറങ്ങി. വീണ്ടും നടത്തം.

ഇങ്ങോട്ടുള്ള യാത്രയിൽ ദൂരം കുറഞ്ഞപോലെ തോന്നി. ടൗണിൽ എത്തുമ്പോൾ സമയം വൈകിട്ട് അഞ്ചര.

ചെറിയ ചാറ്റൽമഴ പൊടിക്കുന്നുണ്ട്. കോടമഞ്ഞ് മൂടിക്കെട്ടിവരുന്നു. മഴക്കാറുള്ളതു കൊണ്ടാകാം സന്ധ്യയുടെ പ്രതീതി. ഞങ്ങൾ പഴയ ചായക്കടയിൽ കയറി രണ്ടു ദോശ കഴിച്ചു. അങ്ങനെ തിരുവോണത്തിന്റെ ഉച്ചഭക്ഷണം വൈകിട്ട് അഞ്ചരക്ക് രണ്ടു ദോശയിൽ ഒതുക്കി.

രാവിലെ മുതൽ നടപ്പ് തുടങ്ങിയതാണ്. രാവിലെ എട്ടു മണിക്ക് കഴിച്ചതിൽ പിന്നെയുള്ള ആദ്യ ഭക്ഷണം. ഇടയ്ക്ക് ഒരു നാരങ്ങാവെള്ളം പോലും കുടിക്കാനുള്ള സൗകര്യം ഉണ്ടായിരുന്നില്ല. പോയ വഴിയിൽ കടകൾ ഒന്നുമില്ല.

പിന്നെ രണ്ടു ചായ വാങ്ങി പുറത്ത് വന്നു കുടിച്ചു തുടങ്ങി. ടൗണിനെച്ചുറ്റി മല നിരകളാണ്. നിരപ്പ് സ്ഥലം അല്പം മാത്രം. ദൂരേക്ക്

നോക്കിയാൽ മനോഹരമായ മലനിരകൾ. ഞാൻ ആ മനോഹര കാഴ്ച കണ്ടുകൊണ്ട് ചായ സാവകാശം കുടിച്ചു തുടങ്ങി.

മാനന്തവാടി ടൗൺ പതുക്കെ ശൂന്യമാവുകയാണ്. വാഹനങ്ങൾ എല്ലാം സ്റ്റാൻഡ് പിടിച്ചു തുടങ്ങി. വയനാടിന്റെ തനത് നിശബ്ദതയിലേക്ക് ടൗൺ ചുരുങ്ങി വരുന്നു. മുന്നിൽ പതുക്കെ മൂടൽമഞ്ഞ് കനം വെച്ച് തുടങ്ങി. ഞാൻ ആ മനോഹര കാഴ്ച ആസ്വദിച്ചു നിന്നു.

'അല്പം നടന്ന് കഷ്ടപ്പെട്ടാലെന്താ. ഈ മനോഹര കാഴ്ച കണ്ടില്ലേ. ഇത്രയും നടന്നില്ലായിരുന്നുവെങ്കിൽ അത് പറ്റുമായിരുന്നോ'. ഞാൻ ചിന്തിച്ചു. 'ഇല്ല ഉറപ്പാണ്'. ഞാൻ തന്നെ അതിന് ഉത്തരവും കണ്ടു.

ആ സമയം ഞങ്ങൾക്ക് വഴി പറഞ്ഞു തന്ന ചായക്കടക്കാരനോടുള്ള കാലുഷ്യം പൂർണമായും അലിഞ്ഞു പോയി. പകരം ആ സ്ഥാനത്ത് ഒരു കൃതജ്ഞത രൂപപ്പെട്ടു.

പുറത്തെ മനോഹര ദൃശ്യം ആസ്വദിച്ചു നിൽക്കുമ്പോൾ ചാത്തുവേട്ടൻ അടുത്തു വന്നു. എന്നിട്ട് റോഡിന്റെ എതിർവശത്തേക്ക് വിരൽ ചൂണ്ടിപ്പറഞ്ഞു.

''ജീവിക്കുന്ന രക്തസാക്ഷിയാണ് ആ പോകുന്നത്.''

ഞാൻ നോക്കി. റോഡിൻറെ മറുപുറത്ത് കൂടി ഒരു ഭ്രാന്തൻ നടന്നു പോകുന്നു. വെറുതെ പോവുകയല്ല. താഴോട്ട് സൂക്ഷ്മതയോടെ നോക്കിയാണ് നടപ്പ്. നോട്ടം താഴോട്ട് മാത്രം. റോഡിൻറെ വശത്തോട് ചേർന്ന് ആർക്കും ശല്യം ഇല്ലാതെയാണ് നടപ്പ്. ഉദ്ദേശം ഒരു അറുപതു വയസ്സ് വരും. പ്രാകൃതമായ രൂപം. നട്ടെല്ലിനോട് ചേർന്ന് നിൽക്കുന്ന വയർ. ഒരു മുഷിഞ്ഞ കള്ളിക്കൈലി മാത്രം വേഷം. ആ മനുഷ്യനെ തണുപ്പ് ബാധിക്കുന്നില്ല എന്ന് തോന്നി.

ആ മനുഷ്യൻ വളരെ സാവകാശം ആണ് നടക്കുന്നത്. നടക്കുമ്പോൾ താഴെക്കിടക്കുന്ന കടലാസ് കഷ്ണങ്ങൾ പെറുക്കിയെടുത്ത് കക്ഷത്തിൽ വയ്ക്കുന്നുണ്ട്. ആരെയും ആ മനുഷ്യൻ ശ്രദ്ധിക്കുന്നില്ല.

**പിതാവിൻറെ ഭീഷണിയിൽ ആ പെൺകുട്ടിയുടെ ജീവൻ അപകടത്തിലാണ് എന്ന് അയാൾക്ക് മനസ്സിലായി. അതുകൊണ്ട് അയാൾ പിതാവിനോട് തർക്കിക്കാൻ പോയില്ല. യുവതിയെ നേരിൽ കണ്ട് വിവരങ്ങൾ പറഞ്ഞതിന് ശേഷം അവർ ഒരു തീരുമാനത്തിലെത്തി. പ്രണയം സാക്ഷാത്കരിക്കാൻ സാധ്യതയില്ല. എന്നാൽ പരാജയപ്പെടാനും അവർ തയ്യാറല്ല. അതുകൊണ്ട് അവർ അന്ന് രാത്രിയിൽ ആത്മഹത്യ ചെയ്യാൻ തീരുമാനിച്ചു.**

''ജീവിക്കുന്ന രക്തസാക്ഷിയാണ് ആ മനുഷ്യൻ.'' ചാത്തുവേട്ടൻ പിന്നെയും പറഞ്ഞു.

''കുത്തുകേസ് ആണോ''. ഞാൻ ചോദിച്ചു. എൻറെ മനസ്സിൽ രാഷ്ട്രീയമായിരുന്നു. രാഷ്ട്രീയ പ്രതിയോഗിയെ അമ്പെയ്ത് കൊന്ന നാടല്ലേ. എന്റെ ചിന്ത ആ വഴിക്കു പോയി.

ചാത്തുവേട്ടന് അതു മനസ്സിലായി. കാരണം അദ്ദേഹം ഒരു സജീവ രാഷ്ട്രീയ പ്രവർത്തകൻ കൂടിയായിരുന്നു. ഒരു കുത്ത് കേസിലെ പ്രതിയും.

''അല്ല''.

''പിന്നെ''. ഞാൻ ചോദിച്ചു.

''പ്രണയത്തിൻറെ'' ചാത്തുവേട്ടൻ പറഞ്ഞു.

''അതൊരു പുതിയ കാര്യമല്ലല്ലോ.'' ഞാൻ അല്പം അവജ്ഞയോടെ പറഞ്ഞു.

''പുതിയ കാര്യമല്ല. പക്ഷെ ഈ കേസ് അല്പം വ്യത്യാസം ഉണ്ട്. പറഞ്ഞുറപ്പിച്ച വാക്ക് പാലിക്കാൻ പറ്റാതെ പോയതിന്റെ പശ്ചാത്താപമാണാ രൂപം.'' ചാത്തുവേട്ടൻ പറഞ്ഞു.

അതെനിക്ക് ഒരു പുതിയ അറിവായിരുന്നു. പ്രണയത്തിൻറെ ഒളിച്ചോട്ടം എന്ന് കേട്ടിട്ടുണ്ട്. പ്രണയത്തിൻറെ സംഘട്ടനം എന്ന് കേട്ടിട്ടുണ്ട്. പ്രണയവിവാഹം എന്നും കേട്ടിട്ടുണ്ട്. പക്ഷേ ആദ്യമായാണ് പ്രണയത്തിൻറെ രക്തസാക്ഷിത്വം എന്ന് കേൾക്കുന്നത്.

''ഇവിടെയുള്ള ഒരു സമ്പന്ന നമ്പ്യാർ കുടുംബാംഗമാണ് അയാൾ.'' ചാത്തുവേട്ടൻ പറഞ്ഞു തുടങ്ങി.

''സ്വബോധം ഉണ്ടായിരുന്നുവെങ്കിൽ പാരമ്പര്യ സ്വത്തുകൊണ്ട് കോടീശ്വരൻ ആയ വ്യക്തി. റോൾസ് റോയ്സിൽ കയറി നടക്കേണ്ട മനുഷ്യൻ. എന്ത് ചെയ്യാം. വിധി. സ്വയം ഉണ്ടാക്കിയ വിധി.''

ഞാൻ കേട്ടു നിന്നു. അല്പം കഴിഞ്ഞപ്പോൾ ചാത്തുവേട്ടൻ പറഞ്ഞു.

''അയാൾ പഠിച്ചത് കണ്ണൂര് ഒരു കോളേജിലാണ്. ബിരുദധാരിയാണ്''.

ഞാൻ ആ മനുഷ്യനെ ശ്രദ്ധിച്ചു. അയാൾ തന്റേതായ ഒരു ലോകത്തിലാണ്. ആരെയും നോക്കുന്നില്ല. ആരുടെയും നേരെ പൈസയ്ക്ക് വേണ്ടി കൈനീട്ടുന്നില്ല. തികച്ചും ഏകനായി ആരെയും ശ്രദ്ധിക്കാതെ നിലത്തേക്ക് തന്നെ നോക്കി നടന്നു പോകുന്നു.

''കോളേജിൽ വെച്ച് അയാൾ പ്രണയിച്ച പെൺകുട്ടി തീയ്യ വിഭാഗത്തിൽപ്പെട്ടതായിരുന്നു. താഴ്ന്ന ജാതിയാണ്. സാമ്പത്തികമായും പിന്നിലാണ്. പെൺകുട്ടി വളരെ സുന്ദരിയായിരുന്നു. അവരുടെ പ്രണയം അനസ്യൂതം മുന്നോട്ട് പോയി.

ഈ മനുഷ്യന്റെ അച്ഛൻ ഒരു ക്രിമിനൽ ലോയറായിരുന്നു. വളരെ പ്രശസ്തനായ ഒരു ക്രിമിനൽ അഭിഭാഷകൻ. അദ്ദേഹം ആ പ്രണയത്തെ ശക്തമായ രീതിയിൽ എതിർത്തു. അദ്ദേഹത്തിന് വലിയ സ്വാധീനം ഉണ്ടായിരുന്നു. കൂടാതെ

കൈയ്യാളുകളായ കുറെ ഗുണ്ടകളും.

അച്ഛൻ ഒരു ദിവസം മകനെ വിളിച്ചിട്ട് 'പ്രണയത്തിൽ നിന്ന് പിന്മാറിയില്ലെങ്കിൽ അവൾ ജീവനോടെ ഉണ്ടാവില്ല എന്ന് ഭീഷണിപ്പെടുത്തി'.

ആ പറഞ്ഞത് ഫലവത്താകാനുള്ള സാധ്യത അയാൾക്ക് അറിയാമായിരുന്നു. കാരണം എന്തിനും പോരുന്ന ഒരു ക്രിമിനൽ അഭിഭാഷകനാണ് പിതാവ്. മാത്രമല്ല ആൾബലവും ധനബലവും ഏറെയാണ്. പിന്നെ രാഷ്ട്രീയ സ്വാധീനവും കൂടെയുണ്ട്.

ഒരു കണക്കിലും അദ്ദേഹത്തോട് മുട്ടി ജയിക്കാൻ പറ്റുന്ന സാഹചര്യം ഇല്ല എന്ന വസ്തുത അയാൾക്കറിയാമായിരുന്നു.

പിതാവിൻറെ ഭീഷണിയിൽ ആ പെൺകുട്ടിയുടെ ജീവൻ അപകടത്തിലാണ് എന്ന് അയാൾക്ക് മനസ്സിലായി. അതുകൊണ്ട് അയാൾ പിതാവിനോട് തർക്കിക്കാൻ പോയില്ല. യുവതിയെ നേരിൽ കണ്ട് വിവരങ്ങൾ പറഞ്ഞതിന് ശേഷം അവർ ഒരു തീരുമാനത്തിലെത്തി. പ്രണയം സാക്ഷാത്കരിക്കാൻ സാധ്യതയില്ല. എന്നാൽ പരാജയപ്പെടാനും അവർ തയ്യാറല്ല. അതുകൊണ്ട് അവർ അന്ന് രാത്രിയിൽ ആത്മഹത്യ ചെയ്യാൻ തീരുമാനിച്ചു.

ആത്മഹത്യ അവരവരുടെ വീട്ടിൽ വച്ച് ചെയ്യുക എന്നതായിരുന്നു പദ്ധതി. രാത്രിയിൽ കൃത്യം പത്തുമണിക്ക് അവരവരുടെ വീട്ടിൽ വച്ച് വിഷം കഴിച്ച് മരിക്കുക. അതിനുവേണ്ടി ശക്തി കൂടിയ ഒരു കീടനാശിനിയും യുവാവ് കരുതിയിരുന്നു. അത് ആ പെൺകുട്ടിക്ക് കൈമാറി. അവർ യാത്ര പറഞ്ഞു പിരിഞ്ഞു.

തിരിച്ച് യുവാവ് വീട്ടിലെത്തുമ്പോൾ അയാളുടെ ചില കൂട്ടുകാർ അദ്ദേഹത്തെ കാണാൻ വന്നു. അവരുമായി അയാൾ ദീർഘനേരം സംസാരിച്ചു. ശേഷം അവർ ഒന്നിച്ച് പുറത്തുപോയി. അടുത്തുള്ള ഒരു ബാറിൽ കയറി നന്നായി മദ്യപിച്ചു. പിന്നെ സുഹൃത്തുക്കളുടെ കൂടെ ഭക്ഷണം കഴിച്ച ശേഷം അയാൾ അവർക്കൊപ്പം സെക്കൻഡ് ഷോ സിനിമയ്ക്ക് പോയി.

സിനിമ കഴിഞ്ഞ് രാത്രി പന്ത്രണ്ടരയ്ക്ക് തിരിച്ചു വീട്ടിൽ വന്നു കിടന്നുറങ്ങി. യുവതിയുമായി ഉണ്ടാക്കിയിരുന്ന ധാരണ അപ്പോഴേക്കും അയാൾ മറന്നു പോയിരുന്നു.

പിറ്റേന്ന് പുലർച്ചെ അയാൾ ഉണർന്നത് ആ ദുരന്തവാർത്ത കേട്ടുകൊണ്ടാണ്. 'യുവതി ആത്മഹത്യ ചെയ്തു'.

അപ്പോഴാണ് തലേദിവസം താൻ ഉണ്ടാക്കിയ ധാരണയെ പ്പറ്റി അയാൾക്ക് ഓർമ്മ വന്നത്. ഒരു നിമിഷം. ഒരേ ഒരു നിമിഷം. അയാൾ സ്തബ്ധനായി. അയാളുടെ മനോനില തെറ്റി.

പിന്നെ അയാൾ ആരോടും സംസാരിച്ചില്ല. താനൊരു വലിയ വഞ്ചന കാണിച്ചു എന്നുള്ള തോന്നൽ ആവണം അതിന്റെ പിന്നിൽ. താങ്ങാൻ കഴിയാത്ത കുറ്റബോധം ആയിരിക്കാം അയാൾക്ക് തോന്നിയത്. എന്തായാലും പിന്നീട് അയാൾ മുറിയിൽ കയറി കതകടച്ചു ഒരേ ഇരുപ്പ്. ഭക്ഷണം കഴിക്കാൻ പോലും അയാൾ തയ്യാറായില്ല. വിശപ്പ് അയാൾ മറന്നു പോയിരുന്നു. ക്രമേണ അയാൾ എല്ലാം മറന്നു. എല്ലാവരേയും മറന്നു.

മകന്റെ ഈ ഒരു മാറ്റം അയാളുടെ പിതാവും പ്രതീക്ഷിച്ചില്ല. പ്രാരംഭത്തിൽ കുറെ ചികിത്സകൾ ഒക്കെ നടത്തി. ഫലമുണ്ടായില്ല. ഏതാനം ആഴ്ചകൾക്കുള്ളിൽ ഹൃദയസ്തംഭനം വന്ന് അയാളുടെ പിതാവ്, അഭിഭാഷകൻ മരിച്ചു. അതോടെ അയാളുടെ അധ:പതനം പൂർത്തിയായി.

പിതാവിന്റെ മരണാനന്തരം വീട്ടുഭരണം ചേട്ടന്റെ കൈപ്പിടിയിലായി. ചേട്ടനൊപ്പം അയാളുടെ അമ്മയും കൂടി. അമ്മ എന്ന് പറയുന്ന ആ സ്ത്രീ അയാളെ പട്ടിണിക്കിട്ടു. ചേട്ടൻ അയാളെ നന്നായി മർദ്ദിച്ചു. അവസാനം സഹികെട്ടപ്പോൾ അയാൾ വീട് വിട്ടിറങ്ങി. പിന്നെ തെരുവായി അയാളുടെ വീട്. എന്തോ അയാളിവിടം വിട്ടു പോയില്ല.'' ചാത്തുവേട്ടൻ ഒന്നു നിർത്തി. പിന്നെപ്പറഞ്ഞു.

''അയാളങ്ങനെ ഭക്ഷണം കഴിക്കാറില്ല. വല്ലപ്പോഴും ഏതെങ്കിലും ചായക്കടയുടെ മുന്നിൽ വന്ന് അയാൾ മിണ്ടാതെ നിൽക്കും. അപ്പോൾ ചായക്കടക്കാർ ഒരു ചായ അയാൾക്ക് കൊടുക്കും. അത് വാങ്ങിക്കുടിക്കും.

ഒരിക്കൽ ഞാനും അയാൾക്കൊരു ചായ വാങ്ങിക്കൊടുത്തു. അത് കുടിച്ചു കഴിഞ്ഞ് അയാൾ ഒരു നോട്ടം നോക്കി. ഇത്രയും ആർദ്രമായ ഒരു നോട്ടം ജീവിതത്തിൽ ഞാൻ കണ്ടിട്ടില്ല.

സ്നേഹമോ നന്ദിയോ ഒക്കെക്കൂടിക്കലർന്ന വല്ലാത്ത ഒരു നോട്ടം. നമ്മൾ പൂർണമായും അലിഞ്ഞു പോകുന്ന ഒരു നോട്ടം. വല്ലപ്പോഴും കിട്ടുന്ന ഒരു ചായയിലാണ് ആ മനുഷ്യന്റെ ജീവൻ ഇപ്പോൾ നിലനിൽക്കുന്നത്.''

ചാത്തുവേട്ടൻ പറഞ്ഞു നിർത്തി. ഞാൻ മൂകനായിരുന്നു. ഞാൻ അവജ്ഞയോടെ കണ്ട ആ മനുഷ്യനോട് എനിക്കപ്പോൾ തോന്നിയത് ആർദ്രമായ ഒരു സ്നേഹമാണ്.

അല്പം കഴിഞ്ഞു ചാത്തുവേട്ടൻ ഭാരതവാക്യം എന്നവണ്ണം പറഞ്ഞു.

''ഇപ്പോൾ ആ മനുഷ്യൻ ഒന്ന് മരിച്ചിരുന്നെങ്കിൽ എന്ന് ആഗ്രഹിക്കാത്ത ഒരാളുപോലും ഈ ടൌണിൽ ഉണ്ടാകില്ല.''

ഞാൻ ദൂരേക്ക് നോക്കി. ആ മനുഷ്യൻ പോയ വഴിയെ.

ഇല്ല. ആ മനുഷ്യനെ കാണാനില്ല. സന്ധ്യയുടെ ഇരുട്ടും, കോടമഞ്ഞും ആ മനുഷ്യനെ അതിനോടകം മൂടിക്കഴിഞ്ഞിരുന്നു.

# MUKKUT
## MONUMENTS INC.



**PHONE (C)**
**972-342-0041**



**E-mail: mukkutmonuments@gmail.com**
**www.mukkutmonuments.com**








**We Specialize in Custom Creation and Installation of Cemetery Granites, Bronze Memorials Sculptures, Large Stone Cross for Churches.**

**WE SERVICE ALL OVER USA, CANADA & INDIA**



മലയാളത്തിലെ പിന്നണി സംഗീതത്തിലെ മാറ്റങ്ങൾ കാണുകയും താരങ്ങളുമായി പ്രവർത്തിക്കുകയും വീഴ്ചകളും ഉയർച്ചകളും കാണുകയും ചെയ്ത സംഗീതകാരൻ **എസ് രാജേന്ദ്ര ബാബു** പാട്ടിന്റെ കാലം ഓർക്കുന്നു

എന്റെ സംഗീത വഴികൾ – 7


# 'എല്ലാരും ചൊല്ലണ്, എല്ലാരും ചൊല്ലണ്...' നീലക്കുയിൽ പാടുന്നു

◉ എസ്. രാജേന്ദ്ര ബാബു

പിന്നണി ഗായകൻ പി ജയചന്ദ്രന് തബല ബാലൻ സഹോദര തുല്യനായിരുന്നു.

മദിരാശിയിൽ മഹാലിംഗപുരത്തെ അയ്യപ്പൻ കോവിലിനു സമീപമുള്ള ലേഡി മാധവൻ നായർ കോളനിയിലെ പി ജയചന്ദ്രൻറെ വീട് ദിവസം ഒരു നേരമെങ്കിലും ബാലൻ സന്ദർശിക്കാതിരിക്കില്ല. ജയചന്ദ്രൻ സ്വന്തമായി കാർ വാങ്ങിയപ്പോൾ അദ്ദേഹം ഉപയോഗിച്ചിരുന്ന സ്പോർട്ട്സ് സൈക്കിൾ ബാലനു നൽകി. പിൽക്കാലത്ത് ജോൺസൺ, രവീന്ദ്രൻ, എഡിറ്റർ ജി മുരളി, ബ്രഹ്മാനന്ദൻ, ചിറയൻകീഴ് മനോഹരൻ തുടങ്ങി ബാലൻറെ മിക്ക സുഹൃത്തുക്കളും കോടമ്പാക്കത്തെ തെരുവുകളിൽ ആ സൈക്കിളിൽ ചുറ്റിനടക്കുമായിരുന്നു. പിന്നീട് ബാലൻറെ സൈക്കിളിലെ പതിവുകാരൻ ഞാനായി. എന്നെ മുന്നിലിരുത്തി സൈക്കിൾ ചവിട്ടാനാണ് ബാലന് കൂടുതൽ ഇഷ്ടം.

കോടമ്പാക്കത്ത് ഞങ്ങൾ സൈക്കിൾയാത്ര ചെയ്യാത്ത തെരുവുകളില്ല.



ജാനമ്മ ഡേവിഡ്



ജാനമ്മ ഡേവിഡ് ,ലതിക ,സംഗീതജ്ഞർ

ബാലനോടൊപ്പം സൈക്കിളിൽ ചുറ്റിനടന്നാണ് വണ്ണിയാർ സ്ട്രീറ്റിൽ എനിക്കൊരു വാടകവീട് തരപ്പെടുത്താനായത്. ഞാനും അമ്മയും ലതികയുമായി എൺപതുകളുടെ തുടക്കത്തിൽ അവിടെ താമസവുമായി. ഒരിക്കൽ വണ്ണിയാർ സ്ട്രീറ്റിലെ വീട്ടിൽ നിന്ന് ഹോളിവുഡ് ഹോട്ടലിലേക്കുള്ള ഞങ്ങളുടെ സൈക്കിൾ യാത്രയിൽ തനി കേരള സ്റ്റൈലിൽ മുണ്ടും നേരിയതും വെള്ള ജാക്കറ്റുമണിഞ്ഞ്, നെറ്റിയിൽ ഭസ്മക്കുറിയും സിന്ദൂരവുമൊക്കെ അണിഞ്ഞ്, കറുത്ത് പൊക്കം കുറഞ്ഞ ഒരമ്മ അകലെനിന്ന് വരുന്നതു കണ്ടു. ബാലൻ അമ്മയുടെ മുന്നിൽ സൈക്കിൾ നിറുത്തി. 'എന്താ ബാലാ, നിന്നെ ഈയിടെയായി കാണാനില്ലല്ലോ.

ജോലിത്തിരക്കായിരിക്കും. അല്ലേ?' വായ നിറച്ച് വെറ്റിലയും പുകയിലയും തിരുകി മടിക്കുത്തിൽ നിന്ന് പാക്ക് കഷണം തെരഞ്ഞെടുത്ത് വായിലിട്ട് മലർക്കെ ചിരിച്ചുകൊണ്ട് ആ അമ്മ ചോദിച്ചു. എന്നെ നോക്കിയായിരുന്നു അടുത്ത ചോദ്യം, 'ഇദ്ദേഹം ആരാ.'; ബാലൻ എന്നെ പരിചയപ്പെടുത്തി. 'രണ്ടുപേരും കൂടി സൗകര്യം പോലെ വീട്ടിലേക്കു വാ..'; അമ്മ മെല്ലെ നടന്നകന്നു.'ആളെ മനസ്സിലായോ' ബാലൻ എന്നോടു ചോദിച്ചു. 'ജാനമ്മാ ഡേവിഡ്, എല്ലാരും ചൊല്ലണ്, എല്ലാരും ചൊല്ലണ്..'

> **മദിരാശി റേഡിയോ നിലയത്തിൽ ഉദ്യോഗസ്ഥയായിരിക്കുമ്പോഴാണ് ഡേവിഡ് വി ജോർജും ജാനമ്മയും തമ്മിലുള്ള വിപ്ലവകരമായ വിവാഹം നടന്നത്. സ്വാതന്ത്ര്യസമര സേനാനിയായിരുന്ന ഡേവിഡും ജാനമ്മയുമായുള്ള വിവാഹം 1943 സെപ്തംബർ അഞ്ചാം തീയതി ഗാന്ധിയൻ വി രാമചന്ദ്രൻറെ കാർമ്മികത്വത്തിൽ നടന്നു.**

ഞാൻ അന്തം വിട്ടു നോക്കിനിന്നു'എല്ലാരും ചൊല്ലണ്, എല്ലാരും ചൊല്ലണ് കല്ലാണീ നെഞ്ചിലെന്ന്...', 'കുയിലിനെത്തേടി, കുയിലിനെത്തേടി കുതിച്ചുപായും മാരാ...'ഈ പാട്ടുകൾ ഒരിക്കലെങ്കിലും മൂളാത്ത മലയാളിയുണ്ടോ! ഒരുകാലത്ത് മലയാളി മനസ്സുകളെ മുഴുവൻ കൈവെള്ളയിലിട്ട് അമ്മാനമാടിയ'നീലക്കുയിൽ' കോടമ്പാക്കത്തെ തെരുവിലൂടെ തനി നാടൻ സ്റ്റൈലിൽ നടന്നു നീങ്ങുകയാണ്.

അണ്ണാമല യൂണിവേഴ്സിറ്റിയിൽ നിന്ന് കർണാടക സംഗീതത്തിൽ ബിരുദം നേടിയ ജാനമ്മ ആദ്യം തൃശ്ശിനാപ്പള്ളി റേഡിയോ നിലയത്തിൽ ജോലി നോക്കി. പിന്നീട് മദിരാശി റേഡിയോ നിലയത്തിൽ ഉദ്യോഗസ്ഥയായിരിക്കുമ്പോഴാണ് ഡേവിഡ് വി ജോർജും ജാനമ്മയും തമ്മിലുള്ള വിപ്ലവകരമായ വിവാഹം നടന്നത്. സ്വാതന്ത്ര്യസമര സേനാനിയായിരുന്ന ഡേവിഡും ജാനമ്മയുമായുള്ള വിവാഹം 1943 സെപ്തംബർ അഞ്ചാം തീയതി ഗാന്ധിയൻ വി രാമചന്ദ്രൻറെ കാർമ്മികത്വത്തിൽ നടന്നു. തികഞ്ഞ ഇടതുപക്ഷ ചിന്താഗതിക്കാരനായിരുന്ന ഡേവിഡ് സെയ്ദാപ്പേട്ടിലെ സെൻറ് മേരീസ് മെട്രിക്കുലേഷൻ ഹൈസ്കൂളിൻറെ സ്ഥാപകനാണ്. അദ്ദേഹത്തി



കെ രാഘവൻ

ന്റെ നിര്യാണത്തിനു ശേഷം മകൻ ഡിടി മോഹൻ സ്കൂളിൻറെ നിർവഹണച്ചുമതല ഏറ്റെടുത്തു. മോഹൻറെ താൽപര്യപ്രകാരം കുറച്ചുകാലം ഞാൻ ആ സ്കൂളിൽ സംഗീതാധ്യാപകനായി ജോലി നോക്കിയിട്ടുണ്ട്.

ഭാസ്കരൻ മാസ്റ്ററും രാഘവൻ മാസ്റ്ററും റേഡിയോ നിലയത്തിൽ ജാനമ്മ ഡേവിഡിൻറെ സുഹൃത്തുക്കളും സഹപ്രവർത്തകരുമായിരുന്നു. രണ്ടുപേരുടെയും സ്നേഹപൂർവമായ നിർബന്ധത്തിനു വഴങ്ങിയാണ്';നീലക്കുയിലിൽ 'ആ അമ്മ പാടിയത്. മലയാള ചലച്ചിത്രഗാന സംസ്കാരത്തിന് വഴിമരുന്നിട്ട ചിത്രമാണ് 'നീലക്കുയിൽ' അതിനു മുമ്പുവരെ മലയാളത്തിൽ നാനൂറ്റി അമ്പതിലധികം ഗാനങ്ങൾ പുറത്തു വന്നിട്ടുണ്ട്. അവയെല്ലാം ഹിന്ദി, തമിഴ് ഭാഷകളിൽ പുറത്തുവന്ന ഗാനങ്ങളുടെ ഈണം കടമെടുത്ത് സൃഷ്ടിക്കപ്പെട്ടവയായിരുന്നു. മലയാളത്തിൻറെ സ്വന്തം ഗാനങ്ങൾ പിറന്നത് നീലക്കുയിലിലൂടെ ആയിരുന്നല്ലോ. ഭാസ്കരൻ മാസ്റ്ററും രാഘവൻ മാസ്റ്ററും ചേർന്ന് എട്ടു ഗാനങ്ങൾ ആ ചിത്രത്തിനായി ഒരുക്കി. എല്ലാം ഹിറ്റ് ആയിരുന്നെങ്കിലും 'എല്ലാരും ചൊല്ലണ്'കുയിലിനെത്തേടി' തുടങ്ങിയ ഗാനങ്ങളാണ് ആസ്വാദക മനസ്സിൽ ആദ്യം ഓടിയെത്തുക. അതുകൊണ്ടുതന്നെ മലയാളത്തിൻറെ പ്രഥമ ജനപ്രിയ ഗായികയായി ജാനമ്മാ ഡേവിഡിനെ വിശേഷിപ്പിക്കാം.

നീലക്കുയിൽ പുറത്തു വരുന്നതു വരെ സിനിമാപ്പാട്ടുകൾക്ക് യാതൊരു പ്രസക്തിയും ഉണ്ടായിരുന്നില്ല. ശാസ്ത്രീയ സംഗീതത്തിലായിരുന്നു ജാനമ്മാ ഡേവിഡിനു കൂടുതൽ താൽപര്യവും പ്രാവീണ്യവും. 'നീലക്കുയിലിലെ 'ഗാനങ്ങൾക്കു ശേഷം സിനിമയിൽ പാടാൻ നിരവധി അവസരങ്ങൾ വന്നെങ്കിലും റേഡിയോ നിലയത്തിലെ ജോലിയും കുടുംബജീവിതവും കൊണ്ട് തിരക്കിലായപ്പോൾ സിനിമയിൽ പാടാനൊന്നും സമയം കിട്ടിയില്ലെന്നതാണ് വസ്തുത. യേശുദാസിൻറെ പിതാവ് അഗസ്റ്റിൻ ജോസഫിനൊപ്പം ദക്ഷിണാമൂർത്തിയുടെ സംഗീതത്തിൽ ഒരു യുഗ്മഗാനം പാടിക്കൊണ്ട് നല്ലതങ്കയിലായിരുന്നു ജാനമ്മാ ഡേവിഡിൻറെ തുടക്കം. ദക്ഷിണാമൂർത്തിയുടെ ആദ്യചിത്രം കൂടിയാണ് നല്ലതങ്ക. ആത്മശാന്തി, അമ്മ, കരുണ, ജനോവ, പ്രേമലേഖ, മിന്നുന്നതെല്ലാം പൊന്നല്ല തുട



**മലയാളത്തിൻറെ സ്വന്തം ഗാനങ്ങൾ പിറന്നത് നീലക്കുയിലിലൂടെ ആയിരുന്നല്ലോ. ഭാസ്കരൻ മാസ്റ്ററും രാഘവൻ മാസ്റ്ററും ചേർന്ന് എട്ടു ഗാനങ്ങൾ ആ ചിത്രത്തിനായി ഒരുക്കി. എല്ലാം ഹിറ്റ് ആയിരുന്നെങ്കിലും 'എല്ലാരും ചൊല്ലണ്'കുയിലിനെത്തേടി' തുടങ്ങിയ ഗാനങ്ങളാണ് ആസ്വാദക മനസ്സിൽ ആദ്യം ഓടിയെത്തുക. അതുകൊണ്ടുതന്നെ മലയാളത്തിൻറെ പ്രഥമ ജനപ്രിയ ഗായികയായി ജാനമ്മാ ഡേവിഡിനെ വിശേഷിപ്പിക്കാം.**


ങ്ങിയവയാണ് മറ്റു ചിത്രങ്ങൾ.'നീലക്കുയിലിലെ പാട്ടുകളാകട്ടെ മലയാളിയുടെ ആസ്വാദനക്ഷമതയോടിഴചേർന്ന് ചലച്ചിത്രസംഗീത ചരിത്രത്തിൻറെ നാഴികക്കല്ലായി മാറുകയായിരുന്നു.

തൊണ്ണൂറുകളുടെ തുടക്കത്തിൽ മലയാള ചലച്ചിത്ര സംഗീതത്തിൻറെ അമ്പതാം വാർഷികം ആഘോഷിക്കാൻ ദേവരാജൻ മാസ്റ്റർ തീരുമാനിച്ചപ്പോൾ മദിരാശിയിൽ വസിച്ചിരുന്ന ഗായകർ, ഗാനരചയിതാക്കൾ, സംഗീത സംവിധായകർ, വാദ്യോപകരണക്കാർ തുടങ്ങിയ



തബല ബാലൻ



**ദേവരാജൻ**

കലാകാരന്മാരെ സംഘടിപ്പിക്കുന്ന ചുമതല മാസ്റ്റർ എന്നെയാണ് ഏൽപിച്ചത്. ഇന്ത്യാ ടുഡേ ഓഫീസിൽ നിന്ന് ഞാനിറങ്ങുന്ന വൈകുന്നേരങ്ങളിൽ മാസ്റ്ററുടെ വീട്ടിൽ കൂടിയാലോചനകളും മറ്റു നടപടികളുമായി മുന്നോട്ടു പോകുന്നതിനിടയിൽ മദിരാശിയിൽ നിന്ന് പങ്കെടുക്കേണ്ടവരുടെ ലിസ്റ്റ് തയാറാക്കുന്ന ഘട്ടം വന്നു. ജാനമ്മാ ഡേവിഡിനെക്കുറിച്ചു ഞാൻ പറഞ്ഞപ്പോൾ, അവർ ഇവിടെത്തന്നെയുണ്ടോ?' എന്ന് മാസ്റ്റർ ആശ്ചര്യപ്പെട്ടു. എൻറെ അയൽക്കാരിയാണെന്നു കൂടിയറിഞ്ഞപ്പോൾ മാസ്റ്റർക്ക് ഉടൻ അവരെ കാണണമെന്നായി. അധികം വൈകാതെ ഒരുദിവസം മാസ്റ്റർ എന്നോടൊപ്പം കോടമ്പാക്കത്തെ അവരുടെ വീട്ടിലെത്തി. ദേവരാജൻ മാസ്റ്ററെ അവർക്ക് ആദ്യം മനസ്സിലായില്ല. ഞാൻ പരിചയപ്പെടുത്തി. മാസ്റ്ററെ തിരിച്ചറിഞ്ഞപ്പോൾ ആ അമ്മ സന്തോഷവും ആശ്ചര്യവും കൊണ്ട് വീർപ്പുമുട്ടി. കുശലാന്വേഷണങ്ങൾക്കു ശേഷം അമ്പതാം വർഷത്തെ പരിപാടികളിൽ പങ്കെടുക്കാമെന്ന്

**യേശുദാസിൻറെ പിതാവ് അഗസ്റ്റിൻ ജോസഫിനൊപ്പം ദക്ഷിണാമൂർത്തിയുടെ സംഗീതത്തിൽ ഒരു യുഗ്മഗാനം പാടിക്കൊണ്ട് നല്ലതങ്കയിലായിരുന്നു ജാനമ്മാ ഡേവിഡിൻറെ തുടക്കം. ദക്ഷിണാമൂർത്തിയുടെ ആദ്യചിത്രം കൂടിയാണ് നല്ലതങ്ക. ആത്മശാന്തി, അമ്മ, കരുണ, ജനോവ, പ്രേമലേഖ, മിന്നുന്നതെല്ലാം പൊന്നല്ല തുടങ്ങിയവയാണ് മറ്റു ചിത്രങ്ങൾ**

അതീവ സന്തോഷത്തോടെ അവർ മാസ്റ്റർക്ക് ഉറപ്പും നൽകി.

അമ്പതു വർഷത്തെ ഗാനങ്ങളിൽ നിന്ന് തെരഞ്ഞെടുത്ത നൂറു ഗാനങ്ങൾ തിരുവനന്തപുരത്തെ യൂണിവേഴ്സിറ്റി സെനറ്റ് ഹാളിൽ 1994 ഓഗസ്റ്റ് 20, 21, 22 തീയതികളിൽ അവതരിപ്പിച്ചു. ഇന്ത്യൻ സംഗീത ചക്രവർത്തിയായ നൗഷാദ് അലിയുടെ സാന്നിധ്യത്തിൽ മലയാള ചലച്ചിത്ര രംഗത്തെ ഒട്ടുമിക്ക കലാകാരന്മാരെയും പങ്കെടുപ്പിക്കാൻ ദേവരാജൻ മാസ്റ്റർക്കു കഴിഞ്ഞു. ഗാനങ്ങൾ അതാതു ഗായകരെക്കൊണ്ട് അതാതു സംഗീത സംവിധായകരുടെയും ഗാനരചയിതാവിൻറെയും നേതൃത്വത്തിൽ വേദിയിൽ അവതരിപ്പിച്ചതായിരുന്നു പരിപാടിയുടെ ഏറ്റവും വലിയ പ്രത്യേകത. മദിരാശിയിലെ സ്റ്റുഡിയോകളിൽ ആ ഗാനങ്ങൾക്കു വാദ്യോപകരണങ്ങൾ കൈകാര്യം ചെയ്ത ഒട്ടുമിക്ക കലാകാരന്മാരെയും പങ്കെടുപ്പിക്കാനായതാണ് മറ്റൊരു പ്രത്യേകത. അമ്പതു വർഷത്തെ ഗാനങ്ങളുടെ വിശദാംശങ്ങളും അവയുടെ പിന്നിൽ പ്രവർത്തിച്ചവരുടെ ലഘു ജീവിതരേഖയും അടങ്ങുന്ന ബൃഹത്തായ 'ചലച്ചിത്രഗാന സ്മരണിക'യുടെ പ്രകാശനവും അതോടൊപ്പം നടന്നു. സംഗീതാസ്വാദകർക്കും ചരിത്രവിദ്യാർത്ഥികൾക്കും ഇന്ന് ആ പുസ്തകം ഒരു അമൂല്യഗ്രന്ഥമാണ്.

സ്മരണികയുടെ പ്രസാധനത്തിനു വേണ്ട രേഖകളും ചിത്രങ്ങളും സമാഹരിക്കുക, അവ പകർത്തിയെഴുതുക, തെറ്റു തിരുത്തുക തുടങ്ങിയ ചുമതലകളിലൊക്കെ എനിക്കു കൂടി പങ്കെടുക്കാൻ കഴിഞ്ഞത് മഹാഭാഗ്യമായി കരുതുന്നു. അലംഭാവം കൊണ്ടു മാത്രം അന്ന് ആ സംരംഭവുമായി സഹകരിക്കാതിരുന്ന അപൂർവം ചില കലാകാരന്മാരെ കുറിച്ചുള്ള വിവരങ്ങൾ സ്മരണികയിലെ സൂചനകളിലൊതുങ്ങി.

ഉദ്ഘാടന ദിവസം യേശുദാസിൻറെ കൈപിടിച്ച് വേദിയിലെത്തി ദീപം തെളിയിച്ച വൃദ്ധയെ സദസ്സിലാരും ആദ്യം തിരിച്ചറിഞ്ഞില്ല. പക്ഷേ പാടാനുള്ള ഊഴം വന്നപ്പോൾ ജാനമ്മാ ഡേവിഡ് വേദിയും സദസ്സും തൻറെ കൈപ്പിടിയിലാക്കി. 'എല്ലാരും ചൊല്ലണ്' പാടിക്കഴിഞ്ഞപ്പോഴാകട്ടെ, ഓഡിറ്റോറിയമാകെ കരഘോഷത്തിൻറെ ഇടിമുഴക്കം! മൂന്നു ദിവസത്തെ പരിപാടികളിൽ ഏറ്റവും തിളങ്ങിയത് ജാനമ്മാ ഡേവിഡ് തന്നെയായിരുന്നു. പ്രായാധിക്യത്തെ വെല്ലുവിളിച്ചുകൊണ്ട് വേദിയിൽ

മനോഹരമായ ഗാനങ്ങൾ അവതരിപ്പിച്ച ജാനമ്മാ ഡേവിഡിനെയും മൂന്നു ദിവസത്തെ ഓർക്കസ്ട്ര സമർത്ഥമായി കണ്ടക്ട് ചെയ്ത ജോൺസനെയും സമാപനച്ചടങ്ങിൽ നൗഷാദ് അലി പ്രത്യേകം അഭിനന്ദിച്ചു. അച്ചടിമാധ്യമങ്ങൾ എല്ലാ ദിവസവും സംഗീതോത്സവത്തെയും ജാനമ്മാ ഡേവിഡിനെയും ആഘോഷിച്ചു. പിന്നീട് കേരളമൊട്ടാകെ പൊതുപരിപാടികളിലെല്ലാം ഉച്ചഭാഷിണിയിലൂടെ ജാനമ്മാ ഡേവിഡിൻറെ പഴയ ഗാനങ്ങൾ വീണ്ടും ഒഴുകിപ്പരക്കുകയായി.

മദിരാശിയിലെ ഒരു ഓണാഘോഷത്തോടനുബന്ധിച്ച് മൗണ്ട് റോഡിലെ റാണി സീതാ ഹാളിൽ ഗാനമേള നടത്താൻ അവസരം ലഭിച്ചപ്പോൾ അതുവരെ വിസ്മൃതിയിലായിരുന്ന ജാനമ്മാ ഡേവിഡിനെ വീണ്ടും ഗായികയായി വേദിയിൽ അവതരിപ്പിക്കാൻ ഞാൻ ആഗ്രഹിച്ചു. അതീവ സന്തോഷത്തോടെ എൻറെ ക്ഷണം ആ അമ്മ സ്വീകരിച്ചു. കോടമ്പാക്കത്തു ലഭിക്കാവുന്ന ഏറ്റവും മികച്ച ഓർക്കസ്ട്രയുടെ അകമ്പടിയോടെ ലതികയും നടേഷ് ശങ്കറും റാഫിയും ഞാനുമടങ്ങുന്ന ഗായകസംഘത്തിലെ മുഖ്യ ഗായിക ജാനമ്മ ഡേവിഡ് ആയിരുന്നു. പിൽക്കാലത്ത് ജോൺസൺ, രാജാമണി, എം ജയചന്ദ്രൻ, ശരത്ത് തുടങ്ങിയവരുടെ പ്രിയപ്പെട്ട കീ ബോഡ് വാദകനായി മാറിയ ബിജു പൗലോസ് മദിരാശിയിലെത്തിയ ശേഷം തൻറെ സംഗീത സപര്യക്ക് തുടക്കം കുറിച്ച പരിപാടി. ദേവരാജൻ മാസ്റ്ററാണ് ബിജുവിനെ എനിക്കു പരിചയപ്പെടുത്തിയത്. മദിരാശിയിലെ ഓണാഘോഷ പരിപാടിക്ക് അങ്ങനെ 'നീലക്കുയിൽ' ഗായികയുടെ ഗാനങ്ങൾ പുത്തൻ ഉണർവായി.

സംഗീത സംവിധായകൻ ഔസേപ്പച്ചൻ ഒരിക്കൽ തൃശൂരിൽ സംഘടിപ്പിച്ച ഗാനമേളയിൽ പാടാൻ ജാനമ്മാ ഡേവിഡിനെ ക്ഷണിച്ചപ്പോൾ';ബാബു കൂടിയുണ്ടെങ്കിൽ വരാം' എന്നായിരുന്നു ആ അമ്മയുടെ പ്രതികരണം. ഔസേപ്പച്ചൻ എൻറെ സുഹൃത്താണെന്നും അമ്മയുടെ സുരക്ഷിതത്വം ഉറപ്പാണെന്നുമുള്ള എൻറെ വാഗ്ദാനത്തിൽ പ്രോഗ്രാമിന് അവർ പങ്കെടുത്തു. തുടർന്ന് അദ്ദേഹം തൻറെ 'കാക്കോത്തിക്കാവിലെ അപ്പൂപ്പൻ താടികൾ' എന്ന ചിത്രത്തിൽ പാടാനും ജാനമ്മാ ഡേവിഡിന് അവസരം നൽകി.

പി ലീല, സിഒ ആൻറോ എന്നിവരെ ഉൾപ്പെടുത്തി കെപി ഉദയഭാനു നയിച്ചിരുന്ന 'ഓൾഡ് ഈസ് ഗോൾഡ്'; എന്ന ഗാനസംഘത്തിൽ ജാനമ്മാ ഡേവിഡിനെ പങ്കെടുപ്പിക്കാനും എൻറെ ഇടപെടൽ വേണ്ടി വന്നു. ദേവരാജൻ മാസ്റ്ററെയും യേശുദാസിനെയും ഉൾപ്പെടെ ധാരാളം കലാകാരന്മാരെ നേരിട്ടു കാണാൻ അവസരം ഉണ്ടാക്കിയതിനും പരിപാടിയിലുടനീളം സ്വന്തം മകനെപ്പോലെ തൻറെ സംരക്ഷണച്ചുമതല നിർവഹിച്ചതിനും നന്ദിപൂർവം ആ അമ്മ എന്നെ ഓർമ്മിച്ചപ്പോഴൊക്കെ മലയാള സിനിമയുടെ ആദ്യനാളുകളിൽ ഗാനാസ്വാദകരുടെ മനസ്സിൽ ആവേശത്തിരമാലകൾ ഉയർത്തിയ ഗായികയെ വീണ്ടും അവതരിപ്പിക്കാൻ കഴിഞ്ഞ ചാരിതാർത്ഥ്യത്തിലായിരുന്നു ഞാൻ. 1997 മാർച്ച് 23-ന് ആ നീലക്കുയിൽ നമ്മെ വിട്ട് പറന്നകന്നു. എങ്കിലും മലയാള സംഗീതം ഉള്ളിടത്തോളം കാലം ആ കുയിലിൻറെ നാദം ഓർമ്മിക്കപ്പെടുക തന്നെ ചെയ്യും -'എല്ലാരും ചൊല്ലണ്, എല്ലാരും ചൊല്ലണ്...'



നൌഷാദ്

**കോടമ്പാക്കത്തു ലഭിക്കാവുന്ന ഏറ്റവും മികച്ച ഓർക്കസ്ട്രയുടെ അകമ്പടിയോടെ ലതികയും നടേഷ് ശങ്കറും റാഫിയും ഞാനുമടങ്ങുന്ന ഗായകസംഘത്തിലെ മുഖ്യ ഗായിക ജാനമ്മ ഡേവിഡ് ആയിരുന്നു. പിൽക്കാലത്ത് ജോൺസൺ, രാജാമണി, എം ജയചന്ദ്രൻ, ശരത്ത് തുടങ്ങിയവരുടെ പ്രിയപ്പെട്ട കീ ബോഡ് വാദകനായി മാറിയ ബിജു പൗലോസ് മദിരാശിയിലെത്തിയ ശേഷം തൻറെ സംഗീത സപര്യക്ക് തുടക്കം കുറിച്ച പരിപാടി.**



# Save $ 894.* Combine Home & Auto.

**Michael Tharian**
**Agent**
1855 Victory Blvd
Staten Island, NY 10314
**Toll Free: 888-644-7222**

Save money and time when you combine your home and auto insurance. Just another way I'm her to help life go right. **CALL ME TODAY**

**We Serve These States NY, NJ, PA, & CT.**

**We Provide Auto, Home & Life Insurance**

StateFarm®

*Average household savings based on 2016 national survey of new policyholders who reported savings by switching to State Farm
State Farm Mutual Automobile Insurance Company State Farm Indemnity Company, State Farm Fire and Casualty Company State Farm General Insurance Company
1601489 Bloomington, IL




ഏബ്രഹാം തോമസ്

# ജായിയെ ആപ് കഹാൻ ജായേങ്കേ?

## ഗ്രാമീണ ഇന്ത്യയുടെ നേർചിത്രം

**ഒരു സൈക്കിൾ റിക്ഷക്കാരനായ മകനോട് (കരൺ ആനന്ദ്) നിരന്തരം മല്ലിട്ടു കഴിയുന്ന സാധു (സഞ്ജയ് മിശ്ര) വിനെ അവതരിപ്പിച്ചു കൊണ്ട് തുടങ്ങുന്ന ചിത്രത്തിൽ ഏറെ ഗൗരവമുള്ള ഒരു പ്രശ്നമാണ് കൈകാര്യം ചെയ്യുന്നത്. വീടിനു പുറത്തു പോകേണ്ടി വരുന്ന സ്ത്രീകൾ തങ്ങളുടെ പ്രാഥമികാവശ്യങ്ങൾ നിറവേറ്റാൻ സുരക്ഷിതമായ സ്ഥലം ഇല്ലാതെ വിഷമിക്കുന്ന അവസ്ഥ കണ്ട് അതിനൊരു പോംവഴി കണ്ടെത്തണമെന്ന റിക്ഷാക്കാരന്റെ തീരുമാനത്തിന് ആദ്യം സ്വന്തം വീട്ടുകാർ തന്നെ എതിരായി. റിക്ഷാക്കുള്ളിൽ തന്നെ ശുചി മുറി ഒരുക്കാനുള്ള അയാളുടെ ആദ്യ ശ്രമങ്ങൾ പരാജയപെട്ടു.**

ഓഫീസിലെ ഒരു സഹപ്രവർത്തക ഇടയ്ക്കിടെ പറയുമായിരുന്നു: 'ഐ ഹാവ് ടു ഗോ' . അഞ്ചെട്ടു മിനിറ്റുകൾക്ക് ശേഷം അവർ തിരിച്ചെത്തുമായിരുന്നു. ആദ്യമൊന്നും എനിക്ക് മനസിലായിരുന്നില്ല അവർ എവിടെയാണ് പോകുന്നതെന്ന്. കുറെ നാളുകൾക്കു ശേഷമാണ് ഞാൻ തിരിച്ചറിഞ്ഞത് അവർക്കു പോകേണ്ടത് ശുചി മുറിയിലായിരുന്നു എന്ന്. പ്രസിദ്ധമായ ഒരു ഹിന്ദി സിനിമ ഗാനം ആരംഭിച്ചിരുന്നത് (മറ്റൊരു സന്ദർഭത്തിൽ) 'ജായിയെ ആപ് കഹാൻ ജായേങ്കെ' എന്നായിരുന്നു. ഇതൊരു പ്രേമ ഗാനം ആയിരുന്നു.

ഗാനത്തിന്റെ ആദ്യ വരി കടമെടുത്തു പേരു് നൽകിയ ഹിന്ദി ചി

ത്രം വരക്കുന്നത് ഗ്രാമീണ ഇന്ത്യയുടെ നേർചിത്രമാണ്. ഗ്രാമീണ ഇന്ത്യയെ പ്രതിനിധീകരിക്കുവാൻ ഒരു ബീഹാർ ഗ്രാമം പോലെ മറ്റൊരു ശരിയായ പകർപ്പ് ഉണ്ടാവാൻ സാധ്യത ഇല്ല. ഒരു സൈക്കിൾ റിക്ഷക്കാരനായ മകനോട് (കരൺ ആനന്ദ് ) നിരന്തരം മല്ലിട്ടു കഴിയുന്ന സാധു (സഞ്ജയ് മിശ്ര) വിനെ അവതരിപ്പിച്ചു കൊണ്ട് തുടങ്ങുന്ന ചിത്രത്തിൽ ഏറെ ഗൗരവമുള്ള ഒരു പ്രശ്നമാണ് കൈകാര്യം ചെയ്യുന്നത്. വീടിനു പുറത്തു പോകേണ്ടി വരുന്ന സ്ത്രീകൾ തങ്ങളുടെ പ്രാഥമികാവശ്യങ്ങൾ നിറവേറ്റാൻ സുരക്ഷിതമായ സ്ഥലം ഇല്ലാതെ വിഷമിക്കുന്ന അവസ്ഥ കണ്ട് അതിനൊരു പോംവഴി കണ്ടെത്തണമെന്ന റിക്ഷാക്കാരന്റെ തീരുമാനത്തിന് ആദ്യം സ്വന്തം വീട്ടുകാർ തന്നെ എതിരായി. റിക്ഷാക്കുള്ളിൽ തന്നെ ശുചി മുറി ഒരുക്കാനുള്ള അയാളുടെ ആദ്യ ശ്രമങ്ങൾ പരാജയപെട്ടു.

ഗ്രാമത്തിലെ ക്ഷേത്രത്തിലെ ഉത്സവത്തിന്റെ അന്ന് സഞ്ജയ് ആണോ മകൻ ആണോ കൂടുതൽ വരുമാനം ഉണ്ടാക്കുന്നത് എന്ന് ഇരുവരും തമ്മിൽ വാതുവയ്പ് നടത്തുന്നു. മകന്റെ ശ്രമങ്ങൾക്ക് കൂടുതൽ പ്രശ്നങ്ങൾ നേരിടുന്നു എങ്കിലും ഒരു മഹിളക്കു അത്യാവശ്യമായി ശുചി മുറിയായി ഉപയോഗിക്കുവാൻ മകന്റെ മാറ്റം വരുത്തിയ റിക്ഷക്കു കഴിയുന്നു. അവർ പ്രതിഫലമായി നൽകിയ അഞ്ചു രൂപ സാധു നേടുന്ന ഒരു രൂപയിൽ കൂടുതലായതിനാൽ മകൻ വിജയിക്കുന്നു. ഇതിനകം റിക്ഷക്കുള്ളിൽ അയാൾ സൃഷ്ടിച്ച ഗോപ്യമായ ശുചിമുറി നാടെങ്ങും ചർച്ച ആകുന്നു. കേന്ദ്ര ഗവർമെന്റ് ഈ ഉദ്യമം ഏറ്റെടുക്കുവാൻ സന്നദ്ധത പ്രകടിപ്പിക്കുന്നു.

വളരെ ഗൗരവമായ പ്രശ്നം പിതാവും പുത്രനും തമ്മിൽ എന്തിനും ശണ്ഠ കൂടുന്ന ചിരി മുഹൂർത്തങ്ങളാക്കി അവതരിപ്പിച്ചു പ്രേക്ഷകരുടെ താല്പര്യവും ചിന്തകളും ഒരേ സമയം കവർന്നെടുക്കുവാൻ സംവിധായകൻ നിഖിൽ രാജിനും, സഞ്ജയ് മിശ്ര, കരൺ ആനന്ദ് ടീമിനും കഴിഞ്ഞിരിക്കുന്നു. ഹിന്ദി സിനിമയിലെ പഴയ തലമുറ അരങ്ങൊഴിഞ്ഞപ്പോൾ ഏറ്റെടുക്കുവാൻ പ്രതിഭാധനരായ മറ്റൊരു കൂട്ടം എത്തിയത് സന്തോഷകരമാണ്. അനവധി 'ബജറ്റ് ഒന്നും ഇല്ലാത്ത' ചിത്രങ്ങളിൽ അവിസ്മരണീയമായ പ്രകടനം നടത്തുന്ന സഞ്ജയ് അതുല്യനായ നടനാണ്. മെയ്ക്ക് അപ്പ് ഒന്നും ഇല്ലാതെ പാറി പറന്ന മുടിയും വായ്ക്കുള്ളിൽ എപ്പോഴും മുറുക്കാനുമായി പ്രത്യക്ഷപ്പെടുന്ന സഞ്ജയിൽ നിന്ന് പല അഭിനേതാക്കൾക്കും ബാല പാഠങ്ങൾ പഠിക്കാവുന്നതാണ്. വളരെ കുറച്ചു അക്ഷരങ്ങളിൽ തന്റെ സംഭാഷണം ഒതുക്കി തീവ്ര കടാക്ഷത്തിലൂടെ പ്രേക്ഷകരുമായി സംവദിക്കുന്ന കരനും മികച്ച അഭിനയം കാഴ്ച വയ്ക്കുന്നു. സ്വരൂപ് ഖാൻ, സന്ദേശ് ഷാണ്ഡില്യ , മൊണാൽ ഗജ്ജർ തുടങ്ങിയവർ മറ്റ് കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു. 'ചന്ദന് കാട്ടുകെ', 'ജയയെ ആപ് കഹാനി ജായേങ്കെ' എന്നീ ഗാനങ്ങൾ വരികളിലും ആലാപനത്തിലും ഹൃദ്യമാണ്.



**വളരെ ഗൗരവമായ പ്രശ്നം പിതാവും പുത്രനും തമ്മിൽ എന്തിനും ശണ്ഠ കൂടുന്ന ചിരി മുഹൂർത്തങ്ങളാക്കി അവതരിപ്പിച്ചു പ്രേക്ഷകരുടെ താല്പര്യവും ചിന്തകളും ഒരേ സമയം കവർന്നെടുക്കുവാൻ സംവിധായകൻ നിഖിൽ രാജിനും, സഞ്ജയ് മിശ്ര, കരൺ ആനന്ദ് ടീമിനും കഴിഞ്ഞിരിക്കുന്നു.**

വന്പൻ സ്റുഡിയോകളിലോ, വിദേശ ലൊക്കേഷനുകളിലോ വൻ നിര താരങ്ങളെ നിറച്ചു ചിത്രങ്ങൾ നിർമ്മിക്കുന്നതിന് അപവാദമാണ് ലളിത സുന്ദരമായി ഇന്ത്യൻ ഗ്രാമീണ പശ്ചാത്തലത്തിൽ ചെറിയ പ്രതിഫലം പറ്റി അഭിനയിക്കുന്ന പ്രതിഭാധനരായ നടീനടന്മാരെ വേണ്ടവിധത്തിൽ പ്രയോജനപ്പെടുത്തി ഇത്തരം ചിത്രങ്ങൾ നിർമിക്കുന്നത്. അതോടൊപ്പം ഗൗരവമായ വിഷയങ്ങൾ പരസ്യ പ്രചരണമില്ലാതെ പ്രേക്ഷകരിൽ എത്തിക്കുന്നതും. 'ജായിയെ ആപ് കഹാൻ ജായേങ്കെ' ഇത് സാധിച്ചിരിക്കുന്നു.


MALABAR
GOLD & DIAMONDS
EXPERIENCE JEWELLERY SHOPPING LIKE NEVER BEFORE
VISIT OUR SHOWROOM
USA
LOS ANGELES
NAPERVILLE
CHICAGO
NEW JERSEY
DALLAS
ATLANTA
CANADA
MISSISSAUGA
OPENING SOON IN SURREY



ലങ്കയിലേക്ക് നോക്കി നിൽക്കുന്ന സഞ്ചാരികൾ

# സാഗരതീരങ്ങളിൽ നഷ്ട സ്വർഗ്ഗത്തിൽ

◉ കുര്യൻ പാമ്പാടി

ഫോർട്ടുകൊച്ചിക്കാരൻ ലോയിഡും സഹപ്രവർത്തകൻ പന്തളം സ്വദേശി ആദർശും ധനുഷ് ക്കോടിയിലെത്തിയത് ഒരുമാസംമുമ്പ് ആലപ്പുഴ തീരത്തിന് 27 കി മീ അകലെ കടലിൽ മുങ്ങിത്താണ എംഎസ് സി എൽസ 3 കപ്പലിലെ രക്ഷാപ്രവർത്തവുമായി ബന്ധപ്പെട്ടാണ്.ഗുജറാത്തിലെ പോർബന്ദർ ആസ്ഥാനമായ MERC (Marine Emergency Response Centre) ഉദ്യോഗസ്ഥന്മാരാണ് ഇരുവരും. ഇന്ത്യയിലും വിദേശത്തും ജോലിചെയ്തു പരിചയസമ്പന്നർ. എംഎസ്സി എൽസയിൽ നിന്ന് കടലിൽ വീണു തകർന്ന അമ്പത് കണ്ടെയിനറുകളിലെ പോളിപ്രൊപ്പലീൻ ഗ്രാന്യൂൾസ് കേരള-കന്യാകുമാരി തീരങ്ങളിൽ നിന്ന് വാരിയെടുക്കാൻ നിയോഗിക്കപ്പെട്ട അവരുടെ കീഴിൽ 100 പേർ പണിയെടുക്കുന്നു. രാമനാഥപുരം ജില്ലയിൽ 400 രൂപയാണ് ദിവസക്കൂലിയെങ്കിലും കമ്പനി 500 രൂപയും യാത്രച്ചെലവായി നൂറു രൂപ അധികമായും നൽകുന്നു.



**ആറു പതിറ്റാണ്ടു മുമ്പ് സുനാമി തകർത്ത ധനുഷ്ക്കോടിയിലെ ഒരു കെട്ടിടത്തിന്റെ ബാക്കിപത്രം**

ഇതെല്ലാം വഹിക്കുന്നത് കപ്പലിന്റെ അന്താരാഷ്ട്ര ഇൻഷുറൻസ് കമ്പനികളാണ്. കപ്പൽ കടലിന്നടിയിൽ നിന്ന് ഉയർത്തിയെടുക്കാനുള്ള ചുമതലയും മെർക്കിനാണ്.ശ്രീലങ്കയുടെ തലൈമന്നാർ തുറമുഖത്തുനിന്നു കഷ്ടിച്ചു 20 കി മീ അടുത്തു വാലറ്റം പോലെ നീണ്ടു കിടക്കുന്നു ധനുഷ് ക്കോടി. സീതയെ രക്ഷിക്കാൻ വാനരപ്പടയും ഒടുവിൽ ശ്രീരാമനും



**കപ്പൽ കടക്കാൻ വേണ്ടി ഉയർത്തിക്കൊടുക്കുന്ന ഉരുക്കുപാലം**

കടന്നു ചെന്ന് രാവണനെ വധിച്ചു ശ്രീലങ്കയെ ചുട്ടുചാമ്പലാക്കിയ രാമായണ കഥയിലെ ഇതിഹാസ ഭൂമിയിലാണല്ലോ നിൽക്കുന്നതെന്ന് ഓർമ്മിച്ചപ്പോൾ കുളിരു കോരി.

ബാംഗ്ലൂരിൽനിന്നെത്തിയ ഇവന്റ് മാനേജർ തിമ്മരാജു ധനുഷ് ക്കോടിയിലെ ഡസൻ കണക്കിനു ചിന്തിക്കടകളിൽ ഒന്നിൽ നിന്നു വാങ്ങിയ ശംഖുയർത്തി മുഴക്കുന്നതു കേട്ട് ഞാൻ ചോദിച്ചു ആരെയാണ് വിളിക്കുന്നതെന്ന്. രക്ഷകരെ കാത്ത് കണ്ണീരണിഞ്ഞു കാത്തിരിക്കുന്ന സീതാദേവിയല്ലാതെ മറ്റാരെ? എന്ന് മറുചോദ്യം. ഇടത്ത് രാമസേതുവിന്റെ ശാന്തമായ നീലക്കടൽ. വലത്ത് പാൽപ്പതയോടെ തിരമാലകൾ.അറു പതു വർഷം മുമ്പ് ഭീകരമായ ചുഴലിക്കാറ്റ് തകർത്തു തരിപ്പണമാക്കിയ ദുരന്തഭൂമിയിലാണ് നിൽക്കുന്നതെന്ന് വിശ്വസിക്കാനായില്ല. പാമ്പൻ പാലവും തൊട്ടുചേർന്നുള്ള റെയിൽപ്പാലവും പുനർ നിർമ്മിച്ചു തുറന്നു കൊടുത്തിട്ടു മാസങ്ങളെ ആയിട്ടുള്ളു. പഴയ പള്ളിയുടെയും റയിൽവേ സ്റ്റേഷന്റെയും അവശിഷ്ടങ്ങൾ അവിടെ ഇപ്പോഴും കാണാം.

അപ്പപ്പോൾ പിടിച്ചു കൊണ്ടുവരുന്ന മൽസ്യം ഉപ്പും മുളകും പുരട്ടി പൊരിച്ച് തരുന്ന ഒരു പിഎംകെ ഭരതൻ സ്റ്റോറിൽ ഞങ്ങൾ കയറി. സുധയുടെയും നമ്പിരാജിന്റെയും കട. സുധയുടെ അച്ഛനാണ് ഭരതൻ. ധധുഷ് ക്കോടിയിലെ പുതിയ ലൈറ്റ്ഹൗസിന്റെ തൊട്ടു മുന്നിലാണ് കട. പത്തുരൂപ ടിക്കറ്റിൽ ലൈറ്റ് ഹൗസിൽ ആർക്കും കയറാം. തിങ്കളാഴ്ച ഒഴികെ.രണ്ടു ഇടത്തരം കടൽ മീൻ ചൂണ്ടിക്കാട്ടി ഓർഡർ കൊടുത്തു. രാവിലെ പത്തര ആവുന്നതേയുള്ളു, ആദ്യത്തെ ഓർഡർ. പത്താം ക്ലാസ്സിൽ അഞ്ഞൂറിൽ 340 മാർക്ക് വാങ്ങിയ കിഷോർനാഥനാണ് കടയിലേക്ക് ആളുകളെ വിളിച്ചു കയറ്റുക. ഇനി എന്തിനു പഠിക്കണം? രണ്ടു മീൻ പൊരിച്ച് തരുന്നതിനു 450 രൂപ. കടയിൽ ശരാശരി അയ്യായിരം രൂപ വരുമാനമുണ്ടെന്നു സുധ പറഞ്ഞു. അച്ഛൻ ഭരതനും രാമേശ്വരത്തു കടയുണ്ട്.

മീൻ കടയിൽ വച്ചാണ് ലോയിഡിനെയും ആദർശിനെയും അപ്രതീക്ഷിതമായി കണ്ടുമുട്ടിയത്. കടയുടെ പിന്നിലെ വെളുത്ത മണലോരത്തു നിന്ന് പോളിപ്രൊപ്പലീൻ തരികൾ ശേഖരിക്കുന്ന ആൺ -പെൺ പടയെ അവർ കാണിച്ചു തന്നു. പുറത്തു സൂര്യൻ 39 ഡിഗ്രിയിൽ ജ്വലിച്ചു നിന്നതിനാൽ അവരെ ദൂരെനിന്നു കണ്ടു മതിയാക്കി.

ശ്രീലങ്കൻ യുദ്ധം നടക്കുന്നതിനു മുമ്പ് കോട്ടയത്തുനിന്ന് പത്തുപേരടങ്ങിയ ഒരു സംഘത്തിൽ പെട്ട്



**ലങ്കയെ ഉന്നം വച്ച് ബാംഗ്ലൂർ ഇവന്റ് മാനേജർ തിമ്മരാജുവിന്റെ ശംഖനാദം**



പുനർ നിർമ്മിച്ച പാമ്പൻ പാലങ്ങൾ

കൊല്ലം, മധുര, മാനമധുര വഴി രാമേശ്വരത്തു ട്രെയിനിൽ എത്തിയ ദിവസം ഓർമ്മയിൽ ഓടിയെത്തി. അവിടെ നിന്ന് ഇന്ത്യൻ യാത്രക്കപ്പലിൽ തലൈമന്നാറിലേക്ക് കടന്നു വീണ്ടും ട്രെയിനിൽ പിറ്റേന്നു രാവിലെ കൊളംബോയിൽ എത്തിയ സാഹസയാത്ര.കോട്ടയത്തു നിന്ന് കൊളംബോ വരെ 1974ൽ ആകെ യാത്രക്കൂലി 95 രൂപ. കപ്പൽ കൂലി 35 രൂപ ഉൾപ്പടെ. കോട്ടയംകാരൻ കുരുവിളയുണ്ടായിരുന്നു കപ്പലിൽ സഹായിക്കാൻ. രാമേശ്വരത്തു പരിശോധനകൾ കഴിഞ്ഞു വലിയ തോണികളിൽ കപ്പലിനടുത്തെത്തിച്ചു കയർ ഗോവണി വഴി കയറ്റുകയായിരുന്നു. തലൈമന്നാറിലാകട്ടെ വിഴിഞ്ഞവും കൊച്ചിയും പോലെ കപ്പൽ കരയോടു മുട്ടിയുരുമ്മി നിന്നു. അന്ന് കൊളംബോയിൽ ഫോറിൻ കാറുകൾ തലങ്ങും വിലങ്ങും പായുന്നത് കണ്ടു കണ്ണുമിഴിച്ചു നിന്നുപോയി. യൂണിഫോമിൽ ഒരു വനിതാപോലിസുകാരിയെ ആദ്യം കണ്ടതും അവിടെവച്ചു തന്നെ.

യുദ്ധ കാലത്തു ഇന്ത്യയിലേക്കു ഓടിപ്പോന്ന ആയിരക്കണക്കിന് തമിഴ് അഭയാർത്ഥികളെ പാർപ്പിച്ചത് രാമേശ്വരത്തു നിന്ന് പത്തു കിമീഅകലെയുള്ള മണ്ഡപത്തിൽ ആണ്. അവിടത്തെ രണ്ടു റെയിൽ സ്റ്റേഷനുകളിൽ ഒന്ന് മണ്ഡപം ക്യാമ്പ് എന്നറിയപെടുന്നു. ഇന്ന് പാസഞ്ചർ ട്രെയിനുകളേ അവിടെ നിർത്താറുള്ളു. എന്നാൽ സാക്ഷാൽ മണ്ഡപത്തിൽ എല്ലാ ട്രെയിനുകളും നിർത്തും.

മണ്ഡപം വെസ്റ്റ് ബീച്ചിലെ ബ്ലൂ വാട്ടേർഴ്സ് റിസോർട്ടിൽ മൂന്ന് കിടക്കകൾ ഉള്ള ഒരു എസി കോട്ടേജി



പാമ്പൻ പാലത്തിനു കീഴിലെ മത്സ്യമാർക്കറ്റ്



**കൊച്ചി ബേബി മറൈന് മൽസ്യം പിടിച്ചയക്കുന്ന മണ്ഡപത്തിലെ നമ്പുനാരിയോടൊപ്പം**

ന് 2500. ബ്രെക്ക്ഫാസ്റ്റ് ഫ്രീ. രാത്രി വൈകുവോളം കടൽതീരത്തു ഫിഷിങ് ബോട്ടുകളുടെ നടുവിൽ കസേരയിട്ടു മുകളിലാകാശവും താഴെ നീലക്കടലും കണ്ടുകൊണ്ടു മയങ്ങിയിരുന്നു. വലത്ത് ദൂരെ പാമ്പൻ പാലത്തിൽ നിന്നും രാമേശ്വരത്തു നിന്നും ജ്വലിക്കുന്ന വൈദ്യതി വെളിച്ചവും ആവഴി പായുന്ന വാഹനങ്ങളുടെ മിന്നൽ വെളിച്ചവും ചേർന്നൊരു ഇന്ദ്രപുരി കാണാം. നടക്കാവുന്ന ദൂരത്തിൽ എൻഎംകെ എന്ന മൽസ്യബന്ധന കമ്പനി കാണാം. ഉടമ നമ്പുനാരി ഇങ്ങോട്ടുവന്നു പരിചയപെട്ടു, മണ്ഡപത്തിൻ തന്നെ മുന്നൂറോളം ബോട്ടുകൾ ഉണ്ടത്രേ. എൻഎംകെക്ക് എട്ടെണ്ണം. മൽസ്യം സപ്ലൈ ചെയ്യുന്നതു കൊച്ചി തോപ്പുംപടിയിലെ ബേബി മറൈൻ സീഫുഡ് എക്സ്പോർട്ടേഴ്സിന്. കമ്പനിയുടെ രണ്ടു വൻ പ്രോസസിംഗ് യൂണിറ്റും തൊട്ടടുത്തുണ്ട്.

അൻവറിന്റെ ബിരിയാണിക്കടയാണ് മണ്ഡപം ടൗണിലെ മറ്റൊരു ആകർഷണം. ഫൗസിയ ബാനു നടത്തുന്ന കടയിലെ ആദ്യ കസ്റ്റമറും ഞങ്ങൾ ആയിരുന്നു. മുട്ടസഹിതമുള്ള ഒരു പാക്കറ്റു ചിക്കൻ ബിരിയാണിക്ക് 110. ഉപ്പയുടെ ഉമ്മ പാലക്കാട്ടുകാരിയായിരുന്നുവെന്നു ഫൗസിയ. പക്ഷെ ഇതുവരെ പാലക്കാട് കണ്ടിട്ടില്ല. മകൻ അൻവറിന്റെ പേരിലാണ് കട. അവൻ എൻജിനീയറിങ് കോളജിൽ പഠിക്കുന്നു.

173 കിമീ ദൂരമുള്ള മധുര-രമേശ്വരം ദേശിയ പാതയിൽ മധുരയിൽ നിന്ന് അമ്പത് കിമീ അകലെയാണ് മാനമധുര. ദേശീയപാതയിൽ നിന്ന് വിളിപ്പാടകലെ പുതിയ താലൂക്ക് ഓഫീസിനു എതിർവശം പൊരിച്ച ചെട്ടിനാട് ചിക്കൻ കൂട്ടി ശാപ്പാടു തരുന്ന ഒരു കടയുണ്ട്. മാനമധുര രാമായണ കാലത്തെ വാനരസേനയിൽ നിന്ന് ഉടലെടുത്തതാണത്രേ. ജില്ലാ ആസ്ഥാനമായ രാമനാഥപുരത്തിനും അങ്ങിനെയൊരു കഥ പറയാനുണ്ട്.മണ്ഡലം വെസ്റ്റിനോട് വിട പറയുന്ന പ്രഭാതത്തിൽ ഞങ്ങളുടെ റിസോർട്ടിനോട് തൊട്ടുചേർന്ന വളപ്പിൽ പുതിയൊരു റിസർട്ടും പിറന്നു വീണു-പാക്ക് സ്‌ട്രൈറ്റ്സ് റിസോർട്. ഈ രണ്ടെണ്ണമേ ഇപ്പോൾ ആ ബീച്ചിലുള്ളു. കടലോരത്തെ മറ്റു പ്ലോട്ടുകളെല്ലാം മധുരയിൽ നിന്നും ചെന്നൈയിൽ നിന്നുമുള്ള പണക്കാർ ഗസ്റ്റ് ഹൗസുകൾക്കായി വാങ്ങിയിട്ടിരിക്കുകയാണത്രെ.




**ധനുഷ് കോടിയിലെ കപ്പൽഛേദ രക്ഷാപ്രവർത്തകർ**



**ധനുഷ് ക്കോടിയിലെ പഴക്കച്ചവടം**

# JOYFUL HOME CARE

Caring for your loved ones with a joyful spirit



Joy Mekkatte
CEO

**With the new changes in CDPAP, are you looking for a licensed Home Care Agency? Reach out to us**

# 631-737-1000

**SERVING SUFFOLK, NASSAU & QUEENS COUNTY**

ഒരു
മലയാളി
സ്ഥാപനം

**MAIN OFFICE:**

1344 Middle Country Rd, Centereach, NY 11720
info@joyfulhomecare.com • www.joyfulhomecare.com

**QUEENS OFFICE:**

201-16 Hillside Ave, Hollis, NY 11423

കല /പ്രത്യേക അഭിമുഖം
ഡോ. ആതിര നന്ദൻ

# സ്ത്രീവിജയം കഥകളി

## പുരുഷ മേഖലയായ കഥകളിയിലെ പെൺമുദ്രകളളെപ്പറ്റി ഡോ. ആതിര നന്ദൻ

വിജയ് സി. എച്ച്





നമ്മുടെ സംസ്കൃതിയിൽ നിന്നു രൂപം കൊണ്ട രംഗാവിഷ്കാരങ്ങൾ അഭ്യസിപ്പിക്കാൻ 92 വർഷം മുന്നെ സ്ഥാപിതമായ കേരള കലാമണ്ഡലം പെൺകുട്ടികൾക്കു കഥകളി പഠിക്കാൻ പ്രവേശനം ആരംഭിച്ചത് കഴിഞ്ഞ വർഷം മാത്രം! കഥകളി ഒരു പുരുഷ കലയോ? എന്നാൽ, കലാമണ്ഡലം വിദേശ വനിതകൾക്ക് പണ്ടു മുതലേ പരിശീലനം നൽകിയിരുന്നുവെന്ന യാഥാർത്ഥ്യം ഒരു വിപരീതസത്യമായി നിലകൊള്ളുന്നു. ഇറ്റലിക്കാരിയായ മിലേന സാൽവിനി സ്കോളർഷിപ്പോടു കൂടിയാണ് 1965-ൽ കഥകളി അഭ്യസിക്കാൻ കലാമണ്ഡലത്തിലെത്തിയത്. കേരളത്തിലെ വനിതകൾക്ക് സ്വകാര്യ സ്ഥാപനങ്ങളോ, സ്വന്തം നിലയിലുള്ള പഠനങ്ങളോ മാത്രമായിരുന്നു ആശ്രയം.



മുതിർന്ന കഥകളി കലാകാരനായ പിതാവിന്റെ പിൻബലത്താൽ ഈ വിദ്യ അഭ്യസിച്ചു നിരവധി പ്രശസ്ത വേദികളിലെത്തുകയും, കേരളത്തിന്റെ മുഖമുദ്രയായി ത്തീർന്ന ശ്രേഷ്ഠകലയിലെ ലിംഗ വ്യവസ്ഥയെക്കുറിച്ചു പരാമർശമുള്ളൊരു പ്രബന്ധത്തിന് കോഴിക്കോട് സർവകലാശാലയിൽ നിന്ന് പി.എച്ച്.ഡി ബിരുദം നേടുകയും ചെയ്ത ഡോ. ആതിര നന്ദൻ അതിനാൽ സംസ്ഥാനത്തെ കലാവീഥിയിൽ ഒരു വേറിട്ട പ്രതിഭ. പുരുഷ മേഖലയായ കഥകളിയിലെ പെൺമുദ്രകളറിയാൻ ഡോ. ആതിരയോടു തന്നെ സംവദിയ്ക്കണം...

## കഥകളി ശ്വസിച്ച കുട്ടിക്കാലം

കോട്ടയ്ക്കൽ ആര്യവൈദ്യശാലയുടെ കീഴിലുള്ള പി.എസ്.വി. നാട്യസംഘത്തിലെ അംഗമായിരുന്നു അച്ഛൻ. അതിനാൽ എന്റെയും സഹോദരിയുടെയും കുട്ടിക്കാലം കടന്നു പോയത് ആനപ്പിണ്ഡം മഴ നനയുമ്പോൾ ഉതിരുന്ന മണവും, ഇരുന്നു കൊണ്ടു ഉത്സവം കാണാൻ നിലത്തു വിരിയ്ക്കാറുള്ള പുത്തൻ പരമ്പിന്റെ ചൂരും നുകർന്നു കൊണ്ടായിരുന്നു. പാലക്കാട്, മലപ്പുറം,

**കോട്ടയ്ക്കൽ വിശ്വംഭര ക്ഷേത്രോത്സവത്തിലെ അഞ്ചു ദിവസത്തെ കഥകളി അരങ്ങുകളാണ് ഇന്നും ഉള്ളു നിറയെ. പക്ഷെ, അന്നൊന്നും ഈ കലാരൂപത്തിന്റെ മഹത്വം തിരിച്ചറിഞ്ഞിരുന്നില്ല. പഠിക്കണമെന്ന് ആലോചിച്ചിട്ടുമില്ല. 'കഥയറിഞ്ഞ് ആട്ടം കാണാൻ തുടങ്ങിയത്' തന്നെ പിന്നെയും എത്രയോ കഴിഞ്ഞാണ്!**

തൃശ്ശൂർ ജില്ലകളിലെ, അച്ഛൻ വേഷമിടുന്ന കഥകളി വേദികളായിരുന്നു ചിന്തകളുടെ മേച്ചിൽ പാടങ്ങൾ. പാതി ഉറങ്ങിയും അണിയറയിലേക്കോടി അച്ഛനോട് എന്തെങ്കിലും മിണ്ടിയും കഴിച്ചുകൂട്ടാറുള്ള രാവുകൾ ഗതകാല സുഖസ്മരണകളുണർത്തുന്നു. കോട്ടയ്ക്കൽ വിശ്വംഭര ക്ഷേത്രോത്സവത്തിലെ അഞ്ചു ദിവസത്തെ കഥകളി അരങ്ങുകളാണ് ഇന്നും ഉള്ളു നിറയെ. പക്ഷെ, അന്നൊന്നും ഈ കലാരൂപത്തിന്റെ മഹത്വം തിരിച്ചറിഞ്ഞിരുന്നില്ല. പഠിക്കണമെന്ന് ആലോചിച്ചിട്ടുമില്ല. 'കഥയറിഞ്ഞ് ആട്ടം കാണാൻ തുടങ്ങിയത്' തന്നെ പിന്നെയും എത്രയോ കഴിഞ്ഞാണ്!

## മുളപൊട്ടിയ മോഹം

ഡോ.എം.എൻ.വിനയകുമാറിന്റെ സാരഥ്യത്തിൽ 'ജനഭേരി'

**ഒരു പ്രത്യേക നിമിഷമോ, കാഴ്ചയോ, അനുഭവമോ അല്ല എന്നെ കഥകളിയിലേക്കെത്തിച്ചത്. കുട്ടിക്കാലം മുതലേ കണ്ടു വളർന്ന ഒരു ക്ലാസ്സിക് കലയോട് സ്വാഭാവികമായി തോന്നിയ ഉപാസനയായിരുന്നു അത്. കൃഷ്ണ സങ്കൽപം എനിക്കിഷ്ടമാണ്. ഉരുണ്ട കിരീടം ധരിച്ചു, ചുട്ടി വെച്ചു പച്ച വേഷത്തിൽ, ഒരിക്കലെങ്കിലും കൃഷ്ണനായി അരങ്ങിലെത്തണമെന്നത് എന്റെ വലിയൊരു സ്വപ്നമായിരുന്നു!**

എന്നൊരു കഥകളി കേന്ദ്രം ഷൊർണൂരിൽ ആരംഭിച്ചു. അച്ഛൻ അവിടെ കഥകളി അദ്ധ്യാപകനായി ചേർന്നു. ആ കളരി സജീവമായപ്പോൾ, ഉള്ളിലെവിടെയോ മുളപൊട്ടിയിരുന്ന മോഹം ഞാൻ അച്ഛനോടു പറഞ്ഞു. പിന്നെ വൈകിയില്ല, കഥകളി പഠനം തുടങ്ങി. ഒരു പ്രത്യേക നിമിഷമോ, കാഴ്ചയോ, അനുഭവമോ അല്ല എന്നെ കഥകളിയിലേക്കെത്തിച്ചത്. കുട്ടിക്കാലം മുതലേ കണ്ടു വളർന്ന ഒരു ക്ലാസ്സിക് കലയോട് സ്വാഭാവികമായി തോന്നിയ ഉപാസനയായിരുന്നു അത്. കൃഷ്ണ സങ്കൽപം എനിക്കിഷ്ടമാണ്. ഉരുണ്ട കിരീടം ധരിച്ചു, ചുട്ടി വെച്ചു പച്ച വേഷത്തിൽ, ഒരിക്കലെങ്കിലും കൃഷ്ണനായി അരങ്ങിലെത്തണമെന്നത് എന്റെ വലിയൊരു സ്വപ്നമായിരുന്നു!

### ഹൃദിസ്ഥമാക്കി, പിരിമുറുക്കം കുറഞ്ഞു

ആരംഭ കാലത്ത് കഥകളി അരങ്ങുകൾ ക്ലേശകരമായിരുന്നു. ഊർജ്ജവിന്യാസവും മുഖാഭിനയവുമായിരുന്നു ഏറെ ദുഷ്കരം. മുഖാഭിനയം എത്ര ശ്രമിച്ചാലും ചുട്ടി കടന്നു പുറത്തേക്കെത്തില്ലായിരുന്നു. ഉടയാടകളും അലങ്കാരങ്ങളുമെല്ലാം ദേഹത്ത് എത്തിയാൽ അധിക നേരം അരങ്ങിൽ പിടിച്ചു നിൽക്കാൻ കഴിയില്ലെന്നും തോന്നിയിട്ടുണ്ട്. കരുത്ത് ചോർന്നു പോകുന്നതു പോലെയൊരു അനുഭവം. എന്നാൽ, അരങ്ങു പരിചയത്തിലൂടെ കഥകളിയുടെ വ്യാകരണം ഹൃദിസ്ഥമായിത്തുടങ്ങിയപ്പോൾ പിരിമുറുക്കം കുറഞ്ഞു വന്നു. കഥാപാത്രങ്ങളെ ആസ്വദിച്ചു ചെയ്യുവാൻ കഴിയുമെന്നുമായി.

### പെട്ടിക്കാരിൽ പെണ്ണുങ്ങളില്ല

കഥകളി കോപ്പുകൾ അണിയറയിലെത്തിയ്ക്കുന്നതും, ആർട്ടിസ്റ്റുകൾക്ക് അണിഞ്ഞു കൊടുക്കുന്നതും പെട്ടിക്കാരാണ്. ചമയത്തിലും ഉടുത്തുകെട്ടിലും കഥകളിയിലുള്ളത്ര സങ്കീർണത മറ്റൊരു രംഗാവതരണത്തിലും ഇല്ലാത്തതിനാൽ പെട്ടിക്കാരുടെ പങ്ക് മർമപ്രധാനമാണ്. വേഷക്കാരെ ഉടുത്തുകെട്ടിയ്ക്കുന്നതു കൂടാതെ, ചേലകളും, തുണികളും, പട്ടും മറ്റും അണിഞ്ഞു കൊടുക്കുന്നതും പെട്ടിക്കാരാണ്. അണിയറയിൽ വ്യാപൃതരായിരിയ്ക്കുമ്പോൾ തന്നെ അരങ്ങിലെ കഥാരംഗങ്ങൾക്കാവശ്യമായ വില്ല്, ശരം, ഗദ, വാൾ, സുദർശനചക്രം മുതലായ ആയുധങ്ങൾ അപ്പപ്പോൾ എത്തിച്ചു കൊടുക്കുന്നതും, രംഗം തുടങ്ങുമ്പോഴും മാറുമ്പോഴും തിരശ്ശീല പിടിയ്ക്കുന്നതും ഇവരാണ്. വൈകീട്ട് ഏഴുമണിയ്ക്കു തുടങ്ങുന്ന കളിയ്ക്ക്, സകല സാമഗ്രികളുമടങ്ങുന്ന പെട്ടികളുമായി ഈ അണിയറ പ്രവർത്തകർ ഉച്ചയ്ക്കു മുന്നെയെത്തണം. രംഗസംവിധാനത്തിൽ പെട്ടിക്കാരെപ്പോലെ മുഖ്യ



പങ്കുള്ളവരാണ് ശില്പബോധമുള്ള ചുട്ടിക്കാരും. പച്ച, കത്തി, വെള്ള ത്താടി, ചുവന്ന താടി, കാട്ടാളൻ, കരി മുതലായ വേഷങ്ങൾക്കെല്ലാം വളയം വെയ്ക്കണം. കഥകളി കോപ്പുകൾ നിർമ്മിക്കുന്നതും പരിപാലിയ്ക്കുന്നതും ചുട്ടിക്കാരാണ്. മിനുക്ക് വേഷത്തിന് ചുട്ടിയില്ലെങ്കിലും, പച്ചയല്ലേ കൃഷ്ണൻ! ചുട്ടി വെച്ച എന്റെ കൃഷ്ണരൂപത്തോട് എനിയ്ക്കു തന്നെ ആരാധനയാണ്! ചുട്ടിയിട്ടു കഴിഞ്ഞാൽ, കണ്ണാടി നോക്കി, ആർട്ടിസ്റ്റിനു തന്നെ മന

**കഥാപാത്രങ്ങൾക്ക് തനതായ രൂപം നൽകുന്ന, വളരെ കലാപരമായി ചെയ്യേണ്ട ഉടുത്തുകെട്ടിന് പെട്ടിക്കാരുടെ സഹായം വേണം. പക്ഷെ, പെട്ടിക്കാരിൽ പെണ്ണുങ്ങളില്ല. എല്ലാ ഭാഗത്തും ജനലുകളുള്ള വിശാലമായ അണിയറയിൽ ഒരിക്കൽ വേഷമഴിയ്ക്കുന്ന സമയത്ത്, ജനലിലൂടെ എന്നെ ചൂണ്ടി ഒരുത്തൻ തന്റെ കൂട്ടുകാരനോടു കുശുകുശുക്കുന്നതു കേട്ടു, 'അത് പെണ്ണാണ്!' കാലം മാറിയെങ്കിലും, കഥകളി അണിയറകളിൽ ഇന്നും സ്ത്രീ സാന്നിധ്യം കുറവാണ്.**

യോല മുഖത്ത് ലേപനം ചെയ്യാം. മുഖത്തെ മറ്റു ചമയങ്ങളും സ്വയം ചെയ്യാവുന്നതേയുള്ളൂ. എന്നാൽ, കഥാപാത്രങ്ങൾക്ക് തനതായ രൂപം നൽകുന്ന, വളരെ കലാപരമായി ചെയ്യേണ്ട ഉടുത്തുകെട്ടിന് പെട്ടിക്കാരുടെ സഹായം വേണം. പക്ഷെ, പെട്ടിക്കാരിൽ പെണ്ണുങ്ങളില്ല. എല്ലാ ഭാഗത്തും ജനലുകളുള്ള വിശാലമായ അണിയറയിൽ ഒരിക്കൽ വേഷമഴിയ്ക്കുന്ന സമയത്ത്, ജനലിലൂടെ എന്നെ ചൂണ്ടി ഒരുത്തൻ തന്റെ കൂട്ടുകാരനോടു കുശുകുശുക്കുന്നതു കേട്ടു, 'അത് പെണ്ണാണ്!' കാലം മാറിയെങ്കിലും, കഥകളി അണിയറകളിൽ ഇന്നും സ്ത്രീ സാന്നിധ്യം കുറവാണ്. എന്നിരുന്നാലും, അനിഷ്ടമായതൊന്നും പ്രതീക്ഷിയ്ക്കുന്നില്ല.



### നമുക്കു നഷ്ടപ്പെട്ട ഒന്നാം സ്ഥാനം

കേരള കലാമണ്ഡലത്തിലെ ആദ്യകാല കഥകളി വിദ്യാർത്ഥിനികൾ വിദേശികളാണ്. മിലേന സാൽവിനി യൂറോപ്യൻ രാജ്യങ്ങളിലും കനഡയിലും നമ്മുടെ കഥകളി പ്രചരിപ്പിച്ചത് നന്ദിപൂർവം ഓർക്കുന്നു. അതിനാലാണല്ലോ അവരെ നാം പത്മശ്രീ പുരസ്കാരം നൽകി ആദരിച്ചത്. പക്ഷെ, നമ്മുടെ തനത് കലാരൂപത്തിന്റെ ആദ്യ വനിതാ പഠിതാവെന്ന സ്ഥാനം ഒരു മലയാളിക്കോ, അല്ലെങ്കിൽ ഒരു ഇന്ത്യൻ പെൺകുട്ടിക്കോ നിഷേധിക്കപ്പെട്ടതിൽ ഖേദമുണ്ട്. കേരള മണ്ണിൽ വേ

രോടി വളർന്നു പന്തലിച്ചു, നമ്മുടെ സംസ്ഥാനത്തിന്റെ മുഖചരായായി ത്തീർന്ന ആവിഷ്കാരമാണ് കഥകളി. സർക്കാർ നിയന്ത്രണത്തിലുള്ള കലാമണ്ഡലത്തിൽ നമ്മുടെ പെൺ കുട്ടികൾക്ക് പ്രവേശനം നൽകാതിരുന്നത് ഉഴിച്ചിൽ ചെയ്യാൻ കഴിയില്ലെന്ന വാദം ഉന്നയിച്ചാണ്. അപ്പോൾ, വിദേശ വനിതകൾക്കോ? സ്ത്രീകൾ ഉഴിയുന്ന കളരികൾ എന്തുകൊണ്ടായിക്കൂടാ? ശാസ്ത്രീയമായി ഉഴിയാൻ അറിയുന്ന എത്രയോ പേരുണ്ട്. ഈ മറുചോദ്യങ്ങൾക്ക് ആരും മറുപടി പറഞ്ഞില്ല. വാദം നിലനിന്നു. പുരോഗമന കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട കഥകളി കളരിയിൽ നിന്ന് പെൺകുട്ടികൾ മാറ്റി നിർത്തപ്പെട്ടു. അതേസമയം ധാരാളം വിദേശ വനിതകൾ പഠനം പൂർത്തിയാക്കി പുറത്തിറങ്ങി. സ്വകാര്യ കഥകളി കേന്ദ്രങ്ങളിലെ അധ്യാപികമാർ വിദ്യാർഥിനികൾക്കു വേണ്ട ശാരീരിക വ്യവഹാരങ്ങളെല്ലാം നിർവഹിക്കുന്നുണ്ടല്ലോ. മുതിർന്ന കഥകളി കലാകാരിയായിരുന്ന ചവറ പാറുക്കുട്ടിയമ്മയെപ്പോലെയുള്ളവരുടെ അധ്യാപനം കലാമണ്ഡലത്തിനൊരു മുതൽ കൂട്ടാകുമായിരുന്നു. ഇന്നലെകളെ വേദനയോടെ ഓർക്കുന്നതോടൊപ്പം, നവതിയിലെത്തിയ കലാമണ്ഡലത്തിലെങ്കിലും പെൺകുട്ടികൾക്ക് പ്രവേശനം അനുവദിച്ചതിനെ അഭിമാനപൂർവം സ്വാഗതം ചെയ്യുന്നു!

## ഗവേഷണ പ്രബന്ധം

കഥ, കളരി, കളി, കാണി എന്നീ ഘടകങ്ങളിലൂടെ എങ്ങനെയാണ് ലിംഗ-ശരീര നിർമ്മിതിയുണ്ടാവുന്നു എന്നാണ് പ്രബന്ധത്തിൽ ഞാൻ അന്വേഷിക്കുന്നത്. ഗൈഡ് പ്രൊഫ.എം.വി.നാരായണൻ, അച്ഛൻ, മറ്റു കഥകളി പ്രതിഭകൾ എന്നിവരോട് സംസാരിച്ച അറിവും, സ്വന്തം അനുഭവവും ചേർത്തുകൊണ്ടാണ് പ്രബന്ധം തയ്യാറാക്കിയത്. നാം പിന്തുടർന്നു പോരുന്ന ലിംഗ സമത്വം എന്ന പ്രത്യയശാസ്ത്രത്തിന് വിരുദ്ധമായ പലതും ആൺമേൽക്കോയ്മ രൂക്ഷമായി നിലനിന്ന ഒരു സമൂഹത്തിൽ സൃഷ്ടിക്കപ്പെട്ട ഈ ക്ലാസ്സിക് കലാരൂപത്തിലുണ്ടെന്നാണ് പഠനത്തിലൂടെയും ഗുരുനാഥരിലൂടെയും മനസ്സിലാക്കിയത്. എന്നാൽ, ആ വൈരുദ്ധ്യങ്ങളിൽ നിന്ന് പുറത്തു വരാനുള്ള സാധ്യതകളും ഒരു പാഠമെന്ന നിലയിൽ കഥകളിയിലുണ്ട്. ഈ സാധ്യതാ ഗവേഷണമാണ് ഇന്നെനിക്കോരോ കഥകളി അരങ്ങും, അനുഭവവും! എന്നാൽ, സാമൂഹ്യ-കുടുംബ

> **സർക്കാർ നിയന്ത്രണത്തിലുള്ള കലാമണ്ഡലത്തിൽ നമ്മുടെ പെൺ കുട്ടികൾക്ക് പ്രവേശനം നൽകാതിരുന്നത് ഉഴിച്ചിൽ ചെയ്യാൻ കഴിയില്ലെന്ന വാദം ഉന്നയിച്ചാണ്. അപ്പോൾ, വിദേശ വനിതകൾക്കോ? സ്ത്രീകൾ ഉഴിയുന്ന കളരികൾ എന്തുകൊണ്ടായിക്കൂടാ? ശാസ്ത്രീയമായി ഉഴിയാൻ അറിയുന്ന എത്രയോ പേരുണ്ട്.**

പശ്ചാത്തലം ഒരു പ്രതിബന്ധമായി തുടരുന്നു. ഇന്ന് കഥകളി കലാകാരികളുടെ എണ്ണം കൂടിയിട്ടുണ്ടെങ്കിലും, പുരുഷ കലാകാരന്മാരെ താരതമ്യം ചെയ്യുമ്പോൾ വളരെ കുറവു തന്നെയാണ്. നമ്മുടെ സാമൂഹ്യാവസ്ഥയിൽ സ്ത്രീകൾക്ക് ചുമതലകൾ കൂടുതലാണ്. കലാജീവിതത്തെ ഇത് സാരമായി ബാധിയ്ക്കുന്നു. പ്രത്യേകിച്ചും കഥകളി പോലെയുള്ള കലാരൂപങ്ങളാണെങ്കിൽ. കളരി അഭ്യാസത്തിനും അരങ്ങുകൾക്കുമായി ഒരു സ്ത്രീയ്ക്ക് എത്ര സമയം മാറ്റി വെയ്ക്കാൻ സാധിക്കും? നീക്കുപോക്കുകൾ അരങ്ങിലെ പ്രവൃത്തിയെ തരം താഴ്ത്തുന്നു. എന്റെ ഗവേഷണ പ്രബന്ധത്തിൽ (Gender as/in Performance: Textual Negotiations in Kathakali) ഇത്തരം നിരീക്ഷണങ്ങൾ ധാരാളം ഉൾപ്പെടുത്തിയിട്ടുണ്ട്. കഥകളിയിലെ വേഷവിധാനം ആർട്ടിസ്റ്റുകളുടെ വ്യക്തിത്വത്തെ മറയ്ക്കുന്ന കാര്യവും പരിശോധിയ്ക്കുന്നുണ്ട്. അരങ്ങിൽ ആർട്ടിസ്റ്റുകളുടേത് ഒരു രംഗശരീരമാണ്. കലാകാരനോ കലാകാരിയോ അരങ്ങിൽ പച്ചയോ, കത്തിയോ, കരിയോ, താടിയോ, മിനുക്കോ ചെയ്യുന്ന കഥാപാത്രങ്ങൾ മാത്രമാണ്. അതീവ ആസ്വാദ്യകരമായാണ് ശരീരപ്പകർച്ചകൾ നടക്കേണ്ടത്. അനുവാചകർ അളക്കുന്നതും ഈ രൂപാന്തര ഭംഗിയാണ്. കഥയ്ക്കും കളിയ്ക്കും ഒരു പോലെ പ്രസക്തിയുള്ള ആവിഷ്കാരത്തിൽ, കഥാപാത്രങ്ങളുടെ സ്വഭാവങ്ങൾ നിശ്ചയിക്കുന്നത് കഥയാണെങ്കിൽ, അവയുടെ അവതരണങ്ങളെ നിർണ്ണയിക്കുന്നത് കളിയാണ്. കൊട്ടും, പാട്ടും, ആട്ടവും, അരങ്ങും ചേരുന്നതാണ് കളി. ആർട്ടിസ്റ്റുകൾ മനോധർമ്മങ്ങൾ ആടുമെങ്കിലും, അവയ്ക്ക് നിശ്ചിത പദ്ധതിയുണ്ട്. ഗവേഷണ പ്രബന്ധം ഈ മേഖയിലേക്കെല്ലാം എത്തിനോക്കുന്നുണ്ട്.

## ഇഷ്ട വേഷങ്ങൾ

കളിച്ചതിൽ ഏറ്റവും ഇഷ്ടം തോന്നുന്നത് സന്താനഗോപാലം കഥയിലെ കൃഷ്ണവേഷത്തോടു തന്നെ. നളചരിതം ഒന്നാം ദിവസത്തെയും രണ്ടാം ദിവസത്തെയും ദമയന്തിമാർ, ദുര്യോധനവധത്തിലെ ദ്രൗപദി, കീചകവധത്തിലെ സൈരന്ധ്രി, ലവണാസുരവധത്തിലെ സീത, ദക്ഷയാഗത്തിലെ സതി, മധുരാദഹനത്തിലെ കണ്ണകി, പൂതനാമോക്ഷത്തിലെ പൂതന എന്നിവർ ഇഷ്ട കഥാപാത്രങ്ങളാണ്. പ്രകടന സാധ്യതകളും വ്യക്തിത്വവുമുള്ള കഥാപാത്രങ്ങളാണ് ഇവയെല്ലാം. ദമയന്തിയും, ദ്രൗപദിയും പോലെയുള്ള കഥാപാത്രങ്ങൾ പല ജീവിതാവസ്ഥകളിലൂടെ കടന്നു പോകുന്നവരും ശക്തമായി പ്രതികരിക്കുന്നവരുമാണ്. കഥാപാത്രങ്ങളെ സത്വ, രജത്, തമോ ഗുണങ്ങൾ

**നാം പിന്തുടർന്നു പോരുന്ന ലിംഗ സമത്വം എന്ന പ്രത്യയശാസ്ത്രത്തിന് വിരുദ്ധമായ പലതും ആൺമേൽക്കോയ്മ രൂക്ഷമായി നിലനിന്ന ഒരു സമൂഹത്തിൽ സൃഷ്ടിക്കപ്പെട്ട ഈ ക്ലാസ്സിക് കലാരൂപത്തിലുണ്ടെന്നാണ് പഠനത്തിലൂടെയും ഗുരുനാഥരിലൂടെയും മനസ്സിലാക്കിയത്. എന്നാൽ, ആ വൈരുദ്ധ്യങ്ങളിൽ നിന്ന് പുറത്തു വരാനുള്ള സാധ്യതകളും ഒരു പാഠമെന്ന നിലയിൽ കഥകളിയിലുണ്ട്. ഈ സാധ്യതാ ഗവേഷണമാണ് ഇന്നെനിക്കോരോ കഥകളി അരങ്ങും, അനുഭവവും!**

അടിസ്ഥാനപ്പെടുത്തിയും നായക പ്രകൃതമനുസരിച്ചും പച്ച, കത്തി, കരി, താടി, മിനുക്ക് എന്നിങ്ങനെ തരം തിരിച്ചിട്ടുണ്ട്. എന്നാൽ, സ്ത്രീ കഥാപാത്രം ഒന്നുകിൽ മിനുക്കാണ്, അല്ലെങ്കിൽ കരിയാണ്. അതിനാൽ, മറ്റു സ്വഭാവ പ്രകൃതങ്ങൾ പ്രകടിപ്പിയ്ക്കാൻ കഥകളിയിലെ സ്ത്രീ കഥാപാത്രങ്ങൾക്ക് അവസരം ലഭിയ്ക്കുന്നില്ല. മധുരാദഹനം എന്ന കഥയിൽ കണ്ണകിയെ അവതരിപ്പിച്ചപ്പോൾ ഭാവപ്പകർച്ച കൊണ്ടുവരാൻ സാധാരണ കഥകളിയിൽ ചെയ്യുന്നതു പോലെ മിനുക്ക് കരിയാകുന്ന രീതിക്കു പകരം, ചുവപ്പ് മേൽക്കുപ്പായവും സാരിയും ഉറുമാലുമാണ് ധരിച്ചത്. അരങ്ങിൽ അറുപതു വർഷം പിന്നിട്ട വന്ദ്യപിതാവിന്റെ ചിന്തയിൽ ഉദിച്ചതായിരുന്നു ഏറെ സർഗാത്മകമെന്ന് എല്ലാവരും വിലയിരുത്തിയ ഈ പരിഷ്കൃതി. വാർപ്പു മാതൃകകളെ മറികടക്കാൻ കഥകളി തന്നെ ഇത്തരം സാധ്യതകൾ മുന്നോട്ടു വയ്ക്കുന്നുണ്ടല്ലോ! സ്ഥിരം സ്ത്രീ സൗന്ദര്യം വർണ്ണിയ്ക്കുന്ന പദങ്ങളിൽ നിന്നു വ്യത്യസ്തമായി, കാലകേയവധത്തിലെ ഉർവ്വശി പുരുഷ സൗന്ദര്യം ശരിയ്ക്കും വിവരിക്കുന്നുണ്ട്. പുരുഷ കാമനകൾക്ക് മുൻതൂക്കം കൊടുത്ത്, സ്ത്രീയെ ഒരു വസ്തുമാത്രമായിക്കാണുന്ന ബന്ധങ്ങളിൽ നിന്നു വിഭിന്നമായാണ് നളചരിതത്തിലെ നളദമയന്തിമാർ പരസ്പരം അംഗീകരിച്ചു പ്രണയിക്കുന്നത്. ഓരോ ദിവസത്തിലും കാണുന്ന ദമയന്തിമാർ വ്യത്യസ്തരുമാണ്.

### അഭിമാനം, ആനന്ദം


കഥകളി കലാകാരിയാകുന്നത് തുടക്കത്തിൽ ഒരു വെല്ലുവിളിയായിരുന്നെങ്കിൽ, ഇന്നതൊരു അനുഗ്രഹമായി തോന്നുന്നു. ചെല്ലുന്നിടത്തെല്ലാം സ്നേഹനിർഭരമായ സ്വീകരണങ്ങൾ ലഭിയ്ക്കുന്നു. ബഹുമാനപൂർവമുള്ള സമീപനങ്ങളാണ് സമൂഹത്തിൽ നിന്ന് ഏറ്റുവാങ്ങാൻ കഴിയുന്നത്. കളരിയിലും, അണിയറയിലും, അരങ്ങിലും ഉള്ളവരുടെ ഇടപെടലുകളും ഊഷ്മളമാണ്. നർമ്മം കലർന്നുള്ള സംഭാഷണങ്ങളും, പൊട്ടിച്ചിരികളും അണിയറകളെ സജീവമാക്കാറുണ്ട്. കൂടാതെ, ഒരു പെൺകുട്ടി വേഷമിടുന്നത് സ്ത്രീകളായ കാണികൾക്ക് വലിയ ആവേശമാണ്. 2016-ൽ റിപ്പബ്ലിക് ദിനാചരണത്തോടനുബന്ധിച്ച് ഇന്ത്യാ ഗവൺമെന്റിന്റെ പ്രതിനിധികളായി നെതർലൻഡ്സിൽ കഥകളി അവതരിപ്പിക്കാൻ അവസരം ലഭിച്ചത് ഒരു ഭാഗ്യമായി കരുതുന്നു. തിയേറ്ററിനെ സ്നേഹിക്കുന്ന ഒരു കൂട്ടം പാശ്ചാത്യർ ഏറെ ശ്രദ്ധയോടെ അവർക്കു പുതുമയുള്ള കലാരൂപം ആസ്വദിച്ചു. കീചകവധം അവിടെ വൻ വിജയമായിരുന്നു! കഥകളി കലാകാരിയെന്ന പദവി ഇന്നെനിയ്ക്ക് അഭിമാനവും, ആനന്ദവും നൽകുന്നു.


### കുടുംബ പശ്ചാത്തലം

തൃശ്ശൂർ ജില്ലയിലെ ചെറുതുരുത്തിയിൽ ജനിച്ചു വളർന്നു. കോട്ടയ്ക്കൽ നന്ദകുമാരൻ നായരും സതീദേവിയുമാണ് അച്ഛനമ്മമാർ. ഒറ്റപ്പാലം എൻ.എസ്.എസ് കോളേജിൽ നിന്ന് ബിരുദവും, ഹൈദരാബാദ് കേന്ദ്ര സർവ്വകലാശാലയിൽ നിന്ന് ബിരുദാനന്തര ബിരുദവും നേടി. 2021-ലാണ് പി.എച്ച്.ഡി പൂർത്തിയാക്കിയത്. മഞ്ചേരി എൻ.എസ്.എസ്. കോളേജിൽ ഇംഗ്ലീഷ് വിഭാഗം പ്രൊഫസറാണ്. അഭിഭാഷകനായ അനൂപ് പറക്കാട്ടാണ് ഭർത്താവ്. മകൻ അച്യുതൻ നാലാം ക്ലാസ്സിൽ പഠിക്കുന്നു. ജ്യേഷ്ഠസഹോദരി അനിതാ നന്ദൻ കടമ്പൂർ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ ഇംഗ്ലീഷ് അധ്യാപി കയും ചിത്രകാരിയുമാണ്.




MALABAR PALACE RESTAURANT
Malabar Palace
Authentic Indian Cuisine
Flavors from the Heart with Love
A Taste of Tradition!
Authenticity on Every Plate!
Handpicked spices, Fresh ingredients
Spice, Aroma & Love
Our chefs bring generations-old Indian recipes to life
Homestyle cooking and flavors from the Heart with Love
Located at 44 Route 303, Valley Cottage, NY 10989
Tel:1-914-688-9000
www.malabarpalace.us
malabarpalaceny@gmail.com



**അഖിൽ പി ധർമജന്റെ 'റാം c/o ആനന്ദി' എന്ന നോവൽ നമ്മുടെ കാലത്തോട് ചേർന്ന് നിൽക്കുന്നതും സത്യസന്ധവും ആണ് ... ഹൃദയത്തോട് സംവദിക്കുന്ന നോവൽ**

# ഹൃദയം ദ്രവീകരിക്കുന്ന സത്യസന്ധത

എഴുത്തിന്റെ വഴികൾ സങ്കീർണ്ണവും വിചിത്രവുമാണ് .ഒരു കാലത്തു ആർ കെ നാരായണന്റെ നോവലുകളും കഥകളും പൈങ്കിളി എന്ന് വിശേഷിപ്പിക്കപ്പെടുമായിരുന്നു .വിദേശത്തു കിട്ടിയ അംഗീകാരം കൊണ്ട് മാത്രമാണ് മലയാളത്തിൽ പലരും അദ്ദേഹത്തെ പ്രാധാന്യത്തോടെ കാണാൻ തുടങ്ങിയത് .എന്നാൽ അവ മാൽഗുഡി ഡേയ്സ് എന്ന പേരിൽ ടി വി സീരിയൽ ആയപ്പോൾ ആ വിമർശനക്കണ്ണുകൾ എങ്ങും ഉണ്ടായിരുന്നില്ല .അത് പോലെ അരുന്ധതി റോയിയുടെ ഗോഡ് ഓഫ് സ്മാൾ തിങ്ങ്സ് എന്നാനോവലിനെ ബൂക്കർ സമ്മാനിതമായതിനു ശേഷവും പോരാ എന്ന് പറയാൻ ടിപത്മനാഭൻ തയാറായി .പക്ഷെ അവരൊക്കെ വിസ്മരിക്കുന്ന പ്രധാന കാര്യം എഴുത്തിനു ഒരു സവിശേഷമായ ഗോൾഡ് സ്റ്റാൻഡേഡ് ഇല്ല എന്നതാണ് .ഇരുപതാം നൂറ്റാണ്ടിലെ അത്ഭുത നോവൽ ആയി പരാമർശിക്കപ്പെടുന്ന യുലിസസ് അത്ര സുഗമമായി വായിക്കാൻ കഴിയുന്ന ഒന്നല്ല . ടി എസ് ഏലിയട്ടിന്റെ കവിതകളെ അകവിത എന്ന് അന്നത്തെ പ്രഗത്ഭ നിരൂപകന്മാർ വിമർശിച്ചിരുന്നു .എങ്കിലും ചിലർക്ക് ചില കാലങ്ങളിൽ ചിലതിനോട് കൗതുകം തോന്നും .ചിലപ്പോൾ അതിനു നാടൊട്ടുക്ക് ആരാധകർ ഉണ്ടാകും . അത് കൊണ്ട് അത് അമൂല്യമോ ഉത്തമമോ ആകണമെന്നില്ല .നിലവിലുള്ള രീതികളെ മറികടക്കുന്നത് കൊണ്ട് അത് മോശം ആകണമെന്നും ഇല്ല .ട്രൂഫോ പറഞ്ഞത് പോലെ വാനില ഐസ് ക്രീമിനെ വിമർശിച്ചിട്ടു എന്ത് കാര്യം! .ഒരു പക്ഷെ വില്പന വെച്ചു നോക്കിയാൽ സമീപ കാലത്തു ഏറ്റവും ജനപ്രിയമായ രണ്ട് നോവലുകൾ, നിമ്ന വിജയന്റെ എനിക്ക് ഏറ്റവും പ്രിയപ്പെട്ട ഞാൻ എന്ന കൃതിയും അഖിൽ പി ധർമജന്റെ റാം c/o ആനന്ദി എന്ന കൃതിയുമാണ് .കേന്ദ്ര സാഹിത്യ അക്കാഡമിയുടെ യുവ പുരസ്കാറിനു അഖിൽ പി ധർമ്മജൻ അർഹനായി എന്നത് പക്ഷെ പലരെയും ചൊടിപ്പിക്കുന്നു .താരതമ്യേന അപ്രധാനമായ ഒരു അവാർഡ് ആണ് ഇത് എന്നതും അതിനെതിരെയുള്ള വിമർശനം ഫലത്തിൽ എഴുത്തുകാരനെ കൂടുതൽ പ്രശസ്തനാക്കുകയേ ഉള്ളൂ എന്നതും അതിന്റെ വിമർശകർ മറന്നു പോകുന്നു .

മാത്രമല്ല പ്രധാനപ്പെട്ട പല അവാർഡുകളും സത്യസന്ധതയോ കലാമേന്മയോ ഇല്ലാത്ത സ്വയം സൃഷ്ടിച്ച മൂഢസ്വർഗങ്ങളിൽ കഴിയുന്ന എഴുത്തുകാർക്ക് നൽകുമ്പോൾ ആരും പ്രതിഷേധിക്കാറില്ല എന്നത് ഇതുമായി കൂട്ടി വായിക്കേണ്ടതാണ് . ചില കൃതികൾ ശുദ്ധ

മോഷണം ആണെന്ന് തെളിവുകൾ നിരത്തി പറഞ്ഞിട്ടും ആരും കണ്ട ഭാവം നടിക്കുന്നുമില്ല . .

വില കുറഞ്ഞ പൈങ്കിളി ജനപ്രിയ സാഹിത്യം ആകും എന്ന ധാരണയിൽ അഖിലിന്റെ പുസ്തകം വാങ്ങാൻ ഞാൻ തുടക്കത്തിൽ മടിച്ചിരുന്നു .എങ്കിലും മൂന്നു ലക്ഷം വായനക്കാരെ ആകർഷിച്ച ഒരു പുസ്തകം വാങ്ങാതിരിക്കുന്നത് മൗഢ്യമാണ് എന്ന് കരുതിയിരിക്കുമ്പോഴാണ് കോഴിക്കോട് ഒരു ബുക്ക് സ്ടാളിൽ നിന്ന് അതിന്റെ സെക്കന്റ് ഹാൻഡ് പുസ്തകം നാൽപതു ശതമാനം വിലക്കിഴിവിൽ കിട്ടിയത് . .വേണ്ടി വന്നാൽ അവിടെ തിരിച്ചു വിൽക്കാമെന്നത് കൊണ്ട് അത് ലാഭകരമായ ഒരു വാങ്ങൽ ആയി . ഞാൻ അത് പൂർണമായി വിലകൊടുത്തു വാങ്ങേണ്ടതായിരുന്നു എന്നതാണ് ഇപ്പോഴത്തെ വിഷമം.എഴുത്തുകാരന്റെ വിഹിതത്തിൽ ഒരു കുറവ് വന്നുവല്ലോഎന്നതിൽ എനിക്ക് പശ്ചാത്താപമുണ്ട് .

മലയാള സാഹിത്യ ശാഖയിലെ അമൂല്യ രചന അല്ല അഖിലിന്റെ നോവൽ . .അസാധാരണമായ രചനാരീതിയോ പുതിയ പ്രവണതയുടെ തുടക്കമോ അല്ല ഈ കൃതി . അസാധാരണമായ അടരുകളോ മൂല്യമോ ഉള്ള രചനയും അല്ലിത്. സിനിമാറ്റിക് നോവൽ എന്ന് പേരിട്ടിരിക്കുന്ന ഈ കൃതിയിൽ ഭാഷയുടെയും പിശകുകളുടെയും ഒരു നിര തന്നെയുണ്ട് .പക്ഷെ എന്നിട്ടും മറ്റു ആയിരക്കണക്കിന് വായനക്കാരെപ്പോലെ പോലെ എന്നെ ആകർഷിച്ചത് എന്താണ്?.ഈ നോവൽ നമ്മുടെ കാലത്തോട് ചേർന്ന് നിൽക്കുന്നതും സത്യസന്ധവും ആണെന്നതാണ് .ഹൃദയത്തോട് സംവദിക്കുന്ന നോവൽ .നല്ല കെട്ടുറപ്പുള്ള കഥയും പരിണാമഗുപ്തിയും കഥാപാത്ര സൃഷ്ടിയും ഇതിനെ സവിശേഷമാക്കുന്നു .പുതിയ മദ്രാസിനെ നമുക്ക് ഈ നോവലിൽ അനുഭവിക്കാം .ആകെ ഒരു വിഷമം നായകൻ നേരെ ബസ് കയറാതെ അയ്യപ്പൻതാങ്കളിലേക്ക് പോകാൻ ഗിണ്ടിയിലേക്കു ട്രെയിൻ കയറുന്നതാണ് .ഒരു പക്ഷെ ബാംഗ്ലൂരിലെ ഐടി ലോകത്തെ കേന്ദ്രമാക്കി നിമ്ന വിജയൻ രചിച്ച നോവലിലും ഇതേ കാലിക പ്രസക്തി കാണാം .

ഒരു സിനിമ സംവിധാന വിദ്യാർഥി താൻ സ്വപ്നഭൂമിയായി കണ്ടിരുന്ന തമിഴ്നാട്ടിൽ ചെന്ന് പെടുന്നതും അവിടെ കണ്ടു മുട്ടുന്ന കഥാപത്രങ്ങളും ഒരു കുട്ടിയുടെ നൈസർഗീകമായ കാഴ്ചപ്പാടിലൂടെ വിവരിക്കുന്ന നോവൽ ആണിത് . അയാളെ സംബന്ധിച്ചു മദ്രാസിൽ എല്ലാം പുതുമയാണ് .അയ്യപ്പൻ താങ്കളിലെ ഫ്ലാറ്റും ചുറ്റുമുള്ള ഫ്ലാറ്റ് നിവാസികളും ഫ്ലാറ്റിനുള്ളിലെ ബന്ധുവും സുഹൃത്തും എല്ലാം അയാളുടെ കൌതുകമാണ് . തിരക്കു പിടിച്ച വലിയ നഗരത്തിൽ കൂടിയുള്ള യാത്രയും അവിടെ കണ്ടു മുട്ടുന്ന ജനങ്ങളും അവരുടെ നിഷ്ക്കളങ്കതയും കൊച്ചു കൊച്ചു കുസൃതികളും വലിയ തട്ടിപ്പുകളും അഖിൽ നമ്മുടെ മുൻപിൽ വരച്ചു വെയ്ക്കുന്നു .ഒരു കൂട്ടുകാരനോടു കഥ പറയുന്ന പോലെ .വളരെ സാധാരനക്കാരാണ് അയാൾ കണ്ടു മുട്ടുന്ന ഓരോരുത്തരും .അവർ വലിയൊരു കഥയുടെ തുടക്കമാണെന്ന് മുഖ്യ കഥാപാത്രമായ റാം തിരിച്ചറിയുന്നു.കോളേജിലെ റിസപ്ഷനിസ്റ്റും ക്ലാസ്സിലെ രണ്ടു അമ്മമാരുടെ മക്കളായ ആങ്ങള പെങ്ങളായ സഹപാഠികളും റാമിന് അതിശയമാണ് സമ്മാനിക്കുന്നത് . കോളെജിലേക്ക് യാത്ര തിരിക്കുന്ന ഗിണ്ടി റെയിൽവേ സ്റ്റേഷനിൽ മൂന്നാം ലിംഗക്കാരിൽ ഒരാളുമായി ഉണ്ടാകുന്ന റാമിന്റെ അടുപ്പം ഏറെ കൌതുകകരമാണ് .മനുഷ്യരെപറ്റി അറിയാനുള്ള ഒരു യുവാവിന്റെ ആദ്യപാഠങ്ങൾ എന്നതിനെ വിശേഷിപ്പിക്കാം .അയാളുടെ ആദ്യ ചിത്രത്തിൻറെ കഥയും അതാകുന്നത് സ്വാഭാവികം .ക്ലാസ്സിലെ തൻറെ സുഹൃത്തുക്കളായ ബദ്ധ ശത്രുക്കളായ ആങ്ങള പെങ്ങൾമ്മാരും ആനന്ദി എന്ന പ്രഹേളികയും സൃഷ്ടിക്കുന്ന കൌതുകരമായ പുകമറകൾ ഈ നോവലിന് ചടുലത നൽകുന്നു .

വളരെ സ്വാഭാവികമായ അവരുടെ പിണക്കങ്ങൾ സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങൾ ആണ് കഥയിൽ ശക്തമായി വികസിക്കുന്നത് .ഇതിനിടെ റാമിൻറെ സുഹൃത്ത് പോലിസ് കസ്റ്റേറ്റത്തിൽ കൊല്ലപ്പെടുന്നു ആനന്ദി വലിയൊരു യാത്രക്കും തിരിക്കുന്നു .

വളരെ കയ്യടക്കത്തോടെ കഥ പറയുകയും വ്യത്യസ്തമായ വികാസപരിണാമങ്ങളിൽ കടന്നു പോകുകയും ചെയ്യുന്ന വിവരണ രീതി വായനക്കാരെ ഹഠാദാകർഷിച്ചതിൽ അതിശയമില്ല. .ഒരു കുറ്റാന്വേഷണ നോവൽ പോലെ ഒറ്റയിരുപ്പിനു വായിക്കാവുന്ന വിധമാണ് രചന .ഇതിഹാസ മുഹൂർത്തങ്ങളോ രാജകീയ കഥാപാത്രങ്ങളോ ഇല്ലാതെ തന്നെ അഖിൽ കഥ പറയുന്നു .അതിൽ മൂന്നാം ലിംഗക്കാരുടെ വേദനയും അഭയാർഥികളുടെ ആശങ്കകളും പ്രണയത്തിന്റെ ഹൃദയത്തുടിപ്പുകളും കാണാം .ഏറ്റവും മനോഹരമായത് അനുദിനം മാറികൊണ്ടിരിക്കുന്ന ചെന്നെയുടെ കാഴ്ചകളാണ് .


കഥയില്ലായ്മയിൽ അഖിൽ കഥ കാണുന്നു സാധാരണക്കാരിൽ നിന്ന് പുതിയ കഥാപാത്രങ്ങളെ സൃഷ്ടിക്കുന്നു .വെറുതെ ക്ലീഷേകളാൽ തുന്നിക്കെട്ടിയ കഥയല്ല ഇത് . വായനക്കാരെ ആദ്യാവസാനം ആകർഷിക്കുന്ന കഥയാണിത് .ഇത് വായനക്കാരുടെ ഇഷ്ടപുസ്തകം ആയതിൽ അതിശയമില്ല .

ഒരർഥത്തിൽ, ഒരു ചെറിയ പുരസ്കാരം ഇത്ര വലിയ കൊടുങ്കാറ്റു ഉയർത്തിയത് ഗുണകരമായി കാണണം .ഈ പുസ്തകം ഉയർത്തിയ വിമർശന കൊടുങ്കാറ്റു നമ്മുടെ സാഹിത്യത്തിലെ കള്ള നാണയങ്ങളെ തിരിച്ചറിയാനുള്ള എളിയ തുടക്കമാകട്ടെ വിമർശനം എന്നേ മരിച്ചിരിക്കുന്ന ഈ നാട്ടിൽ പക്ഷേ ,അത് ഒരാളിൽ തട്ടിത്തകരാനാണ് ഇട.

**– പി എസ് ജോസഫ്**

# ചിത്രലോകം

ഷാജി കേശവ്




MALABAR
GOLD & DIAMONDS
Golden Summer
UPTO 50%
DISCOUNT
on gold jewellery making charges
& diamond value
Offer valid till 20 July, 2025
*T&C Apply

# Joyalukkas SUMMER CASHBACK FESTIVAL



**Make this summer even brighter with our limited time offers**

**GET A $75 CASH VOUCHER**
WITH EVERY **$1,000 PURCHASE** OF DIAMOND JEWELRY

**GET A $25 CASH VOUCHER**
WITH EVERY **$1,000 PURCHASE** OF PRECIOUS STONE JEWELRY

T&C Apply

**0% DEDUCTIONS ON OLD GOLD EXCHANGE.**

**JUNE 14 TO JULY 27 2025**

Shop Today & Get Rewarded!

www.joyalukkas.com

**Joyalukkas**
World's favourite jeweller

| NEW JERSEY | CHICAGO | ATLANTA | DALLAS | HOUSTON |
|---|---|---|---|---|
| 1665 OAK TREE ROAD, SUIT #325, EDISON, NEW JERSEY. TEL: +1 732 515 9902 | 2642 WEST DEVON AVENUE, CHICAGO, ILLINOIS. TEL: +1 773 856 3013 | 3155 PEACHTREE PKWY, SUWANEE GA 30024, USA, TEL: +1 470 835 6136 | 7055 PRESTON ROAD FRISCO, DALLAS, TEXAS - 75034. TEL: +1 972 292 9936 | 5901 HILCROFT AVENUE, #C7-A, HOUSTON, TEXAS. TEL: +1 713 784 2992 |